# നവസാംസ്കാരിക പ്രസ്ഥാനങ്ങളുടെ
# കേരളീയ പരിസരം

*കാലിക്കറ്റ് സർവ്വകലാശാലയിൽ*
*മലയാള-കേരളപഠനവിഭാഗത്തിൽ ഡോക്ടർ ഓഫ് ഫിലോസഫി*
*ബിരുദത്തിനായി സമർപ്പിക്കുന്ന പ്രബന്ധം*

**ഫബീന. ഇ. വി.**

**മലയാള-കേരളപഠനവിഭാഗം**
**കാലിക്കറ്റ് സർവ്വകലാശാല**

2024

# THE KERALA CONTEXT OF NEO CULTURAL MOVEMENTS

*Thesis submitted to the*
*University of Calicut for the Degree of*
*Doctor of Philosophy*


**FABEENA E.V.**



**MALAYALAM AND KERALA STUDIES**
**UNIVERSITY OF CALICUT**


**2024**

# സത്യവാചകം

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന '**നവസാംസ്കാരിക പ്രസ്ഥാനങ്ങ ളുടെ കേരളീയപരിസരം**' എന്ന ഈ ഗവേഷണ പ്രബന്ധം ഇതിന് മുമ്പ് ഏതെങ്കിലും അംഗീകാരത്തിനോ പരീക്ഷയ്ക്കോ അസോസി യേറ്റ്ഷിപ്പിനോ ഫെല്ലോഷിപ്പിനോ വേണ്ടി എഴുതപ്പെട്ടതല്ലെന്ന് ഇതിനാൽ ബോധിപ്പിക്കുന്നു.

കാലിക്കറ്റ് സർവ്വകലാശാല
തിയ്യതി :

**ഫബീന. ഇ. വി.**

**ഡോ. എൽ. തോമസ്കുട്ടി**
പ്രൊഫസർ
മലയാള–കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

## സാക്ഷ്യപത്രം

**ഫബീന. ഇ.വി.** സമർപ്പിച്ച '**നവസാംസ്കാരിക പ്രസ്ഥാന ങ്ങളുടെ കേരളീയപരിസരം**' എന്ന പ്രബന്ധം എന്റെ നിർദേശമനുസരിച്ച് നിർവഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല **ഡോ. എൽ. തോമസ്കുട്ടി**
തിയ്യതി :

**ഡോ. എൽ. തോമസ്കുട്ടി**
പ്രൊഫസർ
മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

## സാക്ഷ്യപത്രം

**ഫബീന. ഇ.വി.** സമർപ്പിച്ച '**നവസാംസ്കാരിക പ്രസ്ഥാന ങ്ങളുടെ കേരളീയപരിസരം**' എന്ന പ്രബന്ധം പരീക്ഷകർ നിർദ്ദേശിച്ച ഭേദഗതികൾ വരുത്തി പരിഷ്കരിച്ച കോപ്പിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല **ഡോ. എൽ. തോമസ്കുട്ടി**
തിയ്യതി :

# കൃതജ്ഞത

കാലിക്കറ്റ് സർവ്വകലാശാലയുടെ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കപ്പെടുന്ന ഈ പ്രബന്ധത്തിന്റെ രചനയിൽ എനിക്ക് മാർഗദർശിയായ **ഡോ. എൽ. തോമസ്കുട്ടി**യോടുള്ള കൃതജ്ഞത രേഖപ്പെടുത്താൻ ഈ അവസരം ഉപയോഗിക്കുന്നു. രചനാഘട്ടത്തിൽ പിന്തുണ നൽകിയ ഉപ്പ, ഉമ്മ, ജീവിതപങ്കാളി എന്നിവരോടും പ്രബന്ധരചനക്ക് പ്രോത്സാഹിപ്പിച്ച അധ്യാപകർ, സുഹൃത്തുക്കൾ, മറ്റെല്ലാവരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല **ഫബീന. ഇ. വി.**
തിയ്യതി :

# സംഗ്രഹം

## നവ സാംസ്കാരിക പ്രസ്ഥാനങ്ങളുടെ കേരളീയ പരിസരം

കേരളീയ ജനത ജാതി, ലിംഗം, ലൈംഗികത, പ്രദേശം എന്നിങ്ങനെ വിവിധ തരത്തിൽ വിഭാജിക്കപ്പെട്ടിരിക്കുന്നു. ഇവർക്കെല്ലാവർക്കും സമൂഹം ഒരൊറ്റ നീതിയോ ജീവിതന്തരീക്ഷമോ അല്ല നൽകുന്നത്. ഇങ്ങനെ ജാതി, ലിംഗം, ലൈംഗികത, പ്രദേശം എന്നിങ്ങനെയുള്ള കാരണങ്ങളാൽ സമൂഹത്തിൽ നിന്നും മാറ്റി നിർത്തപ്പെടുന്നവരാണ് നവസാസ്കാരിക മുന്നേറ്റങ്ങൾക്കായി രംഗത്തിറങ്ങുന്നത്. ആദിവാസികൾ, ദളിതർ, ,സ്ത്രീകൾ, LGBTIQ എന്നിവരുടെ പ്രവർത്തനങ്ങളും സംഘടനകളുമാണ് കഴിഞ്ഞ രണ്ട് പതിറ്റാണ്ടിൽ കേരളത്തെ ശ്രദ്ധേയമാക്കിയ സാമൂഹിക മുന്നേറ്റങ്ങൾ. ഇവയ്ക്കൊപ്പം ചേർത്ത് വെക്കാവുന്നതാണ് ഈ കാലഘട്ടത്തിലെ തന്നെ ഭാഷ –കലാ –സാഹിത്യ രംഗത്തെ പ്രവർത്തനങ്ങളും.



സൂചകപദങ്ങൾ: ദളിത്, ലൈഗികത, ലിംഗം, സംസ്കാരം, സാഹിത്യം

# ABSTRACT

## Neo-cultural movements of Kerala

The people of Kerala are divided in various ways like caste, gender, sexuality, and region. The society does not provide a single justice or outlook on life to all of them. Thus, those who are excluded from the society due to reasons like caste, gender, sexuality, and region are coming forward for neo-cultural movements. The activities and organizations of tribals, Dalits, women, and LGBTIQ are the social movements that have made Kerala notable in the last two decades. Along with these, the activities in the field of language, art, and literature of this period can be added.



Key words: Dalit, Gender, Sexuality, Literature, Culture

# ഉള്ളടക്കം


| | | |
|---|---|---|
| | **ആമുഖം** | **1–8** |
| 1. | പഠനത്തിന്റെ ലക്ഷ്യവും പ്രസക്തിയും | 3 |
| 2. | പഠനരീതി | 4 |
| 3. | പൂർവ്വ പഠനങ്ങൾ | 5 |
| 4. | പ്രബന്ധ സ്വരൂപം | 5 |
| **അധ്യായം 1** | **നവസാംസ്കാരിക പ്രസ്ഥാനങ്ങൾ തൊണ്ണൂറുകൾക്ക് ശേഷം** | **9–38** |
| 1.1 | കർത്തൃത്വം | 13 |
| 1.2 | പൗരത്വം | 17 |
| 1.2.1 | പൗരത്വസങ്കല്പവും നവസാംസ്കാരിക പ്രസ്ഥാനങ്ങളും | 20 |
| 1.3 | സംസ്കാര പഠനം | 23 |
| 1.3.1 | സാംസ്കാരിക മേൽക്കോയ്മ | 27 |
| 1.4 | നവസാംസ്കാരിക പ്രസ്ഥാനങ്ങളുടെ ആവിർഭാവം | 30 |
| **അധ്യായം 2** | **കേരളത്തിലെ ലൈംഗിക ന്യൂനപക്ഷങ്ങളും സ്ത്രീ സംഘടനകളും** | **39–136** |
| 2.1 | കേരളത്തിലെ ലൈംഗിക ന്യൂനപക്ഷങ്ങൾ | 39 |
| 2.2 | ലൈംഗികത | 43 |
| 2.2.1 | ലൈംഗിക വ്യതിയാനങ്ങൾ | 45 |
| 2.2.2 | ലൈംഗിക ന്യൂനപക്ഷങ്ങൾ | 46 |
| 2.2.3 | ലെസ്ബിയൻ | 47 |
| 2.2.4 | ഗേ | 47 |
| 2.2.5 | ബൈ സെക്ഷ്വൽ | 48 |
| 2.2.6 | ട്രാൻസ് ജെൻഡർ | 49 |
| 2.2.7 | ഇന്റർ സെക്സ് | 49 |
| 2.2.8 | ക്വിയർ | 50 |
| 2.2.9 | അലൈംഗികർ | 51 |
| 2.3 | ലൈംഗിക ന്യൂനപക്ഷങ്ങളുടെ വിമോചന ചരിത്രം | 52 |
| 2.4 | കമിംഗ് ഔട്ട് | 56 |
| 2.5 | വിമതലൈംഗികതയും കേരളീയ സമൂഹവും | 59 |

| | | |
|---|---|---|
| 2.6 | ലൈംഗികന്യൂനപക്ഷങ്ങളും സംഘടനകളും | 64 |
| 2.6.1 | സഹയാത്രിക | 64 |
| 2.6.2 | ക്വിറഡ്ഡം | 68 |
| 2.6.3 | ദ്വയ | 72 |
| 2.6.4 | ക്വിയറള | 75 |
| 2.7 | സ്ത്രീ സംഘടനകളും ആധുനികതയും | 76 |
| 2.8 | സ്ത്രീവിമോചന പ്രസ്ഥാനങ്ങളുടെ ചരിത്രം | 77 |
| 2.8.1 | സ്ത്രീവിമോചന വാദം – ചില സിദ്ധാന്തങ്ങൾ | 80 |
| 2.8.2 | സ്ത്രീവിമോചനാശയം ഇന്ത്യയിൽ | 82 |
| 2.8.3 | സ്ത്രീവിമോചനാശയം കേരളത്തിൽ | 83 |
| 2.9 | സ്ത്രീ സംഘടനകൾ **1990** കളിൽ | 86 |
| 2.10 | സ്ത്രീ സംഘടനകൾ **1990** കൾക്ക് ശേഷം | 91 |
| 2.10.1 | കുടുംബശ്രീ | 92 |
| 2.10.2 | കേരള ഫെമിനിസ്റ്റ് നെറ്റ് വർക്ക് | 93 |
| 2.10.3 | പെൺകൂട്ട് | 95 |
| 2.10.4 | അസംഘടിത മേഖലാ തൊഴിലാളി യൂണിയൻ | 99 |
| 2.10.5 | ലൈംഗിക തൊഴിലാളികളും സംഘടനാ പ്രവർത്തനങ്ങളും | 105 |
| 2.10.6 | കേരള സെക്സ് വർക്കേഴ്സ് ഫോറം | 107 |
| 2.10.7 | ജ്വാലാമുഖി | 108 |
| 2.10.8 | അനസൂയ | 110 |
| 2.10.9 | നളിനി ജമീല | 111 |
| 2.10.10 | നിരീക്ഷ സ്ത്രീ നാടകവേദി | 112 |
| 2.10.11 | അഭിനയ നാടക കലാസമിതി | 114 |
| 2.10.12 | വുമൺ ഇൻ സിമിമാ കലക്ടീവ് | 115 |
| 2.10.13 | കന്യാസ്ത്രീ സമരം | 119 |
| 2.10.14 | തൊഴിലിടത്തെ വസ്ത്രധാരണ വിവേചനങ്ങൾക്കെതിരെ എൻ. എ. വിനയയുടെ സമരം | 123 |
| 2.10.15 | നേഴ്സുമാരുടെ അവകാശപോരാട്ടം | 126 |
| 2.10.16 | തോട്ടം തൊഴിലാളി സ്ത്രീകളുടെ സമരം | 130 |
| **അധ്യായം 3** | **ദളിത് രാഷ്ട്രീയവും മുന്നേറ്റ പ്രസ്ഥാനങ്ങളും** | 137–214 |
| 3.1 | അകറ്റി നിർത്തപ്പെടുന്ന ദളിതർ | 144 |
| 3.2 | ഇന്ത്യയിലെ ആദ്യകാല ദളിത് മുന്നേറ്റങ്ങൾ | 145 |

| | | |
|---|---|---|
| 3.2.1 | ദളിത് പാന്തർ പ്രസ്ഥാനം : വിമോചനത്തിന്റെ പുതിയ ഘട്ടം | 149 |
| 3.2.2 | അംബേദ്ക്കറും ദളിത് വിമോചനാശയവും | 151 |
| 3.3 | ദളിത് സാഹിത്യം | 153 |
| 3.4 | കേരളത്തിലെ ആദ്യകാല ദളിത് മുന്നേറ്റങ്ങൾ | 158 |
| 3.4.1 | ശ്രീനാരായണഗുരു | 159 |
| 3.4.2 | അയ്യങ്കാളി | 160 |
| 3.4.3 | പൊയ്കയിൽ അപ്പച്ചൻ | 162 |
| 3.4.4 | പണ്ഡിറ്റ് കെ. പി. കറുപ്പൻ | 164 |
| 3.5 | ദളിത് പ്രസ്ഥാനങ്ങൾ തൊണ്ണൂറുകൾക്ക് ശേഷം | 165 |
| 3.6 | ഭൂമിയുടെ രാഷ്ട്രീയം | 169 |
| 3.7 | സ്വാതന്ത്ര്യാനന്തര കേരളവും ഭൂപരിഷ്ക്കരണവും | 172 |
| 3.8 | കുടിൽകെട്ടി സമരം | 176 |
| 3.9 | മുത്തങ്ങ സമരം | 179 |
| 3.9.1 | സി. കെ. ജാനു | 181 |
| 3.9.2 | ഗീതാനന്ദൻ | 184 |
| 3.10 | നിൽപ്പ് സമരം | 186 |
| 3.11 | ചെങ്ങറ ഭൂസമരം | 189 |
| 3.11.1 | സെലീന പ്രാക്കാനം | 193 |
| 3.11.2 | ളാഹ ഗോപാലൻ | 195 |
| 3.12 | അരിപ്പ ഭൂസമരം | 197 |
| 3.13 | തൊവരിമല ഭൂസമരം | 200 |
| 3.14 | ആദിവാസി–ദളിത് പ്രക്ഷോഭങ്ങളുടെ സാംസ്കാരിക രാഷ്ട്രീയാഘാതങ്ങൾ | 202 |
| 3.15 | ആദിവാസി സംസ്കാരം : സാഹിത്യത്തിലും കലയിലും | 211 |
| 3.16 | ദ്വിമുഖയാഥാർത്ഥ്യം | 212 |
| **അധ്യായം 4** | **ഭാഷാ–കലാ–സാഹിത്യ കൂട്ടായ്മകൾ** | 215–258 |
| 4.1 | ഭാഷ | 217 |
| 4.2 | മാതൃഭാഷ | 219 |
| 4.3 | ഭാഷയും നവോത്ഥാനവും | 221 |
| 4.4 | മാതൃഭാഷയും കേരളത്തിന്റെ ആധുനികതയും | 222 |

| | | |
|---|---|---|
| 4.5 | മാതൃഭാഷാസമരത്തിന്റെ അന്തർദ്ദേശീയ മുഖങ്ങൾ | 224 |
| 4.6 | ദേശീയ ഭാഷാനയവും ഭാഷാസമരങ്ങളും | 228 |
| 4.7 | കേരളവും മാതൃഭാഷാപ്രസ്ഥാനങ്ങളും | 232 |
| 4.8 | മാതൃഭാഷാപ്രസ്ഥാനങ്ങൾ തൊണ്ണൂറുകൾക്ക് ശേഷം | 236 |
| 4.8.1 | മലയാള ഐക്യവേദി | 237 |
| 4.8.2 | വിദ്യാർത്ഥി മലയാളവേദി | 239 |
| 4.8.3 | ഐക്യമലയാള പ്രസ്ഥാനം | 240 |
| 4.9 | കലാ–സാഹിത്യ കൂട്ടായ്മകൾ | 245 |
| 4.9.1 | കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ | 247 |
| 4.9.2 | കവിതയുടെ കാർണിവൽ | 249 |
| 4.9.3 | കൊച്ചി–മുസിരീസ് ബിനാലെ | 252 |
| 4.9.4 | ലോകമേ തറവാട് | 255 |
| **അധ്യായം 5** | **നിഗമനങ്ങളും കണ്ടെത്തലുകളും** | 259–264 |
| | **ഗ്രന്ഥസൂചി** | 265–268 |

# ആമുഖം

ഒരു സമൂഹത്തിന്റെ ജീവിത രീതികൾ, കല, ഭാഷ, ആചാരങ്ങൾ എന്നിങ്ങനെയുള്ള എല്ലാത്തിന്റെയും ആകെ തുകയെയാണ് കേവലമായി സംസ്കാരം എന്ന് വിലയിരുത്തുന്നത്. സംസ്കാരത്തെ ക്കുറിച്ച് ചിന്തിക്കുമ്പോൾ അതിന് ബഹുമുഖ സ്വഭാവം ആർജിത മാണെന്നും അത് സാംസ്കാരിക സഹവർത്തിത്വ പ്രക്രിയയുടെ പരിണിത ഫലമായി വികസിച്ചുകൊണ്ടിരിക്കുന്നതാണെന്നും മനസ്സിലാക്കാം. അതിൽ പ്രധാനപ്പെട്ടതാണ് സ്വത്വബോധത്തെ ക്കുറിച്ചുള്ള പുതിയ കണ്ടെത്തലുകൾ. ഒരു വ്യക്തിയുടെ തനതായ സ്വഭാവ സവിശേഷതയെയാണ് പൊതുവായി സ്വത്വം എന്നതു കൊണ്ട് നിർവചിക്കുന്നത്. സ്വത്വത്തെക്കുറിച്ചുള്ള ധാരണകളെയും പൊതുബോധത്തെയും സ്വത്വരാഷ്ട്രീയം എന്ന് വിളിക്കുന്നു. എന്നാൽ സ്വത്വം എന്നത് വ്യക്തികേന്ദ്രീകൃതമായ ഒന്നല്ല. വ്യക്തിയിലെന്ന പോലെ സമൂഹത്തിനും സ്വത്വബോധമുണ്ട്. സാമൂഹികസ്വത്വം എന്ന പദപ്രയോഗംതന്നെ മുഖ്യധാരയിൽ നിന്നും അപരവൽക്കരിക്ക പ്പെട്ടവരുടെ സവിശേഷതകളുടെ സഞ്ചയമാണ്. എന്നാൽ എന്തു കൊണ്ട് ഇവർ അപരവൽക്കരിക്കപ്പെട്ടു എന്ന ചോദ്യം ഒരു ജ്ഞാനനിർമ്മിതിയുടെ കൂടി രൂപപ്പെടലായി മാറുന്നു.

തൊണ്ണൂറുകളുടെ ആരംഭത്തിലും അവസാനത്തിലും സ്വത്വബോധത്തെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകൾക്ക് കേരളം

സാക്ഷിയാകുന്നുണ്ട്. ലോകത്തിന്റെ ഉല്പാദന–വിതരണ സമ്പ്രദായത്തിന്റെ ആഗോളീകരണവും അതുവഴി വികസിച്ച വിവരസാങ്കേതിക വിദ്യയുമാണ്. ഇത്തരമൊരു ജ്ഞാനനിർമ്മിതിക്ക് കാരണമായത്. ആഗോളവൽക്കരണത്തിലൂടെ ലോകരാജ്യങ്ങൾ തമ്മിലുള്ള ആശയ വിനിമയ സംവിധാനം വിപുലമായി. ആശയവിനിമയം, ഗതാഗതം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിലെ പുരോഗതി ഓരോ രാജ്യത്തെയും രാഷ്ട്രീയമായും സാമ്പത്തികമായും ഉന്നതിയിലേക്കെത്തിച്ചു. അതിൽ പ്രധാനപ്പെട്ടതാണ് സാങ്കേതിക വിദ്യയുടെ വ്യാപനം. അതുവഴി ഓരോ രാജ്യത്തിന്റെയും സംസ്കാരവും ആശയങ്ങളുമെല്ലാം കടൽ കടന്നെത്താൻ തുടങ്ങി. ഇത് മറ്റു രാജ്യങ്ങളിലെ സാംസ്കാരിക മൂല്യങ്ങളിൽ അഭിനിവേശം ഉണ്ടാക്കാൻ ഇന്ത്യൻ ജനതയെയും പ്രേരിപ്പിച്ചു. ഇതൊരു പുതിയ ജ്ഞാന നിർമ്മിതിയുടെ തുടക്കമാവുകയും ചെയ്തു. ഈ ജ്ഞാനനിർമ്മിതി കേരളത്തിൽ നവസാംസ്കാരിക പ്രസ്ഥാനങ്ങളുടെ രൂപപ്പെടലിന് കാരണമായി. അതുവരെ മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തപ്പെട്ട ജനവിഭാഗങ്ങൾ ഈ ഘട്ടത്തിൽ ഉയർത്തെഴുന്നേൽക്കാൻ തുടങ്ങി. ഇത്തരത്തിൽ രൂപപ്പെട്ട പാർശ്വവൽകൃത വിഭാഗത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങളെയാണ് നവസാംസ്കാരിക പ്രസ്ഥാന ങ്ങൾ എന്ന് വിളിക്കുന്നത്.

**പഠനത്തിന്റെ ലക്ഷ്യവും പ്രസക്തിയും**

പൊതുയിടത്തിൽ സ്വീകാര്യത ലഭിക്കാതെപോയ വിഭാഗങ്ങൾ, കൂട്ടായ്മകൾ എന്നിവയെയാണ് നവസാംസ്കാരിക പ്രസ്ഥാനങ്ങൾ എന്നതുകൊണ്ട് ഈ പ്രബന്ധത്തിൽ വിവക്ഷിക്കുന്നത്. എന്നാൽ കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന നവസാംസ്കാരിക പ്രസ്ഥാനങ്ങൾ അതിവിപുലമാണ്. അവയെയെല്ലാം പഠനത്തിന്റെ ഭാഗമാക്കുക എന്നത് പ്രായോഗികമായി എളുപ്പമല്ല. ആയതിനാൽ തെരഞ്ഞെടുത്ത ചില വിഭാഗങ്ങളെ മാത്രമാണ് ഈ പ്രബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അവയിൽ പ്രധാനപ്പെട്ടതായി ചേർത്തിരിക്കുന്നത് സ്ത്രീ സംഘടനകൾ, ക്വിയർ പ്രസ്ഥാനങ്ങൾ, ദളിത് പ്രസ്ഥാനങ്ങൾ എന്നിവയെയാണ്. പാർശ്വവൽക്കരിക്കപ്പെടുന്ന വിഭാഗങ്ങളുടെ പ്രവർത്തനങ്ങളെപോലെതന്നെ തൊണ്ണൂറുകൾക്കു ശേഷം കേരളത്തിന്റെ സാംസ്കാരിക രംഗത്തുണ്ടായ വലിയൊരു മാറ്റമാണ് സാഹിത്യത്തിന്റെയും കലയുടെയും ജനകീയവൽക്കരണം. മുമ്പെങ്ങുമില്ലാത്തവിധം സാഹിത്യവും കലയും ജനകീയ സദസ്സുകളിൽ ആസ്വാദകരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് അവതരിപ്പിക്കപ്പെട്ടത് ഈ കാലഘട്ടത്തിലാണ്. അതുപോലെ മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരങ്ങളും ഈ ഘട്ടത്തിൽ ശക്തമാകുന്നുണ്ട്. ആയതിനാൽ നവസാംസ്കാരിക പ്രസ്ഥാനങ്ങളുടെ കൂട്ടത്തിൽ ഭാഷ–കല–സാഹിത്യ കൂട്ടായ്മകളെയും ഈ കാലഘട്ടത്തിന്റെ പ്രത്യേകതയായി കണക്കാക്കികൊണ്ട് ഈ പ്രബന്ധം പഠനവിധേയമാക്കുന്നുണ്ട്.

## പഠനരീതി

1990 കൾക്കു ശേഷം രൂപംകൊണ്ട നവസാംസ്കാരിക പ്രസ്ഥാനങ്ങളെയാണ് ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കുന്നത്. സാമൂഹികവും സാംസ്കാരികവും ലിംഗാധിഷ്ഠിതവുമായ പ്രസ്ഥാനങ്ങൾ, ദളിത് മുന്നേറ്റ ശ്രമങ്ങൾ, കലാ–സാഹിത്യ–ഭാഷ സാംസ്കാരിക കൂട്ടായ്മകൾ എന്നിവയെയാണ് അപഗ്രഥന വിധേയമാക്കുന്നത്. അവയുടെ പ്രവർത്തനങ്ങൾ, നേതൃത്വം, ലക്ഷ്യം എന്നിവയെ അടയാളപ്പെടുത്തുന്നതാണ് പഠനരീതി. കേരള ചരിത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, ആനുകാലികങ്ങൾ, പഠനങ്ങൾ, സാംസ്കാരിക പ്രവർത്തകരുമായുള്ള ആശയവിനിമയങ്ങൾ തുടങ്ങി നിരവധി സ്രോതസ്സുകളെ പഠനത്തിനായി ഉപയോഗിച്ചിട്ടുണ്ട്. അവ വിശദമായി ഗ്രന്ഥസൂചിയിൽ പരാമർശിച്ചിട്ടുണ്ട്.

## പൂർവ്വപഠനങ്ങൾ

തൊണ്ണൂറുകൾക്ക് ശേഷമുള്ള വിവിധ സാംസ്കാരിക പ്രസ്ഥാനങ്ങളെക്കുറിച്ച് കാര്യമായ പഠനങ്ങൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല. എന്നാൽ സ്ത്രീ കൂട്ടായ്മകൾ, ദളിത് മുന്നേറ്റങ്ങൾ, ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിവയെക്കുറിച്ചുള്ള ഒറ്റയായുള്ളതും ഭാഗികമായിട്ടുള്ളതുമായ പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണ് സി. എസ്. ചന്ദ്രികയുടെ 'കേരളത്തിലെ സ്ത്രീ ചരിത്രങ്ങൾ സ്ത്രീ മുന്നേറ്റങ്ങൾ', രേഖാ രാജിന്റെ 'ദളിത് സ്ത്രീ

ഇടപെടലുകൾ', ഐ. ഗോപിനാഥിന്റെ 'ജനകീയ സമരങ്ങൾ കേരളത്തിൽ', രേഷ്മ ഭരദ്വാജിന്റെ 'സ്വവർഗ്ഗ ലൈംഗികത കേരളത്തിൽ' എന്നിവ.

**പ്രബന്ധ സ്വരൂപം**

ആമുഖം കൂടാതെ അഞ്ച് അധ്യായങ്ങളാണ് പ്രബന്ധത്തിലുള്ളത്. **നവസാംസ്കാരിക പ്രസ്ഥാനങ്ങൾ തൊണ്ണൂറുകൾക്ക് ശേഷം** എന്ന ആദ്യ അധ്യായം വിശദീകരിക്കുന്നത് കേരളത്തിൽ പുതുതായി രൂപംകൊണ്ട നവസാംസ്കാരിക പ്രസ്ഥാനങ്ങളുടെ സാർവദേശീയവും ദേശീയവുമായ സന്ദർഭങ്ങളെയും കേരളത്തിൽ അതിന് വളരാൻ ഇടയായ സാഹചര്യങ്ങളെയുമാണ്.

**കേരളത്തിലെ ലൈംഗികന്യൂനപക്ഷങ്ങളും സ്ത്രീ സംഘടനകളും എന്ന** രണ്ടാമധ്യായം ചർച്ച ചെയ്യുന്നത് കേരളത്തിലെ ജനാധിപത്യവൽക്കരിക്കപ്പെടാത്തതും പ്രതിലോമപരവുമായ മൂല്യങ്ങളിൽ നിർണ്ണയിക്കപ്പെടുന്ന പുരുഷാധിപത്യ കുടുംബഘടനയും അതിനകത്ത് മർദ്ദിതരായി കഴിയുന്ന ലൈംഗിക ന്യൂനപക്ഷങ്ങളെയും കുറിച്ചാണ്. അതോടൊപ്പം തൊണ്ണൂറുകൾക്കുശേഷം രൂപംകൊണ്ട സ്ത്രീ സംഘടനകളെയും പഠനവിധേയമാക്കുന്നു. ശാരീരികസ്വഭാവം **(Sex),** സാംസ്കാരിക സ്വഭാവം **(Gender),**ലൈംഗികത **(Sexuality)** ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ വിഖ്യാത ഫെമിനിസ്റ്റുകളുടെ പഠനങ്ങളുടെ വെളിച്ചത്തിൽ സ്ഥാനപ്പെടുത്തുകയും ചെയ്യുന്നു. പ്രത്യയശാസ്ത്ര

പരമായി നിർണ്ണയിക്കപ്പെട്ട ഏകശിലാത്മക കുടുംബത്തിന്റെ ജനാധിപത്യ വിരുദ്ധാഘടനയും സ്വഭാവവുമാണ് സ്ത്രീകളെയും വിമതലൈംഗിക ന്യൂനപക്ഷങ്ങളെയും നൂറ്റാണ്ടുകളായി മർദ്ദിച്ചൊതുക്കി നിർത്തിയത്. ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെന്റർ, ഇന്റർസെക്സ്, ക്വിയർ തുടങ്ങിയ ന്യൂനപക്ഷ വിഭാഗങ്ങളുടെ പൊതുസവിശേഷതകൾ ഇവിടെ പഠനവിധേയമാക്കുന്നു. അതോടൊപ്പം സ്ത്രീവിമോചന പ്രസ്ഥാനങ്ങളും വിമോചനാശയങ്ങളും കേരളത്തിൽ രൂപപ്പെടാനിടയായ വിഭിന്ന സാഹചര്യങ്ങൾ കണ്ടെത്തുന്നു. വിവിധ സ്ത്രീവാദ പ്രസ്ഥാനങ്ങളെക്കുറിച്ച് ഈ അധ്യായം പ്രതിപാദിക്കുന്നു. അന്വേഷി, സഹജ, കുടമാളൂർ സ്ത്രീ പഠനകേന്ദ്രം, സ്ത്രീവേദി, സഖി വിമൻസ് റിസോഴ്സ് സെന്റർ, കുടംബശ്രീ, കേരള ഫെമിനിസ്റ്റ് നെറ്റ് വർക്ക്, പെൺകൂട്ട്, കേരള സെക്സ് വർക്കേഴ്സ് ഫോറം, ജ്വാലാമുഖി, അനസൂയ, വുമൺ ഇൻ സിനിമ കളക്ടീവ് തുടങ്ങിയ സംഘടനകളെക്കുറിച്ചും അതിന്റെ നേതൃത്വത്തെക്കുറിച്ചും വിശദമായി ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നു. മാത്രമല്ല ഈ സംഘടനകൾ നടത്തിയ ശക്തമായ ഇടപെടലുകളും സമരങ്ങളും വിശദീകരിക്കുന്നു.

**ദളിത് രാഷ്ട്രീയവും മുന്നേറ്റ പ്രസ്ഥാനങ്ങളും** എന്ന മൂന്നാം അധ്യായം പ്രധാനമായും ചർച്ച ചെയ്യുന്നത് ദളിത് ജനവിഭാഗങ്ങളുടെ പരിതാവസ്ഥയും തൊണ്ണൂറുകൾക്കുശേഷം അവർ നടത്തിയ

പ്രക്ഷോഭങ്ങളെക്കുറിച്ചുമാണ്. ഇന്ത്യയിൽ പൊതുവിലും കേരളത്തിൽ വിശേഷിച്ചും ദളിതർ എങ്ങനെ മർദ്ദിതരും ചൂഷിതരുമായി മാറി എന്നതിന്റെ ചരിത്രപരവും പ്രത്യയശാസ്ത്രപരവുമായ കാര്യങ്ങൾ ഈ അധ്യായം വിശകലനം ചെയ്യുന്നു. ദളിതരുടെ പ്രധാന പ്രശ്നം ഭൂമിക്ക് വേണ്ടിയുള്ള പോരാട്ടങ്ങളാണ്. അതിനാൽതന്നെ ഈ അധ്യായം വിശകലനം ചെയ്യുന്നത് ഭൂമി രാഷ്ട്രീയത്തെക്കുറിച്ചും അതിന് വേണ്ടിയുള്ള പോരാട്ടങ്ങളെയുമാണ്.

**ഭാഷാ–കലാ–സാഹിത്യ കൂട്ടായ്മകൾ** എന്ന നാലാം അധ്യായം ഊന്നൽ നൽകുന്നത് മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരങ്ങളെയാണ്. അതോടൊപ്പം കലാ–സാഹിത്യ കൂട്ടായ്മകൾ, അവയുടെ പ്രവർത്തനങ്ങൾ എന്നിവയെയും വിശദീകരിക്കുന്നു. കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ, കവിതയുടെ കാർണിവൽ, മുസരിസ് ബിനാലെ, ലോകമേ തറവാട് തുടങ്ങി സാഹിതീയവും കലാപരവുമായ നവസംരംഭങ്ങളെയാണ് ഈ അധ്യായത്തിൽ വിശദപഠനത്തിനായി സ്വീകരിച്ചിട്ടുള്ളത്.

**വിശകലനവും നിഗമനങ്ങളും** എന്ന അഞ്ചാം അധ്യായത്തിൽ തിരഞ്ഞെടുത്ത നവസാംസ്കാരിക പ്രസ്ഥാനങ്ങളെ വിശകലനം ചെയ്ത് ഉരുത്തിരിഞ്ഞ ചിന്തകളെ അപഗ്രഥിക്കുകയും നിഗമനത്തിലെത്തുകയും ചെയ്യുന്നു.

# അധ്യായം ഒന്ന്

# നവസാംസ്കാരിക പ്രസ്ഥാനങ്ങൾ തൊണ്ണൂറുകൾക്ക് ശേഷം

ഒരു സമൂഹത്തിന്റെ സ്വഭാവരീതികൾ, ആചാരങ്ങൾ, ഭാഷ, കല, വസ്ത്രധാരണം, വിനോദം എന്നിങ്ങനെയുള്ള എല്ലാത്തിന്റെയും ആകെ തുകയെയാണ് സംസ്കാരം എന്ന് പൊതുവായി നിർവചിക്കുന്നത്. ഓരോ പ്രദേശങ്ങളിലെയും ജനങ്ങളുടെ സംസ്കാരം ആ പ്രദേശത്തിന്റെ ഭൂപ്രകൃതിയോടും ആവാസവ്യവസ്ഥയോടും രാഷ്ട്രീയപരവും ചരിത്രപരവുമായ സംഭവവികാസങ്ങളോടും ഗോത്രങ്ങളോടും അഭേദ്യമായ ബന്ധം പുലർത്തുന്നു. അതിനാൽ തന്നെ സംസ്കാരത്തെ ഒരു സാമൂഹിക ജീവിതത്തിന്റെ വൈവിധ്യ പൂർണ്ണമായ പ്രധാന ഘടകമായി കണക്കാക്കാം. സംസ്കാരം എന്ന പദം ലാറ്റിൻ പദമായ 'cultura' 'കൾച്ചറ' യിൽ നിന്നാണ് വന്നത്. മനുഷ്യ ഇടപെടലിന്റെ ആകെ തുകയെ ഈ പദം ഉൾകൊള്ളുന്നുണ്ട്. എന്നാൽ ഇത്തരം കേവലമായ നിർവചനങ്ങളിൽ സംസ്കാരത്തിന്റെ വ്യാപ്തി ഒതുങ്ങുന്നില്ല എന്നതും തിരിച്ചറിയേണ്ടതുണ്ട്. ഒരു സമൂഹത്തിന്റെ സംസ്കാരത്തെകുറിച്ച് ചിന്തിച്ച് തുടങ്ങുമ്പോൾ അതിന് ബഹുമുഖ സ്വഭാവം ആർജിതമാണെന്നും അത് സാംസ്കാരിക സഹവർത്തിത്വ പ്രക്രിയയുടെ പരിണിതഫലമായി വികസിച്ചു കൊണ്ടിരിക്കുന്നതാണെന്നും മനസ്സിലാക്കേണ്ടതുണ്ട്. അതിൽ

ഏറ്റവും പ്രധാനപ്പെട്ടതാണ് സ്വത്വബോധത്തെക്കുറിച്ചുള്ള പുതിയ കണ്ടെത്തലുകൾ.

ഒരു വ്യക്തിയുടെ തനതായ സ്വഭാവ സവിശേഷതയെയാണ് പൊതുവായി സ്വത്വം എന്നതുകൊണ്ട് നിർവചിക്കപ്പെടുന്നത്. സ്വത്വത്തെകുറിച്ചുള്ള ധാരണകളെയും പൊതുബോധത്തെയും സ്വത്വരാഷ്ട്രീയം (Identity politics) എന്ന് വിളിക്കുന്നു. ഐഡന്റിറ്റി പൊളിറ്റിക്സ് എന്ന പദം ഇരുപതാംനൂറ്റാണ്ടിന്റെ അവസാനത്തോടെ യാണ് പ്രയോഗിച്ചു കാണുന്നത്. എന്നിരുന്നാലും മേരിവോൾ സ്റ്റോൺക്രാഫ്റ്റ്, ഫ്രാൻസ് ഫാനൻ എന്നിവരുടെ രചനകളിൽ ഇതിന് മുൻഗാമികൾ ഉണ്ടായിരുന്നതായി മനസ്സിലാക്കാം.[1] എന്നാൽ സ്വത്വം എന്നത് വ്യക്തികേന്ദ്രീകൃതമായ ഒന്നല്ല. വ്യക്തിയിലെന്നപോലെ സമൂഹത്തിനും സ്വത്വബോധമുണ്ട്. സാമൂഹികസ്വത്വം എന്ന പദപ്രയോഗം തന്നെ മുഖ്യധാരയിൽ നിന്നും അപരവൽക്കരിക്കപ്പെട്ടവരുടെ സവിശേഷതകളുടെ സഞ്ചയമാണ്. എന്നാൽ എന്തുകൊണ്ട് ഇവർ അപരവൽക്കരിക്കപ്പെട്ടു എന്ന ചോദ്യം ഒരു ജ്ഞാനനിർമ്മിതിയുടെ കൂടി രൂപപ്പെടലാണ്.

ആധുനികത പുനർനിർമ്മിച്ച ജ്ഞാനശാസ്ത്രത്തിന്റെ ദാർശനികതയിലാണ് നാം ഓരോ ജനവിഭാഗത്തിന്റെയും സ്വത്വത്തെ പ്രാഥമികമായി വായിച്ചെടുക്കുന്നത്. ഇതിനനുസരിച്ച് നിലനിൽക്കുന്ന ഭരണകൂട പ്രത്യയശാസ്ത്ര നിർവ്വചനമാണ് സ്വത്വത്തിന്റെ പ്രാഥമികാസ്തിത്വം എന്നത്. ഓരോ സമൂഹത്തിന്റെയും

വ്യക്തിത്വത്തിൻമേൽ അടിച്ചേൽപ്പിക്കപ്പെട്ട അധിനിവേശ സ്വത്വനിർവചനത്തെ അട്ടിമറിച്ച്, സ്വന്തം സ്വത്വത്തെ പുനർനിർമ്മിക്കുമ്പോഴാണ് ഒരു ജനവിഭാഗം ആത്മബോധമുള്ള ജനതയായി ഉയരുന്നത്. അവിടെയാണ് സ്വത്വബോധം ഒരു ആശയമായി രൂപപ്പെടുകയും അനന്തരം അതൊരു മൂർത്തമായ സ്വത്വരാഷ്ട്രീയമെന്ന ഭൗതിക ശക്തിയായി പരിണമിക്കുന്നതും.

തൊണ്ണൂറുകളുടെ ആരംഭത്തിലും അവസാനത്തിലും സ്വത്വബോധത്തെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകൾക്ക് കേരളം സാക്ഷിയാകുന്നുണ്ട്. ലോകത്തിന്റെ ഉല്പാദന–വിതരണ സമ്പ്രദായത്തിന്റെ ആഗോളീകരണവും അതുവഴി വികസിച്ച വിവരസാങ്കേതിക വിദ്യയുമാണ് ഇത്തരമൊരു ജ്ഞാനനിർമ്മിതിക്ക് കാരണമായത്. ആഗോളവൽക്കരണത്തിലൂടെ ആഗോള സമ്പദ് വ്യവസ്ഥയുടെ വികസനം ലക്ഷ്യമിട്ട് ലോകരാജ്യങ്ങൾ തമ്മിലുള്ള ആശയവിനിമയ സംവിധാനം വിപുലമായി. ആശയവിനിമയം, ഗതാഗതം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിലെ പുരോഗതി ഓരോ രാജ്യത്തെയും രാഷ്ട്രീയവും സാംസ്കാരികവുമായി മുന്നേറ്റത്തിലേക്കെത്തിച്ചു. അവയിൽ പ്രധാനപ്പെട്ടതാണ്. വിവര സാങ്കേതികവിദ്യയുടെ വ്യാപനം. അതുവഴി ഓരോ രാജ്യത്തിന്റെയും കലയും സംസ്കാരവും ആശയങ്ങളുമെല്ലാം കടൽ കടന്നെത്താൻ തുടങ്ങി. ഇത് മറ്റു രാജ്യങ്ങളിലെ സാംസ്കാരിക മൂല്യങ്ങളിൽ അഭിനിവേശം ഉണ്ടാക്കാൻ ഇന്ത്യൻ ജനതയെയും പ്രേരിപ്പിച്ചു.

ഇതൊരു പുതിയ ജ്ഞാനനിർമ്മിതിയുടെ തുടക്കമാവുകയും ചെയ്തു. ഈ ജ്ഞാനനിർമ്മിതിയാവട്ടെ കേരളത്തിൽ നവസാംസ്കാരിക പ്രസ്ഥാനങ്ങളുടെ രൂപപ്പെടലിന് വഴി തെളിച്ചു. എന്നാൽ കേരളീയ ചരിത്രം പരിശോധിക്കുമ്പോൾ കേരളീയ ജനതയ്ക്ക് പിന്തുടരാൻ ഒരു ആശയസംഹിതയുടെ കുറവോ അവയ്ക്ക് വളരാനുള്ള സാംസ്കാരിക പശ്ചാത്തലമോ ഇല്ലാതിരുന്ന ഒരു സാഹചര്യം ഉണ്ടായിട്ടില്ല. കീഴാള നവോത്ഥാന പ്രസ്ഥാനങ്ങളും അതിന്റെ ഉൾപ്രേരണയിൽ നിന്നുയർന്നുവന്ന് ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമാവുകയും ചെയ്ത ക്ഷേത്രപ്രവേശന പ്രസ്ഥാനങ്ങളും മറ്റും കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ രൂപവൽക്കരണത്തെയും വികാസത്തെയും ഗണ്യമായി സ്വാധീനിച്ചിട്ടുള്ളതായി കാണാം. എന്നാൽ തൊണ്ണൂറുകളുടെ അവസാനമാകുമ്പോഴേക്കും ഇത്തരം പ്രസ്ഥാനങ്ങോട് ജനങ്ങൾക്കുള്ള വിശ്വാസ്യതയിൽ മാറ്റം വന്നുതുടങ്ങി.

'പാർശ്വവൽക്കരിക്കപ്പെട്ടവൻ' ആരാണെന്നകാര്യത്തിൽ ആശയക്കുഴപ്പംമുണ്ടായി. ഈയൊരു സാഹചര്യത്തിലേക്ക് ഈ ജനതയെ നയിച്ചത് മുമ്പേ സൂചിപ്പിച്ച പുതിയ ജ്ഞാനനിർമ്മിതിയുടെ ഊർജ്ജമാണ്. അങ്ങനെ കേരളീയ സാംസ്കാരിക പ്രസ്ഥാനങ്ങളിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽതന്നെ പുതിയ പ്രസ്ഥാനങ്ങൾ രൂപം കൊള്ളാൻ തുടങ്ങി. ഇത്തരം പ്രസ്ഥാനങ്ങളെ നവസാംസ്കാരിക പ്രസ്ഥാനങ്ങൾ എന്ന് വിളിക്കാം.

### 1.1. കർത്തൃത്വം (subjectilist)

പരമ്പരാഗത സാമൂഹികപ്രസ്ഥാനങ്ങളും സാംസ്കാരിക പ്രസ്ഥാനങ്ങളും ശക്തമായ രീതിയിൽ കേരളത്തിൽ സാമൂഹിക-രാഷ്ട്രീയ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. എന്നാൽ കീഴാള ജനതയുടേത് എന്നല്ല മധ്യവർഗ്ഗത്തിന്റെപോലും കർത്തൃത്വമെന്തെന്ന് അവർ തിരിച്ചറിഞ്ഞിരുന്നില്ല. സാമൂഹികത (collectivity), സംഘാത്മകത (togetherness) തുടങ്ങിയ ഏകപക്ഷീയ സങ്കല്പനങ്ങളിൽ അധിഷ്ഠിതമായിരുന്നു പരമ്പരാഗത രാഷ്ട്രീയാശയങ്ങൾ. അവിടെ വ്യക്തികൾ സ്വതന്ത്രരായിരുന്നു. അവരുടെ സ്വാതന്ത്ര്യം അവരുൾക്കൊള്ളുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ മൊത്തത്തിലുള്ള (സ്ഥൂലമായ) സ്വാതന്ത്ര്യത്തിൽ ഉൾച്ചേർന്നതായിരുന്നു. ഇത് ആധുനിക പാശ്ചാത്യ ജ്ഞാന നിർമ്മിതിയുടെ പരിമിതിയായിരുന്നു. കേരളത്തിൽ നിലനിന്നിരുന്ന സവർണ്ണാധിപത്യബോധം വ്യക്തികളെ അസ്വാതന്ത്ര്യരാക്കി കൊണ്ടാണ് പ്രവർത്തിച്ചത്. ബൗദ്ധികമായി സ്വതന്ത്രരാകുന്ന വ്യക്തികൾക്കേ സ്വതന്ത്രമായി പ്രവർത്തിക്കാനുതകുന്ന ഒരു മനസ്സ് ഉണ്ടാകൂ. ഇതു രണ്ടും ചേരുന്നതിനെയാണ് സ്വതന്ത്രമായ കർത്തൃത്വം, സ്വത്വബോധം എന്നെല്ലാം വിശേഷിപ്പിക്കുന്നത്. സ്വന്തം ശരീരം തിരിച്ചറിയാനോ, മോഹിക്കാനോ, പ്രണയിക്കാനോ, സ്വപ്നം കാണാനോ സ്വാതന്ത്ര്യമില്ലാത്തവിധം ജാതിസങ്കേതങ്ങളിലും അധികാരഘടനയിലും ബന്ധിതരായ മനുഷ്യർ ഇതിൽനിന്നെല്ലാം

മോചിതനാവാത്തിടത്തോളംകാലം സ്വതന്ത്ര കർത്തൃത്വങ്ങൾക്ക് രൂപം കൊള്ളാനാവില്ല.

പരമ്പരാഗത സാമൂഹിക–സാംസ്കാരിക പ്രസ്ഥാനങ്ങൾ ഏകശിലാത്മക അധികാര പ്രത്യയശാസ്ത്രത്താൽ ബന്ധിതമായിരുന്നു. അതുകൊണ്ടുതന്നെ ബഹുസ്വരത, സ്വത്വ ബോധം എന്നീ പരികല്പനകളെല്ലാം അവർക്ക് അനഭിതവും അജ്ഞാതവുമായിരുന്നു. ഭൂരിപക്ഷത്തിന് ന്യൂനപക്ഷം കീഴടങ്ങുന്ന താണ് ജനാധിപത്യം എന്ന അശാസ്ത്രീയവും അയുക്തികവുമായ വീക്ഷണമാണ് ജനാധിപത്യത്തിൽ ഇപ്പോഴും ഉയർന്നു കേൾക്കുന്ന ശബ്ദം. അങ്ങനെ ഫലത്തിൽ ന്യൂനപക്ഷം നിശബ്ദരാക്കപ്പെടുകയും മർദ്ദിതരാക്കപ്പെടുകയും ചെയ്യുന്നു. ക്രിയാത്മക ന്യൂനപക്ഷമാണ് ജനാധിപത്യത്തിന്റെ നട്ടെല്ല് എന്ന തിരിച്ചറിവ് പരമ്പരാഗത സാംസ്കാരിക പ്രസ്ഥാനങ്ങൾക്ക് ഇല്ലായിരുന്നു. അതുകൊണ്ടുതന്നെ ആദിവാസികൾ, ദളിതർ, ചേരിനിവാസികൾ, ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിങ്ങനെ പലരും സമൂഹത്തിൽനിന്നും ചരിത്രത്തിൽനിന്നും ഉന്മൂലനം ചെയ്യപ്പെടുകയും ചിലർ തങ്ങളുടെ ആവാസഭൂമിയിൽ നിന്ന് പറിച്ചെറിയപ്പെടുകയും ചെയ്തു.

തൊണ്ണൂറുകൾക്ക് ശേഷമാണ് കേരളത്തിൽ നവസാംസ്കാരിക പ്രസ്ഥാനങ്ങൾ രൂപം കൊള്ളുന്നത്. അതുവരെ കേരളത്തിലുണ്ടാ യിരുന്ന സാമൂഹിക പ്രസ്ഥാനങ്ങളിൽനിന്ന് നവസാംസ്കാരിക പ്രസ്ഥാനങ്ങൾ വ്യത്യസ്തമാകുന്നത് അത് മുന്നോട്ടുവെക്കുന്ന

ആശയങ്ങളിൽ നിന്നാണ്. ഈ ആശയങ്ങൾ രൂപംകൊള്ളുന്നത് കർത്തൃത്വത്തെ സംബന്ധിച്ച പുതിയ തിരിച്ചറിവുകളിൽ നിന്നാണ്. അതുവരെ ഉണ്ടായിരുന്ന സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയാവസ്ഥയിൽ കർത്തൃത്വം/സ്വത്വം അതിന്റെ എല്ലാ അർത്ഥങ്ങളെയും ഉൾക്കൊള്ളാൻ കെൽപ്പില്ലാതെ വരുന്നു. ഈയൊരുവസ്ഥയിൽ പുതിയ സ്വത്വാന്വേഷണങ്ങൾ സാധ്യമാകുന്നു. അത് പുതിയ കൂട്ടായ്മകളിലേക്കും സമരങ്ങളിലേക്കും ചെന്നെത്തുന്നു. സ്വത്വരാഷ്ട്രീയം എന്നത് സ്വാതന്ത്ര്യത്തിലേക്കുള്ള ചുവട് വെയ്പാണ്. സ്വത്വം എന്നത് നിശ്ചലമായ ജലാശയമല്ല. അതൊരു ഒഴുക്കാണ്. സ്വത്വമെന്നത് വിഛേദം (Emancipation) ആണ്. അതിന്റെ അടുത്തപടി വിമോചനം (Freedom) ആണ്. അതായത് എല്ലാ സ്വത്വവിഭാഗങ്ങളും അവരവരുടെ സവിശേഷതകൾ നിലനിർത്തി കൊണ്ടുതന്നെ സ്വത്വത്തിന്റെ തടവറയിൽനിന്നും മാനസികമായി വിഛേദിച്ച് പരസ്പരം പുണരുന്നതും സംവദിക്കുന്നതുമായ ഒരു ബൃഹദ് കീഴാളജനശക്തിയായി മാറണം (അന്റോണിയോ, നെഗ്രിയുടെ ജനസഞ്ചയം (Multitude) എന്ന ആശയം).[2] സ്വത്വം (Identity) എന്ന വാക്കിന് ഓക്സ്ഫോർഡ് നിഘണ്ടു നൽകുന്ന അർത്ഥം ഒരു ജനതയെ മറ്റുള്ളവരിൽനിന്ന് വേർതിരിക്കുന്ന സ്വഭാവമോ, വികാരമോ, വിശ്വാസമോ എന്നാണ്. അതിനുശേഷം ദേശീയം/സാംസ്കാരികം/ വ്യക്തിപരം/കൂട്ടായ്മ എന്നീ വിശേഷണങ്ങളും നൽകിയിട്ടുണ്ട്.[3] അതായത് ഒരു ജനതയെ വേറിട്ട് അടയാളപ്പെടുത്തുന്ന

സ്വഭാവവിശേഷം അവരുടെ സ്വത്വമായി കണക്കാക്കുന്നു. ഈ സ്വത്വത്തെ കേന്ദ്രീകരിച്ചുള്ള അവകാശവാദത്തെ/തിരിച്ചറിവുകളെ സ്വത്വരാഷ്ട്രീയം (Identity politics) എന്ന് വിളിക്കുന്നു. സംസ്കാരത്തെ കേന്ദ്രീകരിച്ചാണ് ലോകം മുഴുവൻ സ്വത്വരാഷ്ട്രീയം ശക്തി പ്രാപിച്ചത്. മാർക്സിന് മുമ്പ് ദൈവിക സ്വത്വത്തിന് വിധേയമായ വ്യക്തിസ്വത്വത്തെയും പ്രാപഞ്ചിക സത്തയെയും സംബന്ധിക്കുന്ന മതാത്മക പരിപ്രേക്ഷ്യമാണ് തത്ത്വചിന്തയുടെ കേന്ദ്രസ്ഥാനമായി നിലനിന്നിരുന്നത്. മിഷേൽ ഫൂക്കോയുടെ പഠനങ്ങൾ സ്വത്വങ്ങൾ നിലവിൽ വരുന്ന പ്രക്രിയകളെ വിവരിക്കുന്നുണ്ട്.[4] ക്ലാസിക്കൽ കാലഘട്ടങ്ങളിൽ നിന്ന് ആധുനിക കാലഘട്ടത്തിലേക്ക് സമൂഹങ്ങൾ പരിണമിക്കുമ്പോൾ സ്വത്വസാങ്കേതിക വിദ്യകളും അതിനനുസൃതമായി മാറുന്നതായി കാണാം. സ്വത്വനിർമ്മാണത്തിന്റെ സാങ്കേതികവിദ്യ ഒരു കാലഘട്ടത്തിന്റെ സാംസ്കാരിക നിർമ്മിതികളിലൊന്നാകെ പ്രതിഫലിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ സാഹിത്യേതരമായ ഇടങ്ങളിലും സാഹിത്യപാഠങ്ങളിലും ഒരുപോലെ ചില വ്യവഹാരങ്ങളെ സാധൂകരിക്കുകയോ, പുറത്തുനിർത്തുകയോ ചെയ്യുന്നു. അങ്ങനെ സ്വത്വനിർമ്മാണത്തിന്റെ സാങ്കേതികവിദ്യ ഒരുക്കുന്ന നിർമ്മിത വൃത്തത്തിൽ അറിവും അധികാരവും ധർമ്മ–നീതി സംഹിതകളും സവിശേഷവും സാന്ദർഭികവുമായ രീതിയിൽ സമന്വയിക്കുന്നു.

## 1.2 പൗരത്വം

പ്രതീകാത്മകമായ ഒരു സ്വത്വനിർമ്മിതിയാണ് പൗരത്വം. ചരിത്രപരമായ ചില സന്ദർഭങ്ങളിലെ അനിവാര്യതയായികൂടി പൗരത്വത്തെ നിർവചിക്കേണ്ടതുണ്ട്. ഒരു വ്യക്തിയുടെ നിയമപരമായ വ്യക്തിത്വമായിപൗരത്വത്തെ സാമാന്യമായി നിർവചിക്കാം. ആരാണ് പൗരൻ എന്ന ചോദ്യം ദേശരാഷ്ട്ര രൂപീകരണവുമായി ബന്ധപ്പെട്ടതാണ്. ദേശരാഷ്ട്ര രൂപീകരണത്തെ സംബന്ധിക്കുന്ന അന്വേഷണത്തിന്റെ ഭാഗമായി ഇംഗ്ലീഷ് ചിന്തകനായ തോമസ് ഹോബ്സ് ആണ് ആദ്യമായി മനുഷ്യനെ പൗരനായി അടയാളപ്പെടുത്തിയത്.[5] ആദ്യമായി ഒരാൾ മനുഷ്യനായും രണ്ടാമതായി പൗരനായും മൂന്നാമതായി ക്രിസ്ത്യാനിയായും കടമ നിർവഹിക്കണമെന്ന് ഹോബ്സ് സിദ്ധാന്തിക്കുന്നു.[6] ഇതിലൂടെ രാജാവിന് സമ്പൂർണ്ണ അധികാരം നൽകുന്ന ആശയസംഹിത ഉണ്ടാക്കുകയായിരുന്നു ഹോബ്സിന്റെ ലക്ഷ്യം. സ്വയം തകരുന്ന മനുഷ്യൻ അയാളുടെ എല്ലാ അവകാശങ്ങളും ഭരണകൂടത്തിന് അഥവാ രാഷ്ട്രത്തിന് അടിയറവെച്ചുകൊണ്ടാണ് ദേശരാഷ്ട്രം എന്ന സങ്കല്പം ഉണ്ടാക്കിയതെന്ന് ഹോബ്സ് സങ്കൽപ്പിക്കുന്നു.[7] യഥാർത്ഥത്തിൽ ആധുനിക ദേശരാഷ്ട്ര സങ്കൽപ്പങ്ങളിൽ ഹോബ്സിന്റെ സർവ്വാധികാരഭരണകൂട സങ്കൽപം നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

പ്രാചീനകാലം മുതൽ സമൂഹത്തിൽ പൗരസങ്കൽപം പലവിധത്തിൽ നിലനിന്നിരുന്നു. അടിമത്തം നിലനിന്നിരുന്ന

ഗ്രീസിലും മറ്റ് യൂറോപ്യൻ രാജ്യങ്ങളിലും നഗരഭരണവുമായി ബന്ധപ്പെടുത്തിയാണ് പൗരത്വം നിർണ്ണയിച്ചത്. നഗരത്തിലെ ഭരണകർത്താക്കളാകാനോ ഭരണനിർണയത്തിന് അവകാശ മുള്ളവരോ ആയ മനുഷ്യരെ പൗരന്മാരായും ഭരണകൂടത്തിന്റെ അവകാശികളായും കണക്കാക്കിയിരുന്നു.[8] അറബി ചരിത്രപണ്ഡിത നായ ഇബ്നു ഖൽദൂൻ പതിനാലാം നൂറ്റാണ്ടിൽതന്നെ മനുഷ്യൻ പ്രകൃത്യാതന്നെ പൗരനാണെന്നും പൗരജീവിതം സാമൂഹിക ജീവിതത്തിന്റെ അനിവാര്യതയാണെന്നും സ്ഥാപിച്ചിരുന്നു.[9] ഇതിൽനിന്നും എല്ലാ കാലത്തും വിവിധ അർത്ഥത്തിൽ പൗരനിർണയം രാഷ്ട്രീയ അവകാശ നിർണ്ണയം തന്നെയായിരുന്നു വെന്ന് അനുമാനിക്കാം. പാശ്ചാത്യ നാഗരികതകളിൽനിന്ന് വ്യത്യസ്തമായിരുന്ന പൗരസ്ത്യ ദേശങ്ങളിലും പൗരൻ എന്നാൽ ഒരു ഭൂമിശാസ്ത്രപരമായ പരിധിക്കകത്ത് രാഷ്ട്രീയവകാശങ്ങൾ നിലനിർത്തിയിരുന്ന വ്യക്തിയായിരുന്നു. എന്നാൽ ദേശീയ പ്രസ്ഥാനങ്ങളുടെയും നവോത്ഥാന പ്രസ്ഥാനങ്ങളുടെയും വളർച്ചയ്ക്കുമുമ്പ് ഇന്ത്യയിൽ ആധുനികമായ സങ്കൽപത്തിലോ അർത്ഥത്തിലോ രൂപപ്പെട്ട 'പൗരസമൂഹം' ഉണ്ടായിരുന്നില്ല. മുൻകാല പൗരത്വ സങ്കല്പങ്ങൾ ദേശനിർമ്മിതി, ദേശവത്കരണം, ദേശിയോദ്ഗ്രഥനം എന്നീ ലിബറൽ ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. എന്നാൽ നവോത്ഥാനത്തിന്റെ ഫലമായി

രൂപംകൊണ്ട നവപൗരത്വദർശനം തമസ്കരിക്കപ്പെട്ട പൗരത്വാവകാശങ്ങളുടെ തിരിച്ചറിവിനെ ഉൾക്കൊള്ളുന്നതാണ്.

പൗരത്വം എന്ന സങ്കൽപത്തിന് പുതിയകാലത്ത് നിരവധി നിർവചനങ്ങളും തിരിച്ചറിവുകളുമുണ്ട്. പൗരത്വം രാഷ്ട്രം നൽകുന്ന ഒന്നായിട്ട് മാത്രമല്ലാതെ നിർമ്മിതമായതും പറിച്ചെടുക്കപ്പെട്ടതും പിടിച്ചുവാങ്ങപ്പെട്ടതും സംരക്ഷിക്കപ്പെടേണ്ടതും ഒക്കെയായി അത് പുതിയ കാലത്ത് നിർവചിക്കപ്പെടുന്നു. ദേശീയതാവ്യവഹാരത്തിന്റെ വിമർശനം രാഷ്ട്രീയമായി ശക്തിപ്പെടുന്നതോടൊപ്പംതന്നെ പൗരത്വം എന്ന സങ്കല്പം എങ്ങനെ മാറുന്നു എന്നതിനെക്കുറിച്ചുകൂടി ചിന്തിക്കേണ്ടതുണ്ട്. നിയമപരമായ തുല്യപൗരാവകാശം ഉണ്ടായിട്ടുപോലും കറുത്തവർ, ആദിമനിവാസികൾ, സ്ത്രീകൾ, മത-വംശീയ ന്യൂനപക്ഷങ്ങൾ എന്നിങ്ങനെയുള്ള പല ജനവിഭാഗങ്ങളും ലോകത്തിന്റെ പല ഭാഗങ്ങളിലും തിരസ്കരിക്കപ്പെടുന്നു. വ്യത്യസ്തമായ അവരുടെ സാമൂഹിക-സാംസ്കാരിക ആവശ്യങ്ങൾ പരിഗണിക്കാൻ കേവല പൗരത്വത്തിന്റെ നിർവചനങ്ങൾക്ക് കഴിയാതെ വരുന്നു. ഈ സാഹചര്യത്തിലാണ് പൗരത്വത്തെക്കുറിച്ചും സ്വത്വത്തെക്കുറിച്ചുമുള്ള നൂതന ആശയങ്ങൾ പിറവിയെടുക്കുന്നത്. ഫെമിനിസ്റ്റ് മൂവ്മെന്റുകളും പൗരവകാശ പ്രസ്ഥാനങ്ങളും എൽ.ജി.ബി.ടി പ്രസ്ഥാനങ്ങളുമെല്ലാം ഇത്തരത്തിൽ ആൺകോയ്മ സമൂഹങ്ങളുടെ ഘടന ഉടച്ചുവാർക്കുന്ന പുതിയ പൗരത്വാവിഷ്കാരങ്ങളാണ്. പരമ്പരാഗത പൗരത്വ നിർമ്മാണ പ്രക്രിയകളിൽനിന്ന് വ്യത്യസ്തമാണ് സാമൂഹിക

ചർച്ചകളിലൂടെയും രാഷ്ട്രീയ ഇടപെടലുകളിലൂടെയും ഉരുത്തിരിയുന്ന നവപൗരത്വങ്ങൾ. ഇവയിൽ പൗരത്വഅനുഷ്ഠാനങ്ങൾ പോലെതന്നെ പ്രധാനമാണ് പൗരത്വ പ്രവർത്തനങ്ങളും പ്രയോഗങ്ങളും. ഇത്തരത്തിലുള്ള പൗരത്വ പ്രവർത്തനങ്ങൾ രൂപം കൊള്ളുകവഴി പുതിയ രാഷ്ട്രീയ അസ്തിത്വങ്ങൾ നിലവിൽ വരികയും അവ നിലനിൽക്കുന്ന പൊതുസമൂഹ ക്രമീകരണങ്ങളെയും സമരതന്ത്രങ്ങളെയും സങ്കേതങ്ങളെയും മാറ്റിതീർക്കുകയും ചെയ്യുന്നു. അതുവഴി പൗരൻ, അപരൻ, പരദേശി എന്നിങ്ങനെ പരമ്പരാഗതമായി നിർമ്മിക്കപ്പെട്ട സ്വത്വങ്ങൾക്കുപകരം പ്രയോഗത്തിലൂടെയും പ്രതികരണത്തിലൂടെയും രൂപംകൊള്ളുന്ന രാഷ്ട്രീയാസ്തിത്വങ്ങളായി നവപൗരത്വങ്ങൾ അംഗീകരിക്കപ്പെടുകയും ചെയ്യുന്നു.

### 1.2.1 പൗരത്വസങ്കല്പവും നവസാംസ്കാരിക പ്രസ്ഥാനങ്ങളും

ആധുനിക പൗരത്വസങ്കല്പത്തെ ഭരണകൂടവുമായി ബന്ധിപ്പിച്ചുകൊണ്ട് ആഴത്തിലുള്ള പഠനങ്ങൾ നടത്തിയ ചിന്തകനാണ് അന്റോണിയോ ഗ്രാംഷി. അദ്ദേഹത്തിന്റെ സിവിൽ സമൂഹം എന്ന ആശയം ഇതിനെ സാധൂകരിക്കുന്നതാണ്.[10] എന്നാൽ മാർക്സിൽ നിന്നല്ല ഗ്രാംഷി ഈ ആശയം സ്വീകരിക്കുന്നത്. മറിച്ച് ഹെഗലിൽ നിന്നുമാണെന്ന് ഷാന്താൾ മൗഫെ (Chantal Mouffe) എഡിറ്റ് ചെയ്ത 'ഗ്രാംഷിയും മാർക്സിസ്റ്റ് സിദ്ധാന്തവും' എന്ന പുസ്തകത്തിൽ പറയുന്നുണ്ട്.[11] ഒരു ജനാധിപത്യസമൂഹത്തിൽ

പൗരത്വത്തിനുള്ള സാധ്യതകളെക്കുറിച്ചും പരിമിതികളെകുറിച്ചുമാണ് ഗ്രാംഷി വിശകലനം ചെയ്യുന്നത്. ഭരണകൂടത്തിന്റെ സംരക്ഷക ഭിത്തിയായ ഒരു കോട്ട (Fort) ആയാണ് ഗ്രാംഷി പൗരസമൂഹത്തെ വിലയിരുത്തുന്നത്. പൗരസമൂഹത്തിന്റെ സംഘാത്മകമായ പൊതുബോധത്തിലൂടെയാണ് ഭരണകൂടം അതിന്റെ അധിനിവേശ പ്രത്യയശാസ്ത്രം സമൂഹത്തിൽ ബഹുവിധവും ബഹുലവുമായ രീതിയിൽ പ്രയോഗിക്കുന്നത്. പൗരസമൂഹത്തെ പൗരസമൂഹമായിതന്നെ ശാശ്വതമായി നിലനിർത്തുകയെന്നത് എല്ലാ ഭരണകൂടങ്ങളുടെയും പ്രഖ്യാപിത ലക്ഷ്യമാണ്. അച്ചടക്കം, ഭരണഘടന, നിയമങ്ങൾ, കടമകൾ, ദേശീയത, യുദ്ധം എന്നീ മാർഗങ്ങളിലൂടെ വിനീതവിധേയരായ അഭിനവ 'പൗരപ്രജകളെ' നിലനിർത്തുന്നതിൽ ഒരു തത്ത്വശാസ്ത്രപരമായ പ്രശ്നം ഒളിഞ്ഞിരിപ്പുണ്ട്. ആധുനിക രാഷ്ട്രീയത്തിന്റെ അടിസ്ഥാന ദ്വന്ദമാണ് പൗരസമൂഹവും രാഷ്ട്രീയ സമൂഹവും. രാഷ്ട്രീയാധികാരം നിക്ഷിപ്തമായ ഒരു വിഭാഗവും അതിന് വിധേയരായും അതിന്റെ ഗുണഭോക്താക്കളും സംരക്ഷകരുമായി മറ്റൊരു വിഭാഗവും ശാശ്വതായി നിലനിർത്തുക എന്നത് ജനാധിപത്യ രാഷ്ട്രീയ സങ്കല്പത്തിന് നിരക്കാത്തതാണ്. ജനാധിപത്യരാഷ്ട്രീയം പ്രായോഗികതയ്ക്കുവേണ്ടി വെട്ടിയൊതുക്കി പ്രതിനിധാന രാഷ്ട്രീയമാക്കി യതിന്റെ പരിണാമമാണ്. അതിന്റെ ഫലമായി അധികാരം എന്നത് മുകളിൽ നിന്നും താഴോട്ട് പ്രയോഗിക്കപ്പെടുന്നതും ഭരണപ്രതി നിധികളിൽ മേൽതലത്തിൽ വിഭജിക്കപ്പെട്ടതുമായ പ്രതിഭാസമാണ്.

ഭരണകൂടം രൂപപ്പെടുന്നതിന് മുമ്പുതന്നെ രൂപംകൊണ്ടതും ഭരണകൂടത്തെ സൃഷ്ടിച്ചതും ഭരണഘടനകൾക്കും നിയമങ്ങൾക്കും ജനാധിപത്യസഭകൾക്കും ജന്മം നൽകിയതുമായ അധികാരത്തിന്റെ പ്രഭവകേന്ദ്രം ജനങ്ങളുടെ ആദിമ സ്വാധികാരമാണെന്ന അനിഷേധ്യമായ ചരിത്ര യാഥാർത്ഥ്യത്തെ അട്ടിമറിക്കുന്നതാണ് രാഷ്ട്രീയസമൂഹം /പൗരസമൂഹം എന്ന ദ്വന്ദ്വം.

ഏതൊരു വ്യക്തിക്കും താൻ ജീവിക്കുന്ന സമൂഹത്തിൽ തന്റേതായ ഒരു അധികാരമണ്ഡലമുണ്ട്. ഇത് ജീവിതാധികാരമാണ്. അവകാശം (right) എന്ന പദംകൊണ്ട് പകരം വെക്കാവുന്നതല്ല അത്. അധികാരം (ജനങ്ങളുടെ സ്വാധികാരം) ജന്മസിദ്ധം അഥവാ പ്രകൃതിസിദ്ധമാണ്. എന്നാൽ ഉപരിവർഗം തങ്ങളുടെ അധികാരം മറ്റൊരാൾക്കുമേൽ അടിച്ചേൽപ്പിക്കുമ്പോഴാണ് അത് ആധിപത്യമായി മാറുന്നത്. പൗരത്വം ഒരു ജനതയെ വേട്ടയാടുന്ന സന്ദർഭത്തിലൂടെ യാണ് ഇന്ന് ഇന്ത്യ കടന്നുപോവുന്നത്. ഈ പൗരത്വപ്രശ്നത്തെ ഭരണകൂടങ്ങൾ ഏറ്റെടുക്കുന്നത് അപരവൽക്കരണത്തിനുള്ള തന്ത്രങ്ങളായിട്ടാണ്. അഭയാർത്ഥികൾ, നാടോടികൾ, തടവുകാർ, ന്യൂനപക്ഷമതവിഭാഗങ്ങൾ, പാർശ്വവൽകൃതർ എന്നിങ്ങനെ പല വിഭാഗങ്ങൾക്കും അവരുടെ പൗരത്വം നഷ്ടമാകുന്ന അവസ്ഥ വരുന്നു. ജനസംഖ്യ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ പൗരത്വം എന്നത് കേവലം മതത്തിന്റെ ധർമ്മം നിർവഹിക്കുന്ന ഒരു രാഷ്ട്രീയ

സംജ്ഞയായി പരിണമിച്ചിരിക്കുന്നു. അതായത്, വ്യക്തികളുടെയും സമൂഹങ്ങളുടെയും പ്രകൃതിസിദ്ധമായ അവകാശാധികാരങ്ങൾ (National Rights and Power) കേവല ദേശീയതയുടെ പേരിൽ നിഷേധിക്കുന്ന ഭരണകൂട ഫാസിസ്റ്റ് സമീപനമാണ് പൗരത്വ നിഷേധ പ്രശ്നങ്ങളിൽ തെളിയുന്നത്. അതുകൊണ്ട് തീർച്ചയായും നാം പ്രജകളുടെ ലോകത്തിലല്ല ജീവിക്കുന്നത് എന്ന് പറയുന്നതുപോലെ നാം പൗരാനന്തര സമൂഹത്തിലാണ് (post citizen) ജീവിക്കുന്ന തെന്ന്പറയാം.

## 1.3 സംസ്കാരപഠനം

ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ വികസിച്ചുവന്ന വിജ്ഞാനശാഖയാണ് സംസ്കാരപഠനം. സംസ്കാരത്തെക്കുറിച്ചുള്ള പഠനം എന്ന പ്രാഥമികാർത്ഥം ഇതിനുണ്ടെങ്കിലും സംസ്കാരമെന്ന സംജ്ഞയെതന്നെ പ്രശ്നവൽക്ക രിക്കുന്നതാണ് സംസ്കാരപഠനം. നിഘണ്ടുക്കളിൽ ഏറ്റവും അമൂർത്ത മായി വ്യാഖ്യാനിക്കപ്പെടുന്ന പദങ്ങളിലൊന്നാണ് സംസ്കാരം. ആളുകൾ തങ്ങളുടെ ദേശീയ സംസ്കാരത്തെക്കുറിച്ചും സ്വാതന്ത്ര്യ ത്തെക്കുറിച്ചും വിഭിന്ന രീതിയിലുള്ള ആശങ്കകൾ പങ്കിടുന്നു. അതേ സമയം തന്നെ തങ്ങൾ സാംസ്കാരികമായി എത്രത്തോളം വളർന്നുവെന്നതിൽ ആകുലപ്പെടുകയും ചെയ്യുന്നു. സംസ്കാരിക പഠനങ്ങൾക്ക് അടിത്തറയിട്ടതിൽ പ്രധാനിയാണ് ഇംഗ്ലീഷ്

ചിന്തകനായ റയ്മണ്ട് വില്യംസ്. അദ്ദേഹത്തിന്റെ സംഭാവനകളിൽ പ്രധാനപ്പെട്ടതാണ് 'കൾച്ചർ ആന്റ് സൊസൈറ്റി **1780–1950 (1958)'** എന്ന ഗ്രന്ഥം. അതുവരെ ഇംഗ്ലീഷിലോ മറ്റു ഭാഷകളിലോ ആരും ഗൗരവപൂർവ്വം സ്വീകരിച്ചിട്ടില്ലാത്ത ഒരു സമീപനമാണ് റയ്മണ്ട് വില്യംസ് ഈ ഗ്രന്ഥത്തിൽ സ്വീകരിച്ചിട്ടുള്ളത്. "വ്യാവസായിക വിപ്ലവത്തെതുടർന്ന് വർഗസമരങ്ങളും സാക്ഷരതയും പടർന്നു കയറിയ ബ്രിട്ടനിലെ വരേണ്യസംസ്കാരത്തെയും അത് പ്രതിഫലിക്കുന്ന സാഹിത്യ കൃതികളെയും മാത്രമല്ല, അധഃസ്ഥിതരുടെ സാഹിത്യം, ലഘുരേഖകൾ, നാടോടി കലകൾ, മലയാളത്തിൽ പൈങ്കിളി എന്ന പേരിൽ വിശേഷിപ്പിക്കപ്പെട്ട് പോരുന്ന ബഹുജന പ്രീതികരമായ കൃതികൾ തുടങ്ങിയവയെയും, ജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ, അവയുടെ രാഷ്ട്രീയമായ അർത്ഥമാനങ്ങൾ തുടങ്ങിയവയെല്ലാം വില്യംസിന്റെ അതിസൂക്ഷ്മമായ വിശകലനത്തിന് വിധേയമായി[11]." ഇത് സംസ്കാരത്തെക്കുറിച്ചുള്ള ഗൗരവപൂർണ്ണമായ പഠനങ്ങൾക്ക് വഴി തെളിയിച്ചു.

സംസ്കാരിക പഠനത്തെ ഗൗരവമായി കണ്ട മറ്റൊരു ചിന്തകനാണ് ഇ.പി.തോംസൺ **(1924–1993).** സംസ്കാരത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനങ്ങളിൽ പ്രധാനപ്പെട്ടതാണ് Making History : Writing on History and Culture (1994)എന്ന കൃതി. റയ്മണ്ട് വില്യംസും ഇ. പി. തോംസണും സാംസ്കാരിക പഠനത്തിന്

അമൂല്യമായ സംഭാവനകൾ നൽകിയപ്പോൾ വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെപോയ സാംസ്കാരിക ചിന്തകനാണ് അന്റോണിയോ ഗ്രാംഷി **(1891–1937).** എന്നാൽ പിൽക്കാലത്ത് ഗ്രാംഷിയുടെ സിദ്ധാന്തങ്ങൾ സംസ്കാര പഠനത്തിന് വലിയ പ്രേരകമായി. ഫ്രഞ്ച് മാർക്സിസ്റ്റ് ചിന്തകനായ ലൂയി അൽത്തൂസറുടെ **(1918–1990)** ചിന്തകളും ആധുനിക സാംസ്കാരിക പഠനങ്ങൾക്ക് പ്രേരകമായിട്ടുണ്ട്.

സംസ്കാരം എന്ന സങ്കൽപത്തിന് വന്ന ചരിത്രപരമായ മാറ്റം സമൂഹത്തിലും സാമൂഹിക ക്രമത്തിലും വ്യക്തികൾക്കുവന്ന കർത്തൃത്വത്തിന്റെ മാറ്റവുമായി ബന്ധപ്പെട്ട് വിശകലന വിധേയമാക്കാവുന്നതാണ്. ആധുനിക പൂർവ്വ കാലഘട്ടത്തിൽ സാമൂഹ്യ രാഷ്ട്രീയ ഘടനയുടെ നിർമ്മിതിയിൽ വ്യക്തികൾക്കും പങ്കുള്ളതായി പഴയ സമൂഹത്തിലെ വ്യക്തികൾ കരുതിയിരുന്നില്ല. എന്നാലിന്ന് തനിക്കുംകൂടി പങ്കാളിത്തവും കർത്തൃത്വവുമുള്ള സാമൂഹ്യഘടനയാണ് നിലനിൽക്കുന്നതെന്ന് വ്യക്തികൾക്കറിയാം. ഗ്രാംഷി പറയുന്നതുപോലെ ഈ വ്യക്തി പരമ്പരാഗത ബുദ്ധിജീവിയല്ല. അയാൾ ആധുനിക ജൈവബുദ്ധിജീവിയാണ്.[12] സാമൂഹിക–രാഷ്ട്രീയ കർത്തൃത്വം അയാൾക്കുണ്ട്. മൂന്നാം ലോകത്തെ സംസ്കാരപഠനം കേവലം അന്യവൽക്കരണത്തെപ്പറ്റിയുള്ള അക്കാദമികമായ വിശകലനത്തിനുള്ളതല്ല. മറിച്ച് അതൊരു നിർമ്മാണ പ്രക്രിയയുടെ

ഭാഗമാണ്. അന്യവൽക്കരണത്തോടുള്ള പ്രതികരണങ്ങളാണ് ദേശീയ സമരങ്ങളായി മാറുന്നത്. അതൊരു ദേശീയ സംസ്കാരത്തെ സൃഷ്ടിക്കുകയും ചെയ്യുന്നു.

റയ്മണ്ട് വില്യംസ് തന്റെ Means of Communication as Means of Production എന്ന പ്രബന്ധത്തിൽ സാംസ്കാരിക ഭൗതികവാദത്തെക്കുറിച്ചുള്ള സങ്കല്പങ്ങൾ അവതരിപ്പിക്കുന്നുണ്ട്.[13] മാർക്സിന്റെ അടിത്തറ സാംസ്കാരിക ഉപരിഘടനാവാദത്തെ വിമർശിച്ചുകൊണ്ട് 'സാംസ്കാരിക ഉൽപാദനം' എന്ന പുതിയൊരു പരികല്പനയെ അദ്ദേഹം ഇതിലൂടെ അവതരിപ്പിച്ചു. സാംസ്കാരിക ഉൽപ്പാദനത്തിന്റെ ഘടനാവൽക്കരണത്തെ വിശകലനം ചെയ്യാനുള്ള ഉപാധികളിലൊന്നായി റയ്മണ്ട് വില്യംസ് 'സാംസ്കാരിക ഭൗതികവാദത്തെ' അവതരിപ്പിക്കുകയും ചെയ്തു. ഇതിലൂടെ സാമൂഹ്യ പ്രതിഭാസങ്ങളെയും സാംസ്കാരിക ഉപരിഘടനയുടേതായ ഉൽപാദന പ്രക്രിയയെ സാമ്പത്തികാടിത്തറയുടെ അഭേദ്യമായ ഒരു സംഘാതമായി കണ്ടതിലൂടെയാണ് സാംസ്കാരിക ഭൗതികവാദം നിലവിൽ വന്നിട്ടുള്ളത്. ഇതിലൂടെ കലയെയും സാമൂഹിക സാഹചര്യങ്ങളെയും കേവല വസ്തുവായോ പ്രതിഭാസമായോ വേർതിരിച്ച് കാണാതെ അവ നിലനിൽക്കുന്ന സാഹചര്യവും പശ്ചാത്തലവും അവയ്ക്ക് മറ്റുള്ള വസ്തുക്കളുമായും ഉൽപാദന

ബന്ധങ്ങളുമായുള്ള പാരസ്പര്യത്തെയും റയ്മണ്ട് വില്യംസ് അന്വേഷിക്കുന്നു.

നവമാർക്സിസ്റ്റ് ചിന്തകർ സംസ്കാരപഠനത്തിന്റെ ഒന്നാം ഘട്ടവും രണ്ടാംഘട്ടവും കടന്ന് സ്വത്വവാദത്തിലൂന്നുന്ന മൂന്നാം ഘട്ടത്തിലേക്ക് എത്തി നിൽക്കുകയാണ്. "സംസ്കാരമണ്ഡലത്തിലെ ജനാധിപത്യവൽക്കരണത്തെ ഉറപ്പിക്കുന്ന ബഹുസംസ്കാരവാദം (Multi Culturalism) ആ ഘട്ടവും കഴിഞ്ഞ് തനിമകളെ മാത്രം രാഷ്ട്രീയ പ്രയോഗത്തിന്റെ ഒരേയൊരു അടിത്തറയായി കാണുമ്പോഴാണ് അത് സ്വത്വരാഷ്ട്രീയമാകുന്നത്."[14] എൺപതുകളോടെ മാർക്സിസ്റ്റ് സമീപനങ്ങൾക്ക് വ്യത്യസ്തങ്ങളായ ചിന്താഗതികൾ കൈവന്നു. ഇത് നവമാർക്സിസത്തിന്റെ തകർച്ചയ്ക്ക് കാരണമായി. തൽഫലമായി മാർക്സിസ്റ്റ് ചിന്താഗതിയിൽ നിലനിന്നിരുന്നവർ സ്വത്വരാഷ്ട്രീയമെന്ന ആശയത്തെ മുന്നോട്ട് വെക്കാൻ തുടങ്ങി. സ്ത്രീകൾ, ദളിതർ എന്നിങ്ങനെയുള്ളവരുടെ പ്രശ്നങ്ങൾ ഇതിൽ പ്രധാന വിഷയമായി വന്നു.

### 1.3.1 **സാംസ്കാരിക മേൽക്കോയ്മ**

സാംസ്കാരികമായും ധൈഷണികമായും ഉയരുമ്പോഴാണ് സാമാന്യജനത ഒരു സംഘടിത ശക്തിയായി മാറുന്നത്. ഇത് സ്വന്തം ചരിത്രം നിർമ്മിക്കാൻ കരുത്തുള്ള രാഷ്ട്രീയ ശക്തിയായി അവരെ മാറ്റുന്നു. ഇതിലേക്ക് ഒരു ജനതയെ എത്തിക്കുന്നത് സാംസ്കാരിക

മേൽക്കോയ്മ സിദ്ധാന്തമാണ്. കാൾ മാർക്സിന്റെ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള സാംസ്കാരിക അധീശാധിപത്യത്തെ (മേൽക്കോയ്മ –Hegemony) അവതരിപ്പിക്കുന്നത് അന്റോണിയോ ഗ്രാംഷിയാണ്.[15] സമൂഹത്തിന്റെ ആധിപത്യ പ്രത്യയശാസ്ത്രത്തിൽ ഭരണവർഗത്തിന്റെ വിശ്വാസങ്ങളും താല്പര്യങ്ങളും പ്രതിഫലിക്കുന്നുവെന്ന് ഗ്രാംഷി കണ്ടെത്തുന്നു.[16] ലോകവീക്ഷണങ്ങൾ, വിശ്വാസങ്ങൾ, അനുമാനങ്ങൾ, മൂല്യങ്ങൾ, വിദ്യാഭ്യാസം, മാധ്യമങ്ങൾ, കുടുംബം, മതം, രാഷ്ട്രീയം എന്നീ സാമൂഹ്യ സ്ഥാപനങ്ങളിലൂടെ ലോകത്തിന്റെ പ്രത്യയശാസ്ത്രങ്ങൾ പ്രചരിപ്പിക്കുന്നതിലൂടെയാണ് ആധിപത്യം പുലർത്തുന്ന കൂട്ടായ്മയുടെ അംഗീകാരം നേടുന്നതെന്ന് അദ്ദേഹം വാദിച്ചു.[17] പ്രത്യേകമായ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ ഉത്തരവാദിത്തങ്ങളിലുള്ള നിക്ഷിപ്ത താല്പര്യങ്ങൾ ജനങ്ങളെ സൃഷ്ടിക്കുന്നതിനേക്കാളുപരി, അവരുടെ സമൂഹത്തിലെ സാമ്പത്തികവും സാമൂഹികവുമായ സാഹചര്യങ്ങൾ സ്വാഭാവികവും അനിവാര്യവുമാണെന്ന് വിശ്വസിക്കുന്ന ജനകീയ സംഘം ഭരിക്കുന്നവർ ഏറ്റവും ശക്തമായി പ്രകടമാവുന്നതാണ് സാംസ്കാരിക മേൽക്കോയ്മ സിദ്ധാന്തം. ഇതിനെ സ്വാധികാരം (automy) എന്നും വിളിക്കാം. സംവേദനക്ഷമത നശിച്ചിട്ടില്ലാത്തവർക്ക് അവരുടെ സാമൂഹികാനുഭവങ്ങളെ സൂക്ഷ്മമായി മനസ്സിലാക്കാൻ പല വിഛേദങ്ങളും നടത്തേണ്ടതായുണ്ട്. അത്തരത്തിലുള്ള വിഛേദങ്ങളിൽ ഒന്നിനെ

യാണ് ഗ്രാംഷി സാംസ്കാരിക മേൽക്കോയ്മ എന്ന ആശയത്തിലൂടെ വിവരിക്കാൻ ശ്രമിക്കുന്നത്. "നാം ഓരോരുത്തരും ഒരു പക്ഷെ ഒറ്റയൊറ്റ ജീവിതമാണ് ജീവിക്കുന്നതെന്ന് വച്ചാൽപോലും ഒരൊറ്റ സാമൂഹിക ജിവിതമായിരിക്കുകയില്ല നയിക്കുന്നുണ്ടാവുക. പല ശക്തികൾക്കും പല താല്പര്യങ്ങൾക്കുംവേണ്ടി പങ്കുവെയ്ക്കപ്പെട്ടിട്ടു ള്ളതാവാം ഏതൊരാളുടെയും ജീവിതം. അങ്ങനെയാണെങ്കിൽ മേൽക്കോയ്മയെ സംബന്ധിച്ച പ്രശ്നങ്ങൾ വകതിരിച്ചറിയാൻ ഉന്നിദ്രമായ ബോധം ആവശ്യമായേക്കാം. സാംസ്കാരികമായ മേൽക്കോയ്മയെ ഒരു വ്യതിരിക്തമായ പ്രതിഭാസമായി അംഗീകരിക്കുന്നിതിനുള്ള ന്യായീകരണങ്ങളിൽ ഒന്നാണിത്."[18] ഒരു ജനത ധാർമ്മികമായി ഉയിർത്തെഴുന്നേൽക്കുകയും സംഘടിത ശക്തിയാകുകയും ചെയ്യുന്നത് എങ്ങനെയാണെന്ന് ഗ്രാംഷിയുടെ മേൽക്കോയ്മ സിദ്ധാന്തത്തിലുടെ മനസ്സിലാക്കാം.

മേൽക്കോയ്മ എന്നത് ഒരു ഘടനാപരമായ രാഷ്ട്രീയ പ്രതിഭാസമാണ്. അങ്ങനെയാണെങ്കിൽ സംസ്കാരത്തിനും ഒരു ഘടനാസ്വഭാവം ഉണ്ടെന്ന് പറയാം. ഈ ഘടന സംസ്കാരത്തിന്റെ ചിഹ്നക്രമങ്ങൾ, സാംസ്കാരികമായ വിഭവങ്ങളുടെ വിനിയോഗം, നീതികരണരീതി എന്നീ തലങ്ങളെക്കുറിച്ച് പഠിക്കുന്നതിലൂടെയാണ് രൂപപ്പെട്ട് വരുന്നത്. മേൽക്കോയ്മ (hegemony) എന്ന രാഷ്ട്രീയ പ്രതിഭാസത്തെ രണ്ട് വിവിധ കോണുകളിൽനിന്ന് സമീപിക്ക

മ്പോഴാണ് അതിന്റെ യഥാർത്ഥ സ്വഭാവം പ്രകടമാവുന്നത്. ലിബറൽ ജനാധിപത്യ സങ്കല്പമനുസരിച്ച് അധികാരം മുകളിൽനിന്നും (രാജാവ്, ജന്മി, പ്രസിഡന്റ്, ജനപ്രതിനിധികൾ) കീഴാളർക്കും പൊതുവിൽ പൗരന്മാർക്കുമേൽ പ്രയോഗിക്കുന്ന ജൈവാധികാരം (Bio-Power- Michael Foucault) ആയിട്ടാണ് ലിബറൽജനാധിപത്യത്തിന്റെ അധീശസിദ്ധാന്തം (Theory of Transcendental) നിർവചിക്കുന്നത്.[19] ഈ ജൈവാധികാരത്തിൽനിന്നും ജനകീയ പരമാധികാരത്തെ തത്ത്വശാസ്ത്രത്തിന്റെ ചരിത്രത്തിൽ ആദ്യമായി വേർതിരിച്ചു കണ്ടെത്തുന്നത് ഫൂക്കോയാണ്. ബലപ്രയോഗത്തിന്റെ രീതിയിലും സ്വഭാവത്തിലുമുള്ള ഈ അധീശത്വാധികാരത്തിൽനിന്നും തീർത്തും ഭിന്നമാണ് മനുഷ്യരുടെ ജീവിതത്തിൽ അന്തർലീനമായതും സ്വാധീകാരശക്തിയായി പ്രവർത്തിക്കുന്നതും സർഗ്ഗാത്മക ശക്തിയായി വികസിക്കുന്നതുമായ ജനകീയ പരമാധികാരം. അത് സ്പിനോസയുടെ അന്തഃസ്ഥിതാധികാര (Power of Immanamle) ത്തിലധിഷ്ഠിതമാണ്.[20] ഈ ജനകീയ പരമാധികാരത്തെയാണ് മേൽക്കോയ്മ (Hegemony) എന്ന് ഗ്രാംഷി വിശേഷിപ്പിച്ചത്. എത്ര ശക്തമായ ജൈവാധികാരം സമൂഹത്തിൽ നിലനിൽക്കുമ്പോഴും പരിമിതികളോ ജനങ്ങളുടെ ആധിപത്യമോ ബലപ്രയോഗമോ ഇല്ലാത്ത മേൽക്കോയ്മ (Hegemony without Dominance)[22] ഏതൊരു സമൂഹത്തിലും നിലനിൽക്കും.

1.4. **നവസാംസ്കാരിക പ്രസ്ഥാനങ്ങളുടെ ആവിർഭാവം**

കേരളത്തിന്റെ സാംസ്കാരിക-രാഷ്ട്രീയ മേഖലയിൽ നിരവധി ചലനങ്ങൾ സൃഷ്ടിച്ച ഒരു കാലഘട്ടമാണ് 1990 കൾ. അതുവരെ നിലനിന്നിരുന്ന യാഥാസ്ഥിതികത്വത്തിനെതിരെയും വ്യവസ്ഥാപിത ആശയങ്ങൾക്കെതിരെയും ഒരു വലിയ ജനകീയ മുന്നണി ഈ കാലഘട്ടത്തിൽ ഉയർന്നുവന്നു. ദളിത് മുന്നേറ്റവും മറ്റു പിന്നോക്ക സമുദായങ്ങളുടെ ശാക്തീകരണവും ഉൽപ്പതിഷ്ണു രാഷ്ട്രീയത്തിന്റെ പൊതുവളർച്ചയും ദൃശ്യമായ ദശകമായിരുന്നു അത്. ഈ കാലഘട്ടത്തിന്റെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ മുന്നേറ്റങ്ങളെ നവസാംസ്കാരിക പ്രസ്ഥാനങ്ങൾ എന്ന് വിളിക്കാം.

നവസാംസ്കാരിക പ്രസ്ഥാനങ്ങൾ അവയുടെ കാഴ്ചപ്പാടുകളുമായും സംഘാടനവുമായും രംഗത്തെത്തിയ ദശകമായിരുന്നു 1990 കൾ. കേവല ആശയരൂപീകരണം എന്നതിലുപരി നവസാംസ്കാരിക പ്രസ്ഥാനങ്ങളുടെ കുതിച്ചുചാട്ടം കൂടിയായിരുന്നു തൊണ്ണൂറുകൾ മുതലുള്ള കേരളീയപരിസരം. സ്ത്രീവാദ സമരങ്ങളും ദളിത്-ആദിവാസി മനുഷ്യാവകാശ സമരങ്ങളും ലൈംഗിക തൊഴിലാളികളുടെയും വ്യത്യസ്ത ലൈംഗികാഭിരുചികൾവെച്ചു പുലർത്തുന്നവരുടെയും സമരങ്ങൾ തൊണ്ണൂറുകളിലും തൊണ്ണൂറുകൾക്കു ശേഷവും കേരളത്തിൽ ശക്തിപ്പെടാൻ തുടങ്ങി. അതിന്റെ രാഷ്ട്രീയ-സൈദ്ധാന്തിക സമീപനങ്ങൾ വ്യാപകമായി ചർച്ചചെയ്യപ്പെട്ടു. തൽഫലമായി പുതിയ മുന്നേറ്റ പ്രസ്ഥാനങ്ങൾ കേരളത്തിൽ

രൂപംകൊണ്ടു. "ആത്യന്തികമായി നോക്കിയാൽ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശകം മുതൽ ഇന്നുവരെയുള്ള കേരള രാഷ്ട്രീയത്തിന്റെ ദിശാഗതിയെ നിയന്ത്രിച്ച ചില അടിസ്ഥാന ധ്രുവീകരണങ്ങൾ സംഭവിച്ചത് തൊണ്ണൂറുകളിൽ ആയിരുന്നു എന്ന് കാണാം."[22] തൊണ്ണൂറുകളിലുണ്ടായ ഈ മാറ്റം കേരളത്തിലെ രാഷ്ട്രീയ സാമ്പത്തിക സാഹചര്യങ്ങളിൽമാത്രം കേവലമായി ഒതുങ്ങി നിന്നവയായിരുന്നില്ല. ആഗോളതലത്തിൽ സംഭവിച്ച പ്രത്യയശാസ്ത്ര-രാഷ്ട്രീയ-സാമ്പത്തിക മാറ്റങ്ങൾ അതിന് വഴിയൊരുക്കി.

ഇരുപതാംനൂറ്റാണ്ടിന്റെ അവസാന ദശകത്തിലാണ് കേരളീയ ജീവിതത്തിൽ വ്യത്യസ്ത രാഷ്ട്രീയ-സാമ്പത്തിക സാംസ്കാരിക മാറ്റങ്ങൾ പ്രകടമാവുന്നത്. ഇതിന്റെ പ്രധാന കാരണം പുത്തൻ സാമ്പത്തിക നയമായിരുന്നു. 1991 ജൂൺ അവസാനത്തിൽ അധികാരത്തിൽ വന്ന പി. വി. നരസിംഹറാവുവിന്റെ മന്ത്രിസഭയാണ് പുത്തൻ സാമ്പത്തിക നയം നടപ്പിലാക്കിയത്. ഇന്ത്യയുടെ വൻ സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാൻ വേണ്ടി ഈ ഗവൺമെന്റ് അന്താരാഷ്ട്ര നാണയ നിധിയിൽനിന്നും വൻതുക കടമെടുത്തു. ഇതിന്റെ ഫലമായി ആ സ്ഥാപനങ്ങളുടെ നിയമങ്ങൾക്ക് വഴങ്ങികൊണ്ട് സർക്കാർ സാമ്പത്തിക ഉദാരവൽക്കരണവും ആഗോളവൽക്കരണവും ഇന്ത്യയിൽ നടപ്പിലാക്കി. ഈ സാമ്പത്തിക നയങ്ങളെയും നടപടികളെയുമാണ് പുത്തൻ സാമ്പത്തികനയം എന്ന് പറയുന്നത്.[23] സാമ്പത്തിക ഉദാരവൽക്കരണം, ആഗോളവൽക്കരണം,

സ്വകാര്യവൽക്കരണം, കമ്പോളമൈത്രീ സമ്പ്രദായം, വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം എന്നിവയാണ് ഈ പരിഷ്കാരങ്ങളുടെ പ്രധാന സവിശേഷതകൾ. ലോകസാമ്പത്തിക ക്രമവുമായി ഇന്ത്യയുടെ ഘടനയെ ബന്ധിപ്പിക്കുന്നതിനെയാണ് ആഗോളവൽക്കരണം എന്ന് പറയുന്നത്. ഇന്ത്യൻ വ്യവസായങ്ങൾ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുകയും ഉൽപാദനത്തിൽ കാര്യക്ഷമതയും മത്സരവുമുണ്ടാക്കാൻ അത് സഹായിക്കുമെന്നുള്ള പ്രതീക്ഷയോട്ടു കൂടിയാണ് ആഗോളവൽക്കരണത്തിന് തുടക്കമിട്ടത്.

ഇന്ത്യയിൽ പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താനിടയാക്കിയ സാമ്പത്തിക പ്രതിസന്ധി നിലവിൽ വരുന്നത് 1991 ലാണ്. എന്നാലത് പെട്ടെന്ന് രൂപപ്പെട്ടതായിരുന്നില്ല. ദീർഘകാലമായി പിന്തുടർന്നുവന്ന സാമ്പത്തിക നയങ്ങളുടെ പരിണിത ഫലമായാണ് അത് രൂപപ്പെട്ടത്. ആഗോള രാഷ്ട്രീയത്തിലുണ്ടായ മാറ്റങ്ങൾ അതിന് ആക്കംകൂട്ടുകയും ചെയ്തു. ആഗോള രാഷ്ട്രീയത്തിലും സാമ്പത്തിക ബന്ധങ്ങളിലും 1980 കളോടെ പല മാറ്റങ്ങളും സംഭവിച്ചു. ലോകത്തിലെ പ്രബലങ്ങളായ പല കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും ഈ ഘട്ടത്തിൽ ശിഥിലമായി. അത് അമേരിക്കയെ ചോദ്യം ചെയ്യപ്പെടാത്ത ശക്തിയാക്കി മാറ്റി. 1990 കളിൽ എത്തുമ്പോഴേക്കും അമേരിക്ക മറ്റ് രാജ്യങ്ങളെപോലും നിയന്ത്രിക്കുന്ന വൻശക്തിയായി മാറി. രണ്ടാംലോകമഹായുദ്ധം അവസാനിച്ചതോട്ടുകൂടി ശക്തിക്ഷയിച്ച യൂറോപ്യൻ സാമ്രാജ്യത്വ

ശക്തികളിൽ നിന്നും ഏഷ്യയിലെയും ആഫ്രിക്കയിലെയും കോളനികൾ സ്വതന്ത്രരാവാൻ തുടങ്ങി. റഷ്യയിലെയും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെയും രാഷ്ട്രീയമാറ്റം ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ ആഭ്യന്തര കാര്യങ്ങളെ പ്രതികൂലമായി ബാധിച്ചു. രാജ്യങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചേരിചേരാ പ്രസ്ഥാനം ദുർബ്ബലമായി. അമേരിക്ക ലോകസമ്പദ്ഘ ടനയെ നിയന്ത്രിക്കുവാൻ തുടങ്ങി. ഇത് ഇന്ത്യയുൾപ്പെടെയുള്ള മൂന്നാംലോക രാജ്യങ്ങളുടെ പുരോഗതിയെ ഗുരുതരമായി ബാധിച്ചു. മാർക്സിസത്തിന്റെ പരാജയമായി ഇതിനെ മാധ്യമങ്ങൾ വിലയിരുത്തി. മൂന്നാംലോക രാജ്യങ്ങളിലെ സാമൂഹികവും സാമുദായികവുമായ അടിത്തറയെ കമ്മ്യൂണിസത്തിന്റെ പതനം ബാധിക്കുകയുണ്ടായി. ഇത് സാർവ്വദേശീയ പ്രസ്ഥാനങ്ങളിൽ നിന്ന് വംശീയവും സാമുദായികവുമായ സംഘങ്ങളിലേക്ക് പിന്തിരിയുവാൻ ജനങ്ങളെ പ്രേരിപ്പിച്ചു.

1991 ന് ശേഷം ആഗോളതലത്തിലുണ്ടായ മാറ്റങ്ങൾ കേരളത്തെയും കാര്യമായി ബാധിച്ചു. അതിന് പ്രധാന കാരണം കേരളത്തിന്റെ ആധുനീകരണമാണ്. കോളനിവൽക്കരണം ഫ്യൂഡൽ ജീവിതക്രമത്തെയും അതിന്റെ സാമൂഹ്യ സ്ഥാപനങ്ങളെയും ഒരു പരിധിവരെ മാറ്റിയെങ്കിലും അതിന്റെ ജാതിമത–സാമുദായിക ആശയങ്ങൾ പൂർണ്ണമായും മാറിയില്ല. "നവോത്ഥാനത്തിന്റെയും പ്രബുദ്ധതയുടെയും ആശയങ്ങൾ സ്വീകരിച്ചപ്പോഴും ഫ്യൂഡൽ

മൂല്യങ്ങളെ ഒരു പരിധിവരെ നിലനിർത്തികൊണ്ടാണ് ആധുനികമായ കേരളീയസ്വത്വം നിർമ്മിതമായത്."[23] ഫ്യൂഡൽ സമൂഹത്തിന്റെ വൈകാരികാവശിഷ്ടങ്ങൾ അപ്പോഴും കേരളത്തിൽ നിലനിന്നു. പുരോഗമന ആശയങ്ങളെയും പ്രസ്ഥാനങ്ങളെയും ഫ്യൂഡൽ മാടമ്പികൾ ശക്തിയായി എതിർത്തു. അതിനെ പ്രതിരോധിച്ചു കൊണ്ടാണ് പുരോഗമന പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചത്.

നവോത്ഥാന കാലഘട്ടത്തോടുകൂടി കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായങ്ങളിലും സാമൂഹ്യ സംവിധാനങ്ങളിലുമുണ്ടായ ഗണ്യമായ പുരോഗതി മലയാളിയുടെ ജീവിതബോധത്തെ നിർണ്ണായകമായി സ്വാധീനിച്ചു. ആളുകൾ തൊഴിൽതേടി നഗരങ്ങളിലേക്കും വിദേശങ്ങളിലേക്കും സഞ്ചരിച്ചു. അതിൽ പ്രധാനപ്പെട്ടതാണ് ഗൾഫ് രാജ്യങ്ങളിലേക്കുള്ള മലയാളികളുടെ കുടിയേറ്റം. കേരളത്തിന്റെ സാമ്പത്തിക പുരോഗതിയിൽ പ്രധാനപ്പെട്ടതാണ് ഗൾഫ് പണത്തിന്റെ നിക്ഷേപം. ഗൾഫിൽനിന്നുള്ള പണത്തിന്റെ ഒഴുക്ക് കേരളത്തിന്റെ സാമ്പത്തിക–സാമൂഹിക ക്രമങ്ങളെ വൻതോതിൽ സ്വാധീനിച്ചു. പ്രതിശീർഷവരുമാനം ഉയരാതെതന്നെ കേരളത്തിൽ ഉയർന്ന സാമൂഹികപുരോഗതി ഇതുവഴി ഉണ്ടായി. അങ്ങനെ സാമ്പത്തിക അടിത്തറയുള്ള ഒരു ജനവിഭാഗം വളരാനിടയായി. ഇതോടെ നവോത്ഥാനത്തിന്റെയും ആധുനികവൽക്കരണ ത്തിന്റെയും ഭാഗമായി മലയാളികൾക്കുണ്ടായ പ്രബുദ്ധതയിൽ മാറ്റം വരാൻ തുടങ്ങി. സ്ത്രീ വിമോചന ആശയങ്ങളും സ്ത്രീവാദ ചിന്തകളും ഈ

ഘട്ടത്തിലാണ് പ്രചാരത്തിൽ വന്നത്. പരമ്പരാഗത സ്ത്രീ കർത്തൃത്വത്തെ പ്രശ്നവൽക്കരിക്കുന്നതിലേക്ക് അത് നയിച്ചു.

1990 കൾ കേരളത്തിലുണ്ടാക്കിയിട്ടുള്ള ചലനങ്ങൾ നവസാംസ്കാരിക പ്രസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. "ഇരുപതാം നൂറ്റാണ്ടിന്റെ ജനാധിപത്യ പാരമ്പര്യം എങ്ങനെ മുന്നോട്ട് കൊണ്ടുപോകാം എന്നതിനെ സംബന്ധിച്ച വലിയ കാഴ്ചപ്പാടുകൾ ആ ദശകത്തിലെ സമരങ്ങൾ നൽകിയ അനുഭവങ്ങളിൽ ഉണ്ടായിരുന്നു".[24] കൂടുതൽ ജനാധിപത്യ വൽക്കരണത്തിനും സാമ്രാജ്യത്വ ആധിപത്യത്തിനുമെതിരെയുള്ള പുതിയ ഉൾക്കാഴ്ചകൾ സമ്മാനിക്കുകയായിരുന്നു തൊണ്ണൂറുകളിലെ ജനകീയ സമരങ്ങൾ.

## കുറിപ്പുകൾ

1. Heyes, Cressida, *Identity Politics*, July 16, 2002, p.60.
2. Antonio Negri, *Multitude*, p.83.
3. Oxford Dictionary, p.212.
4. Michel Foucault, *Discipline and Punishment*, p.74.
5. ഡോ. പി. കെ. പോക്കർ, *ബഹുസംസ്കാരവും ജ്ഞാനോദയവും*, പുറം 220.
6. ടി. പി, പുറം 220
7. ടി. പു, പുറം 221
8. ടി. പു, പുറം 222
9. ടി. പു, പുറം 222
10. അന്റോണിയോ ഗ്രാംഷി, *ജയിൽ കുറിപ്പുകൾ*, പുറം 109.
11. ഷാന്താൾ മൗഫെ, *ഗ്രാംഷിയും മാർക്സിസ്റ്റ സിദ്ധാന്തവും*, പുറം 119.
12. *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം*, പുറം 34.
13. അന്റോണിയോ ഗ്രാംഷി, *ജയിൽ കുറിപ്പുകൾ*, പുറം 61.
14. Raymond Williams, *Means of Communication on as means of Production*, p.27.
15. സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം, പുറം 100.
16. അന്റോണിയോ ഗ്രാംഷി, *ജയിൽ കുറിപ്പുകൾ*, പുറം 56.
17. ടി. പു, പുറം 66.
18. ടി. പു, പുറം 67
19. ഒരു സാമൂഹിക കാഴ്ചപ്പാടിൽ നിന്ന്, പുറം 260.
20. Michael Foucault, Discipline and Punishment, p.96.
21. Spinoza, The Tractarus Politics, p.114.
22. അന്റോണിയോ ഗ്രാംഷി, *ജയിൽ കുറിപ്പുകൾ*, പുറം 64.
23. ടി. ടി. ശ്രീകുമാർ, *വായനയും പ്രതിരോധവും*, പുറം 129.
24. എം. എൻ. വിജയൻ (എഡി.), *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം 1901–2000*, പുറം 470.
25. ടി. ടി. ശ്രീകുമാർ, *വായനയും പ്രതിരോധവും*, പുറം 129.

# അധ്യായം 2

# കേരളത്തിലെ ലൈംഗികന്യൂനപക്ഷങ്ങളും സ്ത്രീ സംഘടനകളും

## 2.1 കേരളത്തിലെ ലൈംഗിക ന്യൂനപക്ഷങ്ങൾ

ആൺ /പെൺ ബന്ധത്തിലധിഷ്ഠിതമായ കുടുംബസങ്കല്പവും ലൈംഗികതയുമാണ് സമൂഹത്തിൽ പൊതുവെ നിലനിൽക്കുന്നത്. ഇതിലൂടെ ആണത്തം/സ്ത്രീത്വം എന്നിങ്ങനെയുള്ള ഒരു വ്യക്തിത്വ രൂപീകരണവും സമൂഹം നടത്തുന്നു. ആൺ/പെൺ എന്നിങ്ങനെ ഉടലുകൾ രൂപം കൊള്ളുന്നത് പ്രകൃതിദത്തമായ രീതിയാണ്. എന്നാൽ അതിനുപകരം പുരുഷൻ/സ്ത്രീ എന്ന് നിർമ്മിച്ചെടുക്കുന്നത് മനുഷ്യരാശിയുടെ ജൈവസ്വഭാവമല്ല. അത് പുരുഷാധിപത്യ സമൂഹത്തിന്റെ സാംസ്കാരിക നിർമ്മിതിയാണ്. ധാർമ്മികതയിലും സവിശേഷ കർത്തൃത്വത്തിലും അധിഷ്ഠിതമായ ആൺ /പെൺ വിഭജനം അധികാരബന്ധിതമായ ഒരു വിഭജനമാണ്.

പത്തൊമ്പതാം നൂറ്റാണ്ടിൽ യൂറോപ്യൻ അധിനിവേശം ലോകത്തിന്റെ പലയിടങ്ങളിലായി ശക്തിപ്രാപിച്ചു. ക്രമേണ യുറോപ്യൻ ആധുനികതയും ലിംഗഭേദത്തെക്കുറിച്ചുള്ള നവീന ആശയങ്ങളും അധിനിവേശിത സമൂഹങ്ങളിൽ പടരാൻ തുടങ്ങി. അന്നാ ഫൗസ്റ്റോ സ്റ്റെർലിംഗ് എന്ന ചരിത്രകാരി യൂറോപ്യൻ വ്യക്തിചിന്തയെ മുൻനിർത്തി ഇപ്രകാരം പറഞ്ഞിട്ടുണ്ട്; "ഞാൻ

എന്നാൽ എന്റെ ശരീരമാണെന്നും എന്റെ സ്വത്വം ഈ ശരീരത്തിന്റെ തൊലിക്കുള്ളിൽ ഒതുങ്ങുന്നതുമാണ്."[1] മനുഷ്യനെ വെറും ഭൗതിക വസ്തുമാത്രമാക്കിയെടുക്കാനുള്ള ശ്രമമാണിത്. വ്യക്തിനിരാസ മാണിവിടെ സംഭവിക്കുന്നത്. "സമൂഹത്തിൽനിന്ന് ഒറ്റ തിരിഞ്ഞു നിൽക്കുന്ന വ്യക്തി എന്ന ആശയത്തിന് ഇന്നും പാശ്ചാത്യേതര ലോകത്തിൽ പൂർണ്ണസ്വീകാര്യം ലഭിച്ചിട്ടില്ല. ഇവിടെ വ്യക്തി വൽക്കരിക്കപ്പെടുന്ന ഉടലുകൾക്കൊപ്പം പലതരം സമുദായങ്ങളും കൂട്ടായ്മകളുമുണ്ട്. വ്യക്തിയും കൂട്ടായ്മകളും (ജാതിമത സമുദായങ്ങൾ) പരസ്പരം മുറിച്ചു കടക്കുന്ന ഇടങ്ങളിൽ രൂപമെടുക്കുന്ന ബോധം പാശ്ചാത്യമല്ലാത്ത സമൂഹങ്ങളുടെ എല്ലാ തലങ്ങളിലും ബാക്കി നിൽക്കുന്നു. ഒരാൾ അവളവളെ അല്ലെങ്കിൽ അവനവനെ പ്രഥമവും പ്രധാനവുമായും ഒരു വ്യക്തിയായി തിരിച്ചറിയുന്ന പ്രക്രിയയെയാണ് വ്യക്തിവൽക്കരണമെന്ന് പറയുന്നത്. നമ്മുടെ സമൂഹങ്ങളിൽ അത് നിരന്തരം നടന്ന് വരുന്ന, സമകാലത്തിൽ ചുരുളഴിയുന്ന പ്രക്രിയയാണ്."[2]

തത്ത്വചിന്ത, സാമൂഹ്യശാസ്ത്രം എന്നീ ജ്ഞാനമേഖലകളിൽ ഇരുപതാംനൂറ്റാണ്ടിൽതന്നെ ഗൗരവമായ ഫെമിനിസ്റ്റ് – ഫെമിനിസ്റ്റേതര ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. 'പ്രകൃതി നിർണ്ണിത' മെന്ന് തിരിച്ചറിയപ്പെട്ട പല ആശയങ്ങളും ഈ ഘട്ടത്തിൽ ചോദ്യം ചെയ്യപ്പെട്ടു. അത്തരം പുനരാലോചനകളിൽ സുപ്രധാനമായിരുന്നു ശരീരം, ലിംഗഭേദം, ലൈംഗികത എന്നീ വ്യവസ്ഥാപിത ധാരണകൾ.

ശാരീരികസ്വഭാവവും സംസ്കാരത്താലും അഭിനിവേശത്താലും രൂപപ്പെട്ട ലിംഗസ്വഭാവവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കാനുള്ള ശ്രമം ഫെമിനിസത്തിന്റെ ഭാഗമാണ്. ഫെമിനിസം ഇതിനെ പഠനവിധേയമാക്കുന്നത് ലിംഗവ്യത്യാസത്തെ രണ്ടായി തിരിച്ചു കൊണ്ടാണ്. ആൺ /പെൺവ്യത്യാസത്തിന്റെ ജീവശാസ്ത്രപരമായ തലത്തെ സൂചിപ്പിക്കുന്ന ശാരീരികലിംഗസ്വഭാവം (Sex)മാണു അതിലൊന്ന്. രണ്ട്, സംസ്കാരത്തിന്റെ തലം അഥവാ സാംസ്കാരിക ലിംഗസ്വഭാവം (Gender). ജീവശാസ്ത്രവുമായിബന്ധപ്പെട്ടതാണെങ്കിലും സാംസ്കാരിക സൃഷ്ടിയിലൂടെ ഉയർന്നുവരുന്ന ലിംഗസ്വഭാവത്തെ യാണ് ഇവിടെ ജെൻഡർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കുട്ടിക്കാലം മുതൽ ആൺകുട്ടികളെയും പെൺകുട്ടികളെയും അവരുടെ ലിംഗസവിശേഷതയ്ക്ക് അനുയോജ്യമായ രീതിയിൽ വസ്ത്രധാരണം നടത്താനും പെരുമാറാനും കുടുംബം പരിശീലിപ്പിക്കുന്നു. ഇതിനെ കുട്ടി തിരിച്ചറിയുന്നില്ല. ഇങ്ങനെ നിരന്തരമായ പരിശീലനത്തിലൂടെ ആൺകുട്ടിയും പെൺകുട്ടിയും നേടിയെടുക്കുന്നതാണ് അവരുടെ സാംസ്കാരികലിംഗസ്വഭാവം (gender). അതുകൊണ്ടാണ് സിമോങ്ങ് ദ ബുവെ പറയുന്നത്; "ഒരുവൾ സ്ത്രീയായി ജനിക്കുകയല്ല, സ്ത്രീയായി മാറുകയാണ്"[3]. കുടുംബവും സമൂഹവും സൃഷ്ടിച്ചെടുക്കുന്ന ആൺ /പെൺ ഉടലുകളായി മനുഷ്യൻ ജീവിക്കാൻ നിയോഗിക്കപ്പെടുന്നു.

ഇരുപത്തിയൊന്നാം നൂറ്റാണ്ടോടുകൂടി വ്യക്തി, ലിംഗം എന്നിവയെക്കുറിച്ചുള്ള വ്യത്യസ്തങ്ങളായ ധാരണകൾ ലോകത്തിന്റെ

പല ഭാഗങ്ങളിലും രൂപംകൊണ്ടു. ശരീരത്തെ വെറും ഭൗതിക വസ്തുവായല്ല അവർ നോക്കി കണ്ടത്. സാംസ്കാരികമായ ശരീരത്തിനാണ് (gender) നവചിന്താധാരകൾ ഊന്നൽ നൽകിയിത്. ഇത്തരത്തിലുള്ള ആശയങ്ങളെ മുറുകെ പിടിച്ച അമേരിക്കൻ ഫെമിനിസ്റ്റ് തത്ത്വചിന്തകയായ ജൂഡിത് ബട്ട്ളറുടെ സെക്സിനെയും ജെൻഡറിനെയും കുറിച്ചുള്ള അഭിപ്രായം ഇപ്രകാരമാണ്; "ജെൻഡർ (Gender) എന്നത് മുമ്പേ നിലനിന്ന പ്രകൃതി നിർണ്ണിതസ്വഭാവ (Sex)ത്തിനുമേൽ സാംസ്കാരികമായി എഴുതിചേർത്ത ഒന്നല്ല. അത് ശരീരത്തിനുമുമ്പേതന്നെ സമൂഹത്തിൽ നിലവിലുള്ള ചിന്താരീതിയും സങ്കല്പവുമാണ്. ജീവശാസ്ത്രപരമായ ലിംഗഭേദത്തെ(sex) രൂപീകരിക്കുന്നത് സാംസ്കാരിക ശരീര (gender)മാണ്. മറിച്ച് ജൈവികമല്ല"[4]. സാംസ്കാരികമായ അവതരണങ്ങളുടെ തുടർച്ചകളിലൂടെയാണ് ശാരീരികസ്വഭാവം സൃഷ്ടിക്കുന്നതെന്ന് ചുരുക്കം. ആണാകുക, പെണ്ണാകുക എന്നീ പരിശ്രമങ്ങൾ ഒരിക്കലും പൂർണ്ണമാകില്ലെന്ന് ബട്ട്ളർ അഭിപ്രായ പ്പെടുന്നതിന് അടിസ്ഥാനം ഇതാണ്.

ശാരീരികലിംഗസ്വഭാവം (sex), സാംസ്കാരികലിംഗസ്വഭാവം (gender) എന്നിവ തമ്മിൽ ഫെമിനിസ്റ്റ് ചിന്തകർ നടത്തിയ വേർതിരിവ് ഇന്ന് പലതരത്തിലും സങ്കീർണ്ണമായിരിക്കുന്നു. പരസ്പരം വേർപ്പെടുത്താനാവാത്ത ഒരു വൈരുദ്ധാത്മക ബന്ധമായി അത് സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. മനുഷ്യശരീരം എന്നത് ഭൗതിക

പരിസരം, സമൂഹം, സാങ്കേതികവിദ്യയുടെ വികാസം എന്നിവ തമ്മിലുള്ള സങ്കീർണ്ണമായ പ്രതിപ്രവർത്തനത്തിന്റെ ഫലമാണ്. സാമൂഹിക ഇടപെടൽ മനുഷ്യന്റെ ബാഹ്യപരിസരത്തെ മാറ്റി മറിക്കുന്നു. സെക്സ്/ജെൻഡർ എന്നിവ ജീവശാസ്ത്രപരമായും സാംസ്കാരികമായും പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. ലിംഗവ്യത്യാസങ്ങൾ സമൂഹത്തെ സവിശേഷരീതികളിൽ ഘടനവൽക്കരിക്കുകയും ചെയ്യുന്നു.

എല്ലാ ശരീരങ്ങളും ഒന്നുകിൽ ആൺ അല്ലെങ്കിൽ പെൺ സ്വഭാവം പ്രദർശിപ്പിച്ച് കൊള്ളണമെന്നുള്ള അധീശത്വനിലയാണ് സമൂഹത്തിനുള്ളത്. ഇതിന്റെ തുടർച്ചയായി ആൺ/പെൺ ലേബലുകളിൽ ഒതുങ്ങാത്ത ഉടലുകളെ സമൂഹം പുറംതള്ളുന്നു. അവർ പലതരത്തിലുള്ള ശിക്ഷാനടപടികളും ചികിത്സയും നേരിടേണ്ടിവരുന്നു. ആൺ/പെൺഭേദത്തിന്റെ അടിസ്ഥാനം പലതരം വ്യവഹാര ങ്ങളിലൂടെ നിർണ്ണയിക്കപ്പെട്ട ലിംഗം എന്ന ആശയസംഹിതയാണ്. മറിച്ച് പ്രകൃതി നിർണ്ണിതമല്ല.

## 2.2 ലൈംഗികത (sexuality)

ലൈംഗികത എന്നത് സെക്സിൽനിന്നും ജെൻഡറിൽനിന്നും വ്യത്യസ്തമായ ഒരു പ്രതിഭാസമാണ് ലൈംഗികതയെക്കുറിച്ച് പഠനം നടത്തിയ ലോകചിന്തകനാണ് സിഗ്മണ്ട് ഫ്രോയിഡ് മനുഷ്യരുടെയും മറ്റു ജന്തുക്കളുടെയും ലൈംഗികാവശ്യത്തെ ജീവശാസ്ത്ര ലൈംഗിക

ചോദന (Sexual instinct) എന്നാണ് വിളിക്കുന്നത്.[5] അതായത് വിശപ്പിന് ഭക്ഷണം പോലെ പ്രധാനമാണ് മനുഷ്യന് ലൈംഗികതയും. "ലൈംഗികചോദനയെക്കുറിച്ചുള്ള ജനസാമാന്യത്തിന്റെ ധാരണയെ ഏതാണ്ട് ഇങ്ങനെ സംഗ്രഹിക്കാം. ബാല്യത്തിൽ അനുഭവ പ്പെടാത്തതും, പ്രായപൂർത്തിയാവുന്നതോടനുബന്ധിച്ച് ഉളവായിത്തുട ങ്ങുന്നതുമായ ഒരു ചോദനയാണത്. പെൺകുട്ടികൾ ഋതുമതി യാവുന്നതു മുതൽക്കും ആൺകുട്ടികൾക്ക് സ്ഖലനശേഷി കൈവരുന്നത് മുതൽക്കും ആ ചോദന അനുഭവപ്പെട്ട് തുടങ്ങുന്നു. എതിർലിംഗക്കാരോട് അടക്കാനാവാത്ത ആകർഷണമായി അത് പ്രകടമാകുന്നു. സംഭോഗമാണ് ആ ആകർഷണത്തിന്റെ അന്തിമ ലക്ഷ്യം. എതിർലിംഗക്കാരോട് അടുപ്പം തോന്നുന്നതും ആ ഒരു ലക്ഷ്യത്തെ ലാക്കാക്കിയാണ്. സത്യത്തിൽ തെറ്റായ ധാരണയാണ് ഇതെല്ലാം. ഇവ വസ്തുതാവിരുദ്ധവും പെട്ടെന്ന് എത്തിച്ചേരുന്ന ചില നിഗമനങ്ങളുമാണ്."[6] നിലനിൽക്കുന്ന ലൈംഗികധാരണകളെ വിശകലനം ചെയ്യാൻ ഈ ഘട്ടത്തിൽ ഫ്രോയിഡ് രണ്ട് സാങ്കേതിക സംജ്ഞകളെ ഉപയോഗിക്കുന്നു. ലൈംഗികാകർഷണത്തിന് വിധേയമാകുന്ന വ്യക്തിയെ ലൈംഗികോപാധി (Sexual object) എന്നും അതിലൂടെ ലക്ഷ്യം വെയ്ക്കുന്ന പൂരണത്തെ ലൈംഗികോന്നം (Sexual aim) എന്നും വിളിക്കുന്നു.[7] ഈ രണ്ട് ഘടകത്തിലും സംഭവിക്കുന്ന വ്യതിയാനങ്ങൾ ലൈംഗിക ജീവിതത്തെയും

വ്യക്തിജീവിതത്തെയും സാമൂഹ്യബന്ധങ്ങളെയും ബാധിക്കുന്നതായി ഫ്രോയിഡ് സിദ്ധാന്തിക്കുന്നു.

### 2.2.1 ലൈംഗിക വ്യതിയാനങ്ങൾ

മനുഷ്യരെ പൊതുവിൽ ആണും പെണ്ണുമായി വിഭജിച്ചിരുന്നു എന്നും, ഇങ്ങനെ വിഭജിക്കപ്പെട്ടവർ പരസ്പരം പൂരണം ചെയ്യാൻ ശ്രമിക്കുന്നതാണ് ലൈംഗികപ്രക്രിയ എന്നും പൊതുവെ മനുഷ്യർ ധരിച്ചുവെച്ചു. എന്നാൽ ഈ ധാരണയ്ക്ക് വിരുദ്ധമായി ജീവിക്കുന്ന ആളുകളെ ലോകത്ത് എല്ലാ കാലത്തും ഗണ്യമായ തോതിൽ കാണാൻ സാധിച്ചിരുന്നു. ഇത്തരം ആളുകളുടെ ലൈംഗികാഭിരുചിയും പെരുമാറ്റങ്ങളും വ്യത്യസ്തമായിരിക്കും. ഇത്തരം ആളുകൾക്ക് അവരുടെ എതിർ ലിംഗക്കാർ ഒരിക്കലും ലൈംഗികോപാധികളാവില്ല. എതിർ ലിംഗക്കാർ അവരിൽ മടുപ്പം താല്പര്യകുറവും സൃഷ്ടിക്കും.

ഭാരതീയ പൗരാണിക ഗ്രന്ഥങ്ങളായ രാമായണം, മഹാഭാരതം എന്നീ ഇതിഹാസങ്ങളിലും വൽസ്യായനന്റെ കാമസൂത്രത്തിലും വ്യത്യസ്ത ലൈംഗികസ്വത്വമുള്ള (വിമതലൈംഗികത) വരെകുറിച്ച് സൂചനയുണ്ട്. മഹാഭാരതം ശാന്തിപർവത്തിൽ അങ്ങ് സ്ത്രീയും പുരുഷനും നപുംസകവുമാണ് എന്ന് പറഞ്ഞാണ് ശിവനെ അഭിസംബോധന ചെയ്യുന്നത്.[8] ശിഖണ്ഡിയും അപരലിംഗത്വത്തിന്റെ മാതൃകയാണ്. വൽസ്യായനന്റെ കാമസൂത്രത്തിൽ പുരുഷനും സ്ത്രീയുമല്ലാത്ത വിമതലൈംഗികസ്വത്വമുള്ളവരെ സൂചിപ്പിക്കാൻ

'തൃതീയ പ്രകൃതി' എന്ന് പ്രയോഗിച്ച് കാണുന്നു.[9] പ്രാചീന ഭാരതീയ സാഹിത്യകൃതികളും പുരാവൃത്തങ്ങളും വ്യത്യസ്ത ലൈംഗിക സ്വത്വമുള്ളവരെ ഉൾക്കൊള്ളാൻ പ്രാപ്തിയുള്ളതായിരുന്നു. എന്നാൽ ബ്രിട്ടീഷ് കോളനികൾ ലോകത്തിന്റെ പലയിടങ്ങളിലും ആധിപത്യം സ്ഥാപിച്ചതോടൊപ്പം വിക്ടോറിയൻ സദാചാരനിയമവും ഇന്ത്യയിലും ലോകത്തിന്റെ പലയിടങ്ങളിലുമെന്നപോലെ നടപ്പിലായി. വ്യത്യസ്ത ലൈംഗിക സ്വത്വമുള്ളവരെ പ്രകൃതിവിരുദ്ധരും കുറ്റവാളികളുമായി അവതരിപ്പിക്കുന്നതാണ് വിക്ടോറിയൻ സദാചാരനിയമം. 1861 ൽ ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 377 ആം വകുപ്പായി ഇതവതരിപ്പിക്കപ്പെട്ടു. പിതൃമേധാവിത്വത്തെയും പിന്തുടർച്ചയെയും സംരക്ഷിക്കുക എന്നൊരു ലക്ഷ്യവും ഇതിന് പിന്നിലുണ്ട്.

### 2.2.2 ലൈംഗികന്യൂനപക്ഷങ്ങൾ

തന്റെ അതേ ലിംഗപദവി വഹിക്കുന്ന മറ്റൊരു വ്യക്തിയുമായി ശാരീരികവും വൈകാരികവും ലൈംഗികവുമായി ഒരു വ്യക്തി ആഭിമുഖ്യം പുലർത്തുന്നുണ്ടെങ്കിൽ ആ വ്യക്തിയെ സ്വവർഗ്ഗാനുരാഗി എന്ന് വിളിക്കാം. മറ്റേത് അനുരാഗത്തെയും പോലെ സ്വാഭാവികമാണ് സ്വവർഗ്ഗാനുരാഗത്തിന്റെയും പിന്നിലെ കാരണം. എങ്കിലും ഇത്തരം വ്യത്യസ്ത ലൈംഗികസ്വത്വമുള്ളവരെ കുടുംബവും സമൂഹവും പുറംതള്ളുന്നു. അങ്ങനെ അവർ സമൂഹത്തിലെ ഒരു ലൈംഗികന്യൂനപക്ഷമായി മാറുന്നു. സ്വവർഗ്ഗപ്രേമി, വിമത ലൈംഗികർ എന്നീ പേരുകൾ ലൈംഗികന്യൂനപക്ഷങ്ങളെ

സൂചിപ്പിക്കാനായി ഉപയോഗിക്കാറുണ്ട്. ഇതു കൂടാതെ ആധുനികോത്തര സമൂഹത്തിൽ ഓരോ വിമത ലൈംഗിക വ്യക്തിത്വങ്ങളെയും പ്രത്യേകമായി സൂചിപ്പിക്കുന്നതിനായി LGBTIQA (L-Lesbian, G-Gay, B-Bisexual, T-Transgender, I-Interssex, Q-Queer, A-Asexual) എന്ന പദസംഹിത പ്രയോഗിക്കുന്നു.

### 2.2.3 ലെസ്ബിയൻ (സ്ത്രീ സ്വവർഗ്ഗാനുരാഗി)

ഒരു സ്ത്രീക്ക് മറ്റൊരു സ്ത്രീയോട് തോന്നുന്ന വൈകാരികമോ പ്രണയാത്മകമോ ആയ ആഭിമുഖ്യത്തെയോ ലൈംഗികാഭിലാഷ ത്തെയോ ആണ് ലെസ്ബിയനിസം എന്ന് വിളിക്കുന്നത്. സ്ത്രീ സ്വവർഗ്ഗാനുരാഗിയെ ലെസ്ബിയൻ എന്നും വിളിക്കുന്നു. ശാരീരികമായ വ്യത്യാസങ്ങൾ ഒന്നുംതന്നെ ലെസ്ബിയനുകൾക്ക് ഉണ്ടാവണമെന്നില്ല. ശാരീരികമാറ്റം എന്നതിലുപരി ലെസ്ബിയ നിസം ഒരു സവിശേഷമാനസികാഭിമുഖ്യം (Mental Orientation) ആണ്.

### 2.2.4 ഗേ (പുരുഷ സ്വവർഗ്ഗാനുരാഗി)

ഒരു പുരുഷന് മറ്റൊരു പുരുഷനോട് തോന്നുന്ന ലൈംഗികാ ഭിലാഷത്തെ ഗേയിസം (പുരുഷ സ്വവർഗ്ഗാനുരാഗം) എന്ന് പറയുന്നു. പുരുഷ സ്വവർഗ്ഗാനുരാകിയെ ഗേ എന്നും വിളിക്കുന്നു. ലെസ്ബിയനിസം പോലെയുള്ള എതിർ ലിംഗാസക്തിയെ നിരാകരിക്കുന്ന പ്രണയാഭിമുഖ്യമാണ് പുരുഷസ്വവർഗ്ഗാനുഭൂതിയും.

പക്ഷേ ലെസ്ബിയൻ പ്രണയിനികളും സ്വവർഗ്ഗാനുരാഗികളും ഈ സവിശേഷ പ്രണയാസക്തിയെ സ്വയം തിരിച്ചറിയണമെന്നില്ല. അത് കേവല ശാരീരികാസക്തിയിലൊതുങ്ങുന്നതായി തെറ്റിദ്ധരിക്കപ്പെടുന്നു. ഒരേസമയം അവയവരഹിതമായി സ്ത്രീയാവാൻ പുരുഷനും പുരുഷനാവാൻ സ്ത്രീക്കുമുള്ള ശേഷിയിൽ നിർഭ്രൂതമാവുന്ന വിഛേദിത ലൈംഗികാമുഖ്യമാണ് ഇതുരണ്ടും.

## 2.2.5 ബൈ സെക്ഷ്വൽ (ഉഭയലിംഗാസക്തർ)

പുരുഷനോടും സ്ത്രീയോടും ലൈംഗികാഭിലാഷം തോന്നുകയും അതേസമയം ഇരുവരെയും യഥേഷ്ടം ചേർത്തുനിർത്തിയും ലൈംഗികാഭിമുഖ്യം പ്രകടമാക്കുന്ന വ്യക്തിത്വങ്ങളെയാണ് ഉഭയലിംഗാസക്തർ (Bisexual) എന്ന് വിളിക്കുന്നത്. ഇതര ലൈംഗികന്യൂനപക്ഷങ്ങളെ അപേക്ഷിച്ച് പൊതുസമൂഹത്തിന്റെ ഇടപെടലുകൾക്കോ അക്രമങ്ങൾക്കോ ഉഭയലിംഗാസക്തർ ഇരയാകാറില്ല. ശാരീരികമായും മാനസികമായും സ്ത്രീയോടും പുരുഷനോടും അടുക്കാൻ സാധിക്കുന്നതുകൊണ്ട് ഇക്കൂട്ടത്തിൽ കൂടുതൽപേരും അവരുടെ ലൈംഗികസ്വത്വത്തെ മറച്ചുവെച്ച് ജീവിക്കുന്നവരാണ്. ഉഭയലൈംഗികാസക്തിയുടെ സവിശേഷത എന്തെന്നാൽ അക്കൂട്ടർക്ക് പുരുഷനിലും സ്ത്രീയിലുമുള്ള ആസക്തി ഭാഗികമായിരിക്കും എന്നതാണ്. സ്ത്രീ പുരുഷ സ്വത്വം ഒരൊറ്റ ജൈവശരീരത്തിൽ അഭിലഷിക്കുന്ന മാനസികാഭിമുഖ്യമാണിത്.

### 2.2.6 ട്രാൻസ്ജെൻഡർ

ഒരു ലിംഗത്തിൽ ജനിക്കുകയും വിപരീത ലിംഗത്തിന്റെ സ്വഭാവം പ്രകടിപ്പിക്കുകയും ചെയ്യുന്ന ലൈംഗികസ്വത്വമുള്ളവരാണ് ട്രാൻസ്ജെൻഡറുകൾ. ഹോർമോൺ ചികിത്സയോ ലിംഗമാറ്റ ശാസ്ത്രക്രിയയോ നടത്തി വിപരീത ലിംഗത്തെ സ്വീകരിക്കുന്നവരാണ് ഇക്കൂട്ടർ. പ്രത്യുല്പാദനശേഷി ട്രാൻസ്ജെൻഡറുകൾക്ക് ഉണ്ടാവില്ല. ലിംഗമാറ്റത്തിന് വിധേയരായവരെയും ആ അവസ്ഥ ആഗ്രഹിക്കുന്ന വരെയും പരമ്പരാഗതമായി ഹിജഡ എന്ന് വിളിക്കുന്നു. പലായനം എന്നർത്ഥം വരുന്ന 'ഹിജറ' എന്ന അറബി വാക്കിൽനിന്നാണ് ഹിജഡ എന്ന പദമുണ്ടായത്. കേരളത്തിലെ ഹിജഡകളുടെ ജീവിതം പലായനങ്ങളുടെതാണ്. പൊതുസമൂഹം മാറ്റിനിർത്തുകയും ആക്രമിക്കുകയും ചെയ്യുന്ന ഹിജഡകൾ ജന്മനാടുകളിൽനിന്ന് പലായനം ചെയ്യുന്നു. സ്വവർഗ്ഗാനുരാഗികൾ മാനസികമായ വെല്ലുവിളികൾ നേരിടുമ്പോൾ ഹിജഡകൾ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടേണ്ടതായി വരുന്നു.

### 2.2.7 **ഇന്റർസെക്സ് (മിശ്രലിംഗം)**

ഒരു വ്യക്തിയിൽതന്നെ ജന്മനാ പുരുഷന്റെയും സ്ത്രീയുടെയും ലൈംഗികാവയവങ്ങളും ആന്തരിക ഗ്രന്ഥികളുമുള്ള അവസ്ഥയെ യാണ് ഇന്റർസെക്സ് എന്ന് വിളിക്കുന്നത്. മിശ്രലിംഗം എന്നത് പലവിധത്തിലുള്ള സ്വാഭാവിക ശാരീരിക വ്യത്യസ്തതകളെ

സൂചിപ്പിക്കാൻ പൊതുവായി ഉപയോഗിക്കുന്ന ഒരു പദമാണ്. ചിലപ്പോൾ ഇത് ജന്മനാതന്നെ കാണപ്പെടുന്നു. മറ്റു ചിലപ്പോൾ യൗവ്വനാരംഭത്തിൽ മാത്രമേ പ്രകടമാകൂ. ലിംഗഭേദത്തിലെ ഒരു വൈവിധ്യം എന്നതിലുപരി ഇതിൽ യാതൊരു അസ്വാഭാവികതയും ഇല്ല. ഇന്റർസെക്സ് ജൈവികമാണ്. എന്നാൽ ഹിജഡകളെപോലെ മാനസികവും ശാരീരികവുമായ വെല്ലുവിളികൾ ഇവർക്ക് നേരിടേണ്ടതായി വരുന്നു.

2.2.8 **ക്വിയർ** (Queer)

LGBTIQA എന്ന പദസംഹിതയ്ക്ക് പകരം വ്യത്യസ്ത ലൈംഗിക സ്വത്വമുള്ളവരെ സൂചിപ്പിക്കാൻ ആധുനികോത്തരസമൂഹം ഉപയോഗിക്കുന്ന പദമാണ് ക്വിയർ (വിമത ലൈംഗികം). മനുഷ്യ ശരീരങ്ങളും ലൈംഗികതയും വിചിത്രമാണെന്ന കാഴ്ചപ്പാടാണ് ക്വിയർ എന്ന പേരിന് പിന്നിലുള്ളത്.

ക്വിയർ (Queer) എന്ന പദംലൈംഗികതയെമാത്രം ഉൾകൊള്ളുന്ന ഒന്നല്ല. അത് ലൈംഗികതയ്ക്കപ്പുറം വ്യക്തമായ ആശയബോധമുള്ള വ്യക്തിത്വത്തെ കണ്ടെത്താൻ തിരഞ്ഞെടുക്കുന്ന പദം കൂടിയാണ്. 'ക്വിയർ പൊളിറ്റിക്സ് ഇൻ ഇന്ത്യ' എന്ന ഗ്രന്ഥം ക്വിയറിനെ നിർവചിക്കുന്നത് ഇപ്രകാരമാണ്; "ക്വിയർ എന്ന പദം പറയുന്നത് സ്വന്തമായൊരു പേരിടുന്ന സമുദായങ്ങളെയും (ഗേ, ലെസ്ബിയൻ മുതലായ) സ്വയം പേരിടാത്ത സമുദായങ്ങളെയും

കുറിച്ചാണ്. സ്വവർഗ്ഗ ആസക്തിയുടെയും ലൈംഗികതയുടെയും ഇടങ്ങളെ തന്മകൾകൊണ്ട്മാത്രം പിടിച്ചെടുക്കാനാവില്ലെന്ന് അത് തിരിച്ചറിയുന്നു. ലൈംഗികതയെ രാഷ്ട്രീയമായി എണ്ണുകയും വർഗ്ഗത്തിന്റെയും ജാതിയുടെയും മതത്തിന്റെയും രാഷ്ട്രീയങ്ങളുമായും അതുപോലുള്ള മറ്റു രാഷ്ട്രീയങ്ങളുമായും അത് ബന്ധപ്പെട്ട് കിടക്കുന്നുവെന്ന് തിരിച്ചറിയുകയും ചെയ്യുന്നു. ഇതിലൂടെ അത് മറ്റു രാഷ്ട്രീയങ്ങളുടെ സാധുതയെ അംഗീകരിക്കുകയും അവയ്ക്കുള്ളിൽ ഇടം ആവശ്യപ്പെടുകും ചെയ്യുന്നു."[10] സമകാലികരാഷ്ട്രീയ സംവാദങ്ങളിൽ കർത്തൃത്വം സങ്കീർണ്ണമായ ഒരു ചോദ്യമായി നിലനിൽക്കുന്നിട ത്താണ് വിമതലൈംഗികതാവാദം **(Queer Politics)** ഒരു രാഷ്ട്രീയ സമസ്യയായി രൂപപ്പെടുന്നത്. എല്ലാത്തരം ലൈംഗികാഗ്രഹങ്ങളും തിരിച്ചറിവുകളും സാദ്ധ്യമാണെന്ന ആശയത്തെ വിമതലൈംഗിക താവാദം ഉയർത്തിപിടിക്കുന്നു.

### 2.2.9 **അലൈംഗികർ** (Asexuality)

ഒരു വ്യക്തിക്ക് ആരോടും ലൈംഗിക താല്പര്യമോ, ലൈംഗിക ചായ് വോ ചിലപ്പോൾ ലൈംഗികശേഷിയോ തീരെ ഉണ്ടാവാത്ത അവസ്ഥ വരാം. ഈ സവിശേഷാവസ്ഥയെയാണ് അലൈംഗികത **(Asexuality)** എന്ന് പറയുന്നത്. ഇത് ബ്രഹ്മചര്യമല്ല.

## 2.3 ലൈംഗികന്യൂനപക്ഷങ്ങളുടെ വിമോചനചരിത്രം

ലൈംഗികന്യൂനപക്ഷങ്ങളുടെ വിമോചനത്തിന് തുടക്കം കുറിച്ചത് ജർമ്മനിയിലാണ്. 1862 ൽ ജർമ്മൻകാരനായ യൂൾറിക്കിൽ പുരുഷസ്വവർഗ്ഗാനുരാഗിയെ 'യൂർണിങ്ങ് ' എന്നും സ്ത്രീസ്വവർഗ്ഗാനുരാഗിയെ 'യൂർണിങ്ങിൻ' എന്നും രേഖപ്പെടുത്തി.[9] 1869-ൽ ലൈംഗികന്യൂനപക്ഷങ്ങൾക്കെതിരെയുള്ള സോഡോനിയമങ്ങൾ പരിഷ്ക്കരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് കാൾമരിയ എന്നയാൾ എഴുതിയ മതപ്രചരണ പത്രികയിലാണ് 'ഹോമോസെക്ഷ്വൽ' എന്ന പദം ആദ്യമായി പ്രയോഗിച്ചു കാണുന്നത്.[10] ലൈംഗികന്യൂനപക്ഷങ്ങളെ അടയാളപ്പെടുത്താൻ കൃത്യമായ ഒരു പദമില്ലാതിരുന്ന കാലത്താണ് യൂൾറിക്കിന്റെയും കാൾമരിയയുടെയും ഈ പദസംഭാവന. ഇതോടെ സ്വവർഗ്ഗാനുരാഗികൾക്ക് അവരുടെ സ്വത്വത്തെ തിരിച്ചറിയാനും വിളിച്ച് പറയാനുമുള്ള ആത്മധൈര്യം ലഭിച്ചു. ലൈംഗികന്യൂനപക്ഷങ്ങളുടെ വിമോചന സമരങ്ങളുടെ തുടക്കം ഈ വിധമാണ്.

ജർമ്മൻ കലാപകാലത്ത് നാസിഭരണകൂടം ക്രൂരമായ പീഡനങ്ങളാണ് സ്വവർഗ്ഗാനുരാഗികൾക്ക് നേരെ നടത്തിയത്. കോൺസെൻട്രേഷൻ ക്യാമ്പുകളിൽ സ്വവർഗ്ഗാനുരാഗികളെ തിരിച്ചറിയാനായി 'പിങ്ക് ട്രയാംഗിൾ' ചിഹ്നമായി ഉപയോഗിച്ചിരുന്നു. ഇരുപതാംനൂറ്റാണ്ടിൽ ലൈംഗികന്യൂനപക്ഷങ്ങൾ തങ്ങളുടെ സ്വാഭിമാനത്തിന്റെയും ആത്മബോധത്തിന്റെയും ചിഹ്നമായി ഉപയോഗിച്ചതും 'പിങ്ക് ട്രയാംഗിൾ' ആണ്. സ്വവർഗ്ഗാനുരാഗികളുടെ

അവകാശങ്ങൾ നേടിയെടുക്കാനുള്ള ലോകത്തിലെ ആദ്യ ശ്രമം നടക്കുന്നത് ജർമ്മനിയിലാണ്. 1897–ലാണ് സ്വവർഗ്ഗാനുരാഗികൾക്കും ട്രാൻസ്ജെന്റർ കമ്മ്യൂണിറ്റിക്കുമായി ലോകത്തിലെ ആദ്യ സംഘടനയായ 'സയന്റിഫിക് ഹ്യൂമറ്റേനറിയൻ' ജർമ്മനിയിൽ രൂപം കൊള്ളുന്നത്. മാഗ്നസ് ഹെർഷ്ഫീൽ എന്ന സൈക്കോളജിസ്റ്റിന്റെ നേതൃത്വത്തിലാണ് സംഘടന പ്രവർത്തിച്ചത്. ജർമ്മൻ ക്രിമിനൽ കോഡ് പ്രകാരം പുരുഷന്മാർ തമ്മിലുള്ള ലൈംഗികബന്ധം കുറ്റകരമായിരുന്നു. ഈ നിയമം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെയാണ 'സയന്റിഫിക് ഹ്യൂമറ്റേനറിയൻ' പ്രവർത്തനം ആരംഭിച്ചത്. 1919 ൽ പുറത്തിറങ്ങിയ'ഡിഫ്രന്റ് ഫ്രം അതേർസ്' എന്ന ജർമ്മൻ ചലച്ചിത്രവും 1999 പുറത്തിറങ്ങിയ'ദ ഐൻസ്റ്റൈൽ ഓഫ് സെക്സ് ' എന്ന ഫിക്ഷൻ സിനിമയും ഹെർഷ് ഫീലിന്റെ പ്രതിരോധപ്രവർത്തനങ്ങളെ അടയാളപ്പെടുത്തുന്നതാണ്.

സ്വവർഗ്ഗപ്രണയിനികളും ട്രാൻസ്ജെന്റേഴ്സും ഒത്തുചേരുന്ന ന്യൂയോർക്കിലെ സ്റ്റോൺവോൾ സത്രത്തിൽ 1969 ജൂൺ 28 ന് പോലീസ് റെയ്ഡ് നടത്തുകയും ആളുകളെ മർദ്ദിക്കുകയും ചെയ്തു. ഇതിനെതിരെ സ്വവർഗ്ഗപ്രണയിനികൾ നടത്തിയ പ്രതിഷേധം ലൈംഗികന്യൂനപക്ഷങ്ങളുടെ വിമോചനസമരത്തിന്റെ തുടക്കമായി ലോകം മുഴുവൻ അംഗീകരിക്കുന്നു.[11] ഇതോടനുബന്ധിച്ച് 1973 ൽ അമേരിക്ക മാനസികാരോഗ്യ പട്ടികയിൽനിന്ന് സ്വവർഗ്ഗ ലൈംഗികതയെ നീക്കം ചെയ്തു. 1990 ൽ ലോക ആരോഗ്യ

സംഘടന സ്വവർഗ്ഗലൈംഗികതയെ മനോരോഗപട്ടികയിൽനിന്ന് നീക്കം ചെയ്യതും ലൈംഗികന്യൂനപക്ഷങ്ങളുടെ പോരാട്ടങ്ങളുടെ ഭാഗമാണ്.

ഇന്ത്യയിലെ സ്വവർഗ്ഗാനുരാഗികൾ മറ്റ് സംസ്ഥാനങ്ങളിലേക്കും വിദേശങ്ങളിലേക്കും പലായനം ചെയ്യുകയായിരുന്നു പതിവ്. ഇന്ത്യക്കാരായ സ്വവർഗ്ഗാനുരാഗികളുടെ ആദ്യ സംഘടന ആരംഭിക്കുന്നതും വിദേശത്താണ്. 1986ൽ അമേരിക്കയിലെ സാൻഫ്രാൻസിസ്കോ നഗരത്തിൽ എഞ്ചിനീയർമാരായ അരവിന്ദ് കുമാറും സുദീർദാസും ചേർന്നാരംഭിച്ച 'ത്രികോൺ' ആണ് ഇന്ത്യൻ സ്വവർഗ്ഗാനുരാഗികളുടെ ആദ്യ സംഘടന. മാധ്യമപ്രവർത്തകനായ അശോക് റോ കവിയാണ് ഇന്ത്യയിലെ ലൈംഗികന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കായി വാദിച്ച ആദ്യ വ്യക്തി. 1986 ലാണ് അശോക് റോ താൻ സ്വവർഗ്ഗാനുരാഗിയാണെന്ന് വെളിപ്പെടുത്തിയത്. അശോകിന്റെ വെളിപ്പെടുത്തൽ ഇന്ത്യയിലെ മറ്റ് സ്വവർഗ്ഗാനുരാഗികൾക്കും അവരുടെ വ്യക്തിത്വം തുറന്ന് പറയാനുള്ള ആത്മധൈര്യം നൽകി. ബോംബെ, ബാംഗ്ലൂർ, ചെന്നൈ എന്നിവിടങ്ങളിൽ പ്രവാസികളായി ജീവിക്കുന്ന സ്വവർഗ്ഗാനുരാഗികൾക്കായുള്ള സംഘടനാ പ്രവർത്തനങ്ങൾക്ക് അശോക് റോ നേതൃത്വം നൽകി. സ്വവർഗ്ഗാനുരാഗികൾക്കായുള്ള ഇന്ത്യയിലെ ആദ്യ മാസികയായ 'ബോംബെ ദോസ്ത് ' (1990) ആരംഭിച്ചത് അശോക് റോ ആണ്. തുടർന്ന് ബോംബെയിലെ ലൈംഗികന്യൂനപക്ഷങ്ങളുടെ

ക്ഷേമത്തിനും എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രവർത്തിക്കുന്ന'ഹംസഫർ ട്രസ്റ്റ്' (1994) എന്ന സംഘടനയ്ക്കും അദ്ദേഹം നേതൃത്വം നൽകി.

ഹംസഫർ ട്രസ്റ്റിനോടനുബന്ധിച്ച് ഇന്ത്യയിലെ ലൈംഗികന്യൂനപക്ഷങ്ങളുടെ വിമോചനത്തിനായി 2003 നവംബറിൽ പ്രവർത്തനം ആരംഭിച്ച സംഘടനയാണ്'ഇൻഫോസം' (INFOSEM– The India Network for Sexual Minorities). ബോംബെ നഗരത്തിലെ ഒരുകൂട്ടം ആക്റ്റിവിസ്റ്റുകളുടെ നേതൃത്വത്തിലാണ് ഇൻഫോസം ആരംഭിക്കുന്നത്. ഇന്ത്യയിലെ ലൈംഗികന്യൂനപക്ഷങ്ങളെ കണ്ടെത്തുന്നതിനും അതിനോട് സഹകരിക്കുന്ന ആളുകളെ കണ്ടെത്തി സംഘടിപ്പിക്കാനും ഇൻഫോസം ശ്രമിച്ചു. ഗീത കുമാനയുടെ നേതൃത്വത്തിൽ മുംബൈയിൽ പ്രവർത്തിക്കുന്ന സംഘടനയാണ്'ആൻ ചൽ ട്രസ്റ്റ്.' ലെസ്ബിയൻ, ബൈസെക്ഷ്വൽ, ട്രാൻസ്ജെന്ററുകൾ (LBT) എന്നിവർക്ക് മാത്രമായി കൽക്കത്ത കേന്ദ്രമായി പ്രവർത്തിക്കുന്ന സംഘടനയാണ്'സാഫോ' (SFE– Sappho for Equality). സ്വവർഗ്ഗപ്രണയിനിയായ മാളവികയുടെ നേതൃത്വത്തിൽ 2003 ഒക്ടോബറിലാണ്'സാഫോ' പ്രവർത്തനമാരംഭിക്കുന്നത്.

ഇന്ത്യയിലെ മറ്റ് പ്രധാനപ്പെട്ട ലൈംഗികന്യൂനപക്ഷ സംഘടകളാണ് മുംബൈയിലെ 'ചാർ ചൗഗി' (Char Chowgi),'ദായ് വെൽഫയർ സൊസൈറ്റി' (Dai Welfare Society), ഗുജറാത്തിലെ

'ലക്ഷ്യ ട്രസ്റ്റ്,' മഹാരാഷ്ട്രയിലെ 'മൂക് നായക്,' (Mooknayak) ഡൽഹിയിലെ 'മിലാൻ,' (Milan), ചെന്നൈയിലെ 'സഹോദരൻ,' തമിഴ്നാട്ടിലെ 'സ്നേഗിതം' (Snegythm), 'സുദാർ ഫൗണ്ടേഷൻ'(Sudar foundation) എന്നിവ.

## 2.4 **കമിംഗ് ഔട്ട് (ലൈംഗികസ്വത്വം വെളിപ്പെടുത്തൽ)**

ശാരീരിക ലക്ഷണങ്ങളാൽ ട്രാൻസ്ജെന്ററുകളെ തിരിച്ചറിയാൻ സാധിക്കും. സ്വവർഗ്ഗപ്രണയിനികളുടെ കാര്യത്തിൽ അത് സാധ്യമല്ല. ഒരാളുടെ വെളിപ്പെടുത്തലിൽ കൂടി മാത്രമേ അത് സാധ്യമാകൂ. സ്വവർഗ്ഗപ്രണയിനികൾ അവരുടെ ലൈംഗികസ്വത്വം പൊതുയിടത്തിൽ വെളിപ്പെടുത്തുന്നതിനെയാണ് കമിംഗ് ഔട്ട് എന്ന് പറയുന്നത്. പൊതു ഇടം എന്നത് കുടുംബം മുതൽ സമൂഹമാധ്യമങ്ങൾ വരെ ഉൾകൊള്ളുന്നതാണ്. ഒരു വ്യക്തിക്ക് ലൈംഗികസ്വത്വം വെളിപ്പെടുത്തേണ്ടിവരുന്നത് സാമൂഹിക സമ്മർദ്ദങ്ങളുടെയും സാംസ്കാരിക ഇടപെടലുകളുടെയും ഭാഗമായാണ്. കമിംഗ് ഔട്ടിന് മൂന്ന് ഘട്ടങ്ങളുണ്ട്. ആദ്യഘട്ടം വ്യക്തി തന്റെ ലൈംഗികസ്വത്വത്തെ സ്വയം തിരിച്ചറിയുന്നതാണ്. രണ്ടാംഘട്ടം ഏറ്റവും അടുപ്പമുള്ള ബന്ധുക്കൾ, സുഹൃത്തുക്കൾ എന്നിവരോട് ലൈംഗികസ്വത്വം തുറന്ന് പറയുന്നതാണ്. പൊതുസമൂഹത്തിന് മുന്നിൽ ലൈംഗികസ്വത്വം വെളിപ്പെടുത്തുന്നതാണ് മൂന്നാംഘട്ടം.

രണ്ടായിരമാണ്ടിനുമുമ്പ് കേരളത്തിൽ കമിംഗ് ഔട്ട് നടത്തിയവരുടെ എണ്ണം വളരെ വിരളമാണ്. കേരളത്തിൽ പ്രവർത്തിച്ചിരുന്ന CBO (Community Based Organization)കളുടെ പ്രവർത്തനഫലമായാണ് ലൈംഗികന്യൂനപക്ഷങ്ങൾ കമിംഗ് ഔട്ട് നടത്തി തുടങ്ങിയത്. അതുവരെ പൊതുയിടങ്ങളിൽ ലൈംഗികത ചർച്ച ചെയ്തിരുന്നത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, ജനസംഖ്യാവർദ്ധനവ് തുടങ്ങിയ കാര്യങ്ങളിൽ മാത്രമായിരുന്നു. ഇത് രണ്ടും കൂടാതെ ലൈംഗികത (രതി) എന്ന വിഷയത്തെ പൊതുയിടത്ത് ചർച്ച ചെയ്യാമെന്ന സാഹചര്യം വന്നത് തൊണ്ണൂറുകളിലാണ്. 1990 കൾ ഇന്ത്യയിൽ ലൈംഗികതയെക്കുറിച്ചുള്ള പുതിയ ചർച്ചകൾക്ക് വഴി തെളിച്ചു. എൺപതുകളുടെ അവസാനം ഇന്ത്യയിൽ കണ്ടു തുടങ്ങിയ എയ്ഡ്സ് രോഗത്തിന്റെ ബോധവൽക്കരണമാണ് അതിന് കാരണം. എയ്ഡ്സ് ഒരു രോഗമാണെങ്കിലും അതിന്റെ ഉറവിടത്തെക്കുറിച്ചുള്ള ചർച്ചകൾ ലൈംഗികതയെ പൊതുയിടത്ത് ചർച്ച ചെയ്യാമെന്നാക്കി മാറ്റി. എയ്ഡ്സ് ബോധവൽക്കരണത്തിന്റെ ഭാഗമായി കേരളത്തിൽ പ്രവർത്തിച്ച സംഘടനക (CBO)ളുടെ ഹെൽപ്പ് ലൈനുകൾ വിമത ലൈംഗികതയുടെ രാഷ്ട്രീയത്തിന് ഇടം കൊടുത്തു. ബോധവൽക്കരണ പരിപാടികളിലൂടെയും മീറ്റിംഗിലൂടെയും വിവിധ രാജ്യക്കാരെ പരിചയപ്പെടാനും അവരുടെ ആശയങ്ങളെ തിരിച്ചറിയാനുമുള്ള അവസരം ഇന്ത്യക്കാർക്കുണ്ടായി. കമിംഗ് ഔട്ട് എന്നത് ഒരു

വ്യക്തിപരമായ തുറന്ന് പറച്ചിൽ മാത്രമല്ല, ലൈംഗികന്യൂനപക്ഷങ്ങളുടെ പ്രതിരോധത്തിന്റെ മാധ്യമം കൂടിയാണത്. ശരീരം, ലൈംഗികത എന്നിവ ഒരു അവകാശമായും രാഷ്ട്രീയമായും മാറുന്നിടത്താണ് കമിംഗ് ഔട്ട് ഒരു സാംസ്കാരിക പ്രതിരോധമായി മാറുന്നത്.

ഇന്ത്യയിലെ ലൈംഗികന്യൂനപക്ഷങ്ങളുടെ വെളിപ്പെടുത്തലിൽ പ്രധാനപ്പെട്ടതാണ് ഗുജറാത്തിലെ രാജകുടുംബാംഗമായ മാനവേന്ദ്ര ഗോഹിൽൻ്റേത്. 2006 ൽ ലോകപ്രശസ്ത ടെലിവിഷൻ ടോക് ഷോ അവതാരകയായ ഓപ്ര വിൻഫ്രിയുമായുള്ള അഭിമുഖത്തിലാണ് മാനവേന്ദ്ര ഗോഹിൽ താൻ സ്വവർഗ്ഗാനുരാഗിയാണെന്ന് വെളിപ്പെടുത്തിയത്. ലൈംഗികതയെ തിരിച്ചറിഞ്ഞുകൊണ്ടുള്ള മാനവേന്ദ്രയുടെ വെളിപ്പെടുത്തൽ ലോകമാധ്യമ ശ്രദ്ധാനേടി. ലൈംഗികന്യൂനപക്ഷങ്ങൾക്കായി ഗുജറാത്തിൽ പ്രവർത്തിക്കുന്ന 'ലക്ഷ്യ'എന്ന സംഘടന ആരംഭിച്ചതും മാനവേന്ദ്ര ഗോഹിൽ ആണ്.

ഇന്ത്യയിലെയും കേരളത്തിലെയും അക്കാദമിക് രംഗങ്ങളിൽ ഇന്ന് വിമതലൈംഗികതാരാഷ്ട്രീയം ചർച്ചയാകുന്നുണ്ട്. ബാംഗ്ലൂർ നാഷണൽ ലോ സ്കൂൾ ഓഫ് ഇന്ത്യ (എൻ. എൽ. എസ്. യു) യിലെ വിദ്യാർത്ഥിയായ തരുൺ നിവേദിത എഴുതിയ 'സെക്ഷ്യാലിറ്റീസ്" എന്ന കൃതി ലൈംഗികതയെ മനുഷ്യാവകാശപ്രശ്ലമായാണ് വിലയിരുത്തുന്നത്. അക്കാദമിക് ഇടങ്ങളിൽ വിമതലൈംഗിക

തയെക്കുറിച്ചുള്ള ചർച്ചകൾ വഴി മൗലികതയുടെ ഒരു സബ്കൾച്ചർ രൂപപ്പെടുന്നതായി 'സെക്ഷ്യാലിറ്റീസ്' എന്ന കൃതി വിലയിരുത്തുന്നു.

## 2.5 വിമതലൈംഗികതയും കേരളീയസമൂഹവും

ക്രിസ്തുവിനുമുമ്പ്തന്നെ പല വിദേശരാജ്യങ്ങളുമായി വാണിജ്യപരവും സാംസ്കാരികവുമായ വിനിമയങ്ങൾ കേരളത്തിനുണ്ടായിരുന്നു. ഇത്തരം സാംസ്കാരിക സമന്വയങ്ങൾ മലയാളിയുടെ സദാചാര ബോധത്തെയും മൂല്യങ്ങളെയും ബാധിച്ചിട്ടുണ്ട്. ആര്യാധിനിവേശം കേരളത്തിലെ ഉയർന്ന ജാതിക്കാരുടെ വിശ്വാസങ്ങളെയും ജീവിതരീതിയെയും നിജപ്പെടുത്തിയെങ്കിലും ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ ബൗദ്ധിക ജീവിതത്തെ അത് കാര്യമായി സ്പർശിച്ചില്ല. എന്നാൽ മതപരിവർത്തനം ലക്ഷ്യമാക്കിവന്ന മിഷണറിമാരുടെ പ്രവർത്തനങ്ങൾ കേരളത്തിന്റെ സാമൂഹിക ജീവിതത്തെ കാര്യമായി സ്വാധീനിക്കുകയുണ്ടായി. ഇതോടെ മതത്തെ കേന്ദ്രമാക്കിയുള്ള വിദ്യാഭ്യാസം, സമ്പത്ത്, അധികാരം, ദായക്രമം, കുടുംബബന്ധങ്ങൾ, സദാചാരബോധം എന്നിവയെക്കുറിച്ച് അതുവരെ നിലനിന്നിരുന്ന കാഴ്ചപ്പാടുകളെ പുനർനിർവചിച്ചു. ബഹുഭാര്യത്വം, ബഹുഭർതൃത്വം, സ്വതന്ത്രമായ ലൈംഗികജീവിതം എന്നിവയെല്ലാം ആഗ്രഹിക്കത്തക്കതല്ലാത്തതായി വിലയിരുത്തപ്പെട്ടു. ഇതിന്റെ തുടർച്ചയായി വിക്ടോറിയൻ സദാചാരം കേരളത്തിലും പ്രചരിപ്പിക്കപ്പെട്ടു.

ലൈംഗികജീവിതത്തിൽ നിഷ്കർഷിക്കപ്പെട്ട ശരിതെറ്റുകൾ പിൽക്കാലത്ത് നിയമങ്ങളായി രൂപപ്പെട്ടു.

കേരളീയസമൂഹം സ്വവർഗ്ഗാനുരാഗികളെ എക്കാലത്തും സമൂഹത്തിൽനിന്ന് മാറ്റി നിർത്തിയിരുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ എയ്ഡ്സ് ബോധവൽക്കരണ പരിപാടിയുടെ ഭാഗമായാണ് വിമതലൈംഗികർ ആദ്യമായി സംഘടിതരാകുന്നത്. ലൈംഗികത എന്ന ഒരു വാക്ക്പോലും പൊതുയിടങ്ങളിൽ ചർച്ചയ്ക്ക് വരുന്നത് ഈ ഘട്ടത്തിൽ ആണ്. ലൈംഗിക ബന്ധത്തിലൂടെ വ്യാപിക്കുന്ന രോഗങ്ങളുടെ പ്രതിരോധപ്രവർത്തനങ്ങൾക്ക് ലൈംഗികവൃത്തി ഉപജീവന മാർഗ്ഗമായി സ്വീകരിക്കുന്ന സ്വവർഗ്ഗാനുരാഗികളുടെ സഹകരണം സർക്കാരിനും സന്നദ്ധപ്രവർത്തകർക്കും ആവശ്യമായിരുന്നു. അങ്ങനെ സ്വവർഗ്ഗാനുരാഗികൾ സംഘടിതരാകാൻ തുടങ്ങി. ഇതുവഴി ഇക്കൂട്ടർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ചയാകുകയും മാധ്യമശ്രദ്ധ നേടുകയും ചെയ്തു. എങ്കിലും സ്വവർഗ്ഗാനുരാഗത്തെയോ ട്രാൻസ്ജെന്ററുകളെയോ പൂർണ്ണമായി ഉൾകൊള്ളാനുള്ള പരിതസ്ഥിതി കേരളത്തിന് ഉണ്ടായിട്ടില്ല. വർദ്ധിച്ച് വരുന്ന സാമൂഹികമാധ്യമങ്ങളുടെ ഇടപെടലുകൾ സമീപകാലത്തായി ക്വിയർ ആക്ടിവിസത്തെ അനുകൂലിക്കുന്നുണ്ട്.

കേരളത്തിൽ പുരുഷസ്വവർഗ്ഗാനുരാഗിയാണെന്ന (ഗേ) വെളിപ്പെടുത്തൽ നടത്തിയ ആദ്യ വ്യക്തിയാണ് കിഷോർ കുമാർ.

ഐ. ടി. പ്രൊഫഷണലായ കിഷോർ കുമാർ സംഗീതത്തിനുവേണ്ടി മാത്രമായി തുടങ്ങിയ 'രാഗകൈരളി' എന്ന ബ്ലോഗിലൂടെ 2007 ലാണ് ഗേ വെളിപ്പെടുത്തൽ നടത്തുന്നത്. സ്കൂൾ വിദ്യാഭ്യാസകാലത്ത് തന്നെ തന്റെ ലൈംഗികസ്വത്വം തിരിച്ചറിഞ്ഞ കിഷോർ വിവാഹാലോചനകളിൽ നിന്നും മാറിനിൽക്കാനായി അമേരിക്കൻ പ്രവാസജീവിതം തിരഞ്ഞെടുത്തു. അമേരിക്കൻ ജീവിതം സ്വവർഗ്ഗാനുരാഗത്തെക്കുറിച്ചുള്ള പുതിയ കണ്ടെത്തലുകൾ കിഷോറിനും നേടി കൊടുത്തു. ഗേ ആണെന്ന വെളിപ്പെടുത്തലിനു ശേഷം ഒരുതരത്തിലുമുള്ള മോശമായ അനുഭവങ്ങളും തനിക്ക് നേരിടേണ്ടി വന്നിട്ടില്ലാന്ന് കിഷോർ അവകാശപ്പെടുന്നുണ്ട്.[12] പൊതുയിടത്ത് താൻ ഗേ ആണെന്ന് വിളിച്ച് പറഞ്ഞ ആദ്യ മലയാളിയാണ് കിഷോർ കുമാർ. ലൈംഗികന്യൂനപക്ഷ ങ്ങൾക്കായുള്ള പ്രവർത്തന പരിപാടികളിൽ കിഷോർ ഇപ്പോൾ പ്രവർത്തിച്ച് വരുന്നു. കേരളത്തിലെ എൽ. ജി. ബി. ടി. സംഘടനയായ 'ക്വിയറള' യുടെ ബോർഡ് മെമ്പറാണ് കിഷോർ കുമാർ.

ലൈംഗികസ്വത്വം വെളിപ്പെടുത്തിയ കേരളത്തിലെ ആദ്യത്തെ മുസ്ലീം ഗേ യുവാവാണ് ഉനൈസ് മുഹമ്മദ്. 2016 ൽ എം. എക്ക് പഠിക്കുന്ന സമയത്താണ് ഉനൈസ് ഫേസ്ബുക്കിലൂടെ തന്റെ ലൈംഗികസ്വത്വം വെളിപ്പെടുത്തുന്നത്. ലൈംഗികന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയുള്ള ഉനൈസ് അക്കാദമിക് രംഗങ്ങളിൽ സജീവമായ ഇടപെടലുകൾ നടത്തുന്നു.

താൻ ഗേ ആണെന്ന് വിളിച്ച് പറയുന്നതിനോടൊപ്പം ഇസ്ലാം മതവിശ്വാസിയാണെന്നുകൂടിയുള്ള ഉനൈസിന്റെ വെളിപ്പെടുത്തൽ കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ പ്രാധാന്യമർഹിക്കുന്ന താണ്. ഇസ്ലാം മതം സ്വവർഗ്ഗാനുരാഗത്തെ തിന്മയായി കാണുന്നു എന്ന വായനയെ ഉനൈസിന്റെ വെളിപ്പെടുത്തൽ തിരുത്തുന്നു. മതത്തിന്റെ അകത്ത് നിലനിന്നുകൊണ്ട് തന്നെയാണ് ഉനൈസിന്റെ വെളിപ്പെടുത്തലും പ്രവർത്തനങ്ങളും. കേരളീയ സമൂഹത്തിന് മുമ്പിൽ ഗേ ആണെന്ന് പറയുന്നതിനേക്കാൾ താൻ ക്വിയർ ആണെന്ന് പറയാനാണ് ഉനൈസ് ആഗ്രഹിക്കുന്നത്.

വിമതലംഗികരാഷ്ട്രീയം കേരളത്തിൽ ചർച്ചയാകുന്നതിനുമുമ്പേ ലൈംഗികസ്വത്വം വെളിപ്പെടുത്തിയ ആളാണ് ഡോ. എം. എൻ. പരശുരാമൻ. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് അധ്യാപകനായ പരശുരാമൻ സ്കൂൾ വിദ്യാഭ്യാസകാലത്തുതന്നെ തന്റെ ലൈംഗികസ്വത്വം തിരിച്ചറിഞ്ഞിരുന്നു. 1992 ൽ ആന്ധ്രാപ്രദേശിലെ ഒരു ബോർഡിംഗ് സ്കൂളിൽ പഠിക്കുമ്പോഴാണ് പരശുരാമൻ താൻ ബൈസെക്ഷ്വൽ ആണെന്ന വെളിപ്പെടുത്തൽ നടത്തിയത്. തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന എൽ. ജി. ബി. ടി സംഘടനയായി 'ക്വിറഡ'ത്തിന്റെ പ്രവർത്തകൻ കൂടിയാണ് പരശുരാമൻ.

ട്രാൻസ്ജെന്റർ സ്വത്വം വെളിപ്പെടുത്തികൊണ്ട് സാമൂഹികശ്രദ്ധ നേടിയ വ്യക്തിയാണ് ശീതൾ ശ്യാം. ആറാം

ക്ലാസിൽ പഠിക്കുമ്പോൾ തന്നെ തന്റെ ലൈംഗികസ്വത്വം സ്ത്രീയുടെതാണെന്ന് ശ്യാം (ശീതൾ) തിരിച്ചറിഞ്ഞു. കുടുംബത്തിന്റെ സമ്മർദ്ദത്തിനൊടുവിൽ 2001 ൽ ജോലി തേടി ബാംഗ്ലൂരിലേക്ക് പോയി. ബാഗ്ലൂരിലെ ജീവിതം തന്റെ ലൈംഗിക സ്വത്വത്തെക്കുറിച്ച് ബോധവാനാകാനുള്ള അവസരം ശ്യാമിന് നൽകി. ഹോർമോൺ ചികിത്സ നേടിയ ശീതൾ ശ്യാം 2006 ൽ കേരളത്തിൽ തിരിച്ചെത്തുകയും 'സംഗമ' എന്ന സംഘടനയുടെ പ്രവർത്തനങ്ങളിൽ പങ്കാളിയാകുകയും ചെയ്തു. 'സംഗമ'യുടെ പ്രവർത്തന പരിപാടികളിൽ വച്ച് ശീതൾ ശ്യാം ട്രാൻസ്ജെന്ററാണെന്ന വെളിപ്പെടുത്തൽ നടത്തി.

കേരളത്തിലെ മറ്റ് ട്രാൻസ്ജെന്ററുകളിൽ നിന്ന് വ്യത്യസ്തയായാണ് ശീതൾ ശ്യാം അറിയപ്പെടുന്നത്. ശീതളിന്റെ പ്രവർത്തനങ്ങളുടെ ഫലമാണത്. തിരിച്ചറിയൽ കാർഡിൽ ആൺ/ പെൺ എന്നതിന് ബദലായി ട്രാൻസ്ജെന്ററെന്ന് രേഖപ്പെടുത്താൻ ശീതൾ അധികാരികളോട് ആവശ്യപ്പെട്ടു. തിരിച്ചറിയൽ കാർഡിൽ ട്രാൻസ്ജെന്റർ ഐഡന്റിറ്റി രേഖപ്പെടുത്തിയ ആദ്യ വ്യക്തിയാണ് ശീതൾ ശ്യാം. സിന്റോജ് എന്ന ജീവിതപങ്കാളിയുമായി ജീവിക്കുന്ന ശീതൾ ശ്യാം കേരള സർക്കാറിന്റെ ട്രാൻസ്ജെന്റർ ജസ്റ്റിസ്റ്റ് ബോർഡ് മെമ്പറാണ്. ട്രാൻസ്ജെന്റർ ആക്ടിവിസ്റ്റായ ശീതൾ ശ്യാം അഭിനയത്രികൂടിയാണ്.

## 2.6 ലൈംഗികന്യൂനപക്ഷങ്ങളും സംഘടനകളും

### 2.6.1 സഹയാത്രിക

കേരളത്തിലെ ലെസ്ബിയൻ പ്രണയിനികൾക്കായി തിരുവനന്തപുരം ആസ്ഥാനമായി 2002 മെയ് മാസം പ്രവർത്തനം ആരംഭിച്ച സംഘടനയാണ് സഹയാത്രിക. പ്രവാസി മലയാളിയായ ദേവകിമേനോൻ ആണ് സഹയാത്രികയുടെ പ്രധാന സംഘാടക. ഒരു സ്ഥാപനം എന്നതിനപ്പുറം കേരളത്തിലെ ലെസ്ബിയനുകൾ നേരിടുന്ന മനുഷ്യാവകാശപ്രശ്നങ്ങളിലും മാനസിക പ്രശ്നങ്ങളിലും ഇടപെടുന്ന ഒരു പദ്ധതി എന്ന നിലയിലാണ് സഹയാത്രിക വിഭാവന ചെയ്തിട്ടുള്ളത്.

കേരളത്തിൽ നടന്നിട്ടുള്ള ലെസ്ബിയൻ ആത്മഹത്യകളെ റിപ്പോർട്ട് ചെയ്തുകൊണ്ടാണ് സഹയാത്രിക ഒരു പ്രസ്ഥാനമായി രൂപം കൊള്ളുന്നത്. തൊണ്ണൂറുകളുടെ മധ്യത്തിലും അതിന് മുമ്പും കേരളത്തിൽ ലെസ്ബിയൻ ആത്മഹത്യകൾ നടന്നിരുന്നു. ഇതെല്ലാം ലെസ്ബിയൻ ആത്മഹത്യകളാണെന്ന് പൊതുസമൂഹമോ മാധ്യമങ്ങളോ തിരിച്ചറിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിലാണ് കൂട്ടമായ ആത്മഹത്യകളെക്കുറിച്ച് കെ. സി. സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ ഗൗരവമായ ആത്മഹത്യാറിപ്പോർട്ടുകൾ വന്നത്. ലെസ്ബിയൻ/ലൈംഗിക ന്യൂനപക്ഷങ്ങളുടെ മനുഷ്യാവകാശ പ്രശ്നങ്ങളെ ഉയർത്തികൊണ്ടുവരുവാൻ സഹയാത്രികയ്ക്ക് അവസരം

ഒരുക്കിയത് ഇത്തരം ആത്മഹത്യാറിപ്പോർട്ടുകൾ ആയിരുന്നു. സ്വവർഗ്ഗപ്രണയത്തെക്കുറിച്ച് വ്യക്തമായ സൂചന നൽകുന്ന ആത്മഹത്യാ റിപ്പോർട്ടുകൾ എട്ട് വർഷത്തെ പത്രങ്ങളിൽ നിന്ന് ശേഖരിച്ച് കൊണ്ടാണ് കെ.സി.സെബാസ്റ്റ്യൻ കേരളത്തിലെ ലെസ്ബിയൻ ആത്മഹത്യകളെക്കുറിച്ച് പഠനം നടത്തിയത്. അപൂർണ്ണമായ ഒരു പട്ടികയാണ് കെ. സി. സെബാസ്റ്റ്യന് തയ്യാറാക്കാൻ സാധിച്ചത്. ഈ അപൂർണ്ണമായ പട്ടികയുടെ അനുമാനത്തിൽ കേരളത്തിൽ 24 സ്ത്രീകളും 4 പുരുഷന്മാരും സ്വവർഗ്ഗാനുരാഗികളായി ജീവിക്കാൻ കഴിയാത്തതിനാൽ ആത്മഹത്യ ചെയ്തതായി കെ. സി. സെബാസ്റ്റ്യൻ കണ്ടെത്തി. വേറെയും ആത്മഹത്യകളെക്കുറിച്ച് അറിയാൻ സാധിച്ചുവെങ്കിലും അതിനെക്കുറിച്ച് കൂടുതൽ കണ്ടെത്താൻ സെബാസ്റ്റ്യന് സാധിച്ചില്ല. സാമ്പത്തികമായ പരിമിതിയും ആൾബലത്തിന്റെ കുറവും അന്വേഷണത്തെ മുന്നോട്ട് നയിച്ചില്ല. ആത്മഹത്യ ചെയ്തവരിൽ ഭൂരിഭാഗം ആളുകളും ദളിത്, ആദിവാസി, മുസ്ലീം, ഒ. ബി. സി. വിഭാഗത്തിൽപ്പെട്ട സ്ത്രീകളായിരുന്നു. താഴ്ന്ന വരുമാനമുള്ളവരും. "അങ്ങേയറ്റത്തെ കഷ്ടപ്പാടിലും ദാരിദ്ര്യത്തിലും കഴിയുന്നവരെ സംബന്ധിച്ച് ലൈംഗികതയും ലൈംഗികന്യൂനപക്ഷാവകാശങ്ങളും അത്ര പ്രധാനമല്ല എന്ന വാദം പലരുംഉയർത്താറുണ്ട്. അത്തരം എതിർ വാദങ്ങളിൽ മറഞ്ഞ് കിടക്കുന്ന ഒരുധാരണ ലൈംഗികത ഒരു മധ്യവർഗ്ഗ / സൈദ്ധാന്തിക വിഷയമായാണ്. ഗ്രാമീണരും

കീഴാളരുമായ സ്ത്രീകളോടൊത്ത് ഇതിൽ യാതൊന്നും ചെയ്യാനില്ല എന്നതാണ്."[13] വിദ്യാഭ്യാസം ഉൾപ്പെടെയുള്ള മൗലികാവകാശങ്ങളും സ്വകാര്യതയും ലെസ്ബിയനുകൾക്ക് പൊതുസമൂഹം നിഷേധിച്ചു. ഈ സാഹചര്യത്തിലാണ് പുതിയൊരു സാംസ്കാരിക പരീക്ഷണം ലക്ഷ്യംവച്ചുകൊണ്ട് ദേവകി മേനോൻ സഹയാത്രിക ആരംഭിക്കുന്നത്.

കേരളത്തിലെ ലെസ്ബിയൻ ആത്മഹത്യകളെ കണ്ടെത്തുകയും ലെസ്ബിയനുകളെന്ന് തിരിച്ചറിയുന്നവർക്ക് കൗൺസിലിംങ്ങും സഹായങ്ങളും നൽകുക എന്നതാണ് സഹയാത്രികയുടെ പ്രധാന പ്രവർത്തനം. ഇതിനായി ഹെൽപ്പ് ലൈനുകളും തപാൽ സംവിധാനവും സഹയാത്രിക ഏർപ്പെടുത്തി. ഹെൽപ്പ് ലൈനിലൂടെ നിരവധിപേർ സ്വവർഗ്ഗാനുരാഗികളാണെന്നും എന്നാൽ പൊതുയിടത്ത് വിളിച്ച് പറയാൻ ധൈര്യമില്ലാതെ ജീവിക്കുന്ന വരാണെന്നും വെളിപ്പെടുത്തി. ലെസ്ബിയൻ പ്രണയങ്ങളെക്കുറിച്ച് അവബോധം ജനങ്ങളിൽ ഉണ്ടാക്കുന്നതിനായി തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ എന്നിവിടങ്ങളിൽ സഹയാത്രിക വർഷോപ്പുകൾ സംഘടിപ്പിച്ചു. ലൈംഗിക ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങളെ മനുഷ്യാവകാശപ്രശ്നമായി അവതരിപ്പിച്ചുകൊണ്ട് മാധ്യമങ്ങളിൽ ബോധപൂർവ്വമായി അഭിമുഖങ്ങൾ സംഘടിപ്പിക്കാനും സഹയാത്രിക യുടെ പ്രവർത്തകർ ശ്രമിച്ചു.

സഹയാത്രികയുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായം നൽകിയിരുന്നത് ലൈംഗികന്യൂനപക്ഷങ്ങൾക്കായുള്ള അമേരിക്ക

യുടെ അരാസ്ട്രിയ (Arastrea) ഫണ്ടായിരുന്നു. ലൈംഗിക ന്യൂനപക്ഷങ്ങൾക്കായി പ്രവർത്തിക്കുന്ന സംഘടനകൾക്ക് സാമ്പത്തികസഹായം നൽകുന്ന അന്താരാഷ്ട്ര സംഘടനയാണ് അരാസ്ട്രിയ. പ്രതിമാസം 18500 രൂപ എന്ന നിരക്കിൽ പത്ത് മാസത്തേക്കാണ് അരാസ്ട്രിയ സഹയാത്രികയ്ക്ക് ഫണ്ട് അനുവദിച്ചത്. ഈ തുക സഹയാത്രികയുടെ പ്രൊജക്ടുകൾക്കും വർഷോപ്പ് സംഘടിപ്പിക്കുന്നതിനുമായി വിനിയോഗിച്ചു. അരാസ്ട്രിയയുടെ സാമ്പത്തികസഹായം നിന്നതിന് ശേഷവും സഹയാത്രികയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് പോയി. വിമത ലൈംഗികരാഷ്ട്രീയം സാമ്പത്തിക സഹായം മാത്രം ആശ്രയിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണോ എന്ന വിമർശനം സംഘാടകരിൽ നിന്ന് ഉയർന്നു വന്നു. അതുകൊണ്ടു തന്നെ തുടർന്നുള്ള സാമ്പത്തിക സഹായത്തിന് സഹയാത്രിക അപേക്ഷിച്ചില്ല.

വിദേശരാജ്യങ്ങളിൽ ലൈംഗികന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കായി പ്രവർത്തിച്ച ദേവകി മേനോന്റെ കേരളത്തിലെ പ്രവർത്തനം വ്യത്യസ്തമായിരുന്നു. വിദേശ നഗരങ്ങളിൽ കാണുന്നതുപോലെ സ്വവർഗ്ഗാനുരാഗികൾ അവരുടെ അവകാശ സംരക്ഷണത്തിനായി ആരംഭിച്ച സംഘടനയായിരുന്നില്ല സഹയാത്രിക. ലെസ്ബിയൻ പ്രശ്നങ്ങൾ മനസ്സിലാക്കികൊണ്ട് ലെസ്ബിയനുകൾ അല്ലാത്തവരുടെ നേതൃത്വത്തിലായിരുന്നു സഹയാത്രികയുടെ രൂപീകരണം. പൂർണ്ണമായി ഒരു ലെസ്ബിയൻ

സംഘടന എന്നതിലുപരി സ്ത്രീകൾക്ക് സ്വതന്ത്രമായി ഇടപെടാനുള്ള ഒരു കൂട്ടായ്മ എന്ന നിലയിലാണ് സഹയാത്രിക പ്രവർത്തിച്ചത്. എന്നാൽ സഹയാത്രികയിലൂടെ വെളിപ്പെടുത്തൽ നടത്തിയവർക്ക് വിദേശങ്ങളിൽ കാണുന്നതുപോലെ പരസ്യമായി സംഘടിക്കുന്നതിന് സാധിച്ചിരുന്നില്ല. സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യം കേരളത്തിൽ പരിമിതമായിരുന്നതും, കുടുംബമായി ജീവിക്കുന്നവർ ലൈംഗികാഭിമുഖ്യത്തെ മറച്ച് പിടിച്ച് ജീവിക്കാൻ ആഗ്രഹിച്ചതുമായിരുന്നു അതിന് കാരണം. അതുകൊണ്ട് തന്നെ കൂടുതൽ മീറ്റിംഗുകളോ പരിപാടികളോ നടത്താൻ സഹയാത്രികയ്ക്ക് സാധിച്ചില്ല.

### 2.6.2 ക്വിറഡം (Queerythm)

തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന എൽ. ജി. ബി. ടി സംഘടനയാണ് ക്വിറഡം. കേരളത്തിലെ ലൈംഗിക ന്യൂനപക്ഷങ്ങൾ 2016 ൽ സംഘടിപ്പിച്ച പ്രൈഡ് മാർച്ചിൽ തങ്ങൾക്ക് സംവദിക്കാൻ പൊതുവായ ഒരിടം എന്ന ആശയത്തിൽ നിന്നാണ് ക്വിറഡം എന്ന സംഘടനയുടെ ആരംഭം. തിരുവനന്തപുരത്തെ ഫ്രണ്ട്സ് കൾച്ചറൽ സെന്ററുമായി ചേർന്നാണ് കിറഡം പരിപാടികൾ ആസൂത്രണം ചെയ്തത്. 2017 ൽ ക്വിറഡം ഒരു സംഘടനയായി പ്രവർത്തിക്കാൻ തുടങ്ങി. തുടക്കത്തിൽ 15 പേർ മാത്രമായിരുന്നു ക്വിറഡത്തിലെ അംഗങ്ങൾ. എല്ലാ മാസവും ആദ്യത്തെ ശനിയാഴ്ച ക്വിറഡം അംഗങ്ങൾ കൂടിയിരുന്ന്

ഭാവിപരിപാടകൾ ആസൂത്രണം ചെയ്യും. ഗവേഷക വിദ്യാർത്ഥിയായ പ്രജിത്ത് ആണ് ക്വിറഡത്തിന്റെ സെക്രട്ടറി. യൂണിവേഴ്സിറ്റി കോളേജ് അധ്യാപകനായ ഡോ. എം. എൻ. പരശുരാമനാണ് പ്രസിഡന്റ്.

ഒരു എൽ. ജി. ബി. ടി സംഘടന എന്നതിലുപരി സാംസ്കാരികമായ ഇടപെടലുകൾ നടത്തുന്ന വേദികൂടിയാണ് ക്വിറഡം. ക്വിറഡയുടെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതാണ് മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകളിൽ ആശയവിനിമയം നടത്താൻ സഹായിക്കുന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന കൗൺസിലിംഗ് സെൽ.

ക്വിറഡത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതാണ്'രംഗ്' എന്ന യൂട്യൂബ് ചാനൽ. മുഖ്യധാരാ മാധ്യമങ്ങൾ ലൈംഗികന്യൂനപക്ഷങ്ങളെ സംബന്ധിക്കുന്ന വാർത്തകൾക്ക് പ്രാധാന്യം നൽകിയിരുന്നില്ല. അത്തരമൊരു സാഹചര്യത്തിലാണ് ക്വിറഡം 'രംഗ്' എന്ന യൂട്യൂബ് ചാനൽ ആരംഭിക്കുന്നത്.

ക്വിറഡത്തിന്റെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതാണ് International day against homophobia transphobia and biphobia celebration എന്ന വർഷോപ്പ്. 2017 മെയ് 14ന് ആണ് മുംബൈയിലെ എൽ. ജി. ബി. ടി സംഘടനയായ അംസഫർ

സൊസൈറ്റിയുമായി ചേർന്ന് ക്വിറഡ ഈ വർഷോപ്പ് സംഘടിപ്പിച്ചത്. ഇതോടനുബന്ധിച്ച് നിരവധി പ്രവർത്തന പരിപാടികൾ ക്വിറഡ സംഘടിപ്പിച്ചു. അതിൽ പ്രധാനപ്പെട്ടതായിരുന്നു Queer love and life ഫോട്ടോഗ്രാഫി എക്സിബിഷൻ. നാല് അക്കാദമിക് സെക്ഷനുകൾ, പാനൽ ഡിസ്കഷൻ എന്നിവയും ഇതേദിവസം സംഘടിപ്പിക്കപ്പെട്ടു. അക്കാദമിക് സെക്ഷനിൽ ഡോ. ജെ. ദേവിക അടക്കമുള്ള പ്രമുഖർ പങ്കെടുത്തു. Love makes a family എന്ന ക്വിറഡത്തിന്റെ ആപ്തവാക്യം ഉൾകൊള്ളുന്ന ലോഗോ ഇതേ വേദിയിൽ പ്രകാശനം ചെയ്തു. ക്വിറഡത്തിന്റെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതാണ് 2017 മുതൽ എല്ലാ വർഷവും സംഘടിപ്പിക്കുന്ന ബഹുജന പ്രൈഡ് വാക്ക് (Pride walk). ഇതോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 50 കുട്ടികൾക്ക് ക്വിറഡ പ്രവർത്തകർ പഠനോപകരണങ്ങൾ സമ്മാനിച്ചുകൊണ്ട് മാതൃകയായി.

പ്രൈഡ് വാക്കിനോടനുബന്ധിച്ച് ട്രാൻസ് വുമൺ സൂര്യയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് 'ദ്വയ പാർവകൾ' എന്ന തെരുവ് നാടകം അരങ്ങേറി. ആൺ/പെൺ പ്രണയത്തിന്റെ വ്യത്യസ്തതകൾ മാത്രം ആസ്വദിച്ച മലയാളികൾക്ക് മുമ്പിൽ സ്വവർഗ്ഗപ്രണയത്തിന്റെ പുതിയൊരു ആസ്വാദനം കാഴ്ചവെക്കാൻ 'ദ്വയ പാർവകൾ'ക്ക് സാധിച്ചു. ലൈംഗികന്യൂനപക്ഷങ്ങളുടെ വിമോചനത്തിന്റെയും

പ്രതിഷേധത്തിന്റെയും നവമാധ്യമമായി ഈ നാടകത്തെ വിലയിരുത്താം.

ലോകത്ത് വിവിധയിടങ്ങളിലായി കൊല്ലപ്പെട്ട ട്രാൻസ്ജെന്ററുകളുടെ ഓർമ്മയ്ക്കായി 2017 നവംബറിൽ ക്വിറഡ International transgenders day of remember സംഘടിപ്പിച്ചു. ഇതോടനുബന്ധിച്ച് പൊതുജനങ്ങൾക്കായി ഒരു മുഖാമുഖം പരിപാടിയും കോളേജ് വിദ്യാർത്ഥികൾക്കായി ഒരു മീഡിയ ക്യാമ്പൈനിങ്ങും ക്വിറഡ സംഘടിപ്പിച്ചു. മുഖാമുഖം പരിപാടിയിൽ ബാംഗ്ലൂരിലെ ട്രാൻസ്ജെന്റർ അക്ടിവിസ്റ്റ് അക്കായി പത്മശായി മുഖ്യാതിഥിയായി. കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച മീഡിയ ക്യാമ്പൈനിലൂടെ മാധ്യമങ്ങൾ എങ്ങനെയാണ് ലൈംഗികന്യൂനപക്ഷങ്ങളെ വിലയിരുത്തുന്നതെന്നും ലൈംഗിക ന്യൂനപക്ഷങ്ങളോട് പൊതുജനങ്ങൾക്ക് ഉണ്ടാവേണ്ട മനോഭാവ ത്തെക്കുറിച്ചും ബോധവൽക്കരണം നടത്തി.

കേരളത്തിലെ ആദ്യത്തെ ക്വിയർ ഫിലിംഫെസ്റ്റിവൽ 2016 ജനുവരിയിൽ ക്വിറഡ തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. മുംബൈയിലെ Kashish arts foundation ന്റെ സഹകരണ ത്തോടെയാണ് ക്വിയർ ഫിലിംഫെസ്റ്റിവൽ സംഘടിപ്പിച്ചത്. തിരുവനന്തപുരത്ത് വിജയകരമായി പ്രദർശനം നടത്തിയ ക്വിയർ ഫിലിംഫെസ്റ്റിവലിനെ തുടർന്ന് കൊല്ലം, കോട്ടയം, കോഴിക്കോട് എന്നീ ജില്ലകളിലും ഫെസ്റ്റിവൽ സംഘടിപ്പിച്ചു.

ക്വിയർ ആക്ടിവിസം എന്നതിനപ്പുറം ക്വിറഡത്തിന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളെ ഉൾകൊണ്ടുള്ള സാംസ്കാരിക പ്രവർത്തനങ്ങൾ കൂടിയാണ്. മറ്റേത് എൽ. ജി. ബി. ടി സംഘടനയേക്കാളും കൂടുതലായി സാംസ്കാരിക ഇടപെടലുകളും പ്രവർത്തനങ്ങളും നടത്തുന്ന സംഘടനയാണ് ക്വിറഡം. പൊതുജനങ്ങളിൽ നിന്നും അംഗങ്ങളിൽ നിന്നും സ്വരൂപിക്കുന്ന സംഭാവനകൾ മാത്രമാണ് ക്വിറഡത്തിന്റെ സാമ്പത്തിക ഉറവിടം.

### 2.6.3 ദ്വയ

കേരളത്തിലെ ട്രാൻസ്ജെന്ററുകളുടെ കലാപ്രവർത്തനങ്ങൾക്കായി രൂപീകൃതമായ സംഘടനയാണ് ദ്വയ. ആലുവ കേന്ദ്രമായി പ്രവർത്തിക്കുന്ന ദ്വയ 2017 ജൂണിലാണ് രൂപീകൃതമായത്. ട്രാൻസ്ജെന്ററും ആക്ടിവിസ്റ്റുമായ ശീതൾ ശ്യാം ആണ് ദ്വയയുടെ പ്രസിഡന്റ്. രഞ്ജി രഞ്ജിമ സെക്രട്ടറിയും സൂര്യാ അഭിലാഷ് ജോയിന്റ് സെക്രട്ടറിയുമായി പ്രവർത്തിക്കുന്നു. ഏഴ് എക്സിക്യൂട്ടീവ് അംഗങ്ങളുള്ള ദ്വയ 45 ട്രാൻസ്ജെന്ററുകൾ അടങ്ങുന്ന കൂട്ടായ്മയാണ്.

മറ്റ് എൽ. ജി. ബി. ടി സംഘടനകളിൽ നിന്നും ദ്വയ വ്യത്യസ്തമാകുന്നത് അതിന്റെ പ്രവർത്തനങ്ങളിലൂടെയാണ്. കേരളത്തിലെ ഇതര എൽ. ജി. ബി. ടി സംഘടനകൾ ക്വിയർ ആക്ടിവിസത്തിന്റെ ഭാഗമായാണ് പ്രവർത്തിക്കുന്നതെങ്കിൽ ദ്വയ

ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെടുന്ന ആളുകളുടെ കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കാനുള്ളതാണ്.

ട്രാൻസ്ജെന്ററുകളുടെ കലാപരമായ കഴിവുകൾ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ദ്വയ പ്രവർത്തിക്കുന്നതെങ്കിൽപോലും ട്രാൻസ്ജെന്ററുകളോട് സമൂഹത്തിനുള്ള മനോഭാവത്തിന് മാറ്റം വരുന്നതിനായി കലാലയങ്ങൾ കേന്ദ്രീകരിച്ച് ദ്വയ ബോധവൽക്കരണം നടത്തുന്നു. ദ്വയയുടെ പ്രവർത്തനങ്ങളിൽ മാധ്യമ ശ്രദ്ധാനേടിയ പരിപാടിയാണ് 2017 ൽ കൊച്ചിയിൽ സംഘടിപ്പിച്ച ബ്യൂട്ടി കോണ്ടെസ്റ്റ്. ട്രാൻസ്ജെന്ററുകളെ ഉൾപ്പെടുത്തികൊണ്ടുള്ള ഇന്ത്യയിലെ ആദ്യത്തെ ബ്യൂട്ടി കോണ്ടെസ്റ്റായിരുന്നു ഇത്. മൂന്ന് ജില്ലകളിൽ നിന്നായി ഓഡിഷനിലൂടെ തിരഞ്ഞെടുത്ത 16 പേർക്കായിരുന്നു കൊച്ചിയിലെ പ്രധാന സ്റ്റേജിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്. മത്സരത്തിലെ വിജയിക്ക് 50000 രൂപയാണ് ദ്വയ പ്രഖ്യാപിച്ചത്.

ദ്വയയുടെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതാണ്'മഴവിൽ ധ്വനി' തിയേറ്റർ ഗ്രൂപ്പ്. ദ്വയയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ക്വിയറായ ശ്രീജിത്ത് സുന്ദരം സംവിധാനം ചെയ്ത നാടകമാണ്'പറയാൻ മറന്ന കഥകൾ'. മഴവിൽ ധ്വനിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച നാടകം 2018 ലെ ഇറ്റ്ഫോകിൽ അവതരിപ്പിച്ചു. കേരളസംഗീത നാടക അക്കാദമിയാണ് നാടകത്തിനുവേണ്ട സാമ്പത്തികസഹായം നൽകിയത്.

ഭിക്ഷ, ലൈംഗികതൊഴിൽ എന്നീ ജോലികളാണ് ട്രാൻസ്ജെന്ററുകൾക്ക് സമൂഹം കൽപ്പിച്ച് കൊടുത്തിട്ടുള്ളത്. സ്ത്രീകൾ ചെയ്യുന്നത്പോലെ ലൈംഗികതൊഴിൽ ചെയ്യാൻ ട്രാൻസ്ജെന്ററുകൾക്ക് സാധിക്കില്ല. സ്ത്രീകൾക്ക് ലഭിക്കുന്ന കൂലി ട്രാൻസ്ജെന്ററുകൾക്ക് ലഭിക്കാറില്ലെന്ന് മാത്രമല്ല പലപ്പോഴും ട്രാൻസ്ജെന്ററുകൾ തൊഴിലിനിടയിൽ ആക്രമിക്കപ്പെടുകയും ചെയ്യുന്നു. ലൈംഗികസ്വത്വം പ്രശ്നമായി അനുഭവപ്പെടുകയും ഉപജീവനത്തിനായി മറ്റൊരു തൊഴിലും ലഭിക്കാത്ത സാഹചര്യത്തിൽ മാത്രമാണ് ട്രാൻസ്ജെന്ററുകൾ ലൈംഗികതൊഴിലിലേക്ക് കടക്കുന്നത്. ഇതിനൊരു ബദലായാണ് ദ്വയ പ്രവർത്തിക്കുന്നത്. കരകൗശല വിദ്യയിൽ പ്രാവീണ്യം നേടിയെടുത്ത ദ്വയയിലെ പ്രവർത്തകർക്ക് പല പ്രമുഖ വേദികളുടെയും ഇവന്റ് കോൺട്രാക്റ്റുകൾ ലഭിക്കുന്നു.

ദ്വയയുടെ പൊതുജനസമ്പർക്ക പരിപാടികളിൽ ഒന്നാണ് എറണാകുളം സെന്റ് തെരേസകോളേജുമായി ചേർന്ന് നടത്തുന്ന ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ കോഴ്സ്. ട്രാൻസ്ജെന്ററുകളായ ആളുകൾക്ക് ആഴ്ച്ചയിൽ ഒരു ദിവസത്തെ ക്ലാസ് എന്ന നിലയ്ക്കാണ് ഈ കോഴ്സ് നടത്തുന്നത്. 12 മാസമാണ് കോഴ്സിന്റെ കാലാവധി. ഇതിന്റെ ചെലവ് വഹിക്കുന്നത് സെന്റ് തെരേസ കോളേജ് ആണ്. ട്രാൻസ്ജെന്ററുകളോട് എതിർപ്പ് പ്രകടിപ്പിക്കുന്ന ക്രിസ്ത്യൻ മതവിഭാഗത്തിന്റെ നേതൃത്വത്തിലുള്ള ഒരു കലാലയം തന്നെ ഇത്തരം

പരിപാടികൾക്ക് നേതൃത്വം കൊടുക്കുന്ന എന്നതിൽനിന്നും ഒരു പുതിയ സാമൂഹിക ക്രമത്തിന് കേരളം പാകമായി തുടങ്ങുന്നുവെന്ന് അനുമാനിക്കാം.

ഒരു സംഘടനയിൽനിന്നും ദ്വയ സാമ്പത്തികസഹായം സ്വീകരിക്കുന്നില്ല. ഓരോ പരിപാടികളും സംഘടിപ്പിക്കുമ്പോൾ സ്പോൺസർമാരിൽ നിന്നും ലഭിക്കുന്ന തുക വീതിച്ചെടുക്കുകയല്ലാതെ മറ്റൊരു ധനസഹായവും ദ്വയയിലേക്കെത്തുന്നില്ല. ജെന്റെർ/സെക്ഷ്വൽ ഐഡന്റ്റിറ്റിയെ പൊതുസമൂഹത്തിന് മുമ്പിൽ ബോധ്യപ്പെടുത്താനും കലയിലൂടെ ആക്ടിവിസത്തിന്റെ പുതിയ സാധ്യതകളെ കണ്ടെത്താനുമുള്ള ശ്രമമാണ ദ്വയ നടത്തുന്നത്.

### 2.6.4 ക്വിയറള (Queerala)

കേരളത്തിലെ ലൈംഗികന്യൂനപക്ഷങ്ങൾ **(LGBTIQA)**ക്കായുള്ള സംഘടനയാണ് ക്വിയറള. എൽ. ജി. ബി. ടി വിഷയങ്ങളിൽ തല്പരരായവർക്കായി ആരംഭിച്ച ഫേസ്ബുക്ക് കൂട്ടായ്മയിൽ നിന്നാണ് ക്വയറളയുടെ തുടക്കം. ലിംഗ/ലൈംഗികന്യൂനപക്ഷ ങ്ങൾക്ക് വിവേചനമില്ലാത്ത ഒരു സമൂഹംരൂപീകരിക്കുക എന്നതാണ ക്വിറളയുടെ ലക്ഷ്യം. ഗേ വെളിപ്പെടുത്തൽ നടത്തിയ ജിജോ കുര്യാക്കോസിന്റെ നേതൃത്വത്തിലാണ് ക്വിയറള പ്രവർത്തിക്കുന്നത്.

ലൈംഗികന്യൂനപക്ഷങ്ങളെക്കുറിച്ചുള്ള അക്കാദമിക് പഠനങ്ങളെ പ്രോത്സാഹിപ്പിക്കുക ക്വിയറളയുടെ പ്രധാന പ്രവർത്തനമാണ്.

ഇതിന്റെ ഭാഗമായി ദേശീയവും അന്താരാഷ്ട്രീയവുമായ എൽ. ജി. ബി. ടി വാർത്തകൾ ഇംഗ്ലീഷിലും മലയാളത്തിലും പ്രചരിപ്പിക്കുക, എൽ. ജി. ബി. ടി വിഷയങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളുടെ ശേഖരണം നടത്തുക എന്നീ പ്രവർത്തനങ്ങളെ ക്വിയറള ഏകോപിപ്പിക്കുന്നു. എൽ. ജി. ബി. ടി വിഭാഗത്തിൽപ്പെടുന്നയാളുകളുടെ കലാസാഹിത്യ രചനകൾ പ്രസിദ്ധീകരിക്കാനുള്ള ഇടം കൂടിയാണ് ക്വിയറളയുടെ വെബ്സൈറ്റ്. പൊതുജനങ്ങളിൽ നിന്നും ശേഖരിക്കുന്ന സംഭാവനയാണ് ക്വിയറളയുടെ സാമ്പത്തിക ഉറവിടം.

## 2.7 സ്ത്രീ സംഘടനകളും ആധുനികതയും

വർഗ്ഗ–ലിംഗ വ്യത്യാസമില്ലാതെ പ്രകൃതിയോട് ഇണങ്ങി ജീവിക്കേണ്ടവരാണ് മനുഷ്യർ. പക്ഷേ, സാമൂഹിക ജീവിതത്തിൽ സ്ത്രീയും പുരുഷനും തുല്യരല്ല. പുരുഷന്റെ അധികാരപരിധിക്കുള്ളിൽ ജീവിക്കേണ്ട സാഹചര്യമാണ് സ്ത്രീക്കുള്ളത്. വിവാഹം, ലൈംഗികത എന്നീ കാര്യങ്ങളിൽ അഭിപ്രായത്തിന് അവസരമില്ലായെന്ന് മാത്രമല്ല, സ്ത്രീയെ വെറും വസ്തുവായിമാത്രം സമൂഹം കണ്ടു. മരുമക്കത്തായത്തിൽനിന്ന് മക്കത്തായത്തിലേക്കുള്ള കേരളത്തിന്റെ ദായക്രമം സ്ത്രീയെ നിശബ്ദയാക്കുകയും പുരുഷാധിപത്യത്തെ കേന്ദ്രമാക്കുകയും ചെയ്തു. സ്ത്രീക്ക് അവളുടെ സ്വത്വത്തെക്കുറിച്ച്, അവകാശങ്ങളെക്കുറിച്ച് ബോധ്യപ്പെടാനോ, ബോധ്യപ്പെടുത്താനോ ഉള്ള സാഹചര്യം ഇല്ലാതായി. എന്നാൽ ആധുനികതയോടുകൂടി

രൂപംകൊണ്ട സ്ത്രീവാദ കാഴ്ചപ്പാടുകൾ കേരളത്തിലെയും സ്ത്രീകളെ സംഘടിതരാക്കാൻ പ്രാപ്തരാക്കി.

## 2.8 സ്ത്രീവിമോചനപ്രസ്ഥാനങ്ങളുടെ ചരിത്രം

സ്ത്രീവിമോചനവാദം വളരെയേറെ സങ്കീർണ്ണമായ ഒരാശയമാണ്. അതിനാൽതന്നെ അതിന് കൃത്യമായ ഒരു നിർവചനം സാധ്യമല്ല. സ്ത്രീകളുടെ തുല്യതയും നിയമപരിരക്ഷയും ലക്ഷ്യമിടുന്ന ഒരു രാഷ്ട്രീയ വ്യവഹാരമായാണ് സ്ത്രീവാദം നിലനിൽക്കുന്നത്. ലിംഗഭേദത്തിന്റെ പ്രശ്നങ്ങളിൽ ഊന്നുന്ന നിരവധി പ്രസ്ഥാനങ്ങൾ, രാഷ്ട്രീയവും സാമൂഹിക വിജ്ഞാന സംബന്ധിയായ സിദ്ധാന്തങ്ങൾ, തത്ത്വചിന്ത തുടങ്ങിയവ സ്ത്രീവാദത്തിന്റെ ഭാഗമാണ്. സ്ത്രീവാദ ഭൂമിശാസ്ത്രം, സ്ത്രീവാദചരിത്രം, സ്ത്രീവാദ സാഹിത്യവിമർശനം എന്നീ വ്യത്യസ്ത മേഖലകളിലൂടെയാണ് സ്ത്രീവാദം സാക്ഷാത്കരിക്കപ്പെടുന്നത്. സത്രീ-പുരുഷ ബന്ധങ്ങളിൽ ജനാധിപത്യബോധം സൃഷ്ടിച്ചെടുക്കാൻ സ്ത്രീവാദം ശ്രമിക്കുന്നു.

**1895** ഏപ്രിൽ **25** ന് പ്രസിദ്ധീകരിച്ച 'അഥെനം' എന്ന ആനുകാലിക പ്രസിദ്ധീകരണത്തിലാണ്"ഫെമിനിസ്റ്റ്" എന്ന വാക്ക് ആദ്യമായി പ്രയോഗിച്ചത്.[14] **1789** ലെഫ്രഞ്ച് വിപ്ലവം സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചിന്ത ജനങ്ങളിൽ ഉണ്ടാക്കി. ഫ്രഞ്ച് വിപ്ലവത്തിലെ പുരോഗമനാശയങ്ങൾ സ്ത്രീ സമൂഹത്തെ ആവേശം

കൊള്ളിക്കുന്നതായിരുന്നു. 1903 ൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സ്ത്രീകൾ സംഘടിതരായി വോട്ടവകാശത്തിനുവേണ്ടി നടത്തിയ സഫ്രജറ്റ് പ്രസ്ഥാനമാണ് സ്ത്രീവിമോചന മുന്നേറ്റങ്ങളുടെ തുടക്കം.

അമേരിക്കൻ ചിന്തകയും ഫെമിനിസ്റ്റുമായ മാഗി ഹം, റബേക്ക വാക്കർ (Maggie Humm, Rebecca Walker) എന്നിവർ സ്ത്രീവാദചരിത്രത്തെ മൂന്ന് ഘട്ടങ്ങളായാണ് തിരിക്കുന്നത്.[15] ഒന്നാംഘട്ടം പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിലും. രണ്ടാമത്തേത് 1960 കളിലും എഴുപതുകളിലും. മൂന്നാം ഘട്ടം 1990 മുതൽ സമീപകാലംവരെയുള്ളത്. ഫ്രഞ്ച് വിപ്ലവത്തിന്റെ ആവേശം ഉൾകൊണ്ട് 1792 ൽ മേരി വുൾസ്റ്റൻ ക്രാഫ്റ്റ് രചിച്ച 'വിൻഡിക്കേഷൻ ഓഫ് ദ റൈറ്റ്സ് ഓഫ് വുമൺ' എന്ന കൃതി സ്ത്രീവിമോചനത്തിന് വേണ്ടിയുള്ള ആദ്യകാല ശ്രമമാണ്. തലമുറകളായി സ്ത്രീകൾ അനുഭവിക്കുന്ന അസമത്വങ്ങൾക്കെതിരെ ഈ കൃതി ശക്തമായി വാദിച്ചു. സ്വാതന്ത്ര്യം, സാഹോദര്യം, സമത്വം എന്നീ മഹത്തായ ലക്ഷ്യങ്ങൾ സാമൂഹിക പരിഷ്കരണത്തിലൂടെ നേടിയെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും മേരി വുൾസ്റ്റൺ വാദിച്ചു.[16] 1869 ൽ ജോൺ സ്റ്റുവർട്ട് രചിച്ച 'സബ്ജക്ഷൻ ഓഫ് വുമൺ' സ്ത്രീ–പുരുഷ സമത്വത്തെക്കുറിച്ച് പറയുന്ന ആദ്യ കൃതിയാണ്. ഇംഗ്ലണ്ടിലെ സ്ത്രീവിമോചനപ്രസ്ഥാനങ്ങൾക്ക് ഈ കൃതി

പ്രചോദനമേകി. സ്ത്രീകളുടെ നേതൃത്വത്തിലുള്ള ലോകത്തിലെ ആദ്യ സമ്മേളനം നടക്കുന്നത് **1848** ൽ ന്യൂയോർക്കിലെ സെനക്കാ ഫാൾസിൽ വച്ചാണ്. സ്ത്രീകളുടെ സ്വത്തവകാശം, വോട്ടവകാശം, വിദ്യാഭ്യാസത്തിനും തൊഴിലിനും വേണ്ടിയുള്ള അവകാശം തുടങ്ങിയ കാര്യങ്ങൾ സമ്മേളനത്തിൽ അവതരിപ്പിച്ചു.[17]

സ്ത്രീവിമോചനവാദത്തിന്റെ ഒന്നാം ഘട്ടം ലിബറൽ ഫെമിനിസത്തിന്റേതാണ്. പൗരാവകാശത്തിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള പോരാട്ടമായിരുന്നു ഈ ഘട്ടം. അക്കൂട്ടത്തിൽ പ്രാധാന്യം അർഹിക്കുന്ന വ്യക്തിയാണ് വെർജീനിയ വൂൾഫ്. **1928** ൽ വെർജീനിയ വൂൾഫ് രചിച്ച 'സ്വന്തമായൊരു മുറി' **(A room of one's Own)** എന്ന കൃതി 'ഫെമിനിസ്റ്റ് ബൈബിൾ' എന്നറിയപ്പെടുന്നു. സ്ത്രീക്കും പുരുഷനും തുല്യമായ വേതനവും സ്വത്തവകാശവും വേണമെന്ന് വെർജീനിയ വൂൾഫ് വാദിച്ചു. വ്യക്തിപരമായ സ്വാതന്ത്ര്യം ഓരോ സ്ത്രീയുടെയും അവകാശമാണെന്ന് അവർ പറയുന്നു. സ്ത്രീവിമോചനാശയങ്ങളിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ വെർജീനിയ വൂൾഫിന് സാധിച്ചിട്ടുണ്ട്. **1963** ൽ ബെറ്റി ഫ്രീഡൻ രചിച്ച 'ദി ഫെമിനിൻ മിസ്റ്റിക്' എന്ന കൃതി സ്ത്രീയുടെ അസംതൃപ്തമായ ജീവിതത്തെ വിഷയമാക്കുന്നതാണ്. തൊഴിലെടുത്ത് സ്വതന്ത്രരാകുക എന്ന ലക്ഷ്യത്തോടെ **1966** ജൂൺ **30** ന് ബെറ്റി ഫ്രീഡന്റെ നേതൃത്വത്തിൽ 'നാഷണൽ ഓർഗനൈസേഷൻ ഫോർ വിമെൻ'

എന്ന സംഘടന അമേരിക്കയിൽ രൂപംകൊണ്ടു. സ്ത്രീവാദ ആശയങ്ങളുടെ പ്രചാരത്തിന് 'നാഷണൽ ഓർഗനൈസേഷൻ ഫോർ വിമെന്റെ' പ്രവർത്തനങ്ങൾ സഹായകമായി.

### 2.8.1 **സ്ത്രീവിമോചനവാദം – ചില സിദ്ധാന്തങ്ങൾ**

സ്ത്രീകളുടെ അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കു, ലിംഗപരമായ അസമത്വങ്ങൾ പരിഹരിക്കുക, ലൈംഗിക സ്വാതന്ത്ര്യം ഉറപ്പാക്കുക എന്നിങ്ങനെ സ്ത്രീവാദം ഇടപെടുന്ന മേഖലകൾ വിപുലമാണ്. സ്ത്രീവാദത്തിന്റെ ആദ്യഘട്ടം ലിബറൽ ഫെമിനിസത്തിന്റേതാണ്. നിയമപരിഷ്കരണങ്ങളിലൂടെ സ്ത്രീ–പുരുഷ സമത്വം വേണമെന്ന് ലിബറൽ ഫെമിനിസം ആവശ്യപ്പെടുന്നു. സ്ത്രീ സമത്വം നിലനിർത്തുന്നതിനും പ്രകടിപ്പിക്കുന്നതിനുമായി സ്ത്രീകൾതന്നെ ഇടപെടുകയും പരിശ്രമിക്കുകയും വേണമെന്ന് ലിബറൽ ഫെമിനിസം പറയുന്നു.

ലിബറൽ ഫെമിനിസത്തിൽനിന്ന് വ്യത്യസ്തമായ ആശയലോകമാണ് റാഡിക്കൽ ഫെമിനിസത്തിന്റേത്. 1960 കളിലാണ് റാഡിക്കൽ ഫെമിനിസം ശക്തിയാർജ്ജിക്കുന്നത്. ലിബറൽ ഫെമിനിസം കടന്നുവരാത്ത മേഖലകളിലേക്ക് ഇറങ്ങി ചെന്ന് ശക്തമായ ഇടപെടലുകൾ നടത്താൻ റാഡിക്കൽ ഫെമിനിസത്തിന് സാധിച്ചു. ലളിതവും ശാന്തവുമായ മാർഗ്ഗത്തിലൂടെ യാണ് ലിബറൽ ഫെമിനിസ്റ്റുകൾ പ്രവർത്തിച്ചത്.

പുരുഷാധിപത്യത്തെ ലിബറൽ ഫെമിനിസ്റ്റുകൾ പൂർണ്ണമായും നിരാകരിച്ചില്ല. എന്നാൽ റാഡിക്കൽ ഫെമിനിസ്റ്റുകൾ പുരുഷവിദ്വേഷം, പുരുഷനിരാകരണം, ലൈംഗിക സ്വാതന്ത്ര്യം എന്നീ മേഖലകളിൽ സജീവമായി ഇടപെട്ടു.

മാർക്സിസ്റ്റ് തത്ത്വചിന്തയുടെയും സ്ത്രീ പ്രശ്നങ്ങളുടെയും കൂടിച്ചേരലാണ് മാർക്സിസ്റ്റ് ഫെമിനിസം. സാമ്പത്തിക അസമത്വം, ആശ്രിതത്വം, രാഷ്ട്രീയമായ അവ്യക്തത, അനാരോഗ്യകരമായ സ്ത്രീ–പുരുഷ ബന്ധം എന്നിവയ്ക്ക് ഹേതുവായ സ്വകാര്യ സ്വത്താണ് സ്ത്രീകളെ അടിച്ചമർത്തുന്നതിന് കാരണമെന്ന് മാർക്സിസ്റ്റ് ഫെമിനസ്റ്റുകൾ കണ്ടെത്തുന്നു. അതുകൊണ്ടുതന്നെ മുതലാളിത്തത്തെ ഇല്ലാതാക്കി കൊണ്ടേ സ്ത്രീ സ്വാതന്ത്ര്യം സാധ്യമാകു എന്ന് മാർക്സിസ്റ്റ് ഫെമിനിസ്റ്റുകൾ വാദിച്ചു. അതോടൊപ്പം സ്ത്രീ കുടുംബത്തിലെ വേതനമില്ലാത്ത പ്രവർത്തനങ്ങളിൽ നിന്ന് മാറി സാമൂഹിക ഉല്പാദന പ്രക്രിയയിൽ പങ്കാളികളാകണമെന്നും മാർക്സിസ്റ്റ് ഫെമിനിസം ആഹ്വാനം ചെയ്തു.

മാർക്സിസ്റ്റ് ഫെമിനിസത്തിൽനിന്ന് വ്യത്യസ്തമായി കുടുംബബന്ധങ്ങളിലേക്കും സ്ത്രീത്വത്തിലേക്കും വികസിച്ച ഫെമിനിസ്റ്റ് പ്രസ്ഥാനമാണ് സോഷ്യലിസ്റ്റ് ഫെമിനിസം. സമൂഹത്തിന്റെ നിലനിൽപിനും കുടുംബജീവിതത്തിന്റെ സുരക്ഷയ്ക്കും അടിസ്ഥാനം

സ്ത്രീകളുടെ വീട്ടുജോലിയിലുള്ള ഉത്തരവാദിത്വവും ജാഗ്രതയുമാണെന്ന് സോഷ്യലിസ്റ്റ് ഫെമിനിസ്റ്റുകൾ വാദിച്ചു.

സ്ത്രീകളുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന ചിന്താപദ്ധതിയാണ് സാംസ്കാരിക ഫെമിനിസം. സ്ത്രീകളുടെ കർമ്മപരിപാടികൾ, സ്ത്രീകളുടെ പെരുമാറ്റരീതികൾ, സ്ത്രീകളുടെ ഐക്യം എന്നീ ആശയങ്ങളെ സാംസ്കാരിക ഫെമിനിസം ഉയർത്തി പിടിക്കുന്നു. ഇവയെ കൂടാതെ മനഃശാസ്ത്ര തത്ത്വങ്ങളെ ആശ്രയിക്കുന്ന മനോവിശ്ലേഷണ സ്ത്രീവാദം, ലിംഗബന്ധങ്ങൾ പഠനവിധേയമാക്കുന്ന സ്ത്രീവാദ നരവംശശാസ്ത്രം, കറുത്ത വർഗ്ഗക്കാരെ സവിശേഷ പഠനമായി സ്വീകരിക്കുന്ന ബ്ലാക്ക് ഫെമിനിസം, പാരിസ്ഥിതിക പ്രശ്നങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ഇക്കോഫെമിനിസം എന്നിങ്ങനെ സ്ത്രീവാദം പലതരം ആശയതലങ്ങളിലേക്ക് സമീപകാലത്ത് പ്രവേശിച്ചിട്ടുണ്ട്.

### 2.8.2 **സ്ത്രീവിമോചനാശയം ഇന്ത്യയിൽ**

സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി ഇന്ത്യയിൽ നവോത്ഥാന പ്രസ്ഥാനങ്ങൾ രൂപംകൊണ്ടു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരമായിരുന്നു നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് വഴിതെളിച്ചത്. സ്ത്രീ സ്വാതന്ത്ര്യത്തിന്റെ ആവശ്യകതയെകുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തിയതും നവോത്ഥാനാശയങ്ങളായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് ഇന്ത്യയിൽ സ്ത്രീകളുടെ വിമോചന പ്രവർത്തനങ്ങൾ വ്യാപകമാകുന്നത്. 1910ൽ സരളാദേവി ചൗധുറാനി സ്ഥാപിച്ച 'ഭാരത സ്ത്രീ മഹാമണ്ഡൽ' ആണ് ഇന്ത്യയിലെ ആദ്യകാല സ്ത്രീ സംഘടനകളിൽ പ്രധാനപ്പെട്ടത്. 1917ൽ ആനിബസന്റും മാർഗ്ഗരറ്റ് കസിൻസും ചേർന്ന് മദിരാശി കേന്ദ്രമാക്കി 'വിമൻസ് ഇന്ത്യൻ അസോസിയേഷൻ' എന്ന സംഘടന രൂപീകരിച്ചു. 56 ശാഖകളുണ്ടായിരുന്ന ഈ സംഘടന സ്ത്രീകളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 'സ്ത്രീ ധർമ്മ' എന്നൊരു പത്രവും ആരംഭിച്ചു. 1926ൽ 'വിമൻ കൗൺസിൽ ഓഫ് ഇന്ത്യ' രൂപീകൃതമായി. 1927ൽ ആരംഭിച്ച 'ഓൾ ഇന്ത്യാ മഹിള അസോസിയേഷനാ'ണ് അഖിലേന്ത്യാടിസ്ഥാനത്തിലുള്ള ആദ്യ വനിതാ സംഘടന. സ്ത്രീകൾക്ക് വോട്ടവകാശം, സ്വാതന്ത്ര്യം എന്നിവ നേടി കൊടുക്കലായിരുന്നു ഈ സംഘടനയുടെ ലക്ഷ്യം. 1975ൽ ഹൈദരാബാദ് കേന്ദ്രമാക്കി 'പ്രോഗ്രസീവ് ഓർഗനൈസേഷൻ ഓഫ് വിമൻ' എന്ന സംഘടന രൂപീകൃതമായി. 1970 കളോടെ പാശ്ചാത്യ ലോകത്ത് ശക്തിപ്രാപിച്ച സ്ത്രീവിമോചന പ്രസ്ഥാനങ്ങളുടെ അനുരണങ്ങൾ ഇന്ത്യയിലും കണ്ടു തുടങ്ങി. ഇതിനെ തുടർന്ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ധാരാളം സംഘടനകൾ നിലവിൽ വന്നു.

### 2.8.3 **സ്ത്രീവിമോചനാശയം കേരളത്തിൽ**

മറ്റു ജനവിഭാഗങ്ങളെ അപേക്ഷിച്ച് ജാതീയതയും ആചാരങ്ങളും കേരളീയ ജനതയെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. ഈ സാഹചര്യം സ്ത്രീകളുടെ ജീവിതാവസ്ഥയെയും പരിതാപകരമാക്കി. ജാതീയതയുടെയും അനാചാരങ്ങളുടെയും കുരുക്കിൽ മിക്കപ്പോഴും ഇരയാകേണ്ടി വന്നത് സ്ത്രീകളായിരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ നിന്നും സ്ത്രീ പുരോഗതിയിലേക്ക് എത്തിയത് ഏത് വിധമാണെന്ന അന്വേഷണമാണ് സ്ത്രീവിമോചനത്തിന്റെ ചരിത്രം.

പാശ്ചാത്യ നാടുകളിൽ സ്ത്രീ വിമോചനാശയങ്ങൾ ശക്തമായതിന് ശേഷമാണ് കേരളത്തിലും അതിന്റെ പ്രതികരണങ്ങൾ കണ്ടു തുടങ്ങിയത്. **1829** ൽ ചാന്നാർ സമുദായത്തിലെ സ്ത്രീകൾ സവർണ്ണ സ്ത്രീകളെപോലെ മാറു മറയ്ക്കുന്നതിനുള്ള അവകാശത്തിനായി പോരാടി. 'മേൽമുണ്ട് സമരം' (ചാന്നാർ ലഹള) എന്ന പേരിൽ അറിയപ്പെട്ട ഈ പ്രക്ഷോഭം ആദ്യകാല കേരളത്തിലെ ശക്തമായ സ്ത്രീ മുന്നേറ്റ സമരങ്ങളിൽ ഒന്നാണ്. **1905** ൽ പുലയ സ്ത്രീകൾ അയ്യങ്കാളിയുടെ നേതൃത്വത്തിൽ 'കല്ലുമാല സമര'ത്തിൽ ഏർപ്പെട്ടു. ജാതി ചിഹ്നമായി ഉപയോഗിക്കേണ്ടിവന്ന കല്ലുമാല പൊട്ടിച്ചെറിഞ്ഞുകൊണ്ട് പുലയ സ്ത്രീകൾ സ്ത്രീ സ്വാതന്ത്ര്യത്തിനായി പോരാടി.

താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകൾ മാത്രമായിരുന്നില്ല സമൂഹത്തിൽ അസ്വാതന്ത്ര്യം നേരിട്ടിരുന്നത്. ജാതിയുടെയും

അനാചാരങ്ങളുടെയും ഉള്ളിൽ കിടന്ന് നമ്പൂതിരി സ്ത്രീകൾ ദുരിതമനുഭവിച്ചു. നമ്പൂതിരി സമുദായത്തിലെ സ്ത്രീകളുടെ ദുരിതങ്ങൾ ഇല്ലാതാക്കാനായി വി.ടി.ഭട്ടതിരിപ്പാട്, ഇ.എം.എസ്. നമ്പൂതിരിപ്പാട്, എം. ആർ. ബി തുടങ്ങിയവരുടെ നേതൃത്വത്തിൽ വിധവാ വിവാഹം, സ്വജാതി വിവാഹം, സ്ത്രീ വിദ്യാഭ്യാസം എന്നിവ നടപ്പിലാക്കി. ലളിതാംബിക അന്തർജ്ജനം, ആര്യാപള്ളം, പാർവ്വതി നെന്മിനിമംഗലം എന്നിവർ ഈ ഘട്ടത്തിൽ സമൂഹത്തിലേക്ക് ഇറങ്ങി വന്ന് പ്രവർത്തിച്ചവരാണ്.

ദേശീയ സ്വാതന്ത്ര്യ സമരകാലത്ത് കേരളത്തിലെ സ്ത്രീകൾക്ക് പൊതുയിടങ്ങളിൽ ഇടപെടാനുള്ള അവസരങ്ങളുണ്ടായി. ധാരാളം സ്ത്രീകൾ ദേശീയപ്രസ്ഥാനത്തിലും സ്വതന്ത്ര്യസമരത്തിലും പങ്കെടുത്തു. ഗ്രേസി ആറോൺ, ആനി മസ്ക്രീൻ, എ. വി. കുട്ടിമാളു അമ്മ, അക്കാമ ചെറിയാൻ, ഈശ്വരി അമ്മ, കെ. ചിന്നമ്മ, പാർവ്വതി അയ്യപ്പൻ തുടങ്ങിയ നിരവധിപേർ സ്വാതന്ത്ര്യസമരത്തിലും സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളിലും പങ്കാളികളായി.

**1935** ൽ തിരുവനന്തപുരത്ത് വച്ച് നടന്ന അഖിലേന്ത്യാ സ്ത്രീസമ്മേളനം കേരളീയ സ്ത്രീകളുടെ സ്വാതന്ത്ര്യപ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തി. **1942** ൽ മലബാർ, കൊച്ചി, തിരുവിതാംകൂർ ഭാഗങ്ങളിലെ സ്ത്രീകൾ ഒത്തുചേർന്ന ആദ്യ വനിതാസമ്മേളനം കോഴിക്കോട് വച്ച് നടന്നു. ഇതിന്റെ ഫലമായിട്ടാണ് **1943** ൽ 'കേരള

മഹിളാസംഘം' രൂപീകരിച്ചത്. **1940** കളിൽ കേരളത്തിൽ കർഷകപ്രസ്ഥാനം ശക്തിപ്രാപിച്ചപ്പോൾ അതുമായി ബന്ധപ്പെട്ടും സ്ത്രീകൾ പ്രവർത്തിച്ചു. കർഷകരുടെ അവകാശ പോരാട്ടങ്ങളിൽ സജീവമായ സ്ത്രീ പങ്കാളിത്തമായിരുന്നു കെ. ദേവയാനിയുടേത്. കേരളത്തിന്റെ സാമൂഹിക രംഗത്ത് ഈ കാലയളവിൽ സ്ത്രീ ചിന്ത ഉയർന്നു വന്നെങ്കിലും സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീകളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടായില്ല. ഫ്യൂഡലിസത്തിൽ നിന്നും ജനാധിപത്യത്തിലേക്ക് കേരളം മാറിയപ്പോഴും സ്ത്രീ അസ്വാതന്ത്ര്യവും ചൂഷണവും നേരിട്ടു.

## 2.9 **സ്ത്രീ സംഘടനകൾ** 1990 **കളിൽ**

കേരളത്തിലെ സ്ത്രീ മുന്നേറ്റ പ്രസ്ഥാനങ്ങളുടെ ചരിത്രം പരിശോധിക്കുമ്പോൾ **1990** കളിലാണ് സ്ത്രീ പ്രശ്നങ്ങൾ പൊതുയിടത്ത് കൂടുതലായും ചർച്ച ചെയ്ത് കാണുന്നത്. ഈ ദശകത്തിൽ കക്ഷി രാഷ്ട്രീയത്തിൽ നിന്നും സ്ത്രീ സംഘടനകൾ മാറി നിൽക്കുകയും സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പുതിയ തിരിച്ചറിവുകളിലേക്ക് സ്ത്രീകൾ കടന്ന് ചെല്ലുകയും ചെയ്തു. "വിമർശനത്തിന്റെയും സ്വയം വിമർശനത്തിന്റെയും രൂക്ഷമായ പ്രതിസന്ധികളിലൂടെ കടന്നുപോയ ഫെമിനിസ്റ്റ് സംഘടനകളുടെ പുനരുജ്ജീവനവും കൂട്ടായ്മയും കേരളത്തിൽ തൊണ്ണൂറുകളുടെ ദശകങ്ങളിലാണ് ഏറ്റവും ശക്തമായി പ്രകടമായത്."[18] അതുകൊണ്ട് തന്നെ തൊണ്ണൂറുകളിലെ സ്ത്രീ

സംഘടനകളുടെ പ്രവർത്തനങ്ങൾ സവിശേഷമായി വിലയിരുത്തേണ്ടതാണ്.

സവർണ്ണ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളിൽ നിന്നും വ്യത്യസ്തമാണ ദളിത് സ്ത്രീകളും മറ്റു വിഭാഗത്തിൽപ്പെടുന്ന സ്ത്രീകളും അനുഭവിക്കുന്ന പ്രശ്നങ്ങൾ. ദളിത് സ്ത്രീകളുടെ പ്രശ്നങ്ങൾ തുറന്ന് പറഞ്ഞുകൊണ്ടുള്ള ദളിത് സ്ത്രീ സംഘടനകൾ തൊണ്ണൂറുകളുടെ സവിശേഷതയാണ്. ഈ കാലഘട്ടത്തിൽ സജീവമായ സ്ത്രീ സംഘടനയാണ് 1993ൽ തിരുവല്ല കേന്ദ്രമായി പ്രവർത്തിച്ച 'അന്വേഷി.' തൊണ്ണൂറുകളുടെ ആദ്യത്തിൽ എലിസബത്ത്, ദീപ, ആശാലത എന്നിവരുടെ നേതൃത്വത്തിൽ കോട്ടയം കേന്ദ്രമായി പ്രവർത്തിച്ച സ്ത്രീ സംഘടനയാണ് 'സഹജ'. ഇതേ കാലഘട്ടത്തിൽ രൂപംകൊണ്ട മറ്റൊരു സ്ത്രീ സംഘടനയാണ് കൂടമാളൂർ സ്ത്രീപഠനകേന്ദ്രം'. മിനി സുകുമാരൻ, ഗീത ടി. എ, സതി ഇ.സി, അനിത ദാമോദരൻ, സുശീല, റാണി ഏ. ആർ എന്നിവരായിരുന്നു സ്ത്രീപഠനകേന്ദ്രത്തിന്റെ പ്രധാന പ്രവർത്തകർ. 1994ൽ തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിച്ച സംഘടനയാണ്'സ്ത്രീവേദി'. സി. എസ്. ചന്ദ്രിക, കെ. പി. എൻ. അമൃത, സജിതാ രാജൻ, സോന, പി. എം. ബിന്ദു മേനോൻ എന്നിവരായിരുന്നു 'സ്ത്രീവേദി'ക്ക് നേതൃത്വം നൽകിയിരുന്നത്. ഫെമിനിസ്റ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു കരട് രേഖ സംസ്ഥാനതലത്തിൽ അവതരിപ്പിച്ചുകൊണ്ടാ ണ്'സ്ത്രീവേദി'

അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ഇതര സ്ത്രീ സംഘടനകളിൽ നിന്നും വ്യത്യസ്തമായിരുന്നു 'സ്ത്രീപഠനകേന്ദ്ര' ത്തിന്റെയും 'സ്ത്രീവേദി'യുടെയും പ്രവർത്തനങ്ങൾ. സ്ത്രീകൾക്ക് മാത്രമായുള്ള സാഹിത്യ ക്യാമ്പുകൾ, നാടക ക്യാമ്പുകൾ, രംഗാവതരണം, പുത്രകാമേഷ്ടി യാഗത്തിനെതിരെയുള്ള പ്രതിരോധ സമരം എന്നിവയെല്ലാം കേരളത്തിൽ ആദ്യമായി നടത്തിയത് ഈ സംഘടനകളായിരുന്നു. എന്നാൽ നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള നാലോ അഞ്ചോ പേരടങ്ങുന്ന ചെറിയ സംഘം എന്നതിനപ്പുറത്തേക്ക് ഈ സംഘടനയ്ക്ക് ആൾബലമുണ്ടായിരുന്നില്ല. 'സ്ത്രീപഠന കേന്ദ്രവും' 'സ്ത്രീവേദി'യും ചെറിയ കാലത്തിനുള്ളിൽതന്നെ കാര്യമായ പ്രവർത്തനങ്ങൾ ഇല്ലാതെ നിർജ്ജീവമായി.

1993 നവംബറിൽ കെ. അജിതയുടെ നേതൃത്വത്തിൽ കോഴിക്കോട് കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ച സംഘടനയാണ് 'അന്വേഷി വിമൻസ് കൗൺസിലിംഗ് സെന്റർ'. കോഴിക്കോട് പ്രവർത്തിച്ചിരുന്ന 'ബോധന' യെന്ന സംഘടനയ്ക്ക് പകരമായി രൂപംകൊണ്ട സംഘടനയാണ് അന്വേഷി. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കുക, പീഡനത്തിന് ഇരകളായ സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ തുറന്ന് പറയാനും പരിഹാരം തേടാനും സ്വതന്ത്രമായൊരിടം എന്നീ ആശയങ്ങൾ ലക്ഷ്യം വച്ചുകൊണ്ടാണ് അന്വേഷി പ്രവർത്തിച്ചത്. 1997 ലെ ഐസ്ക്രീം പാർലർ കേസിലെ

ഇടപെടൽ അന്വേഷിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ്. "ആദ്യമായി ഒരു സ്ത്രീ സംഘടന സൈദ്ധാന്തിക സ്ത്രീപക്ഷ ചിന്തകൾക്കപ്പുറം സ്ത്രീ വിരുദ്ധവും മനുഷ്യത്വവിരുദ്ധവുമായ പ്രബലമായ ഒരു കൂട്ടുകെട്ടിനെ, രാഷ്ട്രീയവും അധോലോകവും തമ്മിലുള്ള കൂട്ടുകെട്ടിനെ പൊളിക്കാൻ രംഗത്തിറങ്ങിയ ചരിത്രം കുറിക്കുകയായിരുന്നു ഐസ്ക്രീം പാർലർ കേസിൽ".[19] ഷോർട്ട് സ്റ്റേ ഹോം, നിർഭയ ഹോം, കൗൺസിലിംഗ് സെന്റർ, ലൈബ്രറി ആന്റ് ഡോക്യുമെന്റേഷൻ സെന്റർ, തൊഴിൽ പരിശീലനം എന്നിങ്ങനെ അന്വേഷിയുടെ പ്രവർത്തനങ്ങൾ വിപുലമായി ഇന്നും തുടർന്ന് കൊണ്ടിരിക്കുന്നു. 'സംഘടിത' എന്ന പേരിൽ ഒരു മാസികയും അന്വേഷി പ്രസിദ്ധീകരിക്കുന്നുണ്ട്. 2000 ജനുവരി ഒന്ന് മുതൽ യു. എൻ ഗ്രാന്റോടുകൂടി അന്വേഷി വിമൻസ് സപ്പോർട്ട് ആൻഡ് അഡ്വക്കൻസി സെന്റർ എന്ന നിലയിൽ സംഘടനയുടെ പ്രവർത്തനങ്ങൾ വിപുലമാക്കി.

1996 ൽ തിരുവനന്തപുരം കേന്ദ്രമാക്കി ഏലിയാമ്മ വിജയന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ച സംഘടനയാണ് 'സഖി വിമൻസ് റിസോഴ്സ് സെന്റർ'. ദേശീയ–അന്തർദ്ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന സ്ത്രീ സംഘടനകൾക്ക് വിവരങ്ങൾ കൈമാറുന്ന ഒരു നെറ്റ് വർക്ക് ആയിട്ടാണ് സഖി പ്രവർത്തിക്കുന്നത്. ഇതോടൊപ്പം തന്നെ ജെന്റർ പരിശീലന പരിപാടികളും സഖി സംഘടിപ്പിക്കുന്നുണ്ട്.

1995 ൽ ഏറണാകുളം കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ച സംഘടനയാണ് 'കേരളസ്ത്രീവേദി'. കേരളത്തിൽ തുടർച്ചയായി നടന്നു കൊണ്ടിരിക്കുന്ന ലൈംഗികപീഡനകേസുകളിൽ ഇടപെടുന്ന ഒരു സ്വതന്ത്ര നെറ്റ് വർക്ക് ആയാണു 'കേരളസ്ത്രീവേദി' പ്രവർത്തിക്കുന്നത്. തുടക്കത്തിൽ കേരളത്തിലെ 11 ജില്ലകളിൽ 'കേരളസ്ത്രീവേദി' പ്രവർത്തിക്കുകയുണ്ടായി. വിവിധ മേഖലകളിലും സംഘടനകളിലും പ്രവർത്തിക്കുന്നവരായിരുന്നു 'കേരളസ്ത്രീവേദി'യിലെ അംഗങ്ങൾ. കെ. അജിത, ഏലിയാമ്മ വിജയൻ, മറിയാമ്മ കളത്തിൽ, എം. എം. ഗ്രേസി, അച്ചാമ്മ ജോൺ എന്നിവർ സംഘടനയ്ക്ക് നേതൃത്വം നൽകി. 'കേരളസ്ത്രീവേദി'യുടെ ഇടപെടലുകളിൽ പ്രധാനപ്പെട്ടതാണ് 1996 ലെ സൂര്യനെല്ലി കേസും 2004 ലെ കിളിരൂർ പെൺവാണിഭ കേസും. കേരളത്തിലെ സ്ത്രീവിമോചന പ്രസ്ഥാനങ്ങളുടെ ചരിത്രത്തിലെതന്നെ ഏറ്റവും കൂടുതൽ സ്ത്രീകൾ പങ്കെടുത്ത സമരമാണ് സൂര്യനെല്ലികേസിൽ 'കേരളസ്ത്രീവേദി'ക്ക് സംഘടിപ്പിക്കാനായത്. എന്നാൽ ആദ്യത്തെ നാലഞ്ച് വർഷങ്ങൾക്കുള്ളിൽതന്നെ 'കേരളസ്ത്രീവേദി'യുടെ സമരങ്ങളുടെ ശക്തി നഷ്ടപ്പെട്ടു. "ആൺകോയ്മക്കെതിർനിൽക്കുന്ന ഫെമിനിസം എന്ന പ്രത്യയശാസ്ത്രം ജെന്റർ എന്ന തലത്തിലേക്ക് കഴിയുന്നത്ര ന്യൂനീകരിച്ച് സർക്കാരുകൾ സജീവമായി ഏറ്റെടുക്കുന്ന ഘട്ടമായിരുന്നു ഇത്."[20]

മുസ്ലീം സ്ത്രീകളുടെ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് 1997 ൽ കോഴിക്കോട് ആരംഭിച്ച സംഘടനയാണ്'നിസ'. വി. പി. സുഹറയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'നിസ' ശൈശവവിവാഹം, വിവാഹമോചനം, ബഹുഭാര്യത്വം, പിന്തുടർച്ചാവകാശം, അറബികല്ല്യാണം, വിദേശത്തു പോയി ജോലിയെടുത്ത് വരുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ എന്നീ മേഖലകളിൽ ഇടപെടുന്നു.

ക്രിസ്ത്യൻ മതവിഭാഗത്തിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകൃതമായ സംഘടനയാണ് 'ഫോറം ഓഫ് ക്രിസ്ത്യൻ വിമൻ ഫോർ വിമൻസ് റൈറ്റ്സ്.' സ്വത്തവകാശം, സ്ത്രീ സംവരണ ബിൽ തുടങ്ങിയ മേഖലകളിലാണ് സംഘടന ഇടപെട്ട് പ്രവർത്തിക്കുന്നത്. അന്നമ്മ ജോർജ്ജ്, അന്നമ്മ ജോസഫ്, അക്കാമ പോൾ എന്നിവരാണു 'ഫോറം ഓഫ് ക്രിസ്ത്യൻ വിമൻ ഫോർ വിമൻ റൈറ്റ്സി'ന് നേതൃത്വം നൽകിയത്.

തൊണ്ണൂറുകളുടെ അവസാനമാകുമ്പോഴേക്കും കേരളത്തിൽ പ്രവർത്തിച്ചിരുന്ന സ്ത്രീ സംഘടനകളിൽ ഭൂരിഭാഗവും നിർജ്ജീവമാകാൻ തുടങ്ങി. പ്രവർത്തകർ കുറയുകയും സംഘടനാശേഷി കുറഞ്ഞ് വരികയും പ്രവർത്തിക്കേണ്ട മേഖലകൾ വിപുലമാകുകയും ചെയ്തതായിരുന്നു ഇതിന് പ്രധാന കാരണം. നവമുതലാളിത്തത്തിന്റെ രാഷ്ട്രീയാധികാരത്തോടും ധനാധികാര

ത്തോടും ഏറ്റുമുട്ടി പരാജയപ്പെടേണ്ടതായ അവസ്ഥയും ഈ കാലഘട്ടത്തിലെ സ്ത്രീവിമോചന സംഘടനകൾക്കുണ്ടായി.

## 2.10 **സ്ത്രീ സംഘടനകൾ** 1990 **കൾക്ക് ശേഷം**

കേരളീയ സ്ത്രീകളുടെ ഉയർന്ന സാക്ഷരത, തൊഴിൽ രംഗത്തും കുടുംബത്തിനകത്തും സ്ത്രീകൾ നേരിടുന്ന പീഡനങ്ങൾ, ശരീരം, ലൈംഗികത എന്നിവയെക്കുറിച്ചുള്ള നൂതന കാഴ്ചപ്പാടുകൾ എന്നിവ രണ്ടായിരമാണ്ടോടുകൂടി സമൂഹത്തിൽ ശക്തിപ്പെടാൻ തുടങ്ങി. "ഫെമിനിസം എന്ന പ്രത്യയശാസ്ത്രം ജെന്റർ എന്ന 'ആശയ'മായി സ്വീകരിക്കപ്പെടുകയും സ്ത്രീ വിമോചനം എന്ന രാഷ്ട്രീയം സ്ത്രീ ശാക്തീകരണം എന്ന ആശയത്തിലേക്ക് വഴി മാറുകയും ചെയ്ത ഒരു ദശകം കൂടിയായിരുന്നു ഇത്."[21] സർക്കാർ തലത്തിൽ സ്ത്രീകളുടെ പങ്കാളിത്തത്തെക്കുറിച്ചും ശാക്തീകരണത്തെക്കുറിച്ചുമുള്ള പരിപാടികൾ ഈ ഘട്ടത്തിൽ ആവിഷ്കരിക്കപ്പെട്ടു. "പൊതു ഫണ്ടിൽ നിന്ന് എടുക്കുന്നതിനു പകരം, വനിതാവികസന പദ്ധതിയിൽ നിന്ന് അംഗൻവാടിയിലേക്കുള്ള പോഷകാഹാരം, ഓണറേറിയം, ആർട്ട് ഫെസ്റ്റിവൽ, വീടില്ലാത്ത സ്ത്രീകൾക്ക് വീട്, വിവാഹ ധനസഹായം, അംഗവൈകല്യമുള്ള സ്ത്രീകൾക്ക് ധനസഹായം തുടങ്ങിയവയ്ക്ക് വലിയ അളവോളം തുക ചെലവഴിക്കപ്പെട്ടു. ഇത്തരത്തിൽ സാമൂഹ്യക്ഷേമ പരിപാടികളാണ് യഥാർത്ഥത്തിൽ സ്ത്രീ ശാക്തീകരണമെന്നപേരിൽ

നടപ്പിലാക്കപ്പെട്ടത്. സ്ഥായിയായ വരുമാന മാർഗ്ഗമോ ഉപജീവന മാർഗ്ഗങ്ങളോ സ്ത്രീ പദ്ധതികളിൽ അധികമുണ്ടായില്ല."[22]

2.10.1 **കുടുംബശ്രീ**

ദാരിദ്ര്യനിർമ്മാർജനത്തോടനുബന്ധിച്ച് സംസ്ഥാനതലത്തിൽ മൈക്രോ ക്രെഡിറ്റ് സംരംഭങ്ങൾ സ്ത്രീവികസന പദ്ധതിയുടെ ഭാഗമായി. ഇതിന്റെ ഭാഗമായി ദേശീയ കാർഷിക വികസന ബാങ്കിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ കേരളത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് 'കുടുംബശ്രീ'. 1999 ഏപ്രിൽ ഒന്നിന് 'കുടുംബശ്രീ' സംസ്ഥാനതലത്തിൽ പ്രവർത്തനമാരംഭിച്ചു. എന്നാൽ 'കുടുംബശ്രീ'യുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് 2000 ജൂൺ മാസത്തോടെയാണ്. കുടുംബത്തിനകത്ത് ദാരിദ്ര്യത്തിന്റെ തീക്ഷ്ണത അനുഭവിക്കുന്ന വനിതകളുടെ ശാക്തീകരണമാണ് 'കുടുംബശ്രീ' ലക്ഷ്യമിടുന്നത്. പഞ്ചായത്ത് തലത്തിൽ വിവിധ കൂട്ടായ്മകളാ(യൂണിറ്റ്)യാണ്'കുടുംബശ്രീ' പ്രവർത്തിക്കുന്നത്. ദാരിദ്ര്യ നിർമാർജനത്തിനായുള്ള സമ്പാദ്യ പദ്ധതികളും സ്വയംതൊഴിൽ പദ്ധതികളുമായാണ്'കുടുംബശ്രീ' പ്രവർത്തനം ആരംഭിച്ചത്. ഭക്ഷണശാല, കരകൗശലശാല, തൊഴിലുറപ്പ് പദ്ധതികൾ, ഭവനവായ്പ എന്നിങ്ങനെ വിവിധ പദ്ധതികൾക്ക് ഇന്ന് 'കുടുംബശ്രീ' നേതൃത്വം കൊടുക്കുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകളുമാണ് 'കുടുംബശ്രീ' പദ്ധതിയിലൂടെ മെച്ചപ്പെട്ടത്. കുടുംബത്തിനകത്ത് സാമ്പത്തികമായും നിരാലംബരായും ഒറ്റപ്പെട്ടു നിന്ന സ്ത്രീകൾക്ക് അധ്വാനത്തിലൂടെയും കൂട്ടായ്മയിലൂടെയും സ്വയം വരുമാനം കണ്ടെത്താനാകുമെന്ന തിരിച്ചറിവാണ് 'കുടുംബശ്രീ' സംസ്ഥാനതലത്തിൽ ഉണ്ടാക്കി യെടുത്തത്. പുരുഷന് ആനുപാതികമായ വരുമാനം കണ്ടെത്തുന്ന തിലൂടെ സ്ത്രീകൾ കുടുംബത്തിനകത്ത് കൂടുതൽ സ്വതന്ത്രരാകുന്നു. ദാരിദ്ര്യ നിർമ്മാർജനത്തിനായി രൂപീകരിച്ച 'കുടുംബശ്രീ' കൂട്ടായ്മകൾ ഇന്ന് സ്ത്രീ ജീവിതത്തിന്റെ സർവ്വ മണ്ഡലങ്ങളെയും സ്പർശിക്കുന്ന ജനകീയ പ്രസ്ഥാനമായി പ്രവർത്തിക്കുന്നു.

### 2.10.2 **കേരള ഫെമിനിസ്റ്റ് നെറ്റ് വർക്ക്**

രണ്ടായിരമാണ്ടിന്റെ തുടക്കത്തിൽ സ്ത്രീകൾ നേരിട്ട പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടതാണ് ആർത്തവ അശുദ്ധിയുടെ പേരിൽ പൊതുയിടങ്ങളിൽ നിന്നുണ്ടാകുന്ന അവഗണന. 2006 ൽ കന്നഡ സിനിമാതാരം ജയമാല ശബരിമലയിൽ പ്രവേശിച്ച എന്ന വാർത്തയോടെ ഉണ്ടായ ചർച്ചകൾ ഇതിന് ഉദാഹരണമാണ്. അതേ സമയം ആർത്തവത്തെക്കുറിച്ച് പൊതുയിടത്ത് സംസാരിക്കാമെന്ന സാംസ്കാരികാവസ്ഥയും കേരളത്തിലുണ്ടായി. എന്നാൽ ഇത്തരം പ്രശ്നങ്ങളിൽ മുഖ്യധാരാ സ്ത്രീവിമോചന പ്രസ്ഥാനങ്ങളുടെ കാര്യമായ

ഇടപെടലുകൾ ഉണ്ടായില്ല. ഈ സാഹചര്യത്തിലാണ് കേരളത്തിലെ പുരോഗമന ചിന്താഗതിക്കാരായ യുവഫെമിനിസ്റ്റുകളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. അതിന്റെ ഭാഗമായിരുന്നു 2008 ൽ തിരുവനന്തപുരത്ത് വച്ച് നടന്ന സംസ്ഥാനതല യുവഫെമിനിസ്റ്റ് സമ്മേളനം. രണ്ട് ദിവസങ്ങളിലായി നടന്ന സമ്മേളനത്തിൽ കാൽനൂറ്റാണ്ട് കാലത്തെ കേരളീയ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്താനും, ദളിത് ഫെമിനിസ്റ്റ് പ്രവർത്തകരും ലൈംഗിക ന്യൂനപക്ഷങ്ങളും നേരിടുന്ന വെല്ലുവിളികളെ പഠനവിധേയമാക്കാനും ശ്രമിച്ചു. മുഖ്യധാരാ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ ഇടപെടാതിരുന്ന മേഖലകളിൽ ഇടപെട്ട് പ്രവർത്തിക്കുക എന്നത് യുവഫെമിനിസ്റ്റുകൾ നേരിട്ട വെല്ലുവിളിയാണ്. ഈ സാഹചര്യത്തിലാണ്"കേരള ഫെമിനിസ്റ്റ് നെറ്റ് വർക്ക്" രൂപംകൊള്ളുന്നത്. അഡ്വ. ആശ, ഗാർഗ്ഗി, രേഷ്മ രാധാകൃഷ്ണൻ എന്നിവരാണ്" 'കേരള ഫെമിനിസ്റ്റ് നെറ്റ് വർക്കിന്'' നേതൃത്വം നൽകിയത്.

ആശയ സംവാദത്തിനും പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള ഒരു സോഷ്യൽ നെറ്റ് വർക്കായിട്ടാണ 'കേരള ഫെമിനിസ്റ്റ് നെറ്റ് വർക്ക്" പ്രവർത്തിക്കുന്നത്. കേരളത്തിനകത്തും പുറത്തുമുള്ള മലയാളി ഫെമിനിസ്റ്റുകളുടെ ആശയസംവാദങ്ങൾക്കും അതിന്റെ ഭാഗമായി

ത്രപപ്പെടുന്ന പ്രവർത്തനങ്ങളും സംഘടിപ്പിക്കാൻ 'കേരള ഫെമിനിസ്റ്റ് നെറ്റ് വർക്കിന് ' സാധിച്ചു.

'കേരള ഫെമിനിസ്റ്റ് നെറ്റ് വർക്കി'ന്റെ ഇടപെടലുകളിൽ പ്രധാനപ്പെട്ടതാണ് പയ്യന്നൂരിലെ ഓട്ടോ ഡ്രൈവറായ ചിത്രലേഖയുടെ സമരം. കുടുംബശ്രീ പദ്ധതി വഴി ഓട്ടോ ഡ്രൈവിംഗ് പരിശീലനം നേടിയ ചിത്രലേഖ പയ്യന്നൂരിൽ ഓട്ടോ ഡ്രൈവറായി. എന്നാൽ പുരുഷാധിപത്യ സമൂഹത്തിന്റെ അടിച്ചമർത്തലുകൾ ചിത്രലേഖയ്ക്ക് നേരിടേണ്ടിവന്നു. നിരന്തരമായ അടിച്ചമർത്തലുകൾ ക്കൊടുവിൽ 2004 ൽ ചിത്രലേഖ സമരവുമായി പൊതു സമൂഹത്തിലേക്കിറങ്ങി. കേരളത്തിലെ മുഖ്യധാരാ ഫെമിനിസ്റ്റ് സംഘടനകളും രാഷ്ട്രീയപാർട്ടിക്കാരും ചിത്രലേഖയുടെ സമരത്തിന് പിന്തുണ നൽകിയില്ല. ഈയൊരു സാഹചര്യത്തിലാണ് 'കേരള ഫെമിനിസ്റ്റ് നെറ്റ് വർക്ക്' സമരത്തിന് പിന്തുണ നൽകിയത്. ഇതിന്റെ ഫലമായി ഹ്യൂമൻ റൈറ്റ്സ് ആക്ടിവിസത്തിന്റെ തലത്തിൽ കേരളത്തിനകത്തും പുറത്തുമുള്ള ആക്ടിവിസ്റ്റുകളും എഴുത്തുകാരും ചേർന്ന് ചിത്രലേഖ നേരിടുന്ന പ്രശ്നങ്ങളെ പൊതുസമൂഹത്തിന് മുമ്പിൽ എത്തിക്കുകയും പ്രശ്നപരിഹാരത്തിനായി പോരാട്ടകം ചെയ്തു.

### 2.10.3 പെൺകൂട്ട്

തൊഴിലാളികൾ എന്ന നിലയിൽ പുരുഷന്മാരിൽനിന്ന് വ്യത്യസ്തമായ പ്രശ്നങ്ങളാണ് സ്ത്രീകൾ നേരിടുന്നത്. എന്നാൽ

നിലവിലുണ്ടായിരുന്ന എല്ലാ തൊഴിലാളി സംഘടനകളും പുരുഷകേന്ദ്രീകൃതവുമാണ്. അതുകൊണ്ടുതന്നെ സ്ത്രീതൊഴിലാളി കളുടെ പ്രശ്നങ്ങളിൽ തൊഴിലാളി സംഘടനകൾ കാര്യമായ ഇടപെടലുകൾ നടത്തുന്നില്ല. തൊഴിൽ രംഗത്ത് സുരക്ഷിതത്വമോ പുരഷന് ആനുപാതികമായ വേതനമോ സ്ത്രീക്ക് ലഭിക്കുന്നില്ല. ഈയൊരു സാഹചര്യത്തിലാണ് അസംഘടിതരായ സ്ത്രീതൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് വിജി പി.യുടെ നേതൃത്വത്തിൽ പെൺകൂട്ട് എന്ന സംഘടന പ്രവർത്തനം ആരംഭിക്കുന്നത്. 2009 ൽ കോഴിക്കോട് മിഠായിത്തെരുവ് കേന്ദ്രമാക്കിയാണ് പെൺകൂട്ട് അവരുടെ സംഘടനാപ്രവർത്തനം തുടങ്ങിയത്.

അസംഘടിതമേഖലയിലെ സ്ത്രീതൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നതാണു പെൺകൂട്ടിന്റെ പ്രവർത്തനലക്ഷ്യം. മിഠായിത്തെരുവിലെ വിവിധ കടകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് മൂത്രപ്പുര എന്ന ആവശ്യം മുന്നോട്ടുവെച്ചാണു പെൺകൂട്ട് അതിന്റെ സംഘടനാപ്രവർത്തനം ആരംഭിച്ചത്. പെൺകൂട്ട് എന്ന സംഘടന ഈ വിഷയം ഉന്നയിക്കുന്നതുവരെ സ്ത്രീതൊഴിലാളികൾ ആരുംതന്നെ അത് തങ്ങളുടെ പ്രാഥമിക അവകാശമാണെന്ന് തിരിച്ചറിഞ്ഞിരുന്നില്ല. നാനൂറോളം സ്ത്രീകൾ പണം കൊടുത്ത് ഉപയോഗിച്ചിരുന്ന ഗ്രാന്റ് ബസാറിലെ മൂത്രപ്പുര അടച്ചതായിരുന്നു പെട്ടെന്നുള്ള സമരകാരണം. സമരം ശക്തമായപ്പോൾ

വ്യാപാരിവ്യവസായി സംഘടനാനേതാക്കൾ നിഷേധാത്മകമായ നിലപാടാണ് സ്ത്രീ തൊഴിലാളികളോട് കാണിച്ചത്. ഇതേ തുടർന്ന് ആയിരക്കണക്കിനുപേർ ഒപ്പിട്ട നിവേദനം കോർപ്പറേഷന് നൽകി. എന്നാൽ ലേബർ ഓഫീസറോട് പറയാനായിരുന്നു കോർപ്പറേഷന്റെ മറുപടി. തുടർന്ന് പെൺകൂട്ട് പ്രവർത്തകരുടെ നേതൃത്വത്തിൽ ഗ്രാന്റ് ബസാറിലേക്ക് റാലി നടത്തി. ഇതിൽ കെ. അജിതയടക്കമുള്ളവർ പങ്കെടുത്തു എന്നത് ശ്രദ്ധേയമാണ്. ഇതിന്റെ ഫലമായി അന്നത്തെ കളക്ടർ പി. ബി. സലീമും ഹെൽത്ത് ഇൻസ്പെക്ടറും ഇടപെട്ടുകൊണ്ട് ഇ–ടോയ് ലെറ്റുകൾ നിർമ്മിച്ചു നൽകാൻ നിർദ്ദേശം നൽകി. കൂടാതെ വ്യവസായ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിക്കാൻ സ്ക്വാഡുകൾക്കും രൂപം നൽകി. ഗ്രാന്റ് ബസാറിലെ അടച്ചുപൂട്ടിയ മൂത്രപ്പുരയും പെൺകൂട്ടിന്റെ ഇടപെടലുകൾമൂലം തുറന്നു. ഇതാണ് പെൺകൂട്ട് എന്ന സംഘടനയുടെ ആദ്യ രാഷ്ട്രീയ വിജയം.

2012–ലെ വനിതാദിനത്തിൽ പൊതുയിടങ്ങളിലെ പൂവാലന്മാരെ പിടികൂടാനായി പെൺകൂട്ട് പ്രവർത്തകർ രംഗത്തിറങ്ങി. എന്നാൽ ഇവർക്കെതിരെ പുരുഷന്മാർ രംഗത്ത് വരികയും പ്രശ്നം സംഘർഷാവസ്ഥയിലേക്ക് എത്തുകയും പെൺകൂട്ട് പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇതിനെതിരെ ശക്തമായ പ്രതിഷേധപ്രകടനം പെൺകൂട്ട് നടത്തി.

പെൺകൂട്ടിന്റെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു കോഴിക്കോട് കൂപ്പൺ മാളിനെതിരെ നടന്ന സമരം. 2013 ൽ കൂപ്പൺ മാൾ ലാഭകരമല്ല എന്ന് പറഞ്ഞ് ഉടമസ്ഥർ അടച്ചുപൂട്ടാൻ തീരുമാനിച്ചു. ഒരു സ്ഥാപനം അടച്ചുപൂട്ടുന്നതിന് 15 ദിവസം മുമ്പെങ്കിലും തൊഴിലാളികളെ ഈ വിഷയം രേഖാപൂർവ്വം അറിയിക്കണം എന്നതാണ് നിയമം. എന്നാൽ കൂപ്പൺ മാൾ വിഷയത്തിൽ ഇതൊന്നും നടന്നിരുന്നില്ല. തന്മൂലം നിരവധിപേർക്ക് ജോലി നഷ്ടമാകുന്ന സാഹചര്യം ഉണ്ടായി. എന്നാൽ പെൺകൂട്ട് ഈ വിഷയത്തിൽ ഇടപെടുകയും തൊഴിലാളികളുടെ വേതനവും ആനുകൂല്യങ്ങളും നേടിയെടുക്കുകയും ചെയ്തു.

കോഴിക്കോട് കോർപ്പറേഷനിലെ കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ വിഷയത്തിലും പെൺകൂട്ട് ഇടപെടുക യുണ്ടായി. അതിന്റെ ഫലമായി പതിനാറു വർഷമായി വെറും 1500 രൂപയ്ക്ക് ജോലി ചെയ്യേണ്ടിവന്നിരുന്ന തൊഴിലാളികൾക്ക് സർക്കാർ തൊഴിലാളി സ്ഥാനം ലഭിച്ചു.

പെൺകൂട്ടിന്റെ പ്രവർത്തനങ്ങൾ വിപുലമായതിന്റെ അടയാളപ്പെടുത്തലായിരുന്നു 2017 ഒക്ടോബറിൽ നിലവിൽവന്ന പെൺകൂട്ട് മീഡിയ കളക്റ്റീവ് എന്ന ചാനൽ. വ്യത്യസ്തമായ സ്ത്രീ സമൂഹത്തിന്റെയും സ്ത്രീതൊഴിലാളികളുടെയും പ്രശ്നങ്ങളും അവരുടെ രാഷ്ട്രീയ നിലപാടുകളും പൊതുസമൂഹത്തിനുമുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യമാണ് പെൺകൂട്ട് മീഡിയ കളക്റ്റീവിനുള്ളത്. വിജി. പി,

ഗാർഗി, ചിത്തിര, നസീമ എന്നിവരാണ് ഇതിന് നേതൃത്വം നൽകിയത്. ജെ. ദേവിക, രേഖാരാജ്, ഗീതാനന്ദൻ തുടങ്ങിയവർ ഇതിന്റെ ഭാഗമായി പ്രവർത്തിച്ചിരുന്നു.

അസംഘടിതമേഖലയിലെ സ്ത്രീതൊഴിലാളികളെ സംഘടിതരാക്കാനുംഅവരുടെ അവകാശങ്ങളെ നേടിയെടുക്കാനും വിജിയുടെയും പെൺകൂട്ടിന്റെയും പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്. എങ്കിലും പെൺകൂട്ട് ഉന്നയിച്ച പല പ്രശ്നങ്ങളും ഇപ്പോഴും കേരളത്തിൽ എല്ലായിടത്തും പരിഹരിക്കപ്പെട്ടിട്ടില്ല. പല തൊഴിൽ സ്ഥാപനങ്ങളിലും ഇപ്പോഴും സ്ത്രീകൾക്ക് അവരുടെ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളില്ല. തൊഴിൽ വേളകൾക്കിടയിൽ ഇരിക്കാനുള്ള അവകാശമടക്കമുള്ള സർക്കാരിന്റെ പല പ്രഖ്യാപനങ്ങളും പല കടയുടമകളും നടപ്പാക്കുന്നില്ല. പെൺകൂട്ടുമായി ചേർന്ന് വിജി നടത്തിയ പോരാട്ടങ്ങളെ അഭിനന്ദിച്ചുകൊണ്ട് ബിബിസി 2018 നവംബർ 19 ന് ലോകത്തെ സ്വാധീനിച്ച നൂറു വനിതകളിൽ ഒരാളായി വിജിയെ തെരഞ്ഞെടുത്തു.

### 2.10.4 അസംഘടിത മേഖലാ തൊഴിലാളി യൂണിയൻ (എ. എം. ടി. യു)

കേരളത്തിന്റെ വ്യാവസായിക–സേവന മേഖലയിൽ പകുതിയോളം സ്ത്രീകളുടെ പങ്കാളിത്തമാണ്. എന്നാൽ തൊഴിൽ മേഖലയിൽ പുരുഷന് ആനുപാതികമായ ശമ്പളമോ നീതിയോ സ്ത്രീക്ക്

ലഭിക്കുന്നില്ല. വനിതാ തൊഴിലാളികൾ സംഘടിതരാവത്തതാണ് ഇതിന് കാരണം. നിലവിലുള്ള ട്രേഡ് യൂണിയനുകൾ സ്ത്രീകളുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുന്നില്ല. അതുകൊണ്ടുതന്നെ വ്യാവസായിക–സേവന മേഖലയിൽ സ്ത്രീകൾ ചൂഷണത്തിന് ഇരയാകുന്നു. തൊഴിൽരംഗത്തെ സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരളത്തിൽ നിലവിൽ വന്ന ആദ്യത്തെ വനിതാ ട്രേഡ് യൂണിയനാണ്'അസംഘടിത മേഖലാ തൊഴിലാളി യൂണിയൻ' (എ. എം. ടി. യു). അലക്ക് തൊഴിലാളികൾ, പാക്കിംഗ് തൊഴിലാളികൾ, ശുചീകരണ തൊഴിലാളികൾ, നേഴ്സുമാർ എന്നിങ്ങനെയുള്ള അസംഘടിത മേഖലയിലെ വനിതാ തൊഴിലാളികളാണ് എ. എം. ടി.യു വിലെ അംഗങ്ങൾ. 2012 മുതൽ എ. എം. ടി. യു കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും 2015 ലാണ് ഒരു രജിസ്ട്രേഡ് ട്രേഡ് യൂണിയനായി മാറുന്നത്. വിജി. പി, പി. മായാദേവി എന്നിവരാണ് എ. എം. ടി. യുവിന് നേതൃത്വം നൽകുന്നത്.

എം. എം. ടി. യു വ്യാവസായിക മേഖലയിൽ ഉന്നയിച്ച ആദ്യത്തെ പ്രശ്നം തൊഴിൽ രംഗത്തെ സുരക്ഷയും തുല്യവേതനവുമാണ്. ദിവസകൂലി നിരക്കിലും കോൺട്രാക്റ്റ് നിരക്കിലും ജോലി ചെയ്യുന്ന സ്ത്രീകളുടെ കണക്കുകൾ ലേബർ വകുപ്പിന്റെ രേഖകളിൽ പോലും ഇല്ല. പലർക്കും 12 മണിക്കൂർ വരെ ജോലിയെടുക്കേണ്ടതായ സാഹചര്യവും ഉണ്ട്. എന്നിട്ടും വനിതാ തൊഴിലാളികൾക്ക് ലഭിക്കുന്ന അടിസ്ഥാന ശമ്പളം നാലായിരമോ അയ്യായിരമോ ആയി ചുരുങ്ങി പോകുന്നു.

ഇതിനെതിരെ എ. എം. ടി. യു നിരന്തരമായി സമരം ചെയ്തു. അതിന്റെ ഫലമായി അസംഘടിത മേഖലയിലെ തൊഴിലാളികളുടെ അടിസ്ഥാനശമ്പളം 7200 വരെ ആക്കി ഉയർത്താൻ വ്യാവസായികൾ തയ്യാറായി.

എ. എം. ടി. യു വിന്റെ നേതൃത്വത്തിൽ കേരളത്തിൽ നടന്ന വ്യത്യസ്തമായ സമരമാണ് ഇരിപ്പുസമരം. ടെക്സ്റ്റൈൽസ് തൊഴിലാളികളായ വനിതകൾ നടത്തിയ സമരമാണു ഇരിപ്പുസമരം. മറ്റേത് തൊഴിലാളി സമരത്തിൽ നിന്നും ഇരിപ്പുസമരം വ്യത്യസ്തമാകുന്നത് അത് ഉയർത്തി പിടിക്കുന്ന രാഷ്ട്രീയം തൊഴിൽ പ്രശ്നം എന്നതിലുപരി മനുഷ്യന്റെ നിലനിൽപ്പിന്റെ പ്രശ്നമാകുന്നു എന്നുള്ളിടത്താണ്. ഇരിക്കാനുള്ളത് ഒരു തൊഴിലാളിക്കുള്ള അവകാശമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് കസേര തലയിലേന്തികൊണ്ട് പെൺകൂട്ട് പ്രവർത്തകരും എ. എം. ടി. യു അംഗങ്ങളും ചേർന്ന് കോഴിക്കോട് നഗരത്തിൽ പ്രകടനം നടത്തി. മണിക്കൂറുകളോളം ടെക്സ്റ്റൈൽസ് നിന്ന് ജോലി ചെയ്യേണ്ടി വരുന്ന സ്ത്രീകൾക്ക് ജോലി സമയത്തിനിടയ്ക്ക് ഇരിക്കാനുള്ള അവകാശത്തിനുവേണ്ടിയാണ് എ. എം. ടി. യു ഇരിപ്പുസമരം നടത്തിയത്. അതിനുപുറമേ വിശ്രമമില്ലാതെയുള്ള പതിനൊന്ന് മണിക്കൂറോളമുള്ള തൊഴിൽ, പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള വിലക്കും സൗകര്യങ്ങളുടെ അഭാവവും, ഹോസ്റ്റൽ സൗകര്യങ്ങളിലെ വിവേചനവും മനുഷ്യാവകാശ

ലംഘനങ്ങളും, വേതനത്തിലുള്ള വിവേചനം, ഞായറാഴ്ചകൾ അടക്കമുള്ള അവധി ദിവസങ്ങൾ നിഷേധിക്കൽ, നിർബന്ധപൂർവ്വമുള്ള ഓവർ ടൈം ഡ്യൂട്ടികൾ, ലിഫ്റ്റ് ഉപയോഗിക്കുന്നതിനുള്ള വിലക്ക് എന്നീ പ്രശ്നങ്ങൾക്ക് എതിരെയുമാണ് എ. എം. ടി. യു ഇരിപ്പ് സമരം ആരംഭിച്ചത്. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ പിന്തുണയില്ലാതെ വന്നപ്പോഴാണ് എ. എം. ടി. യു ഇരിപ്പുസമരത്തിനു നേതൃത്വം നൽകിയത്. 1960 ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഷ്യൽ എംപ്ലേയ്മെന്റ് ആക്ട് അപര്യാപ്തമാണെന്ന് ചൂണ്ടികാണിച്ചാണ് എ. എം. ടി. യു സമരം നടത്തിയത്. 2015 ജൂണിൽ കോഴിക്കോട് മിഠായിത്തെരുവിലാണ് സമരത്തിന് തുടക്കം കുറിച്ചത്. 80 ദിവസം നീണ്ടുനിന്ന സമരത്തിനൊടുവിൽ എ. എം. ടി.യുവിനു കേരള ഷോപ്പ്സ് ആന്റ് കൊമേഷ്യൽ എംപ്ലോയ്മെന്റ് ആക്ട് ഭേദഗതി ചെയ്യാൻ സാധിച്ചു. ഇതിന്റെ ഫലമായി സ്ത്രീകൾക്ക് ജോലി സമയത്ത് ഇരിക്കാനുള്ള സ്വാതന്ത്ര്യം ലഭിച്ചു. മറ്റേത് തൊഴിലാളി സമരത്തിൽ നിന്നും ഇരിപ്പ് സമരം വ്യത്യസ്തമാകുന്നത് സമരത്തിനായി തിരഞ്ഞെടുത്ത മാർഗ്ഗത്തിലാണ്. നിന്ന് ജോലിയെടുക്കുന്ന സ്ത്രീകൾ ഇരിക്കാനുള്ള അവകാശത്തിനായി പോരാടിയപ്പോൾ സമരത്തിന്റെ മാതൃക 'ഇരിക്കൽ' ആക്കി മാറ്റി. കേരളത്തിലെ വസ്ത്രമേഖലയിലെ കുത്തകക്കാരായ കല്യാൺ സിൽക്സ്, സീമാസ് തുടങ്ങിയ സ്ഥാപനങ്ങളിലെ കടുത്ത തൊഴിലാളി ചൂഷണങ്ങളും മനുഷ്യാവകാശ നിഷേധങ്ങളും പൊതുസമൂഹത്തിന് മുമ്പിൽ എത്തിക്കുകയും മുഖ്യധാരാ

മാധ്യമങ്ങളുടെ കോർപ്പറേറ്റ് ദാസ്യത്തെ തകർത്തെറിയാനും ഇരുപ്പ് സമരത്തിലൂടെ എ. എം. ടി. യു എന്ന സ്ത്രീ മുന്നേറ്റ പ്രസ്ഥാനത്തിനു സാധിച്ചു.

എ. എം. ടി. യു വിന്റെ സംഘടനാ പ്രവർത്തനങ്ങളിൽ പങ്കാളിയായി എന്നതിന്റെ പേരിൽ തൃശ്ശൂർ കല്യാൺ സാരീസിലെ 6 തൊഴിലാളികൾക്കെതിരെ സ്ഥാപനം നടപടിയെടുത്തു. ഈ അനീതിക്കെതിരെ ശബ്ദമുയർത്തികൊണ്ടാണ് അസംഘടിതമേഖലാ തൊഴിലാളി യൂണിയന്റെ (എ. എം. ടി. യു) നേതൃത്വത്തിൽ 2015 ഡിസംബർ 30 നു ഇരിപ്പു സമരത്തിന്റെ രണ്ടാംഘട്ടം ആരംഭിച്ചത്. സമരത്തിൽ പങ്കെടുത്തവരെ സ്ഥാപനത്തിൽനിന്നും പുറത്താക്കുകയല്ല മാനേജ്മെന്റ് ചെയ്തത്. മറിച്ച് തൃശ്ശൂർ ജില്ലയിൽ കുടുംബമായികഴിയുന്ന തൊഴിലാളികളിൽ അഞ്ചുപേരെ തിരുവനന്തപുരത്തേക്കും ഒരാളെ കണ്ണൂരിലേക്കും സ്ഥലം മാറ്റി. കേവലം 5000 രൂപയ്ക്ക് അവിടെ പോയി ജോലി ചെയ്യുക എന്നത് ഇവർക്ക് അസാധ്യമായിരുന്നു. അതിനാൽ ഇവർ താനേ ജോലിയിൽനിന്ന് പിരിഞ്ഞു പോകുമെന്നാണ് മാനേജ്മെന്റ് കരുതിയത്. അങ്ങനെ തൃശ്ശൂർ കല്യാൺ സിൽക്സിനു മുന്നിൽ എ. എം. ടി. യു പ്രവർത്തകർ ഇരിപ്പ് സമരം തുടങ്ങി. ഇന്ത്യയിലെ തന്നെ കുത്തക കമ്പനികളിൽ ഒന്നായ കല്യാണിനെതിരെ സമരത്തിൽ പങ്കാളികളാകാൻ ഇതര ട്രേഡ് യൂണിയനുകളോ രാഷ്ട്രീയ പാർട്ടികളോ തയ്യാറായില്ല. മുഖ്യധാരാമാധ്യമങ്ങൾ സമരത്തെ

പൂർണ്ണമായും നിരാകരിച്ചു. എന്നാൽ സാമൂഹ്യ മാധ്യമങ്ങൾ സമരത്തെ ഏറ്റെടുത്തു. അതേത്തുടർന്ന് കേരളത്തിലങ്ങോളമുള്ള വനിതാപ്രവർത്തകരും മനുഷ്യാവകാശപ്രവർത്തകരും സമര സംഘടനകളും രംഗത്തെത്തി. സാറാ ജോസഫ്, സൈമൺ ബ്രിട്ടോ, വി. ടി. ബൽറാം തുടങ്ങി നിരവധിപേർ സമരത്തിനു പിന്തുണയേകി. 90 ദിവസം നീണ്ടുനിന്ന സമരത്തിനൊടുവിൽ ആറു ജീവനക്കാരെയും മാനേജ്മെന്റ് തിരിച്ചെടുക്കുകയും സമരകാലത്തെ മുഴുവൻ വേതനവും ആനുകൂല്യങ്ങളും നൽകുകയും ചെയ്തു. കൂടാതെ മുഴുവൻ തൊഴിലാളികളുടെയും വേതനം വർദ്ധിപ്പിക്കുകയും ചെയ്തു.

ഇരിപ്പുസമരത്തിന്റെ അനുരണങ്ങൾ കേരളം മുഴുവൻ വ്യാപിച്ചു. അതിന് തെളിവാണ് 2015 ആഗസ്റ്റിൽ ആലപ്പുഴയിലെ സീമാസിനെതിരെ ഒരു ട്രേഡ് യൂണിയന്റെയും സഹായമില്ലാതെ നടന്ന സമരം. എന്നാൽ പിന്നീട് സി. ഐ. ടി. യു സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ഡോ. തോമസ് ഐസക്ക്, ജി. സുധാകരൻ എന്നിവർ സമരത്തെ പിന്തുണച്ച് രംഗത്തെത്തി. സമരത്തിനൊടുവിൽ കൂലി വർദ്ധനവ്, ബോണസ്സ്, അവധി ദിനങ്ങൾ എന്നീ ആവശ്യങ്ങൾ മാനേജ്മെന്റ് അംഗീകരിച്ചു. കേരളത്തിൽ പലയിടത്തും അലയടിച്ച ഇരിപ്പുസമരങ്ങളുടെ ഫലമായി 2018 ജൂലൈയിൽ സർക്കാർ അസംഘടിത തൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് ഇരിക്കുവാനുള്ള അവകാശം നിയമപരമായി നൽകാൻ തീരുമാനിച്ചു. കേരളീയ സമൂഹത്തിൽ ലിംഗസമത്വമോ ലിംഗ

നീതിയോ പൂർണ്ണമായും ലഭ്യമാവാത്ത സാരചര്യത്തിലാണ് ഇരിപ്പുസമരം എന്ന ആശയത്തിന് പ്രസക്തിയേറുന്നത്.

## 2.10.5 ലൈംഗികതൊഴിലാളികളും സംഘടനാപ്രവർത്തനങ്ങളും

പണത്തിനുവേണ്ടി ലൈംഗികബന്ധത്തിൽ ഏർപ്പെടുന്ന വരെയാണ് ലൈംഗികതൊഴിലാളികൾ എന്ന് വിളിക്കുന്നത്. സ്ത്രീകൾക്കു പുറമേ ട്രാൻസ്ജെന്ററുകളും ലൈംഗിക തൊഴിലിൽ ഏർപ്പെടാറുണ്ട്. ചരിത്രത്തിലെതന്നെ ഏറ്റവും പുരാതനമായ തൊഴിൽ എന്ന് ലൈംഗികതൊഴിൽ അറിയപ്പെടുന്നു. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ലൈംഗികതൊഴിലാളികളെ കാണാം. പല രാജ്യങ്ങളിലും ലൈംഗികതൊഴിൽ നിയമം മൂലം നിരോധിച്ചിട്ടു ണ്ടെങ്കിലും അനേകം രാജ്യങ്ങളിൽ ഇത് നിയമപരമായി അനുവദിനീയമാണ്. സെക്സ് ടൂറിസത്തെ രാജ്യത്തിന്റെ വരുമാന സ്രോതസ്സായി കാണുന്ന രാജ്യങ്ങളുമുണ്ട്. തായ് ലൻഡ്, ഫിലിപ്പിൻസ്, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിൽ ലൈംഗികതൊഴിൽ വിദേശനാണ്യം നേടുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. എങ്കിലും ലോകത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും സമൂഹത്തിന്റെ പൊതുയിടങ്ങളിൽനിന്ന് മാറ്റി നിർത്തപ്പെട്ടവരാണ് ലൈംഗികതൊഴിലാളികൾ. പ്രത്യേകിച്ച് കേരളത്തിൽ.

സെക്സിനെ ഒരു തൊഴിൽ സാധ്യതയായി കണ്ടിട്ടല്ല സ്ത്രീകൾ ലൈംഗികതൊഴിലിലേക്ക് ഇറങ്ങുന്നത്. ജീവിതസാഹചര്യമാണു

അതിന് കാരണം. "തലകൊണ്ട് ജോലി ചെയ്യുന്ന ഒരു ശാസ്ത്രജ്ഞനും, വാ കൊണ്ട് പഠിപ്പിക്കുന്ന ഒരു അധ്യാപകനും, കായികമായി അധ്വാനിക്കുന്ന ഒരു കൃഷിക്കാരനെയും പോലെ ശരീരംകൊണ്ട് ജോലി ചെയ്യുന്നവർതന്നെയാണ് ലൈംഗികതൊഴിലാളികൾ."[23] പുരുഷാധിപത്യ സമൂഹമാണ് സ്ത്രീകളെ ലൈംഗിക തൊഴിലിലേക്ക് പ്രേരിപ്പിക്കുന്നതും കൊണ്ടെത്തിക്കുന്നതും. എന്നാൽ ലൈംഗിക തൊഴിലിൽ പിടിക്കപ്പെടുന്ന സ്ത്രീ സമൂഹത്തിൽ നിന്നും നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ പങ്കാളിയായ പുരുഷന് നേരിടേണ്ടിവരുന്നില്ല. പുരുഷൻ അന്യസ്ത്രീകളുമായി ശാരീരികബന്ധത്തിലേർപ്പെടുന്നത് ഒരു വലിയ കാര്യമായി കരുതുകയും അതേസമയം ലൈംഗികതൊഴിലാളിയായ സ്ത്രീയെ തെറ്റുകാരിയായി ചിത്രീകരിക്കുകയും ചെയ്യുന്ന പ്രവണത യാഥാസ്ഥിതികമോ പുരുഷാധിപത്യപരമോ ആയ സമൂഹത്തിന്റെ പൊതുസ്വഭാവമാണ്. ഇത്തരമൊരു സാഹചര്യമാണ് ലൈംഗിക തൊഴിലാളികളെ സംഘടിതരാക്കാൻ പ്രേരിപ്പിച്ചത്.

1996 ൽ രൂപീകൃതമായ 'വനിതാസൊസൈറ്റി'യാണ് കേരളത്തിലെ ആദ്യ സെക്സ് വർക്കേഴ്സ് സംഘടന. ലൈംഗിക തൊഴിലാളികളായ സരോജിനി, ചന്ദ്രിക എന്നിവരുടെ നേതൃത്വത്തിൽ കോഴിക്കോട് ബംഗ്ലാദേശ് കോളനി കേന്ദ്രീകരിച്ചാണ് 'വനിതാസൊസൈറ്റി' പ്രവർത്തിച്ചത്. ലൈംഗികതൊഴിലാളികൾക്ക് അവരുടെ പ്രശ്നങ്ങൾ തുറന്ന് പറയാനും പരിഹരിക്കാനും ഒരിടം എന്ന

ലക്ഷ്യത്തോടെയാണ്'വനിതാസൊസൈറ്റി' പ്രവർത്തിച്ചത്. സംഘടനയിലൂടെ അവകാശങ്ങൾ ഉന്നയിക്കാനും അതിക്രമങ്ങൾ ക്കെതിരെ പ്രതികരിക്കാനും ലൈംഗിക തൊഴിലാളികൾക്ക് ഇതോടെ സാധിച്ചു. എന്നാൽ സ്ഥിരമായി ഒരു കെട്ടിടത്തിൽനതന്നെ നിലനിൽക്കാൻ സാധിക്കാത്തത്കൊണ്ടും തൊഴിലിന്റെ ഭാഗമായി ഒരിടത്തുതന്നെ നിലയുറപ്പിക്കാത്തതും സംഘടനയുടെ തകർച്ചയ്ക്ക് കാരണമായി. 2004 ൽ സംഘടനയുടെ പ്രവർത്തനങ്ങൾ പൂർണ്ണമായും നിലച്ചു.

## 2.10.6 കേരള സെക്സ് വർക്കേഴ്സ് ഫോറം

വിവിധ പ്രദേശങ്ങളിലെ ലൈംഗിക തൊഴിലാളികളെ സംഘടിതരാക്കുക എന്ന ലക്ഷ്യത്തോടെ 1996 ൽ കോഴിക്കോട് കേന്ദ്രമായി പ്രവർത്തനം ആരംഭിച്ച സംഘടനയാണ്'കേരള സെക്സ് വർക്കേഴ്സ് ഫോറം'. കോഴിക്കോട് സരോജിനിയുടെ നേതൃത്വത്തിലും എറണാകുളത്ത് ലിസിയുടെ നേതൃത്വത്തിലും തിരുവനന്തപുരത്ത് തങ്കമണിയുടെ നേതൃത്വത്തിലുമായാണ്'കേരള സെക്സ് വർക്കേഴ്സ് ഫോറം' അതിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചത്.

എച്ച്. ഐ. വി (HIV)ബാധ കേരളത്തിലും പടർന്നതോടെ അതിന്റെ കാരണക്കാരായി സമൂഹം വേട്ടയാടിയത് ലൈംഗിക തൊഴിലാളികളെയാണ്. ഈയൊരു സാഹചര്യത്തിൽ എച്ച്. ഐ. വി. ബോധവൽക്കരണം നടത്തേണ്ടത് അത്യാവശ്യമാണെന്ന് സെക്സ്

വർക്കേഴ്സ് സംഘടനകൾക്ക് ബോധ്യപ്പെട്ടു. ഇതിന്റെ ഭാഗമായി കേരള സെക്സ് വർക്കേഴ്സ് ഫോറവും ആക്റ്റിവിസ്റ്റുകളും ചേർന്ന് എച്ച്. ഐ. വി ബോധവൽക്കരണ ക്ലാസുകൾ വിവിധയിടങ്ങളിലായി സംഘടിപ്പിച്ചു. എൻ. ജി. ഒ സംഘടനയായ 'സംഗമ'യുടെ സാമ്പത്തിക സഹായം ഈ ഘട്ടത്തിൽ 'കേരള സെക്സ് വർക്കേഴ്സ് ഫോറം' ത്തിന് ലഭിച്ചു. എന്നാൽ തുടർ പ്രവർത്തനങ്ങളെ മുന്നോട്ടു കൊണ്ട് പോകാനാവാതെ 2009 ൽ സംഘടന പിരിച്ച് വിടേണ്ടതായി വന്നു. പിന്നീട് 2000 മുതൽ നളിനി ജമീലയുടെ നേതൃത്വത്തിൽ 'കേരള സെക്സ് വർക്കേഴ്സ് ഫോറം' വീണ്ടും പ്രവർത്തിക്കാൻ തുടങ്ങി. നളിനി ജമീലയുടെ ഇടപെടലുകളിലൂടെ ഈ സംഘടന പൊതു ശ്രദ്ധ നേടാൻ തുടങ്ങി.

### 2.10.7 ജ്വാലാമുഖി

1998 ൽ തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന സെക്സ് വർക്കേഴ്സ് സംഘടനയാണ് ജ്വാലാമുഖി.' ത്രേസ്യാമ്മ, ലളിത എന്നിവരാണ് ഇതിന് നേതൃത്വം നൽകിയത്. തുടക്കത്തിൽ 35 പേർ മാത്രം അംഗങ്ങളായിരുന്ന ഒരു ചെറു സംഘടനയായിരുന്നു 'ജ്വാലാമുഖി'. എന്നാൽ 1999 ആയപ്പോഴേക്കും അംഗസംഖ്യ 200 ആയി വർദ്ധിച്ചു.

വിവിധ ഇടങ്ങളിലായി ജോലി ചെയ്യുന്ന ലൈംഗിക തൊഴിലാളികൾ ഒരുമിച്ച് നിന്ന് തൊഴിൽ പ്രശ്നങ്ങളിൽ ഇടപെടുക,

കൂലിയുടെ കാര്യത്തിൽ ഏകീകൃത സ്വഭാവം കൈവരിക്കുക, പോലീസിന്റെയും ഗുണ്ടകളുടെയും അക്രമത്തിനെതിരെ പ്രതികരിക്കുക എന്നിവയായിരുന്നു 'ജ്വാലാമുഖി' യുടെ പ്രവർത്തനലക്ഷ്യങ്ങൾ. 'ജ്വാലാമുഖി'യിൽ പങ്കാളികളാകുന്ന അംഗങ്ങൾ 'ജ്വാലാമുഖി'കൾ എന്ന് അറിയപ്പെട്ടു.

രണ്ടായിരമാണ്ടിന്റെ അവസാനത്തിലാണ് ഒരു തൊഴിൽ സംഘടന എന്ന നിലയിൽ 'ജ്വാലാമുഖി' പൊതുയിടങ്ങളിൽ അവകാശസമരവുമായി എത്തിയത്. ഇതിന്റെ ഭാഗമായി തൃശ്ശൂർ മുൻസിപ്പാലിറ്റിയുടെ മുന്നിൽ സെക്സ് വർക്കറായ നളിനി ജമീലയുടെ നേതൃത്വത്തിൽ ഒരു പൊതുപരിപാടി സംഘടിപ്പിച്ചു. പോലീസ് റൈഡിൽ ലൈംഗികതൊഴിലാളികളായ സ്ത്രീകൾ മാത്രം പിടിക്കപ്പെടുകയും പിഴ നൽകേണ്ടതായും വരുന്നതിനെതിരെ 'ജ്വാലാമുഖി'കൾ പൊതുവേദിയിൽ പ്രസംഗിച്ചു. നളിനി ജമീലയുടെ നേതൃത്വത്തിൽ നടന്ന പൊതുപരിപാടി ലൈംഗിക തൊഴിലാളികളുടെ മാത്രമല്ല, കേരള ചരിത്രത്തിന്റെ തന്നെ പുതിയൊരു സാംസ്കാരിക മുന്നേറ്റമായി കരുതാം.

എൻ. ജി. ഒ സംഘടനയായ 'സംഗമ'യുടെ സാമ്പത്തികസഹായം തുടക്കത്തിൽ 'ജ്വാലാമുഖി'ക്ക് ലഭിച്ചിരുന്നു. എന്നാൽ 2004 ആയപ്പോഴേക്കും സംഘടനയ്ക്ക് തുടർപരിപാടികൾ നടത്താനോ അംഗങ്ങളെ ഏകോപിപ്പിക്കാനോ കഴിയാതെ പിരിച്ചുവിടേണ്ടതായി വന്നു. 2006 ൽ 'സ്വയംജ്വാല' എന്ന പേരിൽ

നളിനി ജമീലയുടെയും സൗമിനിയുടെയും നേതൃത്വത്തിൽ കോഴിക്കോട് ബംഗ്ലാദേശ് കോളനി കേന്ദ്രീകരിച്ച് ജ്വാലാമുഖി വീണ്ടും പ്രവർത്തിക്കാൻ തുടങ്ങി. പക്ഷേ 2009 ൽ 'സ്വയംജ്വാല'യുടെയും പ്രവർത്തനങ്ങൾ നിന്നു. സാമൂഹിക പ്രവർത്തകരായ ഡോ. ജയശ്രീയുടെയും മൈത്രേയന്റെയും സഹായസഹകരണങ്ങൾ 'ജ്വാലാമുഖി'ക്ക് ലഭിച്ചിരുന്നു.

### 2.10.8 അനസൂയ

'ജ്വാലാമുഖി'യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല എന്ന പ്രവർത്തകരുടെ ആരോപണത്തെ തുടർന്ന് 2002 ൽ പ്രവർത്തനം ആരംഭിച്ച സംഘടനയാണ് 'അനസൂയ'. തങ്കമണിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം ആസ്ഥാനമാക്കിയാണ് 'അനസൂയ' പ്രവർത്തിച്ചത്. തൃശ്ശൂർ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ലൈംഗിക തൊഴിലാളികളെ ഉൾപ്പെടുത്തി കൊണ്ടായിരുന്നു 'അനസൂയ'യുടെ പ്രവർത്തനങ്ങൾ. ലൈംഗിക തൊഴിലാളികളുടെ മനുഷ്യാവകാശങ്ങൾ നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് 'അനസൂയ' പ്രവർത്തിച്ചത്. 2005 ഓടുകൂടി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ കഴിയാതെ സംഘടന പിരിച്ചുവിട്ടു.

### 2.10.9 നളിനി ജമീല

കേരളത്തിലെ ലൈംഗികതൊഴിലാളികളുടെ പ്രവർത്തനങ്ങളിലും മുന്നേറ്റങ്ങളിലും പ്രധാനിയാണ് നളിനി ജമീല. സാഹിത്യം, കല, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളിലായി നളിനി ജമീല ഇടപെടലുകൾ നടത്തുന്നു. കേരളത്തിലെ ലൈംഗിക തൊഴിലാളികളെ വിഷയമാക്കി 2001 ൽ 'ജ്വാലാമുഖികൾ' എന്ന പേരിലും 2002 ൽ 'നിശബ്ദരാക്കപ്പെട്ടവരിലേക്ക് ഒരെത്തിനോട്ടം' എന്ന പേരിലും രണ്ട് ഡോക് മെന്ററികൾ നളിനി ജമീല സംവിധാനം ചെയ്തു. 2005 ൽ 'ഞാൻ ലൈംഗിക തൊഴിലാളി' എന്ന ആത്മകഥ പ്രസിദ്ധീകരിച്ചു. ദളിത് സാഹിത്യത്തിൽ വായനയുടെ പുതിയൊരു മേഖലയെ സൃഷ്ടിച്ചെടുക്കാൻ നളിനി ജമീലയുടെ ആത്മകഥയ്ക്ക് സാധിച്ചിട്ടുണ്ട്. 2018 ൽ 'എന്റെ ആണുങ്ങൾ' എന്ന പേരിൽ ആത്മകഥയുടെ രണ്ടാം ഭാഗവും 2020 ൽ 'ഒരു ലൈംഗികതൊഴിലാളിയുടെ പ്രണയ പുസ്തക' വും പ്രസിദ്ധീകരിച്ചു.

ലൈംഗിക തൊഴിലാളിയാണെന്ന് സമൂഹത്തോട് തുറന്ന് പറഞ്ഞും, ലൈംഗികതൊഴിലാളികൾ സമൂഹത്തിൽ നിന്ന് നേരിടുന്ന പ്രശ്നങ്ങളെ പൊതുയിടങ്ങളിൽ ചർച്ച ചെയ്തും നളിനി ജമീല ഇടപെടലുകൾ നടത്തി. "രണ്ടുപേർക്ക് തുല്യപങ്കാളിത്തമുള്ള ഒന്നിൽ, ഒരാൾ തെറ്റുകാരിയും മറ്റെയാൾ നീതിമാനും ആകുന്ന സാമൂഹ്യവ്യവസ്ഥിതിയിൽ ഒരു സെക്സ് വർക്കറെ കുറ്റക്കാരി എന്നാരോപിച്ച ജയിലിൽ ആക്കുമ്പോൾ 90 ദിവസത്തിൽ 50 ക്ലൈന്റ്

എങ്കിലും അവർക്ക് ഉണ്ടായിരുന്നു എന്നോർക്കണം. ഈ അൻപത് ക്ലൈന്റിനെയും മാന്യതയുടെ പരിവേഷം നൽകികൊണ്ട് വെറുതെ വിടുകയാണ് ചെയ്യുന്നത്. ഇവിടെ എവിടെയാണ് നീതി"[24] എന്ന് നളിനി ജമീല പൊതുസമൂഹത്തോട് ചോദിക്കുന്നു. തന്റെ തൊഴിലിനേക്കാൾ മാനുഷിക നീതിക്കുവേണ്ടിയാണവർ പ്രതിഷേധിക്കുന്നത്. നളിനി ജമീലയുടെ സാമൂഹിക ഇടപെടലുകൾ സാംസകാരിക പ്രതിരോധത്തിന്റെയും മുന്നേറ്റത്തിന്റെയും ഭാഗമാണ്.

## 2.10.10. നിരീക്ഷ സ്ത്രീ നാടകവേദി

സമൂഹത്തിലെന്നപോലെ കലാരംഗവും പുരുഷാധിപത്യത്തിന്റേതാണ്. കലാരംഗത്ത് സ്ത്രീകൾ അവസരങ്ങളും സുരക്ഷിതത്വവും നേടേണ്ടതുണ്ട്. രംഗാവിഷ്കാരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ 1999 ൽ രൂപീകൃതമായ നാടക കൂട്ടായ്മയാണ്'നിരീക്ഷ സ്ത്രീ നാടകവേദി'. രാജരാജേശ്വരി യുടെയും കെ. വി. സുധിയുടെയും നേതൃത്വത്തിൽ പാപ്പനാംകോട് കേന്ദ്രമായാണ് നിരീക്ഷ പ്രവർത്തിക്കുന്നത്. നാടകമെന്ന മാധ്യമത്തിലൂടെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തികൊണ്ട് സാമൂഹികമായ ഇടപെടലുകൾ നടത്തുക, നാടകാഭിനയത്തിലെ സ്ത്രീ സാന്നിദ്ധ്യത്തിനപ്പുറം രചനയും സംവിധാനവും സ്ത്രീകൾതന്നെ നിർവ്വഹിക്കുക തുടങ്ങിയവയാണ് നിരീക്ഷയുടെ പ്രവർത്തന ലക്ഷ്യങ്ങൾ.

സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി നാടക ശില്പശാലകൾ സംഘടിപ്പിച്ചുകൊണ്ടാണ് നിരീക്ഷയുടെ തുടക്കം. സ്വതന്ത്രമായി നാടകാവതരണം നടത്തുക എന്ന ലക്ഷ്യത്തോടെ നിരീക്ഷ ചെറുകിട നാടകാവതരണങ്ങളും നടത്തി. അക്കൂട്ടത്തിൽ പ്രധാനപ്പെട്ടതാണ് 2002 ൽ അവതരിപ്പിച്ച 'കനൽപോട്' എന്ന നാടകം. സ്വതന്ത്രമായി ചലിച്ച്, ശരീരഭാഷയെ പരമാവധി ഉപയോഗപ്പെടുത്തുന്ന കലാരൂപമാണ് നാടകമെന്ന ധാരണ നിലനിൽക്കുമ്പോൾതന്നെ, അതിനെ, വെല്ലുവിളിച്ചുകൊണ്ട് രംഗഭാഷയുടെ നിയമങ്ങളെ തകർക്കുകയായിരുന്നു 'കനൽപോട്'. 2004 ൽ അവതരിപ്പിച്ച 'ഇങ്ങനെ' എന്ന നാടകം സമൂഹത്തിൽ അപമാനിക്കപ്പെടുന്ന സ്ത്രീത്വത്തിന്റെ രംഗാവിഷ്കാരമാണ്. 2007 ൽ നാഷണൽ സ്കൂൾ ഓഫ് ഡ്രാമയുമായി സഹകരിച്ചുകൊണ്ട് നിരീക്ഷ അഭിനയകളരി സംഘടിപ്പിച്ചു. അഭിനയകളരിയിൽനിന്ന് തിരഞ്ഞെടുത്തവരെ ഉൾപ്പെടുത്തികൊണ്ട് അവതരിപ്പിച്ച നാടകമാണ്'പ്രവാചക'. സ്ത്രീയുടെ വാക്കും നോക്കും സമൂഹത്തിലുണ്ടാക്കുന്ന ചലനങ്ങൾ ഏത് വിധമാണെന്ന് ചിത്രീകരിക്കുകയാണ് നിരീക്ഷ 'പ്രവാചക' എന്ന നാടകത്തിലൂടെ.

ശില്പശാലകൾക്ക് പുറമേ സ്ത്രീകളുടെ കലാപ്രകടനങ്ങളെ ഉൾപ്പെടുത്തികൊണ്ട് 'എക്സ്പ്രഷൻസ്' എന്ന പരമ്പരക്ക് 2004 ൽ നിരീക്ഷ തുടക്കം കുറിച്ചു. നിലനിൽക്കുന്ന കലാരൂപങ്ങളിൽ സ്ത്രീകളുടെ പങ്ക് ഏത് വിധമാണ് എന്ന വിഷയത്തെ ആസ്പദമാക്കി 2008 ൽ

നിരീക്ഷ ദേശീയ സെമിനാർ സംഘടിപ്പിച്ചു. അമ്മ, ആണുങ്ങളില്ലാത്ത പെണ്ണുങ്ങൾ, നിഴലുകളുടെ മണം, പുനർജനി എന്നിവ നിരീക്ഷ അവതരിപ്പിച്ച പ്രധാന നാടകങ്ങളാണ്.

### 2.10.11. അഭിനയ നാടക കലാസമിതി

നാടക പ്രവർത്തകയായ ജിഷയുടെ നേതൃത്വത്തിൽ തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന സംഘടനയാണ്'അഭിനയ നാടക കലാസമിതി'. 2006 ഏപ്രിൽ ഒന്നിനാണ് കേരള സംഗീത നാടക അക്കാദമിയുടെ രജിസ്ട്രേഷനോടെ അഭിനയ നാടക കലാസമിതി പ്രവർത്തനം ആരംഭിച്ചത്. അതിന് മുമ്പ് തൃശ്ശൂർ ജില്ലയിലെ കുറ്റൂർ പ്രദേശത്തെ സ്ത്രീകളുടെ കൂട്ടായ്മകളിലൂടെയും 'അഭിനയ നാടക കലാസമിതി' പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ജോലിയോടൊപ്പം നാടകാവതരണം എന്നതാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം.

'അഭിനയ നാടക കലാസമിതിക്ക്' നേതൃത്വം നൽകുന്ന ജിഷ നാടകരംഗത്ത് വ്യത്യസ്തമായ ഇടം കണ്ടെത്തുന്നുണ്ട്. നാടകവേദിയുടെ പരിമിതികളെയും സാധ്യതകളെയും കണക്കിലെടുത്ത് സ്ത്രീ ഭാഷ്യം നൽകിയാണ് ജിഷയുടെ നാടകാവതരണം. 2006 ൽ അവതരിപ്പിച്ച 'കുറിയേടത്ത് താത്രി'യാണ് ജിഷയുടെ ആദ്യ നാടകം. അഭിനയ നാടക കലാസമിതിയാണ് ഈ നാടകം രംഗത്ത് അവതരിപ്പിച്ചത്. "സ്ത്രീ നാടകവേദി എന്ന പരികല്പന സ്ത്രീകളുടെ മാത്രം കൂട്ടായ്മയിൽനിന്ന്

ഉടലെടുക്കുന്ന ലിംഗാധിഷ്ഠിത വിവേചനങ്ങളോടുള്ള പ്രതിസ്ഫുരണങ്ങളായിരിക്കണം എന്ന നിലയിൽ നിന്നുമാറി, പെൺ സ്വത്വബോധത്തെ അതിന്റെ ആകെ തുകയിൽ അംഗീകരിക്കുകയും ആദരിക്കുകയും അതിന്റെ അനിവാര്യതകളെയും രാഷ്ട്രീയത്തെയുംക്കുറിച്ചും സമാന കാഴ്ചപ്പാടുള്ള ആൺ സൗഹൃദങ്ങളുമായി സഹകരിച്ച് തയ്യാറാക്കുകയും ചെയ്യുന്ന ജിഷയുടെ ആഖ്യാനങ്ങൾ യാഥാസ്ഥിതിക ഫെമിനിസ്റ്റ് ചിന്തകളിൽ നിന്നുള്ള വിടുതൽ കാഴ്ചകളാണ്."[24]

നാടകമെന്ന മാധ്യമത്തിലൂടെ സ്ത്രീയുടെ സ്വത്വത്തെയും അവസരങ്ങളെയും നേടിയെടുക്കാനുള്ള ശ്രമമാണ് സജിത മഠത്തിൽ, ശ്രീജ. കെ. വി, ജിഷ എന്നിവർ നാടക പ്രവർത്തനങ്ങളിലൂടെ ചെയ്യുന്നത്. കലയിലൂടെ സ്വതന്ത്ര്യം നേടിയെടുക്കാനുള്ള ഇവരുടെ പ്രവർത്തനങ്ങളെ ഒരു നവസാംസ്കാരിക മുന്നേറ്റമായി വിലയിരുത്തേണ്ടതുണ്ട്.

### 2.10.12. **വുമൺ ഇൻ സിനിമാകലക്ടീവ്** (Women in Cinema Collective-WCC)

മലയാളചലച്ചിത്രരംഗത്തെ വനിതാകൂട്ടായ്മയാണ് വുമൺ ഇൻ സിനിമാകലക്ടീവ് (WCC). സിനിമാരംഗത്ത് സ്ത്രീകൾ നേരിടുന്ന ലൈംഗികമായ അതിക്രമങ്ങൾ തടയുക, പുരുഷന് ആനുപാതികമായ വേതനം നേടിയെടുക്കുക എന്നീ ലക്ഷ്യങ്ങളോടെ 2018 ൽ ആണ് വുമൺ ഇൻ സിനിമാകലക്റ്റീവ് പ്രവർത്തനം ആരംഭിച്ചത്.

'വുമൺ ഇൻ സിനിമാ കലക്റ്റീവ്' നിലവിൽ വരുന്നത് വരെ ചലച്ചിത്രമേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ സിനിമാമേഖലയിൽ ഒരു സംഘടനയും ഉണ്ടായിരുന്നില്ല. അസോസിയേഷൻ ഓഫ് മലയാളം മൂവി ആക്ടേഴ്സ് (AMMA) എന്ന സംഘടനയടക്കം ഒരു സംഘടനയും സ്ത്രീകളുടെ പ്രശ്നങ്ങളെ പ്രത്യേകമായി പരിഗണിച്ചിരുന്നില്ല. 1994 ൽ രൂപീകൃതമായ 'അമ്മ' യിൽ 2021 വരെ ഒരിക്കൽ പോലും സ്ത്രീ പ്രാതിനിധ്യം ഉണ്ടായിട്ടില്ല. ഒരിക്കൽ പാർവതി തിരുവോത്ത് സംഘടനയുടെ നേതൃത്വത്തിലേക്ക് മത്സരിക്കാൻ ശ്രമം നടത്തിയെങ്കിലും ചില സാങ്കേതിക തടസ്സങ്ങൾ പറഞ്ഞ് ഒഴിവാക്കുകയാണ് ഉണ്ടായത്. ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി സിനിമാമേഖലയിലെ സ്ത്രീകളുടെ മാത്രമായ ഒരു സംഘടന രൂപീകരിക്കുകയും സ്ത്രീകളുടെ പ്രശ്നങ്ങളെ പൊതുസമൂഹത്തിനുമുന്നിൽ അവതരിപ്പിക്കുകയും ചെയ്തതാണ്'വുമൺ ഇൻ സിനിമാ കലക്റ്റീവിന്റെ' കേരളീയസമൂഹത്തിലെ പ്രസക്തി.

2017 ഫെബ്രുവരി 18 ന് യുവനടി ഭാവന തൊഴിലിടത്ത് ആക്രമിക്കപ്പെട്ടു. താര സംഘടനയായ 'അമ്മ' കുറ്റക്കാരനായ ചലച്ചിത്ര താരത്തെ സംരക്ഷിക്കാനുള്ള നടപടികൾ കൈകൊണ്ടു. അതേസമയം ആക്രമിക്കപ്പെട്ട സംഘടനയിലെ അംഗം കൂടിയായ നടിയെ ഒരു തരത്തിലും പിന്തുണക്കാനോ സഹായിക്കാനോ സംഘടന തയ്യാറായില്ല. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ചലച്ചിത്രരംഗത്തെ ഒരുപറ്റം വനിതകൾ ആണ് WCC എന്ന ആശയം

ആദ്യമായി മുന്നോട്ട് വെച്ചത്. താര സംഘടനയായ അമ്മ സമൂഹത്തിലെന്നപോലെ ചലച്ചിത്രമേഖലയിലും പുരുഷാധിപത്യ മനോഭാവമാണ് സ്വീകരിക്കുന്നതെന്ന തിരിച്ചറിവ് വനിതാ കൂട്ടായ്മയുടെ രൂപീകരണത്തിന് കാരണമായി. പാർവതി തിരുവോത്ത്, റിമ കല്ലിങ്ങൽ, രേവതി, പത്മപ്രിയ, അഞ്ജലി മേനോൻ, ബീനാപോൾ, ദീദി ദാമോദർ എന്നിവരുടെ നേതൃത്വത്തിലാണ് 2017 നവംബർ 1ന് WCC രൂപീകരിച്ചത്. കേരളത്തിലെ ഇതര സംഘടനകളെപോലെ ഒരു അധികാര ഘടനയോ വിഭാഗീയതയോ വുമൺ ഇൻ സിനിമാകലക്റ്റീവിനകത്ത് ഇല്ല. കൂട്ടായ തീരുമാനങ്ങളോടെയാണ് WCC പ്രവർത്തിക്കുന്നത്. തുടക്കത്തിൽ 18 പേർ മാത്രം അംഗങ്ങളായിരുന്ന സംഘടനയിൽ ഇന്ന് അറുപതോളം പേർ അംഗങ്ങളായുണ്ട്. മലയാള ചലച്ചിത്ര രംഗത്തെ എല്ലാ മേഖലയിലെയും വനിതകളെ WCC പ്രതിനിധീകരിക്കുന്നു. സ്ഥിരമായ ഒരു സാമ്പത്തിക സ്രോതസ്സ് സംഘടനയ്ക്ക് ഇല്ല. അംഗങ്ങൾ നൽകുന്ന സംഭാവനകൾ മാത്രം ഉപയോഗിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

സിനിമാരംഗത്ത് സ്ത്രീകൾ നേരിടുന്ന ലൈംഗികാതിക്രമങ്ങളെ ഇല്ലാതാക്കുകയാണ് വുമൺ ഇൻ സിനിമാകലക്ടീവിന്റെ പ്രാരംഭ ലക്ഷ്യം. ഇതിന്റെ ഭാഗമായി ചലച്ചിത്രമേഖലയിൽ സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങളെ റിപ്പോർട്ട് ചെയ്യുന്നതിനായി വുമൺ സെൽ രൂപീകരിക്കുക എന്ന ആശയം സർക്കാരിന് മുമ്പിൽ WCC

അവതരിപ്പിച്ചു. ഇതിന്റെ ഭാഗമായി 'ഹേമ കമ്മീഷനെ' സർക്കാർ നിയമിച്ചു. ജസ്റ്റിസ്റ്റ് ഹേമ, നടി ശാരദ, റിട്ട. ഐ. എ. എസ് ഉദ്യോഗസ്ഥ കെ. ബി. വത്സലകുമാരി എന്നിവരായിരുന്നു ഹേമ കമ്മീഷനിലെ അംഗങ്ങൾ. ഇന്ത്യയിൽ തന്നെ ആദ്യമായാണ് ഇത്തരത്തിൽ സിനിമാലേഖലയിലെ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ ഒരു സമിതിയെ സർക്കാർ നിയോഗിക്കുന്നത്. 2020 ജനുവരി 1 ന് ഹേമ കമ്മീഷൻ സർക്കാരിന് മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചു. സിനിമാമേഖലയിൽ ശക്തമായ ലിംഗവിവേചനം നിലനിൽക്കുന്നുണ്ടെന്നും സ്ത്രീകൾ ലൈംഗികമായ ചൂഷണത്തിന് വിധേയരാകുന്നുണ്ടെന്നും സിനിമാരംഗത്ത് ലഹരി മരുന്ന് ഉപയോഗമുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. ഇത് തടയാൻ നിയമനിർമ്മാണം ആവശ്യമാണെന്നും അതിന് ട്രൈബ്യൂണൽ രൂപീകരിക്കണമെന്നും കുറ്റവാളികളെ നിശ്ചിത കാലത്തേക്ക് സിനിമാമേഖലയിൽനിന്നും മാറ്റി നിർത്തണമെന്നും ഹേമ കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെടുന്നു.

2018 ലെ സംസ്ഥാന ചലച്ചിത്രമേളയോടനുബന്ധിച്ച് 'വർഷോപ്പ് ഫോർ വുമൺ' എന്ന പേരിൽ വുമൺ ഇൻ സിനിമാകലക്ടീവ് പരിശീലന പരിപാടി സംഘടിപ്പിച്ചു. ചലച്ചിത്ര അക്കാദമിയുടെ സഹായത്തോടെ സംഘടിപ്പിച്ച പരിശീലന പരിപാടിക്ക് നേതൃത്വം നൽകിയത് ബീനാപോൾ ആണ്. WCC യുടെ പ്രവർത്തനങ്ങളിൽ മറ്റൊന്നാണ് '9 പെൺസിനിമകൾ'. കേരളത്തിലെ സ്ത്രീകൾ

സംവിധാനം ചെയ്ത, സ്ത്രീ വിഷയങ്ങൾ കേന്ദ്രമാക്കിയുള്ള ഒമ്പത് സിനിമകളുടെ പ്രദർശനം 2018 സെപ്റ്റംബറിൽ തിരുവനന്തപുരത്ത് നടന്നു.

മലയാള ചലച്ചിത്രമേഖലയിലെ പുതിയ മുന്നേറ്റമാണ് വുമൺ ഇൻ സിനിമാകലക്ടീവ്. സമൂഹത്തിലെന്നപോലെ മലയാള ചലച്ചിത്ര മേഖലയും ആണധികാരത്തിന്റെ ഇടമാണെന്ന ബോധ്യപ്പെടലാണ് WCC എന്ന സംഘടനയുടെ രൂപീകരണത്തിന് കാരണം. സിനിമാമേഖലയിൽ ശാരീരികമായും മാനസികമായും അവസരപരമായും വേതനത്തിലും നടികൾ അനുഭവിക്കേണ്ടിവരുന്ന ചൂഷണമാണ്WCC മുന്നോട്ട് വെക്കുന്നത്. ഈ വിഷയങ്ങൾ പൊതുസമൂഹം തിരിച്ചറിഞ്ഞത് WCC യുടെ രൂപീകരണ ത്തോടെയാണ്.

### 2.10.13. **കന്യാസ്ത്രീസമരം**

കേരളത്തിലെ സ്ത്രീമുന്നേറ്റചരിത്രത്തിൽ പ്രധാനപ്പെട്ടതാണ് ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ സഹപ്രവർത്തകയായ കന്യാസ്ത്രീയെ പീഡിപ്പിച്ച സംഭവുമായി ബന്ധപ്പെട്ട കന്യാസ്ത്രീ സമരം. കുറവിലങ്ങാട് എം. ജെ മിഷൻ മഠത്തിൽ സുപ്പീരിയർ ആയിരുന്ന കന്യാസ്ത്രീയെ 2014 മുതൽ 2016 വരെയുള്ള കാലയളവിൽ ഫാദർ ഫ്രാങ്കോ ലൈംഗികമായി പീഡിപ്പിച്ചു എന്നതാണ് കേസ്. 2017 ൽ തന്നെ

ഇതുമായി ബന്ധപ്പെട്ട് കുറവിലങ്ങാട് പള്ളി വികാരി റവ. ഫാ. ജോസഫ് തടത്തിലിനെയും പാല അതിരൂപത മെത്രാൻ ബിഷപ്പ് ജോസഫ് കല്ലറാങ്ങാട്ടിനെയും വിവരം അറിയിച്ചെങ്കിലും അവർ കന്യാസ്ത്രീയെ സഹായിക്കാൻ തയ്യാറായില്ല. തുടർന്ന് സഭ വിട്ട് പോവാൻ തയ്യാറായ കന്യാസ്ത്രീയെ സഹപ്രവർത്തകർ നിരുത്സാഹപ്പെടുത്തി. ഏഴിൽ കൂടുതൽ തവണ നേരിട്ടും അല്ലാതെയും സഭാ അധികാരികളെ പീഡനത്തിന് ഇരയായ കന്യാസ്ത്രീ വിവരം അറിയിച്ചിട്ടും നടപടിയൊന്നും ഉണ്ടായില്ല. അതേ സമയം കന്യാസ്ത്രീ ഫ്രാങ്കോ മുളയ്ക്കലിന്റെ പ്രതികാരങ്ങൾക്ക് ഇരയാകുകയും ചെയ്തു. ഇതേതുടർന്ന് 2018 ജനുവരി 26 ന് കന്യാസ്ത്രീ പോലീസിൽ പരാതി നൽകി. എന്നാൽ പരാതി നൽകി 75 ദിവസം കഴിഞ്ഞിട്ടും പരാതിയിന്മേൽ ഒരു നടപടിയും പോലീസിന്റെ ഭാഗത്ത് നിന്നും ഉണ്ടായില്ല. അതേ സമയം പരാതിക്കാരിയായ കന്യാസ്ത്രീയെ പോലീസ് നിരന്തരമായി ചോദ്യം ചെയ്യുകയും ചെയ്തു. പോലീസിന്റെ ഈ വിവേചനപരമായ നടപടിയെ തുടർന്നാണ് കന്യാസ്ത്രീകൾ സമരവുമായി തെരുവിലറങ്ങിയത്.

2018 സെപ്റ്റംബർ 8 നാണ് ജലന്ധർ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് കന്യാസ്ത്രീകൾ എറണാകുളം വഞ്ചി സ്ക്വയറിൽ സമരം ആരംഭിച്ചത്. ബിഷപ്പിനെതിരെ മാത്രമായിരുന്നില്ല കന്യാസ്ത്രീകളുടെ സമരം. മറിച്ച്

സഭക്കെതിരെയും നടപടിയെടുക്കാത്ത പോലീസ് ഡിപ്പാർട്ട്മെന്റിനെതിരെയും സർക്കാറിനെതിരെയും കൂടിയായിരുന്നു സമരം. കുറവലങ്ങാട് മഠത്തിലെ സി. അനുപമ, സി. ജോസഫൈൻ, സി. ആല്ഫി, സി. ആൻസി, സി. നീന റോസ്, ഫാദർ അഗസ്റ്റിൻ വട്ടോളി എന്നിവരുടെ നേതൃത്വത്തിൽ സേവ് ഔവർ സിസ്റ്റേഴ്സ് ഫോറത്തിന്റെ കീഴിലായിരുന്നു സമരം. കലാ–സാമൂഹിക–സാംസ്കാരിക രംഗത്തെ നിരവധിപേരും വനിതാ–മനുഷ്യാവകാശ പ്രവർത്തകരും സാധാരണക്കാരായ വീട്ടമ്മമാരുമടക്കം പലരും സമരത്തിന് പിന്തുണയുമായി രംഗത്തെത്തി. കെ. അജിത, സാറാ ജോസഫ്, എസ്. ശാരദക്കുട്ടി, ഭാഗ്യലക്ഷ്മി, പി. ഗീത, റിമ കല്ലിങ്ങൽ എന്നിവർ അക്കൂട്ടത്തിൽ പ്രധാനപ്പെട്ടവരാണ്. ഇവരെ കൂടാതെ സഭക്കുള്ളിലെ വിശ്വാസികളിൽ വലിയൊരു വിഭാഗം സമരത്തിന് പിന്തണയറിയിച്ച് രംഗത്ത് എത്തിയെന്നതും ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്. സമരത്തിനൊടുവിൽ സെപ്റ്റംബർ 12 ന് ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെ പോലീസ് അറസ്റ്റ് ചെയ്തു.

കന്യാസ്ത്രീകളുടെ സമരത്തെ പിന്തുണച്ചുകൊണ്ട് സംസ്ഥാനത്തുടനീളം വിവിധ സാംസ്കാരിക പരിപാടികൾ നടന്നു. സ്കൂൾ ഓഫ് ഡ്രാമയിലെ വിദ്യാർത്ഥികൾ നാടകവുമായി തെരുവിലറങ്ങി. എന്നാൽ അറസ്റ്റ് ചെയ്യപ്പെട്ട ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെതിരെയുള്ള കുറ്റപത്രം വൈകുന്നതിൽ

പ്രതിഷേധിച്ചുകൊണ്ട് 2019 ഏപ്രിൽ ആദ്യവാരം കന്യാസ്ത്രീകൾ വീണ്ടും സമരം പ്രഖ്യാപിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സമരതലേന്ന് പോലീസ് കുറ്റപത്രം സമർപ്പിച്ചു. എന്നാൽ 2022 ജനുവരി 14 ന് ഫ്രാങ്കോ മുളയ്ക്കലിനെ കോടതി വെറുതെ വിട്ടു. വിധിയെ ചോദ്യം ചെയ്തുകൊണ്ട് കന്യാസ്ത്രീ ഹൈക്കോടതിയിൽ അപ്പീലും നൽകിയിട്ടുണ്ട്. അതേസമയം സമരത്തിൽ പങ്കെടുത്ത സി. ലൂസി കളപ്പുരയ്ക്കൽ അടക്കമുള്ള പലരെയും സഭയിൽ നിന്ന് പുറത്താക്കാനുള്ള നടപടികളും സഭയുടെ ഭാഗത്ത് നിന്നുണ്ടായി.

കന്യാസ്ത്രീകളുടെ സമരം ഇന്ത്യാചരിത്രത്തിലെ പുതിയൊരു അധ്യായമാണ്. സഭയിൽ നിന്നും കന്യാസ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങൾ തുറന്ന് പറഞ്ഞ് സമരവുമായി തെരുവിലേക്കിറങ്ങിയ മറ്റൊരു സംഭവം ഇന്ത്യാചരിത്രത്തിൽ തന്നെ വേറെ ഇല്ല. ഭരണകൂടവും പൗരോഹിത്യവും നീതി നിഷേധിച്ചിടത്താണ് കന്യാസ്ത്രീകളുടെ സമരം ആരംഭിച്ചത്. ആണധികാരം, സഭാധികാരം എന്നീ രണ്ട് അധികാര വ്യവസ്ഥകൾക്കെതിരെയാണ് കന്യാസ്ത്രീകളുടെ സമരം. പൗരോഹിത്യത്തിന്റെ അതിരുകളിൽ ഒതുങ്ങി ജീവിക്കേണ്ടി വരുന്ന സ്ത്രീകൾതന്നെ അതിജീവനത്തിനായി സ്വാതന്ത്ര്യം പ്രഖ്യാപിച്ച് തെരുവിലിറങ്ങിയത് കന്യസ്ത്രീകളുടെ സമരത്തിലൂടെയാണ്. അതുകൊണ്ടുതന്നെ കേരളീയ സ്ത്രീ മുന്നേറ്റ

ചരിത്രങ്ങളിലെ സുപ്രധാന സംഭവമായി കന്യാസ്ത്രീകളുടെ സമരത്തെ വിലയിരുത്തേണ്ടതുണ്ട്.

## 2.10.14. തൊഴിലിടത്തെ വസ്ത്രധാരണ വിവേചനങ്ങൾക്കെതിരെ എൻ. എ. വിനയയുടെ സമരം

സാംസ്കാരിക പ്രസ്ഥാനങ്ങൾ സമൂഹത്തിൽ ഇടപെടലുകൾ നടത്തുന്നതു പോലെ വ്യക്തികളും സാംസ്കാരിക മുന്നേറ്റങ്ങൾക്ക് തുടക്കക്കാരാകാറുണ്ട്. പോലീസ് ഉദ്യോഗസ്ഥയായ എൻ. എ. വിനയയുടെ സമരങ്ങൾ ഇത്തരത്തിലുള്ളതാണ്. രണ്ടായിരമാണ്ടോടുകൂടിയാണ് വിനയയുടെ പേര് സാംസ്കാരിക രംഗത്ത് ശ്രദ്ധിക്കപ്പെട്ടത്.

കേരള പോലീസിൽ കോൺസ്റ്റബിൾ ആയിട്ടാണ് വിനയ ജോലിയിൽ പ്രവേശിച്ചത്. സമൂഹം ആണിന്റേതു മാത്രമാണെന്ന തോന്നലിനെ ഊട്ടി ഉറപ്പിക്കുകയാണ് പോലീസ് എന്ന അധികാരവിഭാഗവും. ജനങ്ങളെ സേവിക്കുന്ന പോലീസിന് ആണധികാരത്തിന്റെ രൂപവും ഭാവവുമാണുള്ളത്. പോലീസ് ഡിപ്പാർഡ് മെന്റിലെ വനിതാ ജീവനക്കാരെ 'വനിതാ പോലീസ്' എന്ന് സംവരണം ചെയ്ത് വിളിക്കുന്നതിൽപോലുമുണ്ട് പോലീസ് ഡിപ്പാർട്ട്മെന്റിന്റെ ആണധികാരം. ഇത്തരത്തിലുള്ള പോലീസ് ഡിപ്പാർട്ട്മെന്റിനകത്തെ ലിംഗവിവേചനങ്ങൾക്കെതിരെയാണ് വിനയയുടെ പോരാട്ടങ്ങൾ.

വിനയയുടെ പോരാട്ടങ്ങളിൽ പ്രധാനപ്പെട്ടതാണ് വനിതാപോലീസുകാരുടെ യൂണിഫോം മാറ്റത്തിനെകുറിച്ചുള്ളത്.

വർഷങ്ങളോളം പോലീസ് ഡിപ്പാർട്ട്മെന്റിലെ വനിതകളുടെ വേഷം സാരി ആയിരുന്നു. തൊഴിൽ സമയത്ത് വനിതാ പോലീസുകാർക്ക് സാരി അസൗകര്യവും സങ്കോചവും അപമാനവും ഉണ്ടാക്കുന്നുണ്ടെന്ന് വിനയ അധികാരികളുടെ മുമ്പിൽ രേഖപ്പെടുത്തി. വനിതാ പോലീസുകാരുടെ യൂണിഫോം നിർണ്ണയം അസമത്വവും നീതി നിഷേധവുമാണെന്ന് അവർ ആരോപിച്ചു. ഇത് വനിതാ പോലീസുകാരുടെ വസ്ത്രധാരണത്തെ സംബന്ധിച്ച ചർച്ചകൾക്ക് തുടക്കം കുറിച്ചു. ഇതിന്റെ ഫലമായി വനിതാപോലീസുകാരുടെ വേഷം സാരിയിൽ നിന്നും പാന്റിലേക്കും ഷർട്ടിലേക്കും മാറി. എന്നാൽ വിനയയുടെ പോരാട്ടം അവിടംകൊണ്ട് അവസാനിച്ചില്ല. പോലീസ് ഡിപ്പാർട്ട്മെന്റിലെ വനിതകൾ ഷർട്ട് ഇൻസൈഡ് ചെയ്യരുതെന്ന നിയമനത്തിനെതിരെയായി പിന്നീടവരുടെ സമരം. ഐ. പി. എസ് റാങ്കിലുള്ളവർക്ക് അതാകാമെങ്കിൽ എന്തുകൊണ്ട് തങ്ങൾക്കും ആയിക്കൂടാ എന്നതായിരുന്നു വിനയയുടെ ചോദ്യം. ഇത് പിന്നീട് നിയമപരമായി അംഗീകരിക്കപ്പെട്ടു.

പോലീസ് ഡിപ്പാർട്ട്മെന്റിനകത്തെ കായികമേളയിലെ വനിതാവിവേചനങ്ങൾക്ക് എതിരെയുള്ള ഇടപെടലാണ് വിനയയുടെ മറ്റൊരു പ്രധാന സമരം. വനിതകളുടെ കായികമത്സരം പ്രദർശനമത്സരം മാത്രമാക്കുക, വനിതകൾക്ക് ലഭിച്ച പോയിന്റും വിജയവും ഇഷ്ടംപോലെ മാറ്റി മറിക്കുക തുടങ്ങിയ

നടപടികൾക്കെതിരെ വിനയ ശക്തമായി പ്രതികരിച്ചു. ട്രാക്കിൽ കിടന്ന് മത്സരം തടഞ്ഞുകൊണ്ടുള്ള പ്രതിഷേധം വിനയയെ ജോലിയിൽ നിന്നും പിരിച്ചുവിടുന്നതിലേക്ക് എത്തിച്ചു.

പോലീസ് ഡിപ്പാർട്ട്മെന്റിൽ മാത്രമല്ല, സമൂഹത്തിലെയും നിലനിൽക്കുന്ന ലിംഗവിവേചനങ്ങൾക്കെതിരെ വിനയ പോരാടിയിട്ടുണ്ട്. സ്ത്രീകളെയും പെൺകുട്ടികളെയും ആത്മബോധമുള്ള വ്യക്തിത്വമുള്ളവരാക്കിതീർക്കാനായി അവർ നിരവധി പരിപാടികൾ പൊതുയിടങ്ങളിൽ സംഘടിപ്പിച്ചു. പെൺകുട്ടികളുടെ പന്തുകളിമത്സരം, വോളിബോൾ മത്സരങ്ങൾ, ബൈക്ക് റൈഡിംഗ്, യാത്രകൾ, തൃശ്ശൂരിലെ പുലിക്കളിയിൽ പെൺപുലിയായി വേഷമാടുക തുടങ്ങിയവയെല്ലാം അത്തരത്തിലുള്ളതാണ്. വിനയയുടെ നേതൃത്വത്തിൽ തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന വനിതാസംഘടനയാണ് വിംഗ്സ്. സമൂഹത്തിലെ ലിംഗവിവേചനങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങളും സാംസ്കാരിക പരിപാടികളുമാണ് വിംഗ്സ് നടത്തുന്നത്.

പുരുഷൻ/സ്ത്രീ എന്നിങ്ങനെയുള്ള ലിംഗവിവേചനം സമൂഹത്തിനോ സ്ത്രീക്കോ ആവശ്യമില്ലെന്ന് പോരാട്ടങ്ങളിലൂടെ വിനയ സ്ഥാപിക്കാൻ ശ്രമിച്ചു. വസ്ത്രധാരണത്തിലും രൂപത്തിലുമെല്ലാം വിനയ ഇതേ മാർഗ്ഗം സ്വീകരിച്ചു. ലിംഗവിവേചനങ്ങൾക്കെതിരെയുള്ള വിനയയുടെ പോരാട്ടങ്ങളെ നിസ്സാരമായി കാണാനാവില്ല.

അധികാര വ്യവസ്ഥയോടും സമൂഹത്തോടും തന്റെ വസ്ത്രധാരണ രീതികൊണ്ടും പ്രവർത്തികൊണ്ടും വിനയ നടത്തിയ പോരാട്ടങ്ങൾ ഒറ്റയ്ക്കൊരു വ്യക്തി നടത്തിയ സാംസ്കാരിക മുന്നേറ്റ ശ്രമമായി വിലയിരുത്തേണ്ടതുണ്ട്.

2.10.15 **നേഴ്സുമാരുടെ അവകാശപോരാട്ടം**

കേരളത്തിലെ പെൺസമരങ്ങളിൽ പ്രധാനപ്പെട്ടതാണ് നേഴ്സുമാരുടെ സമരം. മരുന്ന് കൊടുക്കുന്ന കൈകൾ മുഷ്ടി ചുരുട്ടി സമരവുമായി തെരുവിലിറങ്ങിയത് കേരളീയ സ്ത്രീചരിത്രത്തിലെ പുതിയൊരു അധ്യായമായിരുന്നു. 95 ശതമാനവും സ്ത്രീകൾ ജോലി ചെയ്യുന്ന മേഖലയാണ് നേഴ്സിംഗ്. എന്നാൽ കാലങ്ങളായി ഹോസ്പിറ്റൽ മാനേജ്മെന്റുകൾ നേഴ്സുമാരോട് കടുത്ത അവഗണനയും ചൂഷണങ്ങളുമാണ് നടത്തികൊണ്ടിരുന്നത്. 12 മുതൽ 16 മണിക്കൂർവരെ നീണ്ടു നിൽക്കുന്ന ജോലി സമയം, 1000 മുതൽ 3000 രൂപവരെയുള്ള തുച്ഛമായ വേതനം, പ്രസവാവധി ഇല്ല, ഇ. എസ്. ഐ ഇല്ല, വർഷങ്ങളോളം നീണ്ടു നിൽക്കുന്ന ബോണ്ട് വ്യവസ്ഥ, അധികാരികളുടെ മാനസിക–ശാരീരിക പീഡനങ്ങൾ എന്നീ പ്രശ്നങ്ങൾക്കെതിരെയാണ് നേഴ്സുമാർ സമരത്തിനിറങ്ങിയത്. ഒരു രാഷ്ട്രീയ–തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെയും സഹായമില്ലാതെ സ്വതന്ത്രരായി സംഘടിച്ചുകൊണ്ടാണ് നേഴ്സുമാർ സമരമാരംഭിച്ചത്.

യുണൈറ്റഡ് നേഴ്സസ് അസോസിയേഷൻ (യു. എൻ. എ) എന്ന സംഘടനയുടെ നേതൃത്വത്തിലാണ് കേരളത്തിൽ നേഴ്സുമാരുടെ സമരം ആരംഭിച്ചത്. 2011 ഒക്ടോബർ 12 ന് തൃശ്ശൂർ കേന്ദ്രമായി പ്രവർത്തനം ആരംഭിച്ച സംഘടനയാണ് യു. എൻ. എ. അതുവരെ ഒരു രാഷ്ട്രീയ പാർട്ടിയുടെയും കീഴിൽ സംഘടിതരാവാത്ത ഒരു വിഭാഗമായിരുന്നു നേഴ്സുമാർ. ജാസ്മിൻ ഷാ എന്ന മെയിൽ നേഴ്സ് ആണ് യു. എൻ. എയ്ക്ക് നേതൃത്വം നൽകുന്നത്.

യു. എൻ. എ യുടെ പ്രവർത്തനങ്ങളിൽ ആദ്യത്തേത് 2012 ലെ ബലരാമൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ വേണ്ടിയുള്ള സമരമാണ്. നേഴ്സിംഗ് മേഖലയിലെ പ്രശ്നങ്ങൾ കണ്ടെത്തി അവയ്ക്ക് പരിഹാരമുണ്ടാക്കാൻ സർക്കാർ നിയോഗിച്ച കമ്മീഷനാണ് ബലരാമൻ കമ്മീഷൻ. അടിസ്ഥാന ശമ്പളം 12,900 രൂപയാക്കുക, എട്ട് മണിക്കൂർ വീതമുള്ള മൂന്ന് ഷിഫ്റ്റ് എന്ന സമ്പ്രദായം നടപ്പാക്കുക, എല്ലാ മാസവും അഞ്ചാം തിയതിക്കകം ശമ്പളം ബാങ്ക് വഴി നൽകുക, നേഴ്സുമാരുടെ സർട്ടിഫിക്കറ്റ് പിടിച്ചുവെക്കുന്ന ബോണ്ട് സമ്പ്രദായം നിർത്തലാക്കുക, നേഴ്സുമാരെ ട്രെയിനികളായി നിയമിക്കുന്നത് അവസാനിപ്പിക്കുക എന്നിവയാണ് ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ. ഈ ആവശ്യങ്ങൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രംഗത്തുവന്ന യു. എൻ. എ യോട് അത് നടപ്പാക്കാൻ കഴിയില്ലെന്ന് ഹോസ്പിറ്റൽ

മാനേജ്മെന്റുകളും സർക്കാരും പ്രസ്താവന ഇറക്കി. ഇതിനെതിരെ സെക്രട്ടറിയേറ്റ് ഉപരോധം അടക്കമുള്ള സമരപരിപാടികൾ യു. എൻ. എ നടത്തി. സമരം ശക്തമായപ്പോൾ പുതുക്കിയ സേവന വ്യവസ്ഥകൾക്ക് അംഗീകാരം നൽകിയതായി സർക്കാരിന് പ്രഖ്യാപിക്കേണ്ടതായി വന്നു.

കാലങ്ങളായുള്ള അവഗണനയ്ക്കും പീഡനങ്ങൾക്കുമെതിരെയുള്ള നേഴ്സുമാരുടെ സമരം കേരളത്തിലെ വിവിധ ആശുപത്രികളിൽ പല ഘട്ടങ്ങളിലായി നടന്നു. എറണാകുളം അമൃത ഹോസ്പിറ്റൽ, ലേക് ഷോർ ഹോസ്പിറ്റൽ, കോതമംഗലം മാർ ബസേലിയേസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, മലബാർ മെഡിക്കൽ കോളേജ് എന്നിങ്ങനെയുള്ള നിരവധി ഹോസ്പിറ്റലുകളിൽ നേഴ്സുമാർ മാസങ്ങളോളം സമരം ചെയ്തു. അമൃത ഹോസ്പിറ്റലിൽ യു. എൻ. എ നടത്തിയ സമരം അക്കൂട്ടത്തിൽ പ്രധാനപ്പെട്ടതാണ്. നേഴ്സുമാരുടെ സമരത്തെ ഏറ്റവും മോശമായി സമീപിച്ചത് അമൃത ഹോസ്പിറ്റൽ മാനേജ്മെന്റ് ആയിരുന്നു. സമരത്തിന് നേതൃത്വം നൽകിയവരെ ജോലിയിൽനിന്നും പുറത്താക്കുകയും ചർച്ചക്ക് എത്തിയ യു. എൻ. എ നേതാവ് ജാസ്മിൻ ഷാ അടക്കമുള്ളവരെ ഹോസ്പിറ്റൽ ജീവനക്കാർ മർദ്ദിച്ചു. **2012** ൽ ഒൻപത് നേഴ്സുമാരെ കാരണമില്ലാതെ ലേക് ഷോർ ഹോസ്പിറ്റൽ പിരിച്ച് വിട്ടതുമായി ബന്ധപ്പെട്ട് നേഴ്സുമാർ സമരം ആരംഭിച്ചു. സമരക്കാരുടെ നേരെ

ആശുപത്രിയിലെ ഡോക്ടർമാരിൽ ഒരാൾ വാഹനം ഓടിച്ചു കയറ്റുവാൻ ശ്രമിച്ചു. ഇതോടെ സമരം കൂടുതൽ ശക്തമായി. കോതമംഗലം മാർ ബസേലിയോസ് ആശുപത്രിയിലെ നേഴ്സുമാരുടെ 114 ദിവസത്തെ സമരത്തിന്ശേഷം മൂന്ന് നേഴ്സുമാർ ടെറസിൽ കയറി ആത്മഹത്യാ ഭീഷണി മുഴക്കി. ഇതോടെ സമരം കൂടുതൽ ജനശ്രദ്ധാ നേടി. സ്വയം ഹർത്താൽ പ്രഖ്യാപിച്ച് നാട്ടുകാർ സമരത്തെ പിന്തുണച്ചു.

കേരളത്തിലെ നേഴ്സിംഗ് രംഗം തുടർന്നും നിരവധി സമരങ്ങൾക്ക് സാക്ഷ്യം വഹിച്ചു. 2017 ജൂലൈ മുതൽ ശമ്പള വർദ്ധനവിനായി സംസ്ഥാന തലത്തിൽ യു. എൻ. എ അനിശ്ചിതകാല സമരം പ്രഖ്യാപിച്ചു. പതിനായിരക്കണക്കിന് നേഴ്സുമാർ സമരത്തിൽ പങ്കെടുത്തു. സമരം ദിവസങ്ങളോളം നീണ്ടുനിന്നപ്പോൾ സർക്കാർ ഇടപെട്ടു. സ്വകാര്യ ആശുപത്രികളുമായും ആരോഗ്യമേഖല തൊഴിലാളി യൂണിയനുകളുമായി ചർച്ച നടത്തി വേതനം വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. എന്നാൽ സർക്കാർ ഉയർത്തിയ വേതനം പല ആശുപത്രി മാനേജ്മെന്റുകളും ഇന്നും നൽകുന്നില്ല. സർക്കാർ തീരുമാനപ്രകാരം 50 ൽ താഴെ ബെഡ്ഡുള്ള ആശുപത്രികളിലെ ബി. എസ്. സി നേഴ്സിന് 18232 രൂപയും, 800 ബെഡ്ഡിന് മുകളിലുള്ള ആശുപത്രികളിൽ ജോലി ചെയ്യുന്നവർക്ക് 23670 രൂപയും നൽകണം.

എന്നാൽ പല ഹോസ്പിറ്റൽ മാനേജ്മെന്റുകളും ബെഡ്ഡുകളുടെ എണ്ണം കുറച്ചുകൊണ്ട് ഇതിനെ നേരിട്ടു.

കരാർ വ്യവസ്ഥകൾ പാലിക്കാത്തതിനെതുടർന്ന് സംസ്ഥാനത്തെ നിരവധി ആശുപത്രികളിൽ യു. എൻ. എ വീണ്ടും സമരം നടത്തി. ചേർത്തല കെ. വി. എം. ആശുപത്രിയിലെ രണ്ട് നേഴ്സുമാരെ പിരിച്ച് വിട്ടതിനെതിരെ നടന്ന സമരം നൂറിൽ അധികം ദിവസം നീണ്ടുനിന്നു. സമരത്തിനെതിരെ പോലീസ് ലാത്തിചാർജ്ജ് നടത്തിയപ്പോൾ അതിൽ പ്രതിഷേധിച്ചുകൊണ്ട് 2018 ഫെബ്രുവരി 15 ന് യു. എൻ. എ സംസ്ഥാന വ്യാപകമായി പണിമുടക്ക് നടത്തി.

കേരളീയ സ്ത്രീ മുന്നേറ്റങ്ങളിൽ പ്രധാനപ്പെട്ടതാണു നേഴ്സുമാരുടെ സമരം. വർഷങ്ങളോളം തൊഴിൽ മേഖലയിൽ അവർ അനുഭവിച്ചിരുന്ന വിവേചനങ്ങളും പീഡനങ്ങളും പൊതുസമൂഹം അറിഞ്ഞത് ഈ സമരങ്ങളിലൂടെ ആയിരുന്നു. അടിസ്ഥാന ശമ്പളം സർക്കാർ നേഴ്സിംഗ് മേഖലയിൽ പ്രഖ്യാപിക്കുകയും ഷിഫ്റ്റ് സമ്പ്രദായം ഉൾപ്പെടെ നേഴ്സുമാർ അനുഭവിക്കുന്ന പ്രശ്നങ്ങളിൽ ഒരു പരിധിവരെ ഇടപെടാനും ഈ സാമൂഹിക മുന്നേറ്റത്തിലൂടെ സാധിച്ചു.

### 2.10.16 **തോട്ടം തൊഴിലാളി സ്ത്രീകളുടെ സമരം**

ദളിതരെയും ആദിവാസികളെയുംപോലെ കേരള വികസനത്തിൽനിന്നും മാറ്റി നിർത്തപ്പെട്ടവരാമണ് തോട്ടം തൊഴിലാളികൾ. കാലങ്ങളായി കോർപ്പറേറ്റുകളുടെ ചൂഷണങ്ങൾക്ക് വിധേയരായവരാണ് തോട്ടം തൊഴിലാളികൾ. എന്നാൽ ഇതിനെതിരെ കാര്യമായ പ്രതിഷേധങ്ങളോ സമരങ്ങളോ സംഘടിത പ്രസ്ഥാനങ്ങൾ വഴിയോ യൂണിയനുകൾ മുഖേനയോ നടന്നിട്ടില്ല. മാത്രമല്ല തൊഴിലാളി നേതാക്കൾ കോർപ്പറേറ്റുകളുടെ ചൂഷണങ്ങൾക്ക് സഹായങ്ങളും നൽകി. ഈ സാഹചര്യത്തിലാണ് മൂന്നാറിലെ തോട്ടം തൊഴിലാളി സ്ത്രീകൾ സംഘടിതരായി സമരമുഖത്തേക്ക് എത്തുന്നത്.

തോട്ടം തൊഴിലാളികളുടെ അവകാശപോരാട്ടങ്ങൾക്കായി കേരളത്തിൽ നടന്ന ആദ്യസമരമായിരുന്നു **1958** ലെ ആർത്തല ടീ എസ്റ്റേറ്റിലെ തൊഴിലാളി സമരം. ഇതിനുശേഷം കേരളം കണ്ട ഏറ്റവും ശക്തമായ തോട്ടം തൊഴിലാളി സമരമായിരുന്നു മൂന്നാറിലെ പെമ്പിളൈ ഒരുമൈ സമരം. മൂന്നാറിലെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ നേതൃത്വത്തിൽ ഉയർന്നുവന്ന ശക്തമായ രാഷ്ട്രീയ സംഘാടനവും മുന്നേറ്റവുമാണ് പെൺപിളൈ ഒരുമൈ. **2015** സെപ്റ്റംബർ **5** നാണ് പെൺപിളൈ ഒരുമൈയുടെ നേതൃത്വത്തിൽ മൂന്നാറിൽ സമരം ആരംഭിച്ചത്. ജി. ഗോമതി, ലിസി സണ്ണി എന്നിവരുടെ നേതൃത്വത്തിലായിരുന്നു സമരം.

തമിഴ് സ്ത്രീ തൊഴിലാളികൾ ഭൂരിപക്ഷമായുള്ള പ്രദേശമാണ് മൂന്നാർ. ഇവിടെ 13000 ത്തോളം തൊഴിലാളികളുണ്ട്. കേരളത്തിന്റെ മുഖ്യധാരാ വികസന സൂചികൾക്ക് പുറത്ത്കിടക്കുന്നവരാണ് ഇവരിൽ ഭൂരിപക്ഷവും. തോട്ടം തൊഴിലാളി മേഖലയിലെ മനുഷ്യത്വവിരുദ്ധമായ അവകാശലംഘനങ്ങളെയും പ്രശ്നങ്ങളെയു മാണ് സമരം ആദ്യം അഭിമുഖീകരിച്ചതെങ്കിലും പിന്നീട് തോട്ടം മേഖലയിലെ കുത്തകകൾ അനധികൃതമായി കയ്യടക്കിവെച്ച വനഭൂമിയിലേക്കും അത് പിടിച്ചെടുക്കേണ്ടതിന്റെ ആവശ്യകത യിലേക്കും സമരം എത്തി. കണ്ണൻ ദേവൻ ഹിൽ പ്ലാന്റേഷൻ കമ്പനിയിലാണ് ആദ്യമായി സമരം ആരംഭിച്ചത്. എന്നാൽ പിന്നീട് മറ്റ് തോട്ടം മേഖലയിലേക്കും സമരം വ്യാപിച്ചു.

തൊഴിലാളികൾക്ക്കൂടി ഓഹരി പങ്കാളിത്തമുള്ള കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻ കമ്പനിയിൽ മുൻവർഷം തൊഴിലാളികൾക്ക് നൽകിയ 19 ശതമാനം ബോണസ് വെട്ടിക്കുറച്ച് 10 ശതമാനം ആക്കിയതാണ് മൂന്നാറിൽ സമരം ആരംഭിക്കാനുള്ള കാരണം. ഇതിന്പുറമേ തൊഴിലാളികൾക്ക് നിഷേധിക്കപ്പെടുന്ന വായ്പ സൗകര്യം, മെച്ചപ്പെട്ട താമസ സൗകര്യം, ഇ. എസ്. ഐ, വിദ്യാഭ്യാസ സഹായം എന്നീ ആവശ്യങ്ങളും തൊഴിലാളികൾ ഉന്നയിച്ചു. തൊഴിലാളികളുടെ പക്ഷം അവകാശപ്പെടുകയും എന്നാൽ കമ്പനിയുടെയും കാവലാളായി നിൽക്കുകയും ചെയ്യുന്ന

നേതാക്കന്മാരെ ഈ ഘട്ടത്തിൽ തൊഴിലാളികൾ തിരിച്ചറിഞ്ഞു. അവർക്കെതിരെ സമരക്കാർ ശക്തമായി പ്രതികരിച്ചു. തോട്ടം ഉടമകളിൽനിന്ന് സ്വത്തും മറ്റു പാരിതോഷികങ്ങളും പറ്റിയ നേതാക്കളുടെ പട്ടിക തൊഴിലാളികൾ പുറത്ത് വിട്ടു. സമരത്തിന് പിന്തുണയേകിയെത്തിയ സ്ഥലം എം. എൽ. എക്കും സമരത്തിൽ നിന്ന് ഇറങ്ങി പോവേണ്ടതായി വന്നു.

സമരത്തിന്റെ ആദ്യഘട്ടത്തിലെ ആവശ്യമായ 20 ശതമാനം ബോണസ് സെപ്റ്റംബർ 9 ന് കമ്പനി അംഗീകരിച്ചു. തുടർന്ന് സെപ്റ്റംബർ 29 ന് മിനിമം കൂലി അടക്കമുള്ള ആവശ്യങ്ങളുമായി പെമ്പിളൈ ഒരുമൈ വീണ്ടും സമരം ആരംഭിച്ചു. ദിവസവേതനം 232 രൂപയിൽനിന്ന് 500 രൂപയാക്കണം എന്ന തൊഴിലാളികളുടെ ആവശ്യം കമ്പനി അംഗീകരിച്ചില്ല. തോട്ടം നികുതിയിലും തൊഴിലാളികൾക്ക് നൽകുന്ന ചികിത്സാസഹായത്തിലും ഇളവുകൾ ചെയ്യാമെന്ന സർക്കാർ തീരുമാനത്തെയും കമ്പനി അംഗീകരിച്ചില്ല. ദിവസവേതനം 500 രൂപ പോയിട്ട് 300 രൂപ പോലും നൽകാനാവില്ല എന്നതായിരുന്നു കമ്പനിയുടെ നിലപാട്. ഇതോടെ സമരം വീണ്ടും ശക്തിയാർജ്ജിച്ചു. ദേശീയപാതയടക്കമുള്ള പ്രധാന റോഡുകൾ സമരക്കാർ ഉപരോധിച്ചു. ഇതേത്തുടർന്ന് തൊഴിലാളികളുമായി സർക്കാരും കമ്പനികളും വിവിധ ഘട്ടങ്ങളിലായി ചർച്ചകൾ നടത്തി. തിരുവനന്തപുരത്തും കൊച്ചിയിലും നടന്ന ചർച്ചകളിൽ പങ്കെടുത്തത്

സ്ത്രീകൾ തന്നെയായിരുന്നു എന്നത് പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. നിരവധി ചർച്ചകൾക്ക് ശേഷം തൊഴിലാളികളുടെ ദിവസവേതനം 232 രൂപയിൽനിന്നും 301 രൂപയിലേക്കെത്തിക്കാൻ തൊഴിലാളികൾക്കായി. അതോടൊപ്പം മറ്റ് ചില പാക്കേജുകൾകൂടി സർക്കാർ തൊഴിലാളികൾക്കായി പ്രഖ്യാപിച്ചു. എല്ലാ തൊഴിലാളി കുടുംബങ്ങൾക്കും പ്രതിമാസം 25 കിലോ സൗജന്യ അരി, നല്ല പാർപ്പിടം, കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം എന്നിവയായിരുന്നു പാക്കേജിൽ ഉൾപ്പെട്ട കാര്യങ്ങൾ.

കേരളീയ തൊഴിലാളി സമരങ്ങളിൽ പെമ്പിളൈ ഒരുമൈ സമരം സുപ്രധാനപരമായ സ്ഥാനം തന്നെ അർഹിക്കുന്നു. വിനോദ സഞ്ചാരകേന്ദ്രമായ മൂന്നാറിന്റെ മറ്റൊരു മുഖം കേരളം അറിഞ്ഞത് പെമ്പിളൈ ഒരുമൈ സമരത്തിലൂടെയായിരുന്നു. സാധാരണ ക്കാരായ തൊഴിലാളികൾക്കിടയിൽ അന്നോളമുണ്ടായിരുന്ന തൊഴിലാളി യൂണിയനേക്കാൾ സ്വീകാര്യത പെമ്പിളൈ ഒരുമൈക്ക് ലഭിച്ചു. എന്നാൽ രാഷ്ട്രീയ നേതാക്കളും പോലീസും കമ്പനിയും ചേർന്ന് ഈ സംഘടിത ശക്തിയെ തകർക്കാൻ ശ്രമിച്ചു. പെമ്പിളൈ ഒരുമൈ നേതാവ് ഗോമതിക്ക് നേരെ ഭീഷണികളുമായും കള്ളകേസുമായും പോലീസും നേതാക്കളും എത്തി. സഹോദരൻ മാവോയിസ്റ്റ് ആണെന്ന് ആരോപിച്ച് അയാളെ പോലീസ് അറസ്റ്റ് ചെയ്യുകവരെയുണ്ടായി. എന്നാൽ ഈ കാരണത്താലൊന്നും

ഗോമതിയുടെ സമരവീര്യം ഇല്ലാതായില്ല. മൂന്നാറിലെ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് 2019 ലെ ലോകസഭാതെരഞ്ഞെടുപ്പിൽ ഗോമതി മത്സരിച്ചെങ്കിലും പരാജയപ്പെട്ടു.

തൊണ്ണൂറുകളുടെ അവസാനം കേരളത്തെ സംബന്ധി ച്ചിടത്തോളം സ്ത്രീകളുടെ മുന്നേറ്റ പ്രസ്ഥാനങ്ങൾ സജീവമായ കാലഘട്ടമാണ്. ഉയർന്ന സാക്ഷരത, വിവര സാങ്കേതികവിദ്യയുടെ വികാസം, സ്വതന്ത്ര ചിന്ത തുടങ്ങിയവയെല്ലാം ഇതിന് പ്രേരകമായി. ഈയൊരു ദശകം സ്ത്രീകൾ മുന്നിട്ടിറങ്ങിയ, വിജയിപ്പിച്ച നിരവധി സമരങ്ങളുടെ കാലഘട്ടം കൂടിയാണ്. മുത്തങ്ങ സമരം, നിൽപ്പുസമരം, മൂന്നാർ തോട്ടം തൊഴിലാളികളുടെ സമരം, മത്സ്യതൊഴിലാളികളുടെ സമരം തുടങ്ങിയവയെല്ലാം സ്ത്രീ നേതൃത്വംകൊണ്ട് ശ്രദ്ധിക്കപ്പെട്ട സമരങ്ങളാണ്.

ലോകത്തൊരിടത്തും നടന്നിട്ടില്ലാത്തവിധം സ്ത്രീ മുന്നേറ്റ പ്രസ്ഥാനങ്ങൾ തൊണ്ണൂറുകൾക്ക് ശേഷം കേരളത്തിലുണ്ടായി. നിലനിൽക്കുന്ന പ്രത്യയശാസ്ത്രങ്ങളും രാഷ്ട്രീയ നേതൃത്വങ്ങളും പരാജയപ്പെടുന്നിടത്താണ് നവസ്ത്രീമുന്നേറ്റപ്രസ്ഥാനങ്ങളുടെ ഉദയം. ഇവ കേരളത്തിലെ സാമ്പ്രദായിക വിപ്ലവാശയങ്ങളിൽ നിന്നും ഏറെ വ്യത്യസ്തവുമാണ്. നിശബ്ദമാകുന്ന സ്ത്രീ പിന്നണി നേതൃത്വത്തേക്കാൾ കർതൃത്വത്തെ തിരിച്ചറിയുന്ന സ്ത്രീകളുടെ മുന്നണി നേതൃത്വമാണ് ഈ കാലഘട്ടത്തിന്റെ പ്രത്യേകത. പുതുതായി കേരളത്തിൽ

രൂപംകൊള്ളുന്ന സ്ത്രീ മുന്നേറ്റ പ്രസ്ഥാനങ്ങളെല്ലാം സൂചിപ്പിക്കുന്നത് ഇതുതന്നെയാണ്.

സാമ്പ്രദായിക സമര രീതികളിൽ നിന്നും, സംഘടിത പ്രസ്ഥാനങ്ങളുടെ ആശയങ്ങളിൽനിന്നും വേറിട്ട് നിൽക്കുന്നവയാണ് നവസാംസ്കാരിക സ്ത്രീ പ്രസ്ഥാനങ്ങൾ. ഇക്കൂട്ടത്തിൽ വിജയം നേടാതെ പോകുന്ന നിരവധി പ്രസ്ഥാനങ്ങളുണ്ട്. എന്നിരുന്നാലും കേരളത്തിലെ ജനാധിപത്യ സമൂഹത്തെ മുന്നോട്ട് ചലിപ്പിക്കാനും നവസ്ത്രീ ആശയവാദങ്ങളെ കേരളത്തിൽ അവതരിപ്പിക്കാനും നവ സാംസ്കാരിക സ്ത്രീ മുന്നേറ്റ പ്രസ്ഥാനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. മുകളിൽ വിശദീകരിച്ച മുന്നേറ്റ പ്രസ്ഥാനങ്ങളുടെയെല്ലാം പ്രവർത്തനങ്ങൾ അതിന് ഉദാഹരണമാണ്.

## കുറിപ്പുകൾ

1. രശ്മി ജി, അനിൽകുമാർ, കെ. എസ്, *വിമത ലൈംഗികത ചരിത്രം സിദ്ധാന്തം രാഷ്ട്രീയം*, പുറം 8.
2. രേഷ്മ ഭരദ്വാജ് (എഡി), *മിഥ്യകൾക്കപ്പുറം സ്വവർഗ്ഗ ലൈംഗികത കേരളത്തിൽ*, പുറം 12.
3. Simone De Beauvoir, *The Second Sex*, p.54.
4. Judith Butler, *Gender Trouble : Feminism and the Subversion of Identity*, p.201.
5. Sigmund Freud, *Three Essays on the Theory of Sexuality*, p.1463.
6. **ടി. പു, പുറം** 1467.
7. വാത്സ്യായനൻ, *കാമസൂത്രം*, പുറം 23.
8. Shraddha Chatterjee, *Queer Politics in India*, p.97
9. ജിജോ കുര്യാക്കോസ്, *മഴവിൽ പ്രതിരോധങ്ങളും ഐക്യപ്പെടലും*, പുറം 22.
10. ടി. പു., പുറം 22.
11. ടി. പു., പുറം 23
12. കിഷോർകുമാർ, *രണ്ട് പുരുഷന്മാർ ചുംബിക്കുമ്പോൾ*, പുറം 41.
13. രേഷ്മ ഭരദ്വാജ് (എഡി.), *മിഥ്യകൾക്കപ്പുറം സ്വവർഗ്ഗലൈംഗികത കേരളത്തിൽ*, പുറം 59.
14. ജാൻസി ജെയിംസ്, *ഫെമിനിസം സിദ്ധാന്തവും പ്രയോഗവും*, പുറം 112.
15. ടി. പു, പുറം 112.
16. ടി. പു, പുറം 113.
17. ടി. പു, പുറം 115.
18. സി.എസ്. ചന്ദ്രിക, *കേരളത്തിന്റെ സ്ത്രീ ചരിത്രങ്ങൾ സ്ത്രീമുന്നേറ്റങ്ങൾ*, പുറം 214.
19. ടി. പു, പുറം 216.
20. ടി. പു, പുറം 216.
21. ടി. പു, പുറം 218.
22. ടി. പു, പുറം 220
23. നളിനി ജമീല, *ഒരു ലൈംഗിക തൊഴിലാളിയുടെ പ്രണയ പുസ്തകം*, പുറം 19.
24. ടി. പു, പുറം 26.
25. ജിഷയുടെ നാടകവേദി, പുറം 38

# അധ്യായം മൂന്ന്

# ദളിത് രാഷ്ട്രീയവും മുന്നേറ്റ പ്രസ്ഥാനങ്ങളും

ആധുനികതയോടുകൂടി കേരളത്തിന്റെ സാംസ്കാരിക മണ്ഡലം ചർച്ച ചെയ്യുന്ന വ്യവഹാരമാണ് ദളിത് എന്നത്. നിലനിന്ന സാംസ്കാരിക രൂപങ്ങൾ ദളിത് സങ്കല്പനങ്ങളെ എപ്രകാരമായിരുന്നു പരിഗണിച്ചിരുന്നത് എന്ന ചോദ്യമാണ് ദളിത് രാഷ്ട്രീയം മുന്നോട്ടു വെക്കുന്നത്. കേരളത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തെ മുൻനിർത്തികൊണ്ട് ദളിത് പ്രസ്ഥാനത്തെ പഠനവിധേയമാക്കുമ്പോൾ ദളിത് രാഷ്ട്രീയം എന്താണെന്നും ദളിതരായി മാറ്റി നിർത്തപ്പെട്ടവർ ആരൊക്കെയാണെന്നും നിർവചിക്കപ്പെടേണ്ടതുണ്ട്.

ദളിത് എന്ന പദത്തിന്റെ അർത്ഥം ചിതറിയത്, പൊട്ടിപ്പോയത് എന്നൊക്കെയാണ്. വർണവ്യവസ്ഥയിൽ പുറത്താക്കപ്പെട്ടതു കൊണ്ടാണ് അവർക്കാപേരു ലഭിച്ചത്. ജാതീയമായി അടിച്ചമർത്തപ്പെടുന്നവർ, പിന്നോക്കം നിൽക്കുന്നവർ എന്നിവരെ യെല്ലാം ദളിതരായി കണക്കാക്കാം. ദളിത് എന്ന പദം ഡിപ്രസ്ഡ് ക്ലോസ് (അധഃകൃതവർഗ്ഗം) എന്നതിന്റെ വിവർത്തനമായി 1930 ലാണ് പ്രയോഗിച്ച് കാണുന്നത്.[1]. മഹാരാഷ്ട്രയിൽ രൂപംകൊണ്ട 'ദളിത് പാന്തർ' പ്രസ്ഥാനവും അതോടൊപ്പം വളർന്ന് വന്ന ദളിത് സാഹിത്യവുമാണ് ദളിത് എന്ന വാക്കിന് പ്രചാരമേകിയത്. ഡോ. ബി. ആർ. അംബേദ്കർ അഭിസംബോധന ചെയ്ത അസ്പൃശ്യവർഗ്ഗം

എന്നതാണ് പിന്നീട് ദളിതർ എന്ന പദമായി മാറിയതെന്ന ഒരു വാദവും നിലനിൽക്കുന്നുണ്ട്. പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹിക വികസനത്തിന്റെ അനിവാര്യതയെ സൂചിപ്പിക്കുവാൻ 'ദലിതോദ്ധാരൻ' എന്ന് ഉപയോഗിച്ചിരുന്നു.[2]. സാമൂഹിക സാമ്പത്തിക വിമോചനപ്രസ്ഥാനത്തിന് അസ്പൃശ്യർ നൽകിയ ഈടുറ്റ സംഭാവനയായിട്ടാണ് 'ദളിതർ' എന്ന പദത്തെ ബാർബറാ ജോഷി പരിഗണിക്കുന്നത്.[3] കീഴാളർ (Subaltern) എന്ന് വിളിക്കുന്നത് മർദ്ധിതരും അധഃസ്ഥിതരും പാർശ്വവൽകൃതരുമായ വിപുലമായ ജനവിഭാഗത്തെയാണ്. ഇതിൽ പൊതുവിൽ സ്ത്രീ സമൂഹമാകെപെടുന്നതാണ്. ഒരു വ്യക്തി എന്ന നിലയിൽ സമൂഹത്തിൽ നിന്ന് യാതൊരു പരിഗണനയും നൽകാതെ മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തപ്പെട്ടവരാണ് ദളിതർ. സവർണ്ണ ഹിന്ദുത്വം ഇന്ത്യൻ സമൂഹത്തിൽ നിർമ്മിച്ചെടുത്ത വർണവ്യവസ്ഥയുടെ ഭാഗമായി അധഃസ്ഥിത വിഭാഗങ്ങളിലേക്ക് തള്ളിവിടപ്പെട്ടവരാണ് ദളിതർ. അവർണ്ണരും അസ്പൃശ്യരുമായി മുദ്രകുത്തപ്പെട്ട അവസ്ഥയെ ശാശ്വതീകരിക്കാൻ വേണ്ടി മനുസ്മൃതി, നാരദ സ്മൃതി, പാരാശരസ്മൃതി തുടങ്ങിയ പ്രതിലോമപരമായ നിയമങ്ങളും മൂല്യസംഹിതകളും സവർണ്ണഹിന്ദുക്കൾ യഥേഷ്ടം ഉപയോഗിച്ചു. ദളിത് എന്ന വാക്കും അതിന്റെ രാഷ്ട്രീയവും ചരിത്രത്തിന്റെ തുടർച്ചയുമാണെന്ന് കണ്ടെത്താനാകും. അതുകൊണ്ടുതന്നെ ദളിത് രാഷ്ട്രീയത്തിന്റെ പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ടുള്ള

സാംസ്കാരികപഠനം അംഗീകൃത ചരിത്രത്തിന്റെ വിമർശനം കൂടിയാണ്.

ആധുനിക ഇന്ത്യയിലെ ദളിത് സ്വത്വനിർമ്മിതിയെ കോളനിയാനന്തര ഇന്ത്യൻ സമൂഹത്തിന്റെ ഭാഗമായി കണക്കാക്കാം. എന്നാലിവിടെ കോളനീകരണം എന്നത് സാമ്രാജ്യത്വശക്തികൾ അധിനിവേശത്തിലൂടെയും യുദ്ധങ്ങളിലൂടെയും രാജ്യങ്ങളെ കോളനികളാക്കിമാറ്റുന്ന കേവല രാഷ്ട്രീയ പ്രക്രിയയല്ല. മറിച്ച്, ഭൂമിശാസ്ത്രപരമായ രാഷ്ട്രീയാധിപത്യത്തിലൂടെ സാമ്പത്തിക-രാഷ്ട്രീയ ചൂഷണവും കൊളോണിയലിസത്തിന്റെ ദേശങ്ങൾക്കുള്ളിലെ പ്രയോഗവുമാണ്. പ്രദേശങ്ങൾ, ജനങ്ങൾ, മർദ്ധിത വർഗ്ഗങ്ങൾ, ഗോത്രവിഭാഗങ്ങൾ എന്നിവയെല്ലാം തന്നെ തദ്ദേശ കോളനിവൽക്കരണത്തിന്റെ ഭാഗമാണ്. ദേശരാഷ്ട്രത്തിന്റെ അധീശശക്തികളുമായി ഇവർ ഏറ്റുമുട്ടാൻ തുടങ്ങുന്നത് ആധുനിക ഘട്ടത്തിലാണ്. സ്വാതന്ത്ര്യം, അടിമത്തം എന്നീ രണ്ട് ഘടകങ്ങളാണ് ദളിത് സ്വത്വനിർമ്മിതിയുടെ അടിസ്ഥാനഘടകങ്ങളായി പ്രവർത്തിക്കുന്നത്. ഈ ഘടകങ്ങൾ കൊളോണിയൽ ആധുനികതയുടെ ഭാഗമാണ്.

സാമൂഹിക ജീവതത്തിലെ ജാതീയ അസമത്വങ്ങളെ ഒരു മനുഷ്യാവകാശ പ്രശ്നമായി ആദ്യമായി അവതരിപ്പിച്ചത് അംബേദ്ക്കറാണ്. ഇദ്ദേഹത്തെ കൂടാതെ ജോഗേന്ദ്രനാഥ് മണ്ഡൽ, റാം വിലാസ് പാസ്വാൻ, കാഞ്ച ഇലയ്യ, ഓം പ്രകാശ് വാല്മീകി,

യശ്വന്ത് അംബേദ്ക്കർ എന്നിവരും ജാതിവ്യവസ്ഥക്കെതിരെ പോരാടി. നവോത്ഥാന ശ്രമങ്ങളുടെ ഭാഗമായി ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ ജാതീയതക്കെതിരെ നിരവധി പ്രസ്ഥാനങ്ങൾ രൂപംകൊണ്ടു. തമിഴ്നാട്ടിൽ ഇ.വി.രാമസ്വാമി നായ്ക്കരുടെ നേതൃത്വത്തിൽ ആത്മാഭിമാന പ്രസ്ഥാനം. ആദിദ്രാവിഡ പ്രസ്ഥാനം, കേരളത്തിൽ ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ എസ്. എൻ. ഡി. പി (1903), അയ്യങ്കാളിയുടെ നേതൃത്വത്തിൽ അയ്യങ്കാളി പ്രസ്ഥാനം (1910), മഹാരാഷ്ട്രയിലെ അംബേദ്ക്കർ പ്രസ്ഥാനം (1924), പഞ്ചാബിലെ അസ്ദാം (1926) എന്നിവ അക്കൂട്ടത്തിൽ പ്രധാനപ്പെട്ടതാണ്.

ഇന്ത്യൻ നവോത്ഥാനത്തിന്റെ ഭാഗമായി കേരളത്തിലും ദളിത് മുന്നേറ്റപ്രസ്ഥാനങ്ങൾ രൂപം കൊണ്ടു. ആധുനിക കേരളം രൂപപ്പെടുത്തുന്നതിൽ ദളിത് മുന്നേറ്റ പ്രസ്ഥാനങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. എന്നാൽ ചരിത്രത്തിന്റെ വരേണ്യ വ്യാഖ്യാനങ്ങൾ ദളിത് മുന്നറ്റ ശ്രമങ്ങളെ ആഖ്യാനം ചെയ്യാൻ മടിച്ചു. അഥവാ ആഖ്യാനം ചെയ്തിട്ടുണ്ടെങ്കിൽ തന്നെ അവ കീഴാള ലഹളയായി മാത്രം ചരിത്രത്തിൽ ഒതുങ്ങി. ഈവിധം ചരിത്രത്തിൽ പാർശ്വവൽക്കരിക്കപ്പെടുകയോ അദൃശ്യവൽക്കരിക്ക പ്പെടുകയോ ചെയ്ത മുന്നേറ്റ ശ്രമങ്ങളാണ് ആദ്യകാല കേരളത്തിലെ ദളിത് പ്രസ്ഥാനങ്ങൾ.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് കേരളത്തിൽ നവോത്ഥാന പ്രസ്ഥാനങ്ങൾ രൂപപ്പെടുന്നത്. കേരളത്തിലെ എല്ലാ അധഃസ്ഥിത പിന്നോക്ക വിഭാഗങ്ങളും സാമുദായികമായി ഏകീകരിക്കപ്പെടാൻ ശ്രമിച്ച ചരിത്ര ഘട്ടമാണിത്. ഇതേ ചരിത്ര ഘട്ടത്തിൽതന്നെയാണ് ദളിത് പ്രസ്ഥാനമെന്ന ആശയം രൂപപ്പെടുന്നതും പ്രാവർത്തികമാകുന്നതും. തിരുവിതാംകൂറിലെ പൊതുവഴിയിലൂടെ ദളിതർക്ക് വഴി നടക്കാനുള്ള അവകാശത്തിനായി അയ്യങ്കാളി നടത്തിയ വില്ലുവണ്ടി സമരം (1893), പൊതു ചന്തയിൽ പ്രവേശിക്കാൻ നടത്തിയ സമരം, കലാലയ പ്രവേശനത്തിനായി നടത്തിയ സമരം, മക്കൾക്ക് സ്കൂൾ പ്രവേശനം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കർഷകർ നടത്തിയ ഒരു വർഷം നീണ്ടുനിന്ന കാർഷിക പണിമുടക്ക് എന്നിവയെല്ലാം ആദ്യകാല ദളിത് മുന്നേറ്റ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടതാണ്.

ദളിത് മുന്നേറ്റ ശ്രമങ്ങൾ എല്ലാം തന്നെ രക്തം ചിന്തുന്ന കലാപമാണെന്ന ധാരണ വരേണ്യ വർഗ്ഗത്തിനുണ്ട്. ഇത് തെറ്റാണ്. ആദ്യകാല കേരളത്തിലെ ദളിത് മുന്നേറ്റ ശ്രമങ്ങൾ വൈജ്ഞാനികതയുടെയും നവസാമൂഹിക ബോധത്തിന്റെയും ഉണർവ്വ് കൂടിയാണ്. 1905 ലാണ് അയ്യങ്കാളി തിരുവനന്തപുരം വെങ്ങാനൂരിൽ ദളിതർക്കുവേണ്ടിയുള്ള ആദ്യ സ്കൂൾ സ്ഥാപിച്ചത്. ഇതേതുടർന്ന് വിപുലമായ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമാകാൻ ദളിതർക്ക് സാധിച്ചു. 1917 ൽ തിരുവിതാംകൂർ ശ്രീമൂലം

പ്രജാസഭ മെമ്പർ ആയിരുന്ന കാവാരിക്കുളം കണ്ടൻ കുമാരൻ പ്രജാസഭയിൽ പ്രസംഗിച്ചത് തിരുവിതാംകൂറിലെ 4 താലൂക്കുകളിലായി 52 സ്കൂളുകൾ ദളിതർ നടത്തുന്നുണ്ടെന്നാണ്. 1907 ൽ അയ്യങ്കാളി രൂപീകരിച്ച സാധുജനപരിപാലന സംഘത്തിന് ആയിരത്തിലധികം ശാഖകളും ഉണ്ടായിരുന്നു. 1912 ൽ അയ്യങ്കാളി ശ്രീമൂലം പ്രജാസഭയിൽ അംഗമാകുന്നുണ്ട്. തുടർന്ന് പൊയ്കയിൽ അപ്പച്ചൻ, പാമ്പാടി ജോൺ ജോസഫ്, വെള്ളിക്കര ചോതി, കാവാരിക്കുളം കണ്ടൻ കുമാരൻ, പി. സി ചാഞ്ചൻ, കെ.പി. വള്ളോൻ തുടങ്ങിയ പ്രഗൽഭരായ നൂറോളം ദളിതർ വിവധ ഘട്ടങ്ങളിൽ പ്രജാസഭയിൽ അംഗങ്ങളായി.[4]. ഇവരുടെ പ്രവർത്തനങ്ങൾ എല്ലാംതന്നെ സവർണ്ണാധിപത്യത്തിനെതിരെയുള്ള കലാപങ്ങളായിരുന്നു. 1913 ൽ അയ്യങ്കാളി ആരംഭിച്ച സാധുജനപരിപാലിനി എന്ന മാസിക നീണ്ട 17 വർഷങ്ങൾ ചങ്ങനാശ്ശേരിയിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്നു.[5]. ക്രിസ്തുമത വിശ്വാസിയായിരുന്ന പൊയ്കയിൽ അപ്പച്ചൻ സ്വന്തം വിശ്വാസപ്രസ്ഥാനമായ പ്രത്യക്ഷരക്ഷാദൈവസഭ സ്ഥാപിക്കുന്ന തിന് മുന്നോടിയായി അനുയായികൾക്കൊപ്പം ചേർന്ന് ആയിരകണക്കിന് ബൈബിൾ ചുട്ടെരിച്ചു.[6] ആദ്യകാല കേരളത്തിൽ ദളിത് ഇടപെടലുകൾ ശക്തമായിരുന്നുവെന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. എന്നാൽ 1930 കൾ ആകുമ്പോഴേക്കും ദളിത് ഇടപെടലുകൾ നിർജ്ജീവമാകുന്നതായും കാണാം. മുഖ്യധാരാ

രാഷ്ട്രീയ പ്രക്ഷോഭങ്ങളിലേക്ക് ഈ ഘട്ടത്തിൽ കേരളം വഴി മാറിയതായിരുന്നു ഇതിന് കാരണം.

ആധുനിക ഇന്ത്യ രൂപപ്പെട്ടപ്പോൾ രാഷ്ട്രത്തിന്റെ ജനാധിപത്യ പ്രക്രിയയിൽ നിന്നും ദളിതർ നിഷ്കരുണം പുറന്തള്ളപ്പെടുകയാണുണ്ടായത്. ഭരണപങ്കാളിത്തം ലക്ഷ്യമാക്കി വിവിധ സാമുദായിക–ന്യൂനപക്ഷ സംഘടനകളും കമ്മ്യൂണിസ്റ്റ് പാർട്ടിയും രംഗത്ത് വന്നു. ഇതോടെ ദളിതർ കൂടുതൽ നിശ്ശബ്ദരാക്കപ്പെട്ടു. അവർക്ക് വേണ്ടി സംസാരിക്കാൻ ഒരു സംഘടനയോ രാഷ്ട്രീയ പാർട്ടിയോ ഇല്ലാതായി. ആധുനിക ജനാധിപത്യത്തിലേക്ക് ഉയർന്നുവന്ന കേരളീയ സമൂഹവും ദളിതരുടെ സാമൂഹിക–സാംസ്കാരിക അന്തരീക്ഷത്തെ അപരിഷ്കൃതമായി കണ്ടു. ഇതിന്റെ പ്രധാന കാരണം ജാതിവ്യവസ്ഥയെകുറിച്ചുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അറിവില്ലായ്മ ആയിരുന്നു. വർഗ്ഗ ന്യൂനീകരണാശയത്തിലൂടെ അവർ ജാതിയെ സമൂഹത്തിലെ ഉപരിഘടനയായി ദുർവ്യാഖ്യാനം ചെയ്തു. അങ്ങനെ ആധുനിക കേരളത്തിന്റെ ചരിത്ര–സംസ്കാരിക വ്യവഹാരങ്ങളിൽ ദളിതൻ നിഷേധരൂപങ്ങളോ അസാന്നിദ്ധ്യമോ ആയി മാറി. ഈയൊരു സാഹചര്യത്തിൽ നിന്നും ദളിതർ തങ്ങളുടെ സ്വത്വത്തെ തിരിച്ചറിയുന്നതും പ്രതിനിധാനം ചെയ്യുന്നതും 1960 കളുടെ അവസാനത്തോടെയാണ്. ദളിത് ഉന്നമനത്തിനായുള്ള പല സംഘടനകളും ഈ ഘട്ടത്തിൽ രൂപംകൊണ്ടു.

## 3.1 അകറ്റി നിർത്തപ്പെടുന്ന ദളിതർ

ദളിതർ എന്തുകൊണ്ടാണ് മുഖ്യധാരയിൽ നിന്നും പിന്തള്ളപ്പെട്ടുവെന്ന് ചരിത്രപരമായി അന്വേഷിക്കുമ്പോൾ ചെന്നെത്തുന്നത് ജാതിയിലാണ്. ജാതികളും ഉപജാതികളും ഗോത്രങ്ങളായും കെട്ടുപിണഞ്ഞ് കിടക്കുന്ന രാജ്യമാണ് ഇന്ത്യ. തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള വേർതിരിവിനെ ഗൂഢമായി ഉപയോഗപ്പെടുത്തിയാണ് ജാതിവവ്യസ്ഥക്ക് രൂപംകൊടുത്തത്. അതുകൊണ്ടുതന്നെ സമ്പദ്ഘടനയിലെ അധികാര രൂപമായും സാമൂഹികപദവിയായും ജാതി മേൽക്കോയ്മ നേടി. ഇന്ത്യയിൽ ജാതിചിന്തയ്ക്ക് അടിത്തറ പാകിയത് ഹിന്ദുത്വവാദമാണ്. അധഃസ്ഥിതജാതികളും, മേധാവിത്തജാതികളും, മർദ്ദിതനും, ഉള്ളവനും ഇല്ലാത്തവനും, ചൂഷകനും ചൂഷിതനും എന്നിങ്ങനെ സമൂഹത്തിൽ ജാതീയമായ വേർതിരിവ് പ്രകടമാണ്. ഈ വ്യവസ്ഥിതികളോട് പൊരുത്തപ്പെടാനാവാത്ത സാഹചര്യമാണ് ദളിതർ എന്ന പുതിയൊരു ആശയത്തിലേക്ക് ഇന്ത്യയെകൊണ്ടെത്തിച്ചത്.

എന്തുകൊണ്ട് ദളിതർ പിന്തള്ളപ്പെട്ടുവെന്ന നിർണ്ണായകമായ ചോദ്യത്തെ ഡോ. കെ. എസ്. മാധവൻ ഇങ്ങനെ അഭിമുഖീകരിക്കുന്നു; “കീഴാള പാരമ്പര്യങ്ങളെ ഹീനവും മ്ലേച്ഛവും പൈശാചികവുമായി സ്ഥാനപ്പെടുത്തികൊണ്ടുള്ള പ്രതിനിധാന ഹിംസകളിലൂടെയാണ് ദളിത്-ബഹുജൻ സംസ്കൃതികളെ ബ്രാഹ്മണ്യവും ജാതിവരേണ്യതയും അപരതത്വങ്ങളും അഴുക്കമാക്കി

പുറംതള്ളിയത്. അധ്വാന രൂപങ്ങളെ മലിനവും അധ്വാനശരീരങ്ങളെ അഴുക്കുമാക്കുന്ന വ്യവഹാരതന്ത്രങ്ങളിലൂടെ സാംസ്കാരിക ഹിംസയായിട്ടാണ്ട പ്രതീകവൽക്കരണത്തിലൂടെയും പ്രതിനിധാന രൂപങ്ങളിലൂടെയും ഭാഷാവ്യവഹാരങ്ങളിലൂടെയും ഹിംസാവിഷ്ക്കാരങ്ങളായി കീഴാള സംസ്കൃതിയെ അപരവും ഹീനവുമാക്കി പുറന്തള്ളിയത്. അധ്വാനിക്കുന്ന മനുഷ്യരെ ഹീനരും അഴുക്കുമാക്കുന്ന വസ്തുവൽക്കരണത്തിലൂടെ തൊടാൻ പാടില്ലാത്ത വസ്തുക്കളായി കീഴാളരെ സ്ഥാനപ്പെടുത്തുന്ന ശുദ്ധാഹിംസാവ്യവ ഹാരങ്ങളാണ് ബ്രാഹ്മണ്യത്തിന്റെ സാംസ്കാരികപദ്ധതി. തരംതിരിച്ച അസമത്വം തരംതിരിച്ച ഭവത്വമായി മനുഷ്യരെ സ്ഥാനപ്പെടുത്തുന്ന ഭവശാസ്ത്രത്തെ ദൈവശാസ്ത്രവും ഉൽപ്പത്തിശാസ്ത്രവുമായി വികസിപ്പിച്ചുകൊണ്ടാണ് കീഴാള ജനതകളെ ബ്രാഹ്മണ്യ പ്രത്യയശാസ്ത്രം തൊടാൻ പാടില്ലാത്ത മലിന വസ്തുക്കളായി മുദ്രകുത്തിയത്. കീഴാളരെ അപരസ്വത്വങ്ങളായി നിരന്തരം പൈശാചികവൽക്കരിക്കുന്ന പുറന്തള്ളൽ വ്യവസ്ഥയെ ജ്ഞാനശാസ്ത്രപരമായി നിർമ്മിച്ചെടുത്തുകൊണ്ടാണ് ബ്രാഹ്മണ്യം സ്വയം ശുദ്ധി ഹിംസയുടെ പ്രത്യയശാസ്ത്രം വികസിപ്പിച്ചത്".[7]

## 3.2. ഇന്ത്യയിലെ ആദ്യകാല ദളിത് മുന്നേറ്റങ്ങൾ

വ്യവസ്ഥാപിത ഇന്ത്യൻ ചരിത്രം രേഖപ്പെടുത്താതെപോയ നിരവധി മുന്നേറ്റങ്ങൾ പതിനെട്ടാം നൂറ്റാണ്ടുമുതൽ ദളിതർക്കിടയിൽ നിന്നുണ്ടായിട്ടുണ്ട്. അക്കൂട്ടത്തിൽ പ്രാധാന്യം അർഹിക്കുന്നതാണ്

മഹാത്മാ ജ്യോതിബാ ഫൂലെയുടെ പ്രവർത്തനങ്ങൾ. ഇന്ത്യൻ നവോത്ഥാനത്തിന്റെ മുഖ്യധാരയിൽ അടയാളപ്പെടുത്താതെപോയ ശക്തനായ സാമൂഹ്യ പരിഷ്ക്കരണവാദിയായിരുന്നു ജ്യോതിബാ ഫൂലെ. 1873 ൽ അദ്ദേഹം സ്ഥാപിച്ച സത്യശോധക് സമാജം ബ്രാഹ്മണ്യത്തിന്റെ യുക്തിരഹിതമായ ആചാരങ്ങളെ അതിശക്തമായി വിമർശിച്ചു. ദളിതർക്ക് വേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിൽ പ്രഥമ ചുവടുകൾ ഫൂലെയുടേതായിരുന്നു. സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകുന്നതിൽ ഇന്ത്യയിൽ തന്നെ തുടക്കം കുറിച്ചത് അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു. ദളിതരുടെയും മറ്റ് പിന്നോക്ക വിഭാഗങ്ങളുടെയും അഹൈന്ദവ പാരമ്പര്യത്തെ നിർമ്മിക്കുവാൻ ഫൂലെ തന്റേതായ ഒരു ചരിത്ര വ്യാഖ്യാനം നിർമ്മിച്ചു. 'അനാര്യവംശസിദ്ധാന്തം' എന്ന് വിശേഷിപ്പിക്കുന്ന ഈ വ്യാഖ്യാനം ഇന്ത്യയിൽ ആദ്യമായി കീഴാളപക്ഷത്തുനിന്ന് ജ്ഞാന ശാസ്ത്രത്തിലിടപെട്ട സന്ദർഭമായിരുന്നു. ഹിന്ദു സാഹിത്യത്തിലെ ദേവന്മാരെ അധിനിവേശകരായും അസുരവ്യക്തിത്വങ്ങളെ വീരനായകന്മാരായും അദ്ദേഹം അനാര്യവംശസിദ്ധാന്തത്തിലൂടെ പുനർവ്യാഖാനിച്ചു. ബ്രിട്ടീഷ് അധിനിവേശത്തെ ദളിതർക്കും കീഴാളർക്കും മോചിതരാവാനുള്ള സാധ്യതയായും അദ്ദേഹം വിലയിരുത്തി.

സത്യശോധക് സമാജം നിർണ്ണായകമായ സ്വാധീനം ചെലുത്തിയ മഹർവിഭാഗങ്ങൾക്കിടയിൽ നിന്നാണ് ആധുനിക ദളിത് പ്രസ്ഥാനങ്ങൾ രൂപപ്പെട്ടതെന്ന് ചരിത്രം പറയുന്നു. പൊതുയിടങ്ങളിൽ മനുഷ്യരായി, എല്ലാ മൗലിക അവകാശങ്ങളോടും കൂടി ജീവിക്കാനുള്ള പ്രാഥമിക ആവശ്യങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിന് വേണ്ടിയായിരുന്നു ഇക്കൂട്ടർ ആദ്യമായി സംഘടിതരായത്. ആദ്യകാല മഹർ നേതാക്കളിൽ പ്രമുഖനായ കിസാൻ ഫാഗുജി ബൻസോദ് 1903 ൽ നാഗ്പൂരിൽ ഒരു മഹർ സംഘടന രൂപീകരിക്കുകയും നിരവധി സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്തു. 1907 ൽ അദ്ദേഹം പെൺകുട്ടികൾക്ക് മാത്രമായി പ്രത്യേക സ്കൂൾ സ്ഥാപിച്ചു. നിരീക്ഷക് ഹിന്ദു നാഗരിക് (1910), വിത്തൽ വിധ്വംസക് (1913), മസൂർ പത്രിക (1918), ചൊക്കമേള (1931) എന്നിവ ബൻസോദ് സ്ഥാപിച്ച പത്രങ്ങളാണ്.

ദളിതരുടെ പ്രശ്നങ്ങളെ അടുത്തറിഞ്ഞ് അതിന് പ്രായോഗിക പരിഹാരം ഉണ്ടാക്കുവാൻ ശ്രമിച്ച മഹാരാഷ്ട്രയിലെ ഭരണാധികാരി യായിരുന്നു ഛത്രപതിസാഹു. 1902 ൽ കോൽഹാപ്പൂർ ജില്ലയിലെ തൊഴിൽ മേഖലയിൽ 50 ശതമാനം സംവരണം പിന്നോക്കക്കാർക്ക് നീക്കിവെക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഉദ്യോഗത്തിൽ എത്തുന്ന ദളിതരെയും കീഴാളരെയും മനുഷ്യരെപോലെ കണക്കാക്കണമെന്നും അങ്ങനെയല്ലാത്തവർ പെൻഷൻപോലുള്ള ആനുകൂല്യങ്ങൾക്ക് അർഹരല്ലെന്നും അദ്ദേഹം ഉത്തരവിറക്കി.[8]

ഇന്ത്യയിലെ ദളിത് മുന്നേറ്റ ചരിത്രത്തെ അപഗ്രഥിക്കുമ്പോൾ അതിൽ പ്രാധാന്യം അർഹിക്കുന്നതാണ് 1927 ൽ ചേർന്ന അഖിലേന്ത്യാ ആദി ഹിന്ദു സമ്മേളനം. വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട 25000 ദളിതർ ഉത്തർപ്രദേശിൽ നിന്നും, ഇതര സംസ്ഥാനങ്ങളിൽ നിന്ന് 350 പ്രതിനിധികളും ഈ സമ്മേളനത്തിൽ പങ്കെടുത്തു. പഞ്ചാബ്, ബീഹാർ, ഡൽഹി, പൂന, ബംഗാൾ, മദ്രാസ്, ഹൈദ്രാബാദ് എന്നിവിടങ്ങളിൽ നിന്നുള്ളവർ പങ്കെടുത്ത ഈ സമ്മേളനം തങ്ങൾ ഇന്ത്യയിലെ എല്ലാ അസ്പൃശ്യർക്കും വേണ്ടി നിലകൊള്ളുന്നുവെന്ന് പ്രഖ്യാപിച്ചു. സ്വാമി അച്യുതാനന്ദയെ അവരുടെ യഥാർത്ഥ നേതാവായി സമ്മേളനം തിരഞ്ഞെടുക്കുകയും ചെയ്തു.

ഉത്തർപ്രദേശിൽ രൂപംകൊണ്ട ആദിഹിന്ദു പ്രസ്ഥാനം ഒരു സാമുദായിക പ്രതിനിധാനമായി മാത്രം ചുരുങ്ങിയില്ല. ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ സജീവമായ ദേശീയതാ നിർമ്മിതിയുടെ ഘട്ടം കൂടിയായിരുന്നു അത്. അടിസ്ഥാനപരമായ ഭൗതികാവശ്യങ്ങൾ നേടിയെടുക്കാൻ ആദിഹിന്ദുപ്രസ്ഥാനം കാണിച്ച ജാഗ്രത ദളിതർക്കിടയിലെ സ്വത്വബോധത്തെക്കുറിച്ചുള്ള ഉണർവ്വുകൾ തീവ്രമാക്കി. പാട്ടനിയമം ഭേദഗതി ചെയ്തുകൊണ്ട് ഭൂമിക്ക് മേലുള്ള സ്ഥിരാവകാശം, കാർഷിക ജോലികൾക്ക് സ്ഥിരവും ഏകീകൃതവുമായ വേതനം, ചത്ത മൃഗങ്ങളുടെ തോലു നീക്കം ചെയ്യുന്ന ജോലിയിൽ നിന്നുള്ള ഒഴിവാക്കൽ, പൊതു കിണറുകളിൽ നിന്ന് വെള്ളമെടുക്കാനുള്ള അവകാശം, ഏതു മതത്തിലേക്കും പരിവർത്തനം

ചെയ്യാനുള്ള സ്വാതന്ത്ര്യം, ബെഗാരി (ശമ്പളമില്ലാത്ത തൊഴിൽ) സമ്പ്രദായം ഉപേക്ഷിക്കുക, ഹരിജൻ പേര് ഉപേക്ഷിക്കുക തുടങ്ങി സാമൂഹികവും സമഗ്രവുമായ ഉടച്ചുവാർക്കലാണ് ആദിപ്രസ്ഥാനം മുന്നോട്ടുവെച്ചത്.

### 3.2.1. ദളിത് പാന്തർ പ്രസ്ഥാനം: വിമോചനത്തിന്റെ പുതിയ ഘട്ടം

ഇന്ന് വിവക്ഷിക്കപ്പെടുന്ന അർത്ഥത്തിൽ 'ദളിത്' എന്ന പദം ഉപയോഗിക്കാൻ തുടങ്ങിയത് ദളിത് പാന്തർ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടു കൂടിയാണ്. മഹാരാഷ്ട്രയിലെ നഗരങ്ങളിലും ഗ്രാമങ്ങളിലും ദളിതർ ചൂഷണത്തിനും അപമാനത്തിനും വിധേയമാകുന്ന സാഹചര്യങ്ങൾ വർദ്ധിച്ചതാണ് ദളിത് പാന്തർ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന് കാരണം. നാംദേവ്ധസൽ, രാജാധാലേ എന്നീ എഴുത്തുകാരുടെ നേതൃത്വത്തിൽ 1972 ഏപ്രിലിൽ ആണ് ദളിത് പാന്തർ പ്രസ്ഥാനം രൂപീകൃതമായത്.

സാഹിത്യം/എഴുത്ത് എന്നിവ ചില സംഘടിത പ്രവർത്തന ത്തിലൂടെ വിമോചനാശയങ്ങൾ ഉൽപ്പാദിപ്പിക്കുന്നു എന്ന കാഴ്ചപ്പാടാണ് ദളിത് പാന്തർ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് പിന്നിലുണ്ടായിരുന്നത്. ദളിതർക്കെതിരെയുള്ള സവർണ്ണരുടെ ആക്രമണങ്ങളെ അതേ രീതിയിൽ തിരിച്ചടിക്കുകയായിരുന്നു ദളിത് പാന്തർ പ്രസ്ഥാനത്തിലെ എഴുത്തുകാർ. ഈ ആക്രമണസ്വഭാവം നിലനിർത്തുമ്പോൾ തന്നെ എഴുത്തിൽ പുതിയൊരു

സൗന്ദര്യശാസ്ത്രത്തെ രൂപപ്പെടുത്തുകകൂടിയായിരുന്നു ഇവരുടെ ലക്ഷ്യം. ഹിന്ദു വിശുദ്ധ ഗ്രന്ഥങ്ങളെ അധിക്ഷേപിക്കുന്ന 'തെറിപറച്ചിൽ'അക്കാലത്ത് സ്വീകരിക്കപ്പെട്ട തന്ത്രമായിരുന്നുവെന്ന് ശരൺ കുമാർ ലിംബാലെ സൂചിപ്പിക്കുന്നു.[9] സവർണ്ണത വിശുദ്ധമായി കരുതുന്നവർക്കെതിരെയുള്ള അടിച്ചമർത്തപ്പെട്ടവരുടെ പ്രതിഷേധ മായിരുന്നു ഈ ഭാഷ.

വംശീയവും സാമ്പത്തികവുമായ വിവേചനങ്ങൾക്കെതിരെ ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ അമേരിക്കയിൽ രൂപീകൃതമായ ബ്ലാക്ക് പാന്തർ പാർട്ടിയുടെ സ്വാധീനം ഉൾകൊണ്ടാണ് ഇന്ത്യയിൽ ദളിത് പാന്തർ പ്രസ്ഥാനം പ്രവർത്തനം ആരംഭിച്ചത്. 1972 ഓഗസ്റ്റ് 15 ന് ദളിത് പാന്തേഴ്സിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'സാധന'യിൽ പ്രസിദ്ധീകരിച്ച 'കല സ്വാതന്ത്ര്യത്തിന്' എന്ന ലേഖനം വിവാദമുണ്ടാക്കി. ഇത് മഹാരാഷ്ട്രയിൽ ദളിത് പാന്തേഴ്സിന് അംഗീകാരം നേടികൊടുത്തു. അംബേദ്ക്കറുടെ റിപ്പബ്ലിക്കൻ പാർട്ടി ഓഫ് ഇന്ത്യ പിളർന്നതിന്റെ ഫലമായി ദളിത് രാഷ്ട്രീയത്തിലെ ശൂന്യത നികത്താൻ ദളിത് പാന്തേഴ്സിനായി. പാർശ്വവൽക്കരിക്ക പ്പെടുന്നവരെ പരാമർശിക്കാനായി ദളിത് എന്ന പദത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ ദളിത് പാന്തേഴ്സ് ശ്രമിച്ചു. മറാത്തി സാഹിത്യത്തിലും കലയിലും നവോത്ഥാനത്തിന് ദളിത് പാന്തേഴ്സ് നേതൃത്വം നൽകി. അംബേദ്ക്കർ, ജ്യോതിറാവു ഫൂലെ, കാൾ മാർക്സ് എന്നിവരുടെ പ്രത്യയശാസ്ത്രങ്ങളെ യോജിപ്പിച്ചുകൊണ്ട് തീവ്ര

രാഷ്ട്രീത്തിന് വേണ്ടി വാദിക്കുകയും ചെയ്തു. 1973 ൽ ദളിത് പാന്തേഴ്സ് പുറത്തിറക്കിയ പ്രകടനപത്രിക അംബേദ്ക്കറൈറ്റ് ആത്മാവിനെ വിശാലമായ മാർക്സിസ്റ്റ് ചട്ടക്കൂട്ടിൽ ഉൾകൊള്ളിക്കുകയും സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഒരു സ്വയംഭരണ ദളിത് വീക്ഷണത്തിന്റെ ഉയർച്ചയെ പ്രഖ്യാപിക്കുകയും ചെയ്തു[10].

### 3.2.2. അംബേദ്ക്കറും ദളിത് വിമോചനാശയവും

ഇന്ത്യയിലെ ദളിതരുടെ മുന്നേറ്റ ശ്രമങ്ങളിൽ പ്രധാനപ്പെട്ടതാണ് ഡോ. അംബേദ്ക്കറുടെ പ്രവർത്തനങ്ങളും ആശയങ്ങളും. ഇന്ത്യയിൽ ഇന്ന് ദളിതർ ശക്തമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിൽ അതിൽ അംബേദ്ക്കറുടെ ആശയങ്ങളുടെ കാതലുണ്ട്. ദളിത് എന്ന സ്വത്വത്തെ രൂപപ്പെടുത്തിയെടുക്കുന്നതിൽ അംബേദ്ക്കറിന് അത്രയേറെ പങ്കുണ്ടായിരുന്നു. ഡോ. അംബേദ്ക്കറുടെ പ്രായോഗികവും പ്രത്യയശാസ്ത്രപരവുമായ ഇടപെടലുകൾ ഇന്ത്യയിലെ ദളിത് മുന്നേറ്റങ്ങളുടെ തീവ്രത വർദ്ധിപ്പിച്ചു. സൂക്ഷ്മമായ അപഗ്രഥനത്തിലൂടെ ഇന്ത്യൻ സാമൂഹ്യവ്യവസ്ഥയുടെ അധീശ സ്വഭാവത്തെ അദ്ദേഹം വിശകലനം ചെയ്തു.

അംബേദ്ക്കറുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട ജനകീയ വിദ്യാഭ്യാസ സമിതി (Peoples Education Society) ദളിതർക്കിടയിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിൽ വിജയിച്ചു. ഇതിന്റെ തുടർച്ചയെന്നോണം അംബേദ്ക്കർ 1945 ൽ

ബോംബെയിൽ സിദ്ധാർത്ഥ കോളേജ് സ്ഥാപിച്ചു. കോളേജിന്റെ യൂത്ത് അസംബ്ലി ഉദ്ഘാടനം ചെയ്തുകൊണ്ട് അംബേദ്ക്കർ പ്രസംഗിച്ചതിൽ ദളിത് നവോത്ഥാനത്തിന്റെ പ്രാധാന്യം എടുത്ത് പറയുന്നുണ്ട്. ഇന്ത്യയിൽ ഭൂരിപക്ഷം ജനങ്ങൾ അജ്ഞാനത്തിലും അന്ധവിശ്വാസത്തിലും മുഴുകി കഴിയുകയാണ്. ഇവിടുത്തെ സാമൂഹിക ചേതനതന്നെ കൂടുതൽ വിശ്വാസങ്ങൾക്ക് ജന്മം നൽകുന്നു. അതുകൊണ്ട് ഉപവാസം, തപസ്സ്, നൊയമ്പ്, വ്രതങ്ങൾ, ദേവ–ദേവി, ഋഷി ആചരണം എന്നിവയാണ് മതാനുഷ്ഠാനം എന്ന സങ്കല്പവും ഉണ്ടായിട്ടുണ്ട്. മതാന്ധവിശ്വാസികളായ ജനങ്ങളെ അവരുടെ സങ്കല്പത്തിൽ നിന്നും രക്ഷിക്കേണ്ടതുണ്ട്. വിദ്യാർത്ഥികൾ ചാളകളിൽപോയി ജനങ്ങളുടെ അജ്ഞാനവും അന്ധവിശ്വാസവും ഇല്ലാതാക്കണം. എങ്കിൽ മാത്രമേ നമ്മുടെ വിദ്യാഭ്യാസംകൊണ്ട് ജനങ്ങൾക്ക് വല്ല ലാഭവും ഉണ്ടാകുകയുള്ളൂ. നമ്മൾ നമ്മുടെ ജ്ഞാനത്തെവെറുതെ പരീക്ഷ പാസ്സാവാൻ വേണ്ടി മാത്രം ഉപയോഗിച്ചിട്ട് കാര്യമില്ല. ജ്ഞാനത്തിന്റെ ഉപയോഗം നമ്മുടെ സഹോദരങ്ങൾക്ക് പരിഷ്ക്കാരവും പുരോഗതിയും ഉണ്ടാവാൻ വേണ്ടിയായിരിക്കണം. എങ്കിൽ മാത്രമേ ഇന്ത്യ ഉന്നതിയിൽ എത്തുകയുള്ളൂ.[11] ദളിത് ഉന്നമനം കേവലമായി ഉണ്ടാകേണ്ട ഒന്നല്ലെന്നും വിദ്യാഭ്യാസത്തിലൂടെ വേണം ദളിതർ ചിന്തിക്കാനും തങ്ങളുടെ സ്വത്വത്തെ തിരിച്ചറിഞ്ഞു ആത്മാഭിമാനത്തിനുവേണ്ടി പോരാടുകയും ചെയ്യേണ്ടതെന്ന ആശയമാണ് അംബേദ്ക്കർ

പ്രചരിപ്പിച്ചത്. 1950 ൽ അംബേദ്ക്കറുടെ സിദ്ധാർത്ഥ കോളേജിൽ നിന്നും പുറത്തുവന്ന ദളിത് ബിരുദധാരികളാണ് സിദ്ധാർത്ഥ സാഹിത്യസംഘം സ്ഥാപിച്ചത്. ഘൻശ്യാം തൽവത്കർ ആയിരുന്നു ഇതിന് നേതൃത്വം നൽകിയത്. ഇതിൽ നിന്ന് രൂപപ്പെട്ട് വന്ന മറാത്ത ദളിത് സാഹിത്യ സംഘം മറ്റുള്ളവരിൽ നിന്ന് വേറിട്ട ജീവിത സാഹചര്യങ്ങൾ തങ്ങൾ നേരിടുന്നുവെന്ന് തരിച്ചറിഞ്ഞു.

### 3.3. ദളിത് സാഹിത്യം

പ്രാന്തവൽകൃതമായ ഒരു ജനതയുടെ എഴുത്തുകൾ എന്ന നിലക്കാണ് ദളിത് സാഹിത്യം പ്രചാരം നേടിയത്. ഇതിലൂടെ ഒരു ജനസമൂഹം തങ്ങളുടെ സ്വത്വബോധവും പ്രതിഷേധവും രേഖപ്പെടുത്തുന്നു. ദളിത് സാഹിത്യത്തിന്റെ ഉത്ഭവത്തെക്കുറിച്ച് പ്രബലമായ നാലു വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്.[12]

1. ബി. സി ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബുദ്ധനിൽ നിന്ന് ദളിത് സാഹിത്യം ആരംഭിക്കുന്നു.
2. എ. ഡി പതിമൂന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന ചൊക്കാമല എന്ന കവിയിലാണ് ദളിത് സാഹിത്യത്തിന്റെ ആരംഭം.
3. മഹാത്മാ ഫൂലെയിൽ നിന്നാണ്.
4. എസ്. എം. മേറ്റിൽ (S. M. Mate 1886–1957) നിന്നും ദളിത് സാഹിത്യം ആരംഭിക്കുന്നു.

എന്നാൽ ചരിത്രപരമായി ദളിത് സ്വത്വത്തിലൂന്നുന്ന സാഹിത്യത്തിന്റെ ഉത്ഭവവും വികാസവും സംഭവിക്കുന്നത് അംബേദ്ക്കറിലൂടെയാണ്. സമത്വം, സ്വാതന്ത്ര്യം എന്നീ അംബേദ്ക്കർ ദർശനങ്ങളാണ് ഇതിന് പിൻബലമേകിയത്. അതുകൊണ്ടുതന്നെ അംബേദ്ക്കറിനെ ദളിത് സാഹിത്യത്തിന്റെ പിതാവ് എന്ന് വിളിക്കുന്നു. അംബേദ്ക്കർ ഇന്ത്യൻ ദേവസങ്കല്പനങ്ങളെയും പുരാണങ്ങളെയും വിശുദ്ധ ഗ്രന്ഥങ്ങളെയും നിർദാക്ഷിണ്യം വിമർശിച്ചു. ഇതിന്റെ ചുവട് പിടിച്ചാണ് ദളിത് സാഹിത്യം വിവിധ ഭാഷകളിൽ ഉടലെടുത്തത്.

പ്രധാനമായും മൂന്ന് അഭിപ്രായങ്ങൾ ദളിത് സാഹിത്യത്തെക്കുറിച്ച് നിലനിൽക്കുന്നുണ്ട്.

1. ദളിതർ എഴുതുന്നത്
2. ദളിതരെക്കുറിച്ച് എഴുതുന്നത്
3. ദളിതർക്ക് വേണ്ടി ദളിതർ എഴുതുന്നത്

ദളിതരിൽ ഊന്നുന്നതും ദളിതരുമായി ഐക്യപ്പെടുന്നതും ചൂഷിത വിഭാഗത്തെ ഉൾക്കൊള്ളാൻ വ്യാപ്തിയുള്ളതുമായ സാഹിത്യത്തെ സാമാന്യമായി ദളിത് സാഹിത്യമെന്ന് പറയാം. എന്നാൽ ദളിതരെക്കുറിച്ച് ദളിതരല്ലാത്തവർ എഴുതുന്ന സാഹിത്യത്തെ ദളിത്പക്ഷ രചനയെന്ന് വിളിക്കാവുന്നതാണ്. കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി, ചങ്ങമ്പുഴയുടെ വാഴക്കുല, തകഴിയുടെ രണ്ടിടങ്ങഴി,

ആർച്ച് ഡീക്കൻകോശിയുടെ പുല്ലേരികുഞ്ചു എന്നിവ ഇത്തരത്തിൽപ്പെടുന്ന രചനകളാണ്.

സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലെ ദളിത് സമൂത്തിൽ വേരുന്നിയ അംബേദ്കർ ചിന്തകളാണ് ദളിത് സാഹിത്യത്തിന് വഴിയൊരുക്കിയത്. വർഗ്ഗീതയത, ദാരിദ്രം, ഹിന്ദുത്വവാദം എന്നിവയെല്ലാം ദളിതരെ വിമോചനാശയങ്ങളിലേക്ക് ഉയർത്തി. ദളിത് സാഹിത്യം എന്ന വാക്ക് ആദ്യമായി രൂപം കൊള്ളുന്നത് 1958 ലെ ദളിത് എഴുത്തുകാരുടെ ബോംബെ സമ്മേളനത്തിലാണ്.[13] അർജ്ജുൻ ഡാംഗ്ലേയുടെ പോയ്സൺസ് ബ്രെഡ് എന്ന ഗ്രന്ഥത്തിൽ ദളിത് സാഹിത്യത്തെ മതം, ജാതി എന്നിവയുടെ പേരിൽ സാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും പീഡിപ്പിക്കപ്പെടുന്ന വിഭാഗത്തിന്റെ സാഹിത്യം എന്ന് വിശാലമായി വിലയിരുത്തുന്നു.[14]

മഹാരാഷ്ട്രയിലാണ് ദളിത് സാഹിത്യത്തിന്റെ ആദ്യ കിരണങ്ങൾ കാണുന്നത്. ഇതിന് കാരണമായത് 1972 ൽ മഹാരാഷ്ട്രയിൽ രൂപീകൃതമായ ദളിത് പാന്തർ പ്രസ്ഥാനമാണ്. ഇതിന്റെ പ്രതിഫലമെന്നോണമാണ് ദളിത് സാഹിത്യം രൂപംകൊണ്ട്. ദളിത് എഴുത്തുകാർ ബുദ്ധന്റെയും ഫൂലെയുടെയും അംബേദ്ക്കറുടെയും ആശയങ്ങളെ പിന്തുടർന്നു. തന്മൂലം എഴുത്തിൽ സ്വന്തമായ ഒരിടം ഉണ്ടാക്കിയെടുക്കാൻ ദളിത് എഴുത്തുകാർ പ്രാപ്തരായി. മഹാരാഷ്ട്രയിൽ വേരുന്നിയ ദളിത് സാഹിത്യ പ്രസ്ഥാനത്തിന് ശക്തമായ അടിത്തറ

പാകിയത് ഗോപാൽബാബ വലങ്കർ, പണ്ഡിത് കോണ്ടിറാം, കിഷൻ ഫഗോജി, ബൻസോദ് എന്നീ എഴുത്തുകാരാണ്. മഹാരാഷ്ട്രയിലെ ആദ്യ ദളിത് സാഹിത്യ കൃതികൾ അന്നഭാവ് സാഥേ, ശങ്കർ റാവുകാറട്ട് എന്നിവരുടേതാണ്. പിന്നീട് ദളിത് കഥകൾ ശക്തമാകുന്നത് ബാബുറാവു ബാഗുൾ എന്ന ബുദ്ധിസ്റ്റിന്റെ രചനകളിലൂടെയാണ്. അദ്ദേഹത്തിന്റെ 'ഞാൻ എന്റെ ജാതിയെ ഒളിച്ചുവച്ചിരുന്നപ്പോൾ' എന്ന കഥാസമാഹാരം ദളിത് ഇതിഹാസം എന്നറിയപ്പെടുന്നു. ഒന്നാമത്തെ ദളിത് കവികളുടെ കവിതാ സമാഹാരമായ 'ആകാർ' 1967 ൽ മറാഠിയിലാണ് പ്രസിദ്ധീകരിക്കുന്നത്. എന്നാൽ ഈ കവിതകളുടെ ഊന്നൽ ദളിത് അനുഭവങ്ങളിലായിരുന്നില്ല. അതുകൊണ്ടുതന്നെ ഇത് വേണ്ടവിധം ശ്രദ്ധാനേടാതെ പോയി. സവർണ്ണമുഖ്യധാരയെ നിരാകരിക്കുന്ന ജീവിതാനുഭവങ്ങളുടെ ആവിഷ്കാരം എന്ന നിലയിൽ ദളിത് സാഹിത്യം ശക്തമാവുന്നത് 1969 ൽ മറാത്ത വാഡയുടെ ദീപാവലി പതിപ്പോടെയാണ്. 1972 ൽ മറാഠി കവിയായ ഗസലിന്റെ 'ഗോൽപിത' എന്ന കവിതാസമാഹാരം സവർണ്ണ പാരമ്പര്യ ഭാഷയിൽ നിന്ന് വ്യത്യസ്തമായി ദളിത് ഭാഷാ സ്വത്വത്തെ അടയാളപ്പെടുത്തുന്നതാണ്. ഗംഗാധർ പാണ്ഡവൻ എഡിറ്ററായുള്ള 'അസ്മിതാ ദർശ്' ആണ് ദളിത് സാഹിത്യത്തിന്റെ പ്രധാന മാധ്യമമായത്.

1960 കളിൽ മറാഠി സാഹിത്യത്തിലുണ്ടായ പല പ്രവണതകളും ദളിത് സാഹിത്യത്തിന്റെ ഗതിവേഗം കൂട്ടി. അക്കൂട്ടത്തിൽ നാരായൺസുർവേയുടെ കവിതകൾ, അണ്ണ ഭാവു സാഠേയുടെയും ശങ്കർ റാവു ഖരത്തിന്റെയും രചനകൾ, ലിറ്റിൽ മാഗസിനുകൾ എന്നിവ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. ദളിത് സാഹിത്യത്തിന്റെ കരുത്ത് വ്യക്തമാക്കിയ ശക്തമായ രചനകൾ ബാബുറാവു ബാഗുലിന്റെ ചെറുകഥകളാണ്. അദ്ദേഹത്തിന്റെ 'വെൻ ഐ ഹാഡ് കൺസീൽഡ് മൈ കാസ്റ്റ്' എന്ന ചെറുകഥാസമാഹാരം മറാഠി സാഹിത്യത്തിൽ ഏറെ വാദപ്രതിവാദങ്ങൾ ഉണ്ടാക്കി.

മറാഠിഭാഷയിൽ മാത്രമല്ല, ഹിന്ദി, തമിഴ്, ബംഗാളി, ഗുജറാത്തി, കന്നഡ, മലയാളം, തെലുങ്ക് തുടങ്ങിയ ഭാഷകളിലും ദളിത് സാഹിത്യം വളരാൻ തുടങ്ങി. മലയാളത്തിലെ ആദ്യത്തെ ദളിത് സാഹിത്യ കൃതിയായി പരിഗണിക്കുന്നത് ആർച്ച് ഡീക്കൻ കോശിയുടെ 'പുല്ലേരി കുഞ്ചു' എന്ന നോവലാണ്. പണ്ഡിറ്റ് കെ. പി. കറുപ്പൻ, ടി. കെ. സി. വടുതല, കവിയൂർ മുരളി, പോൾ ചിറക്കരോട്, നാരായൻ, പി. യു. ഉത്തമൻ, രാഘവൻ അത്തോളി, എസ്. ജോസഫ്, സി. അയ്യപ്പൻ, എം. ആർ. രേണുകുമാർ, എം. ബി മനോജ്, വിജില ചിറപ്പാട് എന്നിവർ മലയാളത്തിലെ പ്രശസ്തരായ ദളിത് എഴുത്തുകാരാണ്.

ദളിത് സാഹിത്യം ഒരു സാഹിത്യ പദ്ധതി മാത്രമല്ല, ഒരു സാമൂഹ്യപ്രസ്ഥാനത്തിന്റെ ഭാഗം കൂടിയാണത്. അതിനാൽ അത് സാഹിത്യ സൗന്ദര്യത്തേക്കാൾ സാമൂഹ്യ ജവീവിതത്തോട് അടുത്ത്

നിൽക്കുന്നു. ഒരു സാമൂഹിക മാറ്റത്തിനുവേണ്ടി അത് നിലകൊള്ളുന്നു. ചൂഷണാധിഷ്ഠിതമായ എല്ലാ സാമൂഹ്യ വ്യവസ്ഥിതികളോടും അത് കലഹക്കുന്നു. ബ്രാഹ്മണാധിഷ്ഠിതമായി നിലകൊള്ളുന്ന സാഹിത്യ പ്രസ്ഥാനത്തെ ദളിത് സാഹിത്യം ആശയപരമായും സൗന്ദര്യ ശാസ്ത്രപരമായും നിരാകരിക്കുന്നു. അങ്ങനെ പുതിയൊരു സാഹിത്യശാഖയെ മാത്രമല്ല, പുതിയൊരു സാമൂഹികാന്തരീക്ഷത്തെ കൂടി അത് പ്രദാനം ചെയ്യുന്നു.

### 3.4 കേരളത്തിലെ ആദ്യകാല ദളിത് മുന്നേറ്റങ്ങൾ

ജാതീയമായി മനുഷ്യരെ തരം തിരിക്കുകയും സവർണ്ണ/ അവർണ്ണ വിഭജനം നടത്തി അവർണ്ണരെ ക്രൂരമായി പീഡിപ്പിക്കുകയം സമൂഹത്തിന്റെ പൊതുധാരയിൽനിന്ന് മാറ്റി നിർത്തുകയും ചെയ്യുന്ന രീതിയായിരുന്നു സാംസ്കാരിക കേരളത്തിൽ വിശേഷിച്ചും പത്തൊമ്പതാം നൂറ്റാണ്ടിൽ. ഇതിനെതിരെ പ്രതികരിച്ചത് സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളും അവയെ നയിച്ച നേതാക്കളുമാണ്. ശ്രീനാരായണ ഗുരു, അയ്യങ്കാളി, വൈകുണ്ഠ സ്വാമികൾ, ചട്ടമ്പി സ്വാമികൾ, കെ. പി കറുപ്പൻ, പൊയ്കയിൽ അപ്പച്ചൻ എന്നിവരാണ് ഇതിന് നേതൃത്വം നൽകിയത്. ദളിതർ എന്ന പദപ്രയോഗം നിലവിൽ ഇല്ലെങ്കിലും ബ്രാഹ്മണാധിപത്യത്തിന് നേരെയുള്ള അധഃസ്ഥിതരുടെ സാംസ്കാരികവും രാഷ്ട്രീയവുമായ പോരാട്ടമായിരുന്നു ആദ്യകാല ദളിത് മുന്നേറ്റങ്ങൾ.

### 3.4.1. ശ്രീനാരായണഗുരു

മലയാളിയുടെ സ്വത്വബോധത്തിന്റെ അതിരുകൾ വിപുലീകരിച്ച ദാർശനികനായ ചിന്തകനാണ് ശ്രീനാരായണഗുരു. കേരളത്തിലെ ജാതിവ്യവസ്ഥയെ ചോദ്യം ചെയ്തവരിൽ പ്രധാനിയാണ് അദ്ദേഹം. ജാതിയുടെ ഇടുങ്ങിയ ഇടങ്ങളിൽ കുടുങ്ങികിടന്ന മലയാളിയുടെ സ്വത്വത്തിന് പ്രാദേശീയവും ദേശീയവും സാർവ്വദേശീയവുമായ വികാസത്തിന്റെ വിപുലമായ ഇടം ചൂണ്ടികാട്ടിയത് ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളായിരുന്നു. ഗുരുവിന്റെ ദാർശനിക ചിന്തകളും പ്രവർത്തനങ്ങളും കേരളത്തിന്റെ സാംസ്കാരിക മേഖലയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കി. സവർണ്ണാധിപത്യം, തൊട്ടുകൂടായ്മ, തീണ്ടികൂടായ്മ എന്നീ സാമൂഹിക തിന്മകൾക്കെതിരെ അദ്ദേഹം പോരാടുകയും സാമൂഹിക നവോത്ഥാനത്തിലേക്ക് കേരളത്തെ നയിക്കുകയും ചെയ്തു. 'അവനവനാത്മസുഖത്തിനാചരിക്കുന്നവരപരനു സുഖത്തിലായി വരേണം', 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്നീ ദർശനങ്ങളിലൂന്നികൊണ്ടുള്ളതായിരുന്നു ശ്രീനാരായണഗുരുവിന്റെ പ്രവർത്തനങ്ങൾ.

ശ്രീനാരായണഗുരുവിന്റെ പ്രവർത്തനങ്ങളിൽ പ്രധാന പ്പെട്ടതാണ് 1888 ലെ അരുവിപ്പുറം പ്രതിഷ്ഠ. അധഃസ്ഥിത വിഭാഗത്തിന് ക്ഷേത്രപ്രവേശനം അനുവദനീയമല്ലാതിരുന്ന സാഹചര്യത്തിലാണ് ഗുരു അവർണ്ണർക്കുവേണ്ടി അരുവിപ്പുറം പ്രതിഷ്ഠ

നടത്തിയത്. ഗുരു നടത്തിയ പ്രതിഷ്ഠയെ ചോദ്യം ചെയ്യാനെത്തിയ സവർണ്ണരോട് താൻ പ്രതിഷ്ഠിച്ചത് ഈഴവ ശിവനെയാണെന്ന മറുപടിയാണ് ഗുരു നൽകിയത്. അവർണ്ണരായതുകൊണ്ട് വിശ്വാസങ്ങളും ആരാധനകളും നിഷിദ്ധമാക്കപ്പെട്ട ഒരു ജനവിഭാഗത്തിന് അവരുടെ സ്വത്വത്തെ കണ്ടെത്താനും ദൈവാരാധനക്കും അരുവിപ്പുറം പ്രതിഷ്ഠ കാരണമായി.

### 3.4.2. അയ്യങ്കാളി

സമൂഹത്തിൽ നിന്നും എല്ലാ അർത്ഥത്തിലും മാറ്റി നിർത്തപ്പെട്ട ഒരു വിഭാഗമായിരുന്നു പറയരും പുലയരും. ഇവരുടെ ഉന്നമനത്തിനായി പ്രവർത്തിച്ച സാമൂഹിക പരിഷ്കർത്താവാണ് അയ്യങ്കാളി. വിദ്യാഭ്യാസത്തിലൂടെ സാമൂഹിക സ്വാതന്ത്ര്യത്തിലേക്ക് എത്തുക എന്നതായിരുന്നു അയ്യങ്കാളിയുടെ ദർശനം. അധഃസ്ഥിതർക്ക് പൊതുനിരത്തിലൂടെ വഴി നടക്കാനും വിദ്യാഭ്യാസത്തിനുമായി അദ്ദേഹം ഒട്ടേറെ രക്തരൂക്ഷിത സമരങ്ങൾ കേരളത്തിൽ നടത്തി. 1907 ൽ അദ്ദേഹം സ്ഥാപിച്ച സാധുജന പരിപാലന യോഗം എന്ന സംഘടനയുടെ കീഴിലായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ.

അധഃസ്ഥിത വിഭാഗങ്ങളിലെ കുട്ടികൾക്കായി 1904 ൽ അയ്യങ്കാളി ഒരു കുടിപ്പള്ളിക്കൂടം സ്ഥാപിച്ചു. പിന്നീട് സർക്കാർ തന്നെ മുൻകയ്യെടുത്ത് 1908 ൽ ദളിതർക്കായി വെങ്ങാനൂരിൽ ഒരു സ്കൂൾ

സ്ഥാപിച്ചു. പക്ഷെ എല്ലാ സർക്കാർ സ്കൂളുകളിലും പ്രവേശനം വേണമെന്ന ആവശ്യമാണ് അയ്യങ്കാളി ഉന്നയിച്ചത്. എന്നാൽ സവർണ്ണർ ഇതിന് തയ്യാറായില്ല. ഇതിനെ ചൊല്ലി വിവിധ ഇടങ്ങളിൽ സംഘർഷമുണ്ടായി. തങ്ങളുടെ കുട്ടികളെ സർക്കാർ സ്കൂളുകളിൽ പ്രവേശിപ്പിക്കുന്നത് വരെ പാടത്ത് പണിയെടുക്കില്ലെന്ന് അയ്യങ്കാളിയുടെ നേതൃത്വത്തിൽ ദളിതർ തീർച്ചപ്പെടുത്തി. ഇന്ത്യയിലെ തന്നെ ആദ്യത്തെ കർഷക സമരമായിരുന്നു ഇത്. 1914 ൽ ആരംഭിച്ച ഈ കർഷക സമരം മാസങ്ങളോളം നീണ്ടുനിന്നു. അയ്യങ്കാളിയുടെ പ്രവർത്തനങ്ങളിൽ പ്രചോദനം ഉൾക്കൊണ്ട അധഃസ്ഥിതരായ സ്ത്രീകൾ ജാതിയെ സൂചിപ്പിക്കുന്ന കല്ലുമാല പൊട്ടിച്ചെറിയാനും മാറു മറയ്ക്കാനും വേണ്ടി പോരാടി. അധഃസ്ഥിത സ്ത്രീകൾ നടത്തിയ ഈ സമരം കേരളീയ സ്ത്രീ മുന്നേറ്റങ്ങളിലെതന്നെ സുപ്രധാനമായ ഒന്നാണ്.

പൊതു നിരത്തിലൂടെ നടക്കാൻ വേണ്ടി അയ്യങ്കാളി നടത്തിയ സമരമാണ് 1893 ലെ വില്ലുവണ്ടി സമരം. അയിത്ത ജാതിക്കാരെന്ന് മുദ്രകുത്തപ്പെട്ട ദളിതർക്ക് പൊതുനിരത്തിലൂടെ നടക്കാൻ സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിലാണ് അയ്യങ്കാളി വില്ലുവണ്ടി സമരം നടത്തുന്നത്. മണികെട്ടിയ രണ്ട് കാളകൾ വലിച്ച് വില്ലുവണ്ടിയിൽ അദ്ദേഹം ബാലരാമപുരത്തെ പൊതുവഴിയിലൂടെ യാത്ര ചെയ്തു.

1910 ൽ ശ്രീമൂലം രാജ്യസഭയിലേക്ക് അയ്യങ്കാളിയെ നാമനിർദ്ദേശം ചെയ്യപ്പെട്ടു. 25 വർഷം രാജ്യസഭാ അംഗത്വം അദ്ദേഹം തുടർന്നു. ബാലകർക്ക് വിദ്യാലയ പ്രവേശനം, സൗജന്യ ഉച്ചഭക്ഷണം, സൗജന്യ നിയമസഹായം എന്നിവയ്ക്ക് വേണ്ടി അദ്ദേഹം രാജ്യസഭയിൽ വാദിച്ചു.

അയ്യങ്കാളിയുടെ നേതൃത്വത്തിൽ കേരളത്തിൽ നടന്ന സമരങ്ങളെല്ലാം തന്നെ ദളിതർക്കിയടയിൽ നിന്നുണ്ടായ ശക്തമായ ഇടപെടലുകൾ ആയിരുന്നു. എന്നാൽ സവർണ്ണവൽക്കരിക്കപ്പെട്ട ചരിത്രം അവയെ വെറും പുലയലഹളയായി മാത്രം അടയാളപ്പെടുത്തി.

### 3.4.3 പൊയ്കയിൽ അപ്പച്ചൻ

കേരളത്തിലെ കീഴാളജനതയുടെ പ്രശ്നങ്ങളെ ഗാനരൂപത്തിൽ അവതരിപ്പിച്ചുകൊണ്ട് സമൂഹിക നവോത്ഥാനത്തിന് ശ്രമിച്ച വ്യക്തിയാണ് പൊയ്കയിൽ അപ്പച്ചൻ എന്ന കുമാരഗുരു. തന്റെ ആശയങ്ങളെയായിരുന്നു അദ്ദേഹം ഗാനങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും പൊതുജനങ്ങൾക്ക് മുമ്പിലെത്തിച്ചത്. ചെറുപ്പത്തിൽ തന്നെ ക്രിസ്തുമതത്തിൽ ചേർന്നെങ്കിലും ക്രിസ്തുമതത്തിലെ ഉച്ചനീചത്വങ്ങൾ കാരണം അദ്ദേഹം മതം തിരസ്കരിച്ചു.

1905 മുതൽ പൊയ്കയിൽ അപ്പച്ചൻ സഞ്ചാര പ്രസംഗങ്ങൾ സജീവമാക്കി. ഒരു സ്ഥലത്ത് യോഗം നടത്തി അവിടെനിന്ന് മറ്റൊരു

സ്ഥലത്തേക്ക് ചെന്ന് യോഗം നടത്തുന്ന രീതിയായിരുന്നു അദ്ദേഹത്തിന്റേത്. ഇതിൽ പ്രധാനപ്പെട്ട യോഗമാണ് 1907 ൽ വാകത്താനത്ത് വെച്ച് നടന്നത്. തന്റെ സഭയുടെയും താൻ കൊണ്ടുവന്ന വിഷയത്തെപ്പറ്റിയും പൊയ്കയിൽ അപ്പച്ചൻ ജനങ്ങളോട് സംസാരിച്ചു. അധഃസ്ഥിത വിഭാഗങ്ങളുടെ സംരക്ഷണത്തെപ്പറ്റി പറയുന്ന പരാമർശങ്ങൾ സവർണ്ണ ക്രൈസ്തവരിൽ പ്രതിഷേധം ഉണ്ടാക്കി. ഇതേതുടർന്ന് പല അക്രമണങ്ങളും ഉണ്ടായി. എന്നാൽ അപ്പച്ചന്റെ പ്രസംഗങ്ങൾ കേട്ടവർ അദ്ദേഹത്തെ തങ്ങളുടെ രക്ഷകനും ദൈവവുമായി പ്രഖ്യാപിച്ചു. അങ്ങനെയാണ് 1909 ൽ പ്രത്യക്ഷ രക്ഷാസഭ ആരംഭിക്കുന്നത്.

അദ്ധ്യാത്മിക പ്രവർത്തനങ്ങൾക്ക് മാത്രമായിരുന്നില്ല സാമൂഹിക ജീവിതത്തിൽ സ്വാഭിമാനം വളർത്തിയെടുക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്കും പ്രത്യക്ഷരക്ഷാസഭ നേതൃത്വം നൽകി. അടിമവ്യാപാരം നടത്തിയിരുന്നെങ്കിലും അടിമകളുടെ പുനരധിവാസം ഭരണകൂടം ഏറ്റെടുത്തിരുന്നില്ല. എന്നാൽ പ്രത്യക്ഷരക്ഷാസഭ ഇത് ഏറ്റെടുത്തു. സ്കൂളുകൾ, ആരാധനാലയങ്ങൾ, സ്മശാനങ്ങൾ എന്നിവയും പ്രത്യക്ഷരക്ഷാസഭയുടെ കീഴിൽ പൊയ്കയിൽ അപ്പച്ചൻ സ്ഥാപിച്ചു. 1906 ൽ പൊയ്കയിൽ അപ്പച്ചൻ പരസ്യമായി ബൈബിൾ കത്തിച്ചു.ഇത് സമൂഹത്തിൽ നിരവധി അക്രമങ്ങൾക്ക് കാരണമായി.

1921 ലും 1931 ലും ശ്രീമൂലം പോപ്പുലർ അസംബ്ലിയിൽ ദളിത് ജനങ്ങൾക്കുവേണ്ടി പൊയ്കയിൽ അപ്പച്ചൻ നിലകൊണ്ടു. രണ്ടു പ്രാവശ്യവും തന്റെ അംഗത്വം ഉപയോഗിച്ചുകൊണ്ട് പുതുവൽ ഭൂമി ദരിദ്ര ദളിത് കർഷകർക്ക് കരം ഒഴിവാക്കി പതിച്ചു നൽകണമെന്നും, വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തി തരണമെന്നും അദ്ദേഹം അസംബ്ലിയിൽ ഉന്നയിച്ചു.

പ്രത്യക്ഷരക്ഷാസഭയുടെ അടിത്തറ എന്നുതന്നെ പറയാവുന്നത് ഗുരുദേവൻ പാടിയ പാട്ടുകൾ ആയിരുന്നു.

കാണുന്നില്ലോരക്ഷരവും
എന്റെ വംശത്തെപ്പറ്റി
കാണുന്നുണ്ടനേക വംശത്തിൻ ചരിത്രങ്ങൾ (കുമാരഗുരു)

എന്നാൽ ചരിത്രമുറങ്ങുന്ന ഇത്തരം ഗാനങ്ങൾ കേരളചരിത്രത്തിൽ ഇടം പിടിക്കാതെ പോയി.

### 3.4.4. **പണ്ഡിറ്റ് കെ. പി. കറുപ്പൻ**

ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരെ പോരാടിയ സാമൂഹ്യ പരിഷ്കർത്താവും കവിയുമാണ് പണ്ഡിറ്റ് കെ. പി. കറുപ്പൻ. 1885 ൽ എറണാകുളം ജില്ലയിലെ അരയസമുദായത്തിലാണ് കറുപ്പൻ ജനിച്ചത്. എന്നാൽ ഉയർന്ന വിദ്യാഭ്യാസം നേടാൻ അദ്ദേഹത്തിനായി. കറുപ്പന്റെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതാണ് കായൽ സമ്മേളനം. പുലയ സമുദായത്തിൽപ്പെട്ടവരുടെ

ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കാൻ കറുപ്പൻ ഒരു യോഗം വിളിച്ച് കൂട്ടി. എന്നാൽ പുലയ സമുദായക്കാർക്ക് എറണാകുളം നഗരത്തിലേക്ക് പ്രവേശനാനുമതി ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ തന്റെ അനുയായികളോട് അദ്ദേഹം വള്ളത്തിൽ വരാൻ വേണ്ടി ആവശ്യപ്പെട്ടു. അങ്ങനെ കായലിൽ വള്ളങ്ങൾ കൂട്ടിയിട്ട് അതൊരു വേദിയാക്കി കറുപ്പൻ യോഗം നടത്തി. ഇതാണ് കായൽ സമ്മേളനം എന്നറിയപ്പെടുന്നത്. 1909 ൽ അദ്ദേഹം എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ വച്ച് പുലയമഹാസഭ രൂപീകരിച്ചു. 1925 ൽ കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് കറുപ്പൻ തിരഞ്ഞെടുക്കപ്പെട്ടു.

കെ. പി. കറുപ്പന്റെ സാഹിത്യസംഭാവനകളിൽ പ്രധാനപ്പെട്ടതാണ് 'ജാതിക്കുമ്മി'എന്ന കവിത. തന്റെ ഇരുപതാം വയസ്സിലാണ് അദ്ദേഹം ഇതെഴുതുന്നത്. ശങ്കരാചാര്യരുടെ മനീഷാ പഞ്ചകത്തെ ആസ്പദമാക്കി രചിച്ച ജാതിക്കുമ്മി ജാതിവ്യവസ്ഥയുടെ നിരർത്ഥകതയെകുറിച്ച് വ്യക്തമാക്കുന്നു.

### 3.5 ദളിത് പ്രസ്ഥാനങ്ങൾ തൊണ്ണൂറുകൾക്ക് ശേഷം

1990 കൾക്ക് ശേഷമാണ് കേരളത്തിൽ ദളിത് പ്രസ്ഥാനം സജീവ ചർച്ചയായി മാറുന്നത്. സാംസ്കാരിക-രാഷ്ട്രീയ ഇടപെടലുകൾ എന്നതിൽ കവിഞ്ഞ് ദളിത് രാഷ്ട്രീയം സ്വത്വ രാഷ്ട്രീയത്തിലേക്ക് വഴി മാറുന്നത് ഈ ഘട്ടത്തിലാണ്. കേവലമായ ജാതിയുടെ

പ്രശ്നങ്ങളിൽനിന്നും ദളിത് സ്വത്വബോധരാഷ്ട്രീയത്തിലേക്ക് കേരളം ഈ ഘട്ടത്തിൽ മാറുന്നുണ്ട്. ഇതിന് പ്രധാന കാരണം അംബേദ്ക്കറിസത്തിന്റെ സ്വാധീനമാണ്. അംബേദ്ക്കറിസത്തിൽ ജാതി സ്വത്വരാഷ്ട്രീയത്തിന്റെ കാതലായി മാറുന്നു. എന്നാൽ ജാതിക്കടിസ്ഥാനമായിരിക്കുന്നത് ശുദ്ധി സങ്കല്പം, തൊഴിൽ എന്നിവയാണെന്ന വാദങ്ങളെ പൂർണ്ണമായും അംബേദ്ക്കർ നിരാകരിച്ചു. "ഏകവചനരൂപത്തിൽ ജാതി യാഥാർത്ഥ്യമല്ല, ബഹുജന രൂപത്തിൽ മാത്രമാണ് അത് യാഥാർത്ഥ്യമാകുന്നത്. ജാതിയല്ല, ജാതികളെയുള്ളു."[12] ഇതാണ് അംബേദ്ക്കറിസത്തിന്റെ കാതൽ. അടിച്ചമർത്തപ്പെട്ടവനെയും മാറ്റി നിർത്തപ്പെട്ടവനെയും ഉൾക്കൊള്ളുന്ന രാഷ്ട്രീയം എന്ന വിശാലമായ കാഴ്ചപ്പാട് ദളിതനെ അവന്റെ സ്വത്വത്തെക്കുറിച്ച് ബോധവാനാക്കി. അവകാശങ്ങളെയും അവഗണനകളെയും തിരിച്ചറിഞ്ഞുകൊണ്ടുള്ള പോരാട്ടങ്ങളുടെ കാലമായിരുന്നു ഇത്.

ജാതിയെ കവിഞ്ഞുനിൽക്കുന്ന ചരിത്രപരമായൊരു സാമൂഹികാസ്തിത്വമായി നിലയുറപ്പിക്കാൻ കഴിഞ്ഞതിലൂടെയാണ് പുതിയൊരു ജ്ഞാനവ്യവഹാരത്തിന്റെ പ്രതിനിധാനമായി മാറാൻ ദളിതർക്ക് സാധിച്ചത്. ഇതിന് നേതൃത്വം കൊടുത്തത് അംബേദ്ക്കറിന് ശേഷമുള്ള ഉന്നത വിദ്യാഭ്യാസം നേടാൻ കഴിഞ്ഞ അയിത്ത ജാതിക്കാരിലെ ആദ്യ തലമുറയായിരുന്നു. ജനാധിപത്യത്തിന്റെ അടിസ്ഥാന മൂല്യങ്ങളായ സമത്വം, സ്വാതന്ത്ര്യം,

സാഹോദര്യം എന്നിവയും സാമൂഹിക-സാമ്പത്തിക നീതിയും പ്രദാനം ചെയ്യുന്ന ജനാധിപത്യസംവിധാനങ്ങൾ പരാജയപ്പെട്ടപ്പോഴാണ് ആ രാഷ്ട്രങ്ങൾക്കുള്ളിലെ അവകാശരഹിതർ, മതം-ഭാഷാ-വംശീയ ന്യൂനപക്ഷങ്ങൾ, സ്ത്രീകൾ, ദളിതർ, ആദിവാസികൾ എന്നീ ചെറു സ്വത്വങ്ങൾ എന്ന് വിളിക്കാവുന്ന ജനത സംസാരിച്ച് തുടങ്ങുന്നത്.

ദളിത് സ്വത്വബോധത്തെക്കുറിച്ചുള്ള അറിവിനോടൊപ്പം തന്നെ ദളിത് പ്രാതിനിധ്യത്തെക്കുറിച്ചുള്ള അവബോധവും തൊണ്ണൂറുകൾക്ക് ശേഷം കേരളത്തിൽ ശക്തമാകുന്നുണ്ട്. ദളിത് ജ്ഞാനോദയത്തിന്റെ വളർച്ചയും ഉന്നതവിദ്യാഭ്യാസവുമായിരുന്നു അതിന് കാരണം. ഒരു രാഷ്ട്രത്തിനകത്ത്, സമൂഹത്തിനകത്ത് ദളിത് പ്രാതിനിധ്യത്തിന്റെ അപര്യാപ്തത ദളിത് ബോധത്തെ കൂടുതൽ ശക്തമാക്കാൻ തുടങ്ങി. അങ്ങനെ ദളിത് എന്നത് കേവല സ്വത്വബോധം എന്നതിനപ്പുറത്തേക്ക് ഒരു രാഷ്ട്രീയ വ്യവഹാരമായി മാറി. തൊണ്ണൂറുകൾക്ക് ശേഷം കേരളത്തിലുണ്ടായ ദളിത് പ്രസ്ഥാനങ്ങളുടെയെല്ലാം കാതൽ ഇതുതന്നെയായിരുന്നു.

സമൂഹം ദളിതരെ ഉൾക്കൊള്ളുന്നതിലെ അപര്യാപ്തതയാണ് പുതിയ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പ്രസ്ഥാനത്തിലേക്ക് ദളിതരെ നയിച്ചത്. കേരളത്തിന്റെ പൊതുമണ്ഡലത്തിൽ ദളിതൻ എത്രമാത്രം അടിച്ചമർത്തപ്പെടുന്നു എന്ന തിരിച്ചറിവിൽ നിന്ന് അത് പുതിയ തലത്തിലേക്ക് ഉയരാൻ തുടങ്ങി. അക്കൂട്ടത്തിൽ പ്രധാനപ്പെട്ടതാണ് ആദിവാസി പ്രസ്ഥാനങ്ങൾ.

പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിൽ ഏറ്റവും കൂടുതൽ വേട്ടയാടപ്പെടുന്ന വിഭാഗമാണ് ആദിവാസികൾ. കേരളീയ സമൂഹം ഹിംസാത്മകവും മനുഷ്യത്വവിരുദ്ധവുമായ ഭാവനകളാണ് ആദിവാസികളെക്കുറിച്ച് നിർമ്മിച്ചിരിക്കുന്നത്. ആദിവാസികൾക്ക് നീതി കിട്ടുകയെന്നാൽ ഇത്തരം ഭാവനകളെ പൊളിച്ചെഴുതുന്നതിൽ കൂടിയാണ്.

ആദിവാസി മുന്നേറ്റശ്രമങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഭൂമി രാഷ്ട്രീയത്തിലും ആദിവാസികളുടെ സ്വംയംഭരണാവകാശത്തിലുമാണ്. തൊണ്ണൂറുകൾക്ക് ശേഷം കേരളത്തിലുണ്ടായ ആദിവാസി മുന്നേറ്റശ്രമങ്ങൾ എല്ലാംതന്നെ ഭൂമി രാഷ്ട്രീയത്തെ കേന്ദ്രീകരിച്ചുള്ളതും എന്നാൽ അതോടൊപ്പം സ്വയംഭരണാവകാശം, വിദ്യാഭ്യാസം, തൊഴിലവകാശം, കൂലി വർദ്ധന തുടങ്ങിയ അവകാശങ്ങളെ അഭിസംബോധന ചെയ്യുന്നതും ആയിരുന്നു. അവകാശപ്പെട്ട ഭൂമി നേടി എടുക്കുന്നതിലൂടെ തങ്ങളുടെ സ്വത്വത്തെ ഉയർത്തിപ്പിടിച്ചുള്ള പോരാട്ടം കൂടിയാണ് ആദിവാസികൾ നടത്തുന്നത്.

തൊണ്ണൂറുകൾക്ക് ശേഷമുള്ള കേരളം പുതിയൊരു ജ്ഞാനോദയത്തിന്റെ ആരംഭമാണ്. അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളെല്ലാം തന്നെ പൊതു മണ്ഡലത്തിലേക്കിറങ്ങുന്നത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. അതിൽ പ്രധാനപ്പെട്ടതാണ് ദളിത് മുന്നേറ്റ ശ്രമങ്ങൾ. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്വത്വ രൂപീകരണത്തിന്റെ ഭാഗമായി അവർ പോരാടുകയും

സാംസ്കാരിക പ്രസ്ഥാനങ്ങൾക്ക് രൂപം കൊടുക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ രൂപംകൊണ്ട ദളിത് പ്രസ്ഥാനങ്ങൾ ഒന്നും തന്നെ രാഷ്ട്രീയ സംഘടനയായി ചുരുങ്ങുന്നില്ല. അവ കേരളത്തിന്റെ സാംസ്കാരിക ഇടപെടലുകളിലേക്ക് ഇറങ്ങി ചെല്ലുന്നതാണ്. ദളിത് സ്വത്വബോധം, ആദിവാസി ഭൂമിരാഷ്ട്രീയം എന്നിവ ഇതിലെ പ്രധാന അജണ്ടകളായി മാറി. ഭൂമി എന്നുള്ളത് ഒരു രാഷ്ട്രീയ സമസ്യയായി മാറുന്നതും ദളിത് സ്വത്വബോധം അവകാശമായി രൂപപ്പെടുന്നതും, അത് രാഷ്ട്രീയ ബോധത്തിലേക്ക് വളരുന്നതും ദളിത് സാംസ്കാരിക പ്രസ്ഥാനങ്ങളുടെ ഇടപെടൽ മൂലമാണ്. ഈ അധ്യായം ചർച്ചചെയ്യുന്നത് ആദിവാസികളുടെ പ്രധാന പ്രശ്നമായ ഭൂസമരങ്ങളെയാണ്.

### 3.6. ഭൂമിയുടെ രാഷ്ട്രീയം

ചരിത്രത്തിന്റെ വ്യത്യസ്ത ദശാസന്ധികളിൽ തങ്ങളുടെ ആവാസവ്യവസ്ഥകളിൽ നിന്ന് ആട്ടിയോടിക്കപ്പെട്ടവരാണ് ഇന്ത്യയിലെ ആദിവാസികൾ. രാമായണ, മഹാഭാരത ഇതിഹാസങ്ങളിലും മറ്റും ഈ അധിനിവേശത്തിന്റെ ക്രൂരചിത്രം കാണാനാവും. ആര്യാധിനിവേശത്തോടെ നിരവധി ജനവിഭാഗങ്ങൾക്ക് ആവാസവ്യവസ്ഥയും ഭരണാവകശവും നഷ്ടമായിട്ടുണ്ട്. ഉത്തരേന്ത്യയിൽ നിന്നും ദക്ഷിണേന്ത്യയിലേക്ക് പലായനം ചെയ്യുകയും ദക്ഷിണേന്ത്യയിൽ ചെറുഭരണകൂടങ്ങൾ സ്ഥാപിക്കുകയും ചെയ്ത വിഭാഗങ്ങളുമുണ്ട്. എന്നാൽ പൗരാണിക

കേരളത്തിലാവട്ടെ, ഇന്നത്തെ പല പിന്നോക്ക വിഭാഗങ്ങളും അധികാരാവകാശങ്ങൾ അനുഭവിച്ചവരും മേല്ക്കോയ്മ ഉള്ളവരുമായിരുന്നെന്ന് ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. "നാടോടികളായ ആദിവാസി ജനത സ്വകാര്യസ്വത്ത് എന്ന സങ്കല്പംപോലും അന്ന് വെച്ചുപുലർത്തിയിരുന്നില്ല. ഒരുതരം പ്രാകൃത കമ്യൂണിസ്റ്റ് അവസ്ഥയിലൂടെയാണ് അവർ കടന്ന് പോയത്. കാട് അവരുടേതായിരുന്നു. പുഴകളും കാട്ടാറുകളും അവരുടേതായിരുന്നു. എന്റേതെന്നും അപരന്റേതെന്നും വേലികെട്ടി ഭൂമി അളന്നെടുത്ത് അതിര് തിരിക്കുന്ന സമ്പ്രദായമവർക്കന്യമായിരുന്നു. സമീപകാലംവരെ ഇതുതന്നെയായിരുന്നു അവസ്ഥ. അതിനാൽ ആവാസവ്യവസ്ഥകൾക്ക് മേലുള്ള അധിനിവേശം മറ്റു ജനതകളെ അപേക്ഷിച്ച് ആദിവാസികൾക്കുമേൽ വർദ്ധിച്ചതോതിലായിരുന്നു.'[13] എന്നാൽ വിദേശശക്തികളുടെ കടന്ന് കയറ്റത്തോടെ അതിക്രമങ്ങളുടെയും കയ്യേറ്റങ്ങളുടെയും സ്വഭാവത്തിൽ കാര്യമായ മാറ്റമുണ്ടായി. വിദേശികൾ അവരുടെ വ്യവസായങ്ങൾക്കും മറ്റുമായി വൻതോതിൽ വനങ്ങൾ കയ്യേറുകയും വെട്ടിത്തെളിക്കുകയും ചെയ്തു. ഇത് ആദിവാസി ജീവിതങ്ങളെ കാര്യമായി ബാധിക്കാൻ തുടങ്ങി.

ബ്രിട്ടീഷ് അധിനിവേശത്തിനുമുമ്പ് വനഭൂമികളെല്ലാം തന്നെ ആദിവാസികളുടെ അധീനതയിലായിരുന്നു. അവരുടേതിൽ നിന്നും ഭൂമി പിടിച്ചെടുക്കുന്നതിനായി ബ്രിട്ടീഷുകാർ പലതന്ത്രങ്ങളും പയറ്റി. അവയിൽ പ്രധാനപ്പെട്ടതായിരുന്നു വനങ്ങൾക്കുമേൽ

ആധിപത്യമുറപ്പിക്കുന്ന നിയമങ്ങൾ. "1885 ൽ ഡൽഹൗസി പ്രഭു പ്രഖ്യാപിച്ച വനനയങ്ങൾ ഈ ദിശയിലുള്ള ഏറ്റവും ശക്തമായ നീക്കമായിരുന്നു. വനഭൂമിയുടെയും വനവിഭവങ്ങളുടെയും നിയന്ത്രണം ഈ നിയമനത്തിലൂടെ ബ്രിട്ടീഷുക്കാരുടെ കൈകളിലായി. അതു നടപ്പിലാക്കുന്നതിനുവേണ്ടി ഇംപീരിയൽ ഫോറസ്റ്റ് വകുപ്പ് സ്ഥാപിച്ചു. 1864 ലെ വനനനിയമനനുസരിച്ച് വൃക്ഷങ്ങളും സസ്യജാലങ്ങളുമുള്ള ഏതു ഭൂമിയും സർക്കാർ വക വനമായി മാറി. 1878 ലെ വനനിയമമനുസരിച്ച് വനങ്ങളെ റിസർവ്വ് വനം, പ്രൊട്ടക്റ്റഡ് വനം, ഗ്രാമ വനം എന്നിങ്ങനെ തരംതിരിച്ച് വനഭൂമിയിലുള്ള ബ്രിട്ടീഷുകാരുടെ ആധിപത്യം അരക്കിട്ടുറപ്പിച്ചു. 1878 ലെ വന നിയമത്തോടെ ആദിവാസികളുടെ വനഭൂമിയിലെ എല്ലാ ഉടമസ്ഥാവകാശങ്ങളും നഷ്ടമായി. 1893 ൽ ദേശീയ വനനിയമത്തിന് ബ്രിട്ടീഷകാർ രൂപം നൽകി. വനമേഖലയെ യൂറോപ്യൻ പ്ലാന്റർമാരുടെ തോട്ടങ്ങളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയുള്ള തായിരുന്നു ഈ നിയമം."[14] ഇങ്ങനെ ബ്രിട്ടീഷുകാർ ഉണ്ടാക്കിയെടുത്ത നിയമങ്ങളിലൂടെയെല്ലാം ആദിവാസികൾ അവരുടെ ഭൂമിയിൽനിന്നും അന്യരായി. ഇതിനെതിരെ നിരവധി കലാപങ്ങൾ നടന്നുവെങ്കിലും അവയൊന്നും ഫലപ്രാപ്തിയിൽ എത്തിയില്ല. സ്വാതന്ത്ര്യാനന്തരവും ആദിവാസികൾക്ക് നേരിടേണ്ടിവന്നത് ഇതേ പ്രശ്നങ്ങൾ തന്നെയായിരുന്നു. ബ്രിട്ടീഷുകാർ ഉണ്ടാക്കിയെടുത്ത നിയമങ്ങളെ അതേപടി പിന്തുടരുകയായിരുന്നു സ്വാതന്ത്ര്യാനന്തര കേരളം.

### 3.7. സ്വാതന്ത്ര്യാനന്തര കേരളവും ഭൂപരിഷ്കരണവും

സ്വാതന്ത്ര്യാനന്തര കേരളത്തിൽ നടപ്പിലാക്കിയ വനനിയമങ്ങളും വികസന പദ്ധതികളും ആദിവാസികളുടെ ആവാസവ്യവസ്ഥയെയും വനാവകാശങ്ങളെയും അങ്ങേയറ്റം ദോഷകരമായി ബാധിക്കുന്നതായിരുന്നു. ബ്രിട്ടീഷുകാർ കയ്യടക്കിവച്ചിരുന്ന ഭൂപ്രദേശങ്ങളിൽ പടുകൂറ്റൻ അണകെട്ടുകൾ പടുത്തുയർത്തികൊണ്ട് അവരെ കൂടുതൽ ബുദ്ധിമുട്ടിച്ചു. ഇന്ത്യയിൽ പണിത മൂവായിരത്തോളം അണക്കെട്ടുകൾ വനപ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. വനനിയമങ്ങളും വന്യജീവി സംരക്ഷണ നിയമങ്ങളും നടപ്പിലാക്കികൊണ്ട് ആദിവാസികളുടെ ആവാസവ്യവസ്ഥക്കുമേൽ കയ്യേറ്റത്തിന്റെയും കുടിയേറ്റത്തിന്റെയും രൂപത്തിൽ പുത്തൻ ആക്രമണങ്ങൾ സംഘടിതമായി അരങ്ങേറിയത് സ്വാതന്ത്ര്യാനന്തരവും അതിനുശേഷവുമാണ്.

ബ്രിട്ടീഷുകാർ ആരംഭിച്ച പ്ലാന്റേഷനുകളുടെ മറവിലൂടെയാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യ ആദിവാസികളെ ചൂഷണം ചെയ്തത്. വയനാട് ജില്ലയിലാരംഭിച്ച പ്ലാന്റേഷനുകൾ ഏറെയും ആദിവാസി ഭൂമി കയ്യേറിക്കൊണ്ടുള്ളതായിരുന്നു. തോട്ടങ്ങളിൽ പണിയെടുക്കുന്നതിനായി പല പ്രദേശങ്ങളിൽ നിന്നും തൊഴിലാളികളെ ബ്രിട്ടീഷുകാർ കൊണ്ടുവന്നു. ഇങ്ങനെ വന്നവർ വൻതോതിൽ ഭൂമി കയ്യേറി. കാടുവെട്ടി തോട്ടങ്ങളുണ്ടാക്കി. സ്വാതന്ത്ര്യലബ്ധിക്ക് തൊട്ടുമുമ്പും ശേഷവും മധ്യതെക്കൻ കേരളത്തിൽ നിന്ന് വയനാട്ടിലേക്കുണ്ടായ

വൻതോതിലുള്ള കുടിയേറ്റമാണ് ആദിവാസി ഭൂമി വർധിച്ചതോതിൽ കയ്യേറ്റത്തിന് വിധേയമാക്കിയ മറ്റൊരു പ്രധാനഘടകം.

പാവപ്പെട്ടവന് സ്വന്തമായി ഭൂമി ലഭിക്കുന്നത് ഭൂപരിഷ്കരണ നിയമത്തിലൂടെയാണ്. 1970 ലാണ് ഭൂപരിഷ്കരണ നിയമം നിലവിൽ വരുന്നത്. സി.അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന സി.പി.ഐ -കോൺഗ്രസ്സ് മന്ത്രിസഭയാണ് ഇത് നടപ്പിലാക്കിയത്. ഇതോടെ ഭൂപ്രശ്നം പരിഹരിച്ച സംസ്ഥാനമാണ് കേരളമെന്ന് ലോകമൊട്ടും അറിയപ്പെട്ടു. കേരളത്തിന്റെ വികസന മോഡലായി ഭൂപരിഷ്കരണ നിയമം അറിയപ്പെട്ടു. എന്നാൽ യഥാർത്ഥത്തിൽ 1957-59 ലെ പരിമിതമായ ഭൂപരിഷ്കരണം നടന്നതിന്റെ ഭാഗമായി കണക്കറ്റ ഭൂമി കൈവശംവെച്ച ഭൂവുടമകൾ തങ്ങളുടെ ഭൂമി കൃഷിഭൂമിയിൽ നിന്നും തോട്ടം ഭൂമിയാക്കി തരംതിരിച്ചു. കാരണം 57-ലെ നിയമപ്രകാരം കൈവശം പാടില്ലെന്നതായിരുന്നു നിയമം. അതേ അവസരത്തിൽ തോട്ടം ഭൂമിക്ക് പരിധിയുണ്ടായിരുന്നു. തോട്ടങ്ങളെ കൃഷിഭൂമിയായിട്ടല്ല വ്യവസായ സ്ഥാപനങ്ങളായിട്ടാണ് കമ്മ്യൂണിസ്റ്റ് സർക്കാർ കണ്ടത്. ഈ വീക്ഷണ വൈകല്യത്തിന് കാരണം മാർക്സിന്റെ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യമെന്ന ആശയമായിരുന്നു. അതനുസരിച്ച് കൃഷിക്കാരും കർഷക തൊഴിലാളികളും വ്യവസായ തൊഴിലാളി വർഗത്തിന്റെ അനുബന്ധ സഖ്യശക്തികൾ മാത്രമാണ്. അങ്ങനെ നിയമവിരുദ്ധമായും

നിമയത്തിന്റെ പഴുതുകൾ ഉപയോഗിച്ചും ലക്ഷക്കണക്കിന് ഏക്കർ ഭൂമി തോട്ടം മേഖലകളായി പുതുതായി ഉയർന്നുവന്നു.

ഭൂപരിഷ്കരണ നിയമം കേരളത്തിലുണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ച് 1990 കൾവരെ യാതൊരുവിധ അന്വേഷണങ്ങളും നടന്നിട്ടില്ല. മൂന്ന് പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഭൂപ്രശ്നം പരിഹരിച്ചുവെന്ന് പറയുന്ന കേരളത്തിൽ പതിനായിരക്കണക്കിന് ഭൂമിയില്ലാത്ത കുടുംബങ്ങൾ ഭൂമിക്ക് വേണ്ടി സമരം ചെയ്യുന്നതിലേക്കാണ് എത്തിയത്. ഈ സമരങ്ങളിൽ മഹാഭൂരിപക്ഷവും ദളിതരും ആദിവാസികളുമാണ്. കേരള ഭൂപരിഷ്കരണത്തിൽ നീതിപൂർവ്വവുമായ ഭൂവിതരണം നടന്നിട്ടില്ല എന്നതിന്റെ തെളിവാണ് ഈ സമരങ്ങൾ.

കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുന്നതിനുമുമ്പ് കേരളത്തിലെ കൃഷിഭൂമി പൂർണ്ണമായും കൈവശം വെച്ചിരുന്നത് സവർണ്ണരായിരുന്നു. എന്നാൽ ഇവർ ഒരിക്കലും ഭൂമിയിൽ കൃഷി ചെയ്തില്ല. ഇതര ജാതി വിഭാഗങ്ങൾക്ക് കൃഷിചെയ്യാനായി ഭൂമി പാട്ടത്തിന് നൽകി. ഇവർ സവർണ്ണരുടെ അടിമകളായി ജീവിച്ചുപോന്നു. ഈവിധം കേരളത്തിന്റെ ഭൂവുടമസ്ഥത ജാതിശ്രേണിയുമായി ബന്ധപ്പെട്ടാണ് കിടന്നിരുന്നത്. അടിസ്ഥാനപരമായ ഈ വസ്തുത കാണാതിരിക്കുകയും കാർഷിക അടിമത്തത്തെ പ്രത്യേകമായി മനസ്സിലാക്കാതിരിക്കുകയും ചെയ്തതിലൂടെ കേരള ഭൂപരിഷ്കരണ നിയമത്തിന് ഭൂവുടമസ്ഥതയിൽ

വിപ്ലവകരമായ ഒരു മാറ്റവും ഉണ്ടാക്കാൻ സാധിച്ചില്ല. ഇതുകൊണ്ടാണ് ഇന്നും കേരളത്തിലെ കൃഷിഭൂമിയുടെ ഭൂരിഭാഗവും സവർണ്ണരുടെ കൈവശമാകുകയും ദളിതരും ആദിവാസികളും ഭൂരഹിതരായി തുടരുകയും ചെയ്യുന്നത്. ഭൂപരിഷ്കരണ നിയമത്തിലൂടെ ജന്മിമാരിൽ നിന്നും ഭൂമി പാട്ടത്തിനും വാരത്തിനും എടുത്ത കുടിയാന്മാർക്ക് കൃഷിഭൂമിയിൽ സ്ഥിരാവകാശം നൽകുകയാണ് ചെയ്തത്. ദളിതരും ആദിവാസികളും പാട്ടക്കാരോ വാരക്കാരോ അല്ലാത്തതിനാൽ അവർക്ക് ഭൂമി ലഭിച്ചില്ല. കേരളഭൂപരിഷ്കരണനിയമം നടപ്പിലാക്കിയപ്പോൾ 1.26 ലക്ഷം ഏക്കർ മിച്ചഭൂമി മാത്രമല്ല ഒരു മിച്ച ജനതയും ഉണ്ടായി.

കേരളഭൂപരിഷ്കരണനിയമം ഒരു സാമ്പത്തിക നടപടിയെന്ന നിലയിലും സാമൂഹിക പദ്ധതിയെന്ന നിലയിലും തികഞ്ഞ പരാജയമായിരുന്നു. കേരളത്തിലെ കാർഷിക മേഖലക്ക് ഉണർവ്വേകാനോ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാനോ ഈ നടപടികൾക്കായില്ല. ആദിവാസികളെയും ദളിതരെയും ഭൂവുടമസ്ഥതയിൽ നിന്നും നിയമപരമായി പുറത്ത് നിർത്താനാണ് ഈ നിയമം ഉപകരിച്ചത്. അതുകൊണ്ടുതന്നെ ഭൂപരിഷ്കരണ നിയമം നടപ്പാക്കിയതിനുശേഷം കൃഷിഭൂമിക്കുവേണ്ടിയുള്ള സമരങ്ങൾ നടത്തുന്നത് പ്രധാനമായും ആദിവാസി ദളിത്-വിഭാഗങ്ങളാണ്. ഭൂമിക്ക് വേണ്ടിയുള്ള ആവശ്യങ്ങളോട് തികഞ്ഞ നിഷേധാത്മക സമീപനമാണ് കേരളത്തിലെ ഇടത്-വലത് സർക്കാരുകൾ

പുലർത്തിപോന്നത്. ഇതിനവർ പറയുന്ന ന്യായം കേരളത്തിലിനി വിതരണം ചെയ്യാൻ ഭൂമിയില്ലെന്നാണ്. എന്നാൽ വികസനത്തിന്റെ മറവിൽ ജനവാസ കേന്ദ്രങ്ങൾ ഒഴിപ്പിക്കാനും എല്ലാ നിയമങ്ങളും ലംഘിക്കാനും ഗവൺമെന്റ് തയ്യാറാകുന്നുണ്ട്. ഇവിടെയാണ് ഭൂമിയുടെ രാഷ്ട്രീയം പ്രാധാന്യം അർഹിക്കുന്നത്.

### 3.8. കുടിൽകെട്ടി സമരം

1990 നു ശേഷം കേരളത്തിൽ സജീവമായി ആദിവാസി ഭൂസമരങ്ങൾ നടന്നു. ആദിവാസി-ദളിത് വിഭാഗങ്ങളോടുള്ള കേരളത്തിന്റെ മനോഭാവം ആയിരുന്നു ഇതിന് പ്രധാന കാരണം. 2001 ൽ കേരളത്തിലെ ആദിവാസികൾക്കിടയിൽ 32 പട്ടിണി മരണങ്ങൾ ഉണ്ടായി. ഈ മരണങ്ങൾ പട്ടിണികൊണ്ടല്ല വ്യാജ മദ്യം കഴിച്ചതുകൊണ്ടാണെന്നാണ് അധികാരികൾ പറഞ്ഞത്. ഇത് ആദിവാസികളെ പ്രകോപിതരാക്കി. അവർ സമരത്തിനിറങ്ങി. സെക്രട്ടറിയേറ്റിന് മുന്നിൽ കുടിൽകെട്ടി താമസിച്ചുകൊണ്ടാണ് ഇവർ സമരം ആരംഭിച്ചത്. സി. കെ. ജാനുവാണ് സമരത്തിന് നേതൃത്വം നൽകിയത്. 48 ദിവസം നീണ്ടുനിന്ന സമരത്തിനൊടുവിൽ 2002 ഒക്ടോബർ 16 ന് സർക്കാർ ആദിവാസികളുമായി ഒത്തുതീർപ്പിന് തയ്യാറായി. ഒക്ടോബർ 16 ന് ഉണ്ടാക്കിയ ഒത്തുതീർപ്പ് കരാറിൽ പറയുന്ന പ്രധാന തീരുമാനങ്ങൾ ഇവയായിരുന്നു.

1. അഞ്ച് ഏക്കർ ഭൂമി ലഭ്യമാക്കാൻ കഴിയുന്ന സ്ഥലങ്ങളിൽ അത്രയും ഭൂമി നൽകും. മറ്റ് സ്ഥലങ്ങളിൽ കുറഞ്ഞത് ഒരേക്കർ ഭൂമിയും ലഭ്യമായ ഭൂമിയുടെ അളവ് അനുസരിച്ച് കൂടുതൽ ഭൂമിയും നൽകും.

നൽകുന്ന ഭൂമിയിൽ നിന്ന് ആദായമെടുക്കാനും സ്വയം പര്യാപ്തത കൈവരിക്കാനുമുള്ള സൗകര്യമൊരുക്കാൻ അഞ്ച് വർഷത്തേക്ക് പ്രത്യേക പദ്ധതി നടപ്പാക്കും.

2. ആദിവാസികൾക്ക് പുതുതായി കൊടുക്കുന്ന ഭൂമി അവരിൽനിന്ന് അന്യാധീനപ്പെട്ടുപോകാതെ സംരക്ഷിക്കുന്നതിന് നിയമം പാസ്സാക്കും.
3. കേരളത്തിലെ ആദിവാസി പ്രദേശങ്ങൾ ഭരണഘടനയുടെ 5 ആം വകുപ്പിൽ ഷെഡ്യൂൾഡ് ഏരിയയായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രസർക്കാരിനോട് സംസ്ഥാന മന്ത്രിസഭ പ്രമേയം പാസ്സാക്കി ആവശ്യപ്പെടും.
4. 1999 ൽ സംസ്ഥാന നിയമസഭ പാസ്സാക്കിയ ട്രൈബൽ ലാന്റ് അമെന്റ്മെന്റ് ബിൽ ഹൈക്കോടതി തള്ളിയതിനെതിരെ സുപ്രീം കോടതിയിലുള്ള കേസിന്റെ വിധി സർക്കാർ മാനിക്കും.
5. ആദിവാസി വികസനത്തിന് ആദിവാസികളുടെ പങ്കാളിത്തത്തോടെ ഒരു മാസ്റ്റർ പ്ലാൻ നിർമ്മിക്കുകയും അത് നടപ്പാക്കുകയും ചെയ്യും.

6. ഏറ്റവും അധികം ഭൂരഹിതരായ ആദിവാസികളുള്ള വയനാട് ജില്ലയിൽ 10,000 ഏക്കറെങ്കിലും ഭൂമി കണ്ടെടുക്കുകയും വിതരണം നടത്തുകയും ചെയ്യും.

ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കാനും കൈമാറ്റം തടയാനുംവേണ്ടിയുള്ള നടപ്പിലാക്കാതെ പോയ 1975 ലെ കേരള ഷെഡ്യൂൾഡ് ട്രൈബ്സ് ആക്റ്റിനെ പിന്തുണയ്ക്കുന്നതിന് പകരം അതിലെ വ്യവസ്ഥകളെ ലഘൂകരിച്ച് 1999 ലെ പുതുക്കിയ അമൻമെന്റിനെ പിന്തുണച്ചതിലും അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിന് പകരം 'പകരം ഭൂമി നൽകുക' എന്ന ആവശ്യം ഉന്നയിച്ചതു കാരണം മറ്റു ആദിവാസി സംഘടനകൾ ഈ സമരത്തെയും സി. കെ. ജാനുവിനെയും എതിർത്തിരുന്നു. 2002 ജനുവരി 1 മുതൽ ഭൂമി വിതരണം ചെയ്തു തുടങ്ങും എന്ന് പറഞ്ഞ സർക്കാർ പിന്നീട് മൗനം പാലിക്കുകയാണ് ഉണ്ടായത്. ഒരുവർഷം കാത്തിരുന്നിട്ടും കരാർ ലംഘനമല്ലാതെ മറ്റൊന്നും ഇല്ലാതായപ്പോൾ 2003 ജനിവരിയിൽ സി. കെ. ജാനുവിന്റെ നേതൃത്വത്തിൽ മുത്തങ്ങയിലെ ഭൂമി പിടിച്ചെടുക്കാനുള്ള ശ്രമം ആരംഭിച്ചു.

### 3.9 മുത്തങ്ങ സമരം

ആദിവാസി നവോത്ഥാനത്തിന്റെ ആരംഭമാണ് 2003 ൽ നടന്ന മുത്തങ്ങ സമരം. ഗോത്രമഹാസഭയുടെ ലേബലിൽ സി. കെ. ജാനുവിന്റെയും എം. ഗീതാനന്ദന്റെയും നേതൃത്വത്തിലാണ് സമരം ആരംഭിച്ചത്. പ്രധാനമായും രണ്ട് ആവശ്യങ്ങളാണ് അവർ സർക്കാരിന് മുന്നിൽ വെച്ചത്. അതിൽ ഒന്ന് ജീവിക്കാനാവശ്യമായ ഭൂമി നൽകുക, രണ്ട് ഭരണഘടനയുടെ 244 ആം വകുപ്പ് പ്രകാരം പട്ടികവർഗ്ഗ പ്രദേശമായി പ്രഖ്യാപിച്ച് നിയമസംരക്ഷണം ഉറപ്പ് വരുത്തുക. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സെക്രട്ടറിയേറ്റിന് മുന്നിൽ 48 ദിവസം ആദിവാസികൾ കുടിൽകെട്ടി സമരം ചെയ്തു. തുടർന്ന് സർക്കാരുമായുണ്ടായ ധാരണപ്രകാരം സമരം അവസാനിപ്പിക്കുകയും ആദിവാസികൾക്ക് കൃഷി ചെയ്യാനായി 5 ഏക്കർ ഭൂമി വീതം നൽകാമെന്നും കരാർ ചെയ്തു. എന്നാൽ കൃഷിഭൂമി നൽകുന്നതിൽ സർക്കാർ വീഴ്ച വരുത്തി. ഇത് ആദിവാസികളെ വീണ്ടും സമരത്തിലേക്ക് നയിച്ചു. 2003 അവസാനത്തോടെ ആദിവാസികൾമുത്തങ്ങയിലെത്തി സമരം തുടരാൻ തീരുമാനിച്ചു. ഗോത്രമഹാസഭയുടെ കീഴിൽ മുത്തങ്ങ വനത്തിൽ പ്രവേശിക്കാനായിരുന്നു തീരുമാനം. 1980 ൽ യൂക്കാലിപ്റ്റസ് പ്ലാന്റേഷൻ ആരംഭിക്കാനായി ആദിവാസികളെ മുത്തങ്ങയിൽ നിന്നും കുടിയിറക്കിയതായിരുന്നു. അതോടെ തങ്ങളുടെ സാമൂഹിക പരിതസ്ഥിതിയിൽനിന്നും ഭിന്നമായ ഇടങ്ങളിൽ

ജീവിക്കാൻ ഇവർ നിർബന്ധിതരായി. കാടും കാട്ടിനുള്ളിലെ വിഭവങ്ങളും ഉപജീവനമാക്കി മാറ്റിയ ആദിവാസികളെ തങ്ങളുടെ സാമൂഹികാവസ്ഥയിലുണ്ടാക്കിയ മാറ്റം ദാരിദ്ര്യത്തിലേക്കും പട്ടിണിയിലേക്കും തള്ളിയിട്ടു.

സാധാരണ ഭൂസമരങ്ങളിൽനിന്ന് വ്യത്യസ്തമായി മുത്തങ്ങയിൽ സ്വന്തം ഊരു സ്ഥാപിക്കാനായിരുന്നു ആദിവാസികളുടെ നീക്കം. ഇതേ തുടർന്ന് 28 ഓളം ഊരുസഭകൾ അവരുണ്ടാക്കി. സ്വയംഭരണം എന്ന മുദ്രാവാക്യമായിരുന്നു അവർ മുന്നോട്ട് വെച്ചത്. മുത്തങ്ങയിൽ അവർ ചെറിയ കുടിലുകൾ കെട്ടി. അടിക്കാടുകൾ വെട്ടി തെളിച്ച് കൃഷിയിറക്കി. കുട്ടികളെ പഠിപ്പിക്കാൻ നാലു ബാലവാടികളുണ്ടാക്കി. സ്കൂൾ, കോളേജ് എന്നിവ തുടങ്ങാനുള്ള പ്രാരംഭ ചർച്ചകൾ നടത്തി. കാട്ടിനുള്ളിൽ വരണ്ടു പോയ പുഴയെ പുനരുജ്ജീവിപ്പിക്കാനായി കൈതകൾ വെച്ച് പിടിപ്പിച്ചു. ഇത്തരത്തിൽ അക്ഷരാർത്ഥത്തിലുള്ള ഒരു അതിജീവന സമരം കൂടിയായിരുന്നു മുത്തങ്ങയിൽ നടന്നത്.

2003 ൽ നടന്ന മുത്തങ്ങ സമരത്തിന്റെ ചരിത്ര പ്രാധാന്യം മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾക്കും ഗോത്രവിഭജനങ്ങൾക്കും അതീതമായി ഒരു പൊതുസഭ രൂപീകരിക്കാൻ കഴിഞ്ഞു എന്നതാണ്. ഗോത്രസഭ എന്നത് കേരളത്തിലെ മുപ്പത്തിയഞ്ചോളം വരുന്ന ആദിവാസി സമൂഹങ്ങളുടെ കൂട്ടായ വേദിയാണ്. ഡയറക്ട് ഡൊമോക്രസിയുടെ അടിസ്ഥാനത്തിൽ ആദിവാസി ഊരുകളിൽ ഊരുകൂട്ടങ്ങൾ കൂടി പൊതുതീരുമാനങ്ങളെടുക്കുന്ന രീതിയെ

പ്രാതിനിധ്യാടിസ്ഥാനത്തിൽ വികസിപ്പിക്കുകയാണ് അവർ ചെയ്തത്. ഓരോ ഊരുസഭയും മൂന്ന് സ്ത്രീകളെയും മൂന്ന് പുരുഷന്മാരെയും തിരഞ്ഞെടുക്കുകയും അവർ അംഗങ്ങളായിട്ടുള്ള സംസ്ഥാന പ്രസീഡിയത്തിന് രൂപം കൊടുക്കുകയും ചെയ്തു. ജനാധിപത്യ പരമായ ഒരു പൊതുസഭ രൂപംകൊള്ളുകയും ഗോത്രമഹാസഭ ആദിവാസികളുടെ കാര്യങ്ങൾ തീരുമാനിക്കുന്ന സമിതിയാണെന്ന് ആദിവാസികൾ സ്വയം സമ്മതിക്കുകയും ചെയ്യുന്ന ഘട്ടത്തിലാണ് മുത്തങ്ങയിൽ സമരം ആരംഭിക്കുന്നത്. ഈ സമരത്തിന് ഐക്യദാർഢ്യം നൽകികൊണ്ട് രൂപീകരിക്കപ്പെട്ട സമിതിയിലും അതിന്റെ പ്രവർത്തനങ്ങളിലുമാണ് ആദ്യമായി ആദിവാസി സമരത്തിൽ കേരളത്തിലെ മുഖ്യധാരാ ഫെമിനിസ്റ്റ് നേതൃത്വത്തിന്റെ സജീവമായ പങ്കാളിത്തവും പിന്തുണയും ഉണ്ടാകുന്നത്.

ഗോത്രമഹാസഭ മുത്തങ്ങയിലെ ആദിവാസികളുടെ ജീവിതരീതിയെതന്നെ മാറ്റുന്നതായിരുന്നു. അതിൽ പ്രധാനപ്പെട്ട വയാണ് അവർക്കിടയിൽ നിലനിന്നിരുന്ന തൊട്ടുകൂടായ്മ 44 ദിവസത്തിനിടയിൽ ഇല്ലാതിരുന്നു, 44 ദിവസവും മദ്യനിരോധനം നടപ്പിലാക്കാൻ സാധിച്ചു എന്നുള്ളതും. അതിനാൽതന്നെ ഗോത്രമഹാസഭ ആദിവാസികളുടെ ആത്മാവിനെ തൊട്ടറിഞ്ഞ പ്രസ്ഥാനമായി വിശേഷിപ്പിക്കാവുന്നതാണ്.

കേരളം സാധാരണ കണ്ടിരുന്നതുപോലെയുള്ള നിഷേധാത്മകമായ ഒന്നായിരുന്നില്ല മുത്തങ്ങ സമരം. മറിച്ച്

ക്രിയാത്മകമായിരുന്നു. 2003 ജനുവരി 5 ന് സമരം ആരംഭിച്ചു. 700 ഓളം കുടിലുകൾ ഗോത്രഭൂമിയായി ഉയർന്നു. അവയിൽ രണ്ടായിരത്തോളം ആദിവാസികൾ ഉണ്ടായിരുന്നു. കാറ്റിനെ സംരക്ഷിച്ച് കൃഷി ചെയ്താായിരുന്നു ഉപജീവനം സമരക്കാർ നടത്തിയിരുന്നത്. എന്നാൽ 2003 ജനുവരി 5 മുതൽ ഫെബ്രുവരി 19 വരെയാണ് മുത്തങ്ങ സമരത്തിന് ആയുസ്സുണ്ടായത്. സമരത്തിനെ നേരിടാനായി ഫെബ്രുവരി 19ന് പോലീസ് വെടിവെപ്പ് നടത്തി. പോലീസ് വെടിവെപ്പിൽ ജോഗി എന്ന ആദിവാസി മരിക്കുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. പോലീസ് കാട്ടിൽ കയറി കുടിലുകൾ തീയിട്ട് നശിപ്പിക്കുകയും സി. കെ. ജാനുവിനെയും ഗീതാനന്ദനെയും അറസ്റ്റ് ചെയ്യുകയും ചെയ്തു.

മുത്തങ്ങ സമരം കേരളത്തിലെ ആദിവാസികളുടെ നവോത്ഥാന പ്രവർത്തനങ്ങളുടെ ആരംഭമാണ്. ആദിവാസികൾക്ക് മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾക്കും ഗോത്രവിഭജനങ്ങൾക്കുമൊക്കെ അതീതമായി ഒരു പൊതുസഭ രൂപീകരിക്കാൻ കഴിഞ്ഞെന്നുള്ളതാണ് അതിൽ പ്രധാനം. കേരളത്തിന്റെ രാഷ്ട്രീയ മണ്ഡലത്തെ ഇളക്കാൻ മാത്രം ശക്തി അതിന് ഉണ്ടായിരുന്നു. സി. കെ. ജാനുവിന്റെ നേതൃത്വത്തിലുള്ള ആദിവാസി സമരം കേരളത്തിന്റെ സ്ത്രീ മുന്നേറ്റ ചരിത്രത്തെ മാത്രമല്ല, കേരളത്തിൽ പുതിയ രാഷ്ട്രീയ സമരങ്ങളുടേതായ ഒരു വാതിൽ തുറക്കാനും പ്രേരകമായിട്ടുണ്ട്.

### 3.9.1 സി. കെ. ജാനു

മുത്തങ്ങാസമരത്തിലൂടെ ലോകശ്രദ്ധ നേടിയ ആദിവാസി നേതാവാണ് സി. കെ. ജാനു. ആദിവാസി ഗോത്രമഹാസഭയുടെ നേതാവ് കൂടിയാണവർ. 2001 മുതൽ ആദിവാസികൾക്ക് അർഹതപ്പെട്ട ഭൂമി സർക്കാർ പതിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുത്തങ്ങയിൽ തുടങ്ങി കേരളത്തിലാകമാനം സി. കെ. ജാനു നടത്തിയ പ്രക്ഷോഭങ്ങൾ ഇന്ത്യയൊട്ടും ആദിവാസി ഭൂസമരങ്ങൾക്ക് പുതിയ പ്രചോദനമായി. ദളിത് – ആദിവാസി ആക്ഷൻ കൗൺസിലിന്റെ കൂട്ടായ നേതൃത്വം സമരത്തിനുണ്ടായിരുന്നു. മുത്തങ്ങാസമരത്തിന്റെ ഭാഗമായി പോലീസിന്റെ കടുത്ത മർദ്ദനവും ജയിൽവാസവും ജാനുവിന് അനുഭവിക്കേണ്ടി വന്നു. അവർ രൂപീകരിച്ച പാർട്ടിയാണ് ജനാധിപത്യ രാഷ്ട്രീയ സഭ.

ആദിവാസി സ്വത്വവും ജീവിതത്തിന്റെ പരാധീനതകളും കാരണം പ്രാഥമിക വിദ്യാഭ്യാസംപോലും ലഭിക്കാതിരുന്ന നേതാവാണ് സി. കെ. ജാനു. ഏഴാം വയസ്സിൽ വീട്ടുജോലിക്കാരിയായി ജോലിയെടുത്ത് തുടങ്ങിയ ജാനു പന്ത്രണ്ടാം വയസ്സോടെ ദിവസ കൂലിക്ക് പണിയെടുക്കുന്ന കർഷക തൊഴിലാളിയായി മാറി. പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരുകയും പ്രവർത്തിക്കുകയും ചെയ്തു. എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടി ആദിവാസികളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നില്ല എന്ന് മാത്രമല്ല ആദിവാസികൾക്ക് എതിരായി

നിൽക്കുന്നുവെന്ന് സി. കെ. ജാനു തിരിച്ചറിഞ്ഞു. ഇതോടെ ആദിവാസികളുടെ ജീവൽ പ്രശ്നങ്ങൾ നേടിയെടുക്കാനും അന്തിമമായി അവരെ മോചിപ്പിക്കാനും വേണ്ടി സ്വതന്ത്രമായ ഒരു ആദിവാസി പ്രസ്ഥാനത്തിന് രൂപംകൊടുക്കാൻ ജാനു ശ്രമിച്ചു.

ആദിവാസികളുടെ ഭൂമിക്ക് വേണ്ടിയുള്ള നിരവധി സമരങ്ങൾക്ക് നേതൃത്വം നൽകുകയും പോലീസ് മർദ്ദനത്തിന് ഇരയാകുകയും ചെയ്ത വ്യക്തിയാണ് സി. കെ. ജാനു. നിലവിൽ ആദിവാസി ഗോത്രമഹാസഭയുടെ ചെയർപേഴ്സൺ ആണ്. മുത്തങ്ങ സമരം, നിൽപ്പ് സമരം, ആറളം ഫാമിലെ സമരം തുടങ്ങി നിരവധി സമരങ്ങളാണ് ജാനുവിന്റെ നേതൃത്വത്തിൽ കേരളത്തിൽ നടന്നത്. 1994 ൽ ആദിവാസികൾക്കായുള്ള ഐക്യരാഷ്ട്രസഭയുടെ 10 വർഷങ്ങൾ പ്രഖ്യാപിച്ച ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലിയിൽ ഇന്ത്യയിൽ നിന്നുള്ള ആദിവാസികളെ പ്രതിനിധീകരിച്ച് സി. കെ. ജാനു പങ്കെടുത്തു. 2016 ലെ കേരള നിയമസഭ ഇലക്ഷനിൽ ജനാധിപത്യ രാഷ്ട്രീയസഭ എന്ന പേരിൽ പുതിയൊരു രാഷ്ട്രീയ പാർട്ടി രൂപീകരിക്കുകയും ബി. ജെ. പി. നയിക്കുന്ന എൻ. ഡി. എ. യുടെ ഭാഗമായി മത്സരിക്കുകയും ചെയ്തു.

### 3.9.2 ഗീതാനന്ദൻ

കേരളത്തിലെ ആദിവാസികളുടെയും ദളിതരുടെയും നേതാവണ് എം. ഗീതാനന്ദൻ. ഗോത്രമഹാസഭയുടെ നേതാവെന്ന നിലയിൽ

സി.കെ. ജാനുവിനൊപ്പം സമരമുഖത്തും പുറത്തും അദ്ദേഹം സജീവമായി ഇടപെട്ടു. നക്സൽ പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്നെങ്കിലും പിന്നീട് അതിൽ നിന്നും വേർപ്പെട്ട് ദളിത് പ്രവർത്തകരുടെയും ആദിവാസികളുടെയും അധഃസ്ഥിതാവസ്ഥയും ജീവൽപ്രശ്നങ്ങളും വിശേഷിച്ചും അധികാരം, ഭവനം, വിദ്യാഭ്യാസം, തൊഴിൽ, മെച്ചപ്പെട്ട കൂലി, ആരോഗ്യ സംവിധാനങ്ങൾ തുടങ്ങി നിരവധി വിഷയങ്ങളെ മുൻനിർത്തി ധാരാളം സമരങ്ങൾക്ക് ഗീതാനന്ദൻ നേതൃത്വം കൊടുത്തിട്ടുണ്ട്.

2001 ൽ സി. കെ. ജാനുവിനൊപ്പം ചേർന്ന് ഗീതാനന്ദൻ ഗോത്രമഹാസഭ രൂപീകരിച്ചു. കേരളമൊട്ടും ആദിവാസികളുടെയും ദളിതരുടെയും ജീവൽ പ്രശ്നങ്ങൾക്ക് വേണ്ടി സമരം നടത്തുന്നതിനിടയിലാണ് ഗോത്രമഹാസഭ രൂപംകൊള്ളുന്നത്. മുത്തങ്ങാ സമരം കേരളത്തിനകത്തും പുറത്തും ഒരു ശക്തമായ സമരജ്വാലയായി ഉയർന്നതിനുശേഷം ശബരിമലയിലെ മലയരയസമുദായത്തിന്റെ അവകാശങ്ങൾക്ക് വേണ്ടിയുള്ള സമരത്തിന് ഗീതാനന്ദൻ നേതൃത്വം കൊടുത്തു. അയ്യങ്കാളി നടത്തിയ ചരിത്ര പ്രസിദ്ധമായ വില്ലുവണ്ടി സമര മാതൃകയിലാണ് ഈ പ്രക്ഷോഭം നടന്നത്. കേരളത്തിൽ ഗൗരവമായി ചർച്ച ചെയ്യപ്പെടാതെ പോയ സമരമാണ് ശബരിമലയിൽ മലയരയുടെയും ഊരാളികളുടെയും മലമ്പണ്ടാരങ്ങളുടെയും മറ്റും അവകാശങ്ങൾക്ക് വേണ്ടി 2018 ൽ നടന്ന സമരം. ശബരിമലയിൽ വിവിധ അധഃസ്ഥിത

വിഭാഗങ്ങൾക്കും ആദിവാസികൾക്കും പാരമ്പര്യമായിലഭിച്ചിട്ടുള്ള അധികാരം അംഗീകരിക്കുക, ശബരിമലയിൽ ബഹുസ്വരത നിലനിർത്തുക തുടങ്ങിയവയായിരുന്നു സമരക്കാരുടെ പ്രധാന ആവശ്യങ്ങൾ. ആദിവാസികളുടെ ചിരപുരാതനമായ പല ക്ഷേത്രങ്ങളും സവർണ്ണഹിന്ദുക്കളാൽ കൈയ്യേറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. അവയെല്ലാം അവർക്ക് തിരിച്ച് കൊടുക്കണമെന്ന് ഗീതാനന്ദൻ ഭരണാധികാരികളോട് ആവശ്യപ്പെട്ടു. ഒരു കാലത്ത് മലയരയർക്കായിരുന്നു ശബരിമലയുടെ പൂർണ്ണ അവകാശാധി കാരങ്ങളെന്നും പിന്നീടത് പന്തളം രാജകുടുംബം കയ്യേറുകയാണു ണ്ടായതെന്നും തെളിവുകളുടെ അടിസ്ഥാനത്തിൽ ഗീതാനന്ദൻ പൊതുയിടങ്ങളിൽ വിശദമാക്കി.

### 3.10 നിൽപ്പ് സമരം

ആദിവാസികളുടെ ഭൂപ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം സെക്രട്ടറിയേറ്റിന് മുന്നിൽ ആദിവാസി ഗോത്രമഹാസഭയുടെ കീഴിൽ സി.കെ.ജാനുവിന്റെയും ഗീതാനന്ദന്റെയും നേതൃത്വത്തിൽ 2014 ജൂലൈ 9ന് ആരംഭിച്ച സമരമാണ് നിൽപ്പ് സമരം. സമരത്തിൽ പങ്കെടുക്കുന്നവർ ഇരിക്കുകയോ, കിടക്കുകയോ ചെയ്യാതെ നിന്നുകൊണ്ട് സമരം ചെയ്യുന്നതിനാലാണ് ഈ സമരത്തെ നിൽപ്പ് സമരം എന്ന് വിശേഷിപ്പിക്കുന്നത്.

ഭൂമിക്ക് മേലുള്ള ആദിവാസികളുടെ അവകാശ സമരങ്ങളുടെ തുടർച്ചയായിരുന്നു നിൽപ്പ് സമരവും. എന്നാൽ കേവലം ഒരു ഭൂ അവകാശ സമരം എന്നതിനപ്പുറം 1996 ൽ പാർലമെന്റ് പാസാക്കിയ 'പെസ' (Panchayath Act Extended to Scheduled Area) നിയമപ്രകാരമുള്ള ഗോത്ര സ്വയംഭരണം എന്ന ആവശ്യംകൂടി ഉന്നയിച്ചുകൊണ്ടായിരുന്നു നിൽപ്പ് സമരം. ആദിവാസി ജീവിതവും നിലനിൽപ്പുമായി ബന്ധപ്പെട്ട മറ്റു ചില അടിസ്ഥാന പ്രശ്നങ്ങളും നിൽപ്പ് സമരത്തിൽ ഉന്നയിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ഇവയാണ്.

1. മുത്തങ്ങയിൽ കുടിൽകെട്ടി ജീവിതം ആരംഭിച്ചിരുന്നവരെയാണ് പോലീസ് ആട്ടിയോടിച്ചത്. അതിനാൽ അവരെ പുനരധിവസിപ്പിക്കണം. കേരള ഹൈക്കോടതിയുടെയും മനുഷ്യാവകാശ കമ്മീഷന്റെയും വിധിയും നിർദ്ദേശങ്ങളും ഇതു സംബന്ധിയായുണ്ട്. അവ നടപ്പിലാക്കണം.
2. ശിശുമരണവും പട്ടിണി മരണവും അട്ടപ്പാടിയിലെ ആദിവാസികൾക്കിടയിൽ വർദ്ധിച്ചതോതിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അവ തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.
3. വനാവകാശനിയമം നടപ്പാക്കുക. 2006 ൽ കേന്ദ്ര സർക്കാർ പാസാക്കിയ വനാവകാശ നിയമം ആദിവാസികൾ പൊരുതി നേടിയെടുത്ത അവകാശമാണ്. കാടുമായി ബന്ധപ്പെട്ട

ആവാസവ്യവസ്ഥയിൽ ജീവിക്കുന്ന ആദിവാസികളുടെ ജീവിതത്തെ ഏറെ ഗുണകരമായി ബാധിക്കുന്നതാണ് ഈ നിയമം.

4. ആദിവാസികളിലെ ഏറ്റവും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന പണിയ, അടിയ, മുതുവാൻ, മലമ്പണ്ടാരം തുടങ്ങിയ വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ പ്രത്യേക പാക്കേജുകൾ നടപ്പിലാക്കണം. അല്ലാത്തപക്ഷം ഇത്തരം വിഭാഗങ്ങളുടെ അതിജീവനം അങ്ങേയറ്റം പരിതാപകരമാകും.
5. മാവോയിസ്റ്റ് ഭീഷണിയുടെ പേരിലുള്ള പോലീസ് രാജ് അവസാനിപ്പിക്കണമെന്നും ആദിവാസികൾക്ക് നിർഭയമായി ജീവിക്കാനുതകുന്ന സാഹചര്യം സൃഷ്ടിക്കണമെന്നുമാണ് ഒരാവശ്യം.[15]

കേരളത്തിൽ 'പെസ' നിയമം നടപ്പിലാക്കുന്നതടക്കം ആദിവാസികൾ ഉന്നയിച്ച ആവശ്യങ്ങൾ ഭൂരിഭാഗവും അംഗീകരിക്കാമെന്ന സർക്കാർ ഉറപ്പിന്മേൽ 162 ദിവസം നീണ്ടുനിന്ന നിൽപ്പ് സമരം 2014 ഡിസംബർ 8 ന് രാവിലെ സമരക്കാർ പിൻവലിച്ചു. ലോകമെമ്പാടുമുള്ള മലയാളികളുടെ ഐക്യദാർഢ്യം നിൽപ്പ് സമരത്തിന് ഉണ്ടായിരുന്നു എന്നത് പ്രത്യേക പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. വിവിധ നാടുകളിലുള്ളവർ നിന്നുകൊണ്ട് സമരത്തിന് പിന്തുണ അറിയിച്ചു.

### 3.11. ചെങ്ങറ ഭൂസമരം

കേരളത്തിലെ ആദിവാസി ഭൂസമരങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ചെങ്ങറ ഭൂസമരം. കേരളത്തിലെ കൊളോണിയൽ കാർഷിക ഘടനയുടെ ശേഷിപ്പായ തോട്ടം മേഖലയിൽ നടന്ന ശക്തമായ ജനകീയ പ്രക്ഷോഭമായിരുന്നു ചെങ്ങറ ഭൂസമരം. പത്തനംതിട്ട ജില്ലയിലെ ചെങ്ങറ എസ്റ്റേറ്റിൽ സാധുജന വിമോചന സംയുക്തവേദിയുടെയും ളാഹ ഗോപാലന്റെയും സെലീന പ്രാക്കാനത്തിന്റെയും നേതൃത്വത്തിൽ അയ്യായിരത്തോളം ആളുകൾ നടത്തിയ സമരമായിരുന്നു ചെങ്ങറ സമരം. 2007 ആഗസ്റ്റ് 4 –നാണ് സമരം ആരംഭിച്ചത്.

ചെങ്ങറ സമരത്തിന്റെ മുന്നോടിയായി സാധുജന വിമോചന സംയുക്തവേദിയുടെ നേതൃത്വത്തിൽ നിരവധി ദളിത് കോളനികളിൽ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായിരുന്നു ചെങ്ങറയിൽ നടന്ന ഭൂസമരം. 2005 ആഗസ്റ്റ് 15 ന് ഭൂരഹിതർക്ക് ഭൂമി എന്ന ആവശ്യം ഉന്നയിച്ച് പത്തനംതിട്ട കലക്ടറേറ്റിന് മുന്നിൽ 150 ദിവസം നീണ്ടുനിന്ന സമരമായിരുന്നു ചെങ്ങറ ഭൂസമരമായി മാറിയത്. മൂന്നു മാസത്തിനുള്ളിൽ ഭൂമി നൽകാമെന്ന മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ഉറപ്പിന്മേലാണ് സമരം അവസാനിപ്പിച്ചത്. എന്നാൽ സർക്കാർ വാക്ക് പാലിക്കാത്തതിനെ തുടർന്ന് 2006 ജൂൺ 21 ന് കേരള സർക്കാർ ഉടമസ്ഥതയിലുള്ള കൊടുമൺ റബ്ബർ തോട്ടത്തിൽ നാലായിരത്തോളം ഭൂരഹിതർ കുടിൽകെട്ടി ഉടമസ്ഥവകാശം

പ്രഖ്യാപിച്ചു. നാലുദിവസങ്ങൾക്ക് ശേഷം ഭൂമി നൽകാമെന്ന സർക്കാർ ഉറപ്പിന്മേൽ വീണ്ടും സമരം അവസാനിച്ചു. എന്നാൽ അതും ലംഘിക്കപ്പെട്ടു. ഇതേതുടർന്ന് സെപ്റ്റംബർ 19 മുതൽ കളക്റ്ററേറ്റിന് മുന്നിൽ നിരാഹാരസമരം ആരംഭിച്ചു. 2007 ആഗസ്റ്റ് ഒന്നിന് മുമ്പ് പ്രശ്നം പരിഹരിക്കുമെന്ന സർക്കാർ ഉറപ്പിന്മേൽ വീണ്ടും സമരം പിൻവലിച്ചു. ആ ഉറപ്പും പാലിക്കാത്തതിനെതുടർന്നാണ് 2007 ആഗസ്റ്റ് 4 ന് സാധുജന വിമോചന സംയുക്തവേദിയുടെ നേതൃത്വത്തിൽ ചെങ്ങറയിൽ പോരാട്ടം ആരംഭിക്കുന്നത്. ഭൂരഹിതർ ഹാരിസൺ പ്ലാന്റേഷൻ അനധികൃതമായി കൈവശം വെച്ചിരുന്ന ചെങ്ങറ കുറുമ്പറ്റ ഡിവിഷനിലെ 143 ഹെക്ടറോളം ഭൂമി കയ്യേറി കുടിൽ കെട്ടിയാണ് സമരം ചെയ്തത്. വിവിധ ജാതി–മത വിഭാഗങ്ങളിലുള്ളവർ സമരത്തിൽ പങ്കാളികളായി. സുറിയാനി ക്രിസ്ത്യാനികൾ, മുസ്ലീംങ്ങൾ, ദളിത് ക്രൈസ്തവർ, ആദിവാസികൾ എന്നിങ്ങനെ എല്ലാ വിഭാഗക്കാരും സമരത്തിന്റെ ഭാഗമായി. എങ്കിലും ഇവരിൽ 90 ശതമാനത്തോളം ആദിവാസികളും ദളിതരുമായിരുന്നു. റേഷൻ കാർഡും വീട്ടുനമ്പറും ഇല്ലാത്തതിനാൽ സർക്കാരിന്റെ യാതൊരുവിധ ആനുകൂല്യങ്ങളും നേടാൻ കഴിയാത്തവരായിരുന്നു ഇവർ.

ചെങ്ങറ സമരം ആരംഭിക്കുമ്പോൾ മുന്നൂറോളം ആളുകളായിരുന്നു അതിൽ പങ്കാളികളായിരുന്നത്. എന്നാൽ സമരം തുടങ്ങി രണ്ട് മാസം പിന്നിടുമ്പോൾ ഈ മുന്നൂറു കുടുംബം എന്നത്

ഏഴായിരത്തോളം കുടുംബമായി മാറി. വരുന്നവരെല്ലാം സമരഭൂമിയിൽ കുടിൽകെട്ടി താമസിച്ചു. ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, കോട്ടയം, ഇടുക്കി, തിരുവനന്തപുരം, കാസർഗോഡ് എന്നിവിടങ്ങളിൽ നിന്നുള്ള ഭൂരഹിതർ, തെരുവുകളിൽ താമസിക്കുന്നവർ, ചെറിയ വാടകയ്ക്ക് താമസിക്കുന്നവർ എന്നിങ്ങനെയുള്ള വലിയൊരു വിഭാഗമാണ് സമരഭൂമിയിൽ എത്തിയത്. അംബേദ്കർ നഗർ, കല്ലറ സുകുമാരൻ നഗർ, കുമാരഗുരുദേവൻ നഗർ, ശ്രീബുദ്ധ നഗർ, അയ്യങ്കാളി നഗർ, ഭീംഭായി നഗർ എന്നീ ആറു കൗണ്ടറുകളാക്കി തിരിച്ചാണ് 8000 ഓളം ഏക്കർ വിസ്തൃതിയുള്ള സമരഭൂമിയുടെ നിയന്ത്രണം മുന്നോട്ടുകൊണ്ടു പോയത്. ഓരോ കൗണ്ടറിനും കൺവീനറും 50 അംഗ ഭരണസമിതിയും ഉണ്ടായിരുന്നു. ബുദ്ധൻ, അംബേദ്കർ, അയ്യങ്കാളി എന്നിവരെ ആരാധിക്കുന്ന പ്രാർത്ഥനാഗീതം ദിവസവും സമരഭൂമിയിൽ ആലപിച്ചിരുന്നു.

സമരം തുടങ്ങിയ ആദ്യ ദിവസങ്ങളിൽ തന്നെ സമരക്കാരെ കുടിയൊഴിപ്പിക്കാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്ത് നിന്നും തോട്ടം ഉടമകളുടെ ഭാഗത്തുനിന്നും ഉണ്ടായി. എന്നാൽ ഒരു കയ്യിൽ മണ്ണെണ്ണയും മറുകയ്യിൽ തീപ്പെട്ടിയുമായി മരത്തിൽ കയറി കഴുത്തിൽ കുരുക്കിട്ടും ആത്മഹത്യ ചെയ്യാൻ ഒരുങ്ങിയുമാണ് ആദിവാസികൾ ആ വെല്ലുവിളികളെ നേരിട്ടത്. ഹാരിസൺ പ്ലാന്റിന്റെ ഗുണ്ടകളായിരുന്നു കായികമായി സമരക്കാരെ നേരിട്ടത്. കാട്ടിൽനിന്നും പുറത്തേക്കുള്ള

ഏക വഴി അടച്ചുകൊണ്ടും അവർ സമരക്കാരെ പ്രതിരോധിച്ചു. നിരവധിപേർക്ക് ഈ ഏറ്റുമുട്ടലിൽ പരിക്കേറ്റു. കൈകുഞ്ഞുങ്ങളെയും ഒക്കത്തെടുത്തുകൊണ്ടാണ് സ്ത്രീകൾ സമരത്തിനെത്തിയത്. അന്നുവരെ കേരളം സാക്ഷ്യം വഹിച്ചിട്ടില്ലാത്ത സമരമായിരുന്നു ചെങ്ങറ ഭൂസമരം.

കേരളം കണ്ടതിൽവെച്ച് ഏറ്റവും ശക്തമായ ഭൂസമരങ്ങളിൽ ഒന്നായിരുന്നു ചെങ്ങറ ഭൂസമരം. കേരളത്തിൽ മാത്രമല്ല കേരളത്തിന് പുറത്തും സമരം ശ്രദ്ധിക്കപ്പെടാൻ തുടങ്ങി. മേധാപട്ക്കർ, അരുന്ധതി റോയ് എന്നീ പ്രമുഖർ സമരത്തിന് പിന്തുണയുമായെത്തി. 2009 ൽ എൽ. ഡി. എഫ് സർക്കാറും സമരക്കാരും തമ്മിൽ ഒരു ഒത്തുതീർപ്പ് കരാർ ഉണ്ടാക്കി. കരാർ അനുസരിച്ച് 1432 കുടുംബങ്ങൾക്ക് കേരളത്തിൽ എവിടെ വേണമെങ്കിലും ഭൂമി നൽകാനും ഭവന നിർമ്മാണത്തിനും സർക്കാർ ധനസഹായം നൽകാമെന്നുള്ള ധാരണയുണ്ടായി. അങ്ങനെ സമര നേതൃത്വം പ്രക്ഷോഭം അവസാനിപ്പിച്ചു. എന്നാൽ പിന്നീട് ഒത്തുതീർപ്പ് കരാർ അട്ടിമറിക്കുകയാണുണ്ടായത്. സമരം തുടങ്ങി 14 വർഷങ്ങൾ പിന്നിടുമ്പോൾ പട്ടയം ലഭിച്ചു എന്നല്ലാതെ വളരെ കുറച്ചുപേർക്കല്ലാതെ മറ്റാർക്കും ഭൂമി ലഭിച്ചില്ല.

ഭൂപരിഷ്കരണ നിയമത്തിന്റെ പൊള്ളത്തരങ്ങളെയും തോട്ടം മേഖലയുടെ ഉടമസ്ഥതയെയും അത് ഉൽപ്പാദിപ്പിക്കുന്ന സാമൂഹിക അനീതിയെയും ചെങ്ങറ സമരം ചോദ്യം ചെയ്തു. കേവല സമരഭൂമി

എന്നതിനപ്പുറം ചെങ്ങറ ഒരു മാതൃകാഗ്രാമമായി മാറുകയും ചെയ്തു. ഭൂമിയുടെ പുനർവിതരണത്തിലൂടെ തുല്യമായ വിഭവ ഉടമസ്ഥതയും പങ്കാളിത്തവും അവർ കൈവരിച്ചു. കേരളത്തിന്റെ പാരിസ്ഥിതിക മേഖലയിൽ ഏകവിഭവ തോട്ടങ്ങൾ ഗുരുതരമായ ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളത്. അതിന്റെ പരിഛേദതമായി ചെങ്ങറ തോട്ടഭൂമിയിലെ റബ്ബർ മരങ്ങൾ സമരക്കാർ മുറിച്ച് മാറ്റി. പകരം വാഴയും ചേമ്പും ഇഞ്ചിയും നട്ടു. അങ്ങനെ അവർ ഭക്ഷ്യ സ്വയംപര്യാപ്തത നേടി. റബ്ബർ തോട്ടങ്ങൾ ഉണ്ടാക്കിയ പാരിസ്ഥിതിക അസന്തുലതയിൽനിന്ന് ജൈവവൈവിധ്യമാർന്ന ഒരു ഭൂമി അവർ വീണ്ടെടുത്തു. ചെങ്ങറ സമരഭൂമിയിൽ യഥാർത്ഥത്തിൽ നടന്നത് കേവലമായൊരു സമരം മാത്രമായിരുന്നില്ല. മറിച്ച് ദളിത് ജനതയുടെ അതിജീവനം കൂടിയായിരുന്നു. അടിസ്ഥാന ജനതയുടെ ഭൂമിയുടെയും വിഭവാധികാരത്തിന്റെയും രാഷ്ട്രീയത്തെ കേരളത്തിന്റെ മുഖ്യധാരാ രാഷ്ട്രീയ മണ്ഡലത്തിൽ സജീവമാക്കിയതാണ് ചെങ്ങറ ഭൂസമരത്തിന്റെ ഏറ്റവും വലിയ പ്രസക്തി.

### 3.11.1 സെലീന പ്രാക്കാനം

ചെങ്ങറ ഭൂസമരത്തിലൂടെ കേരളീയ ശ്രദ്ധ നേടിയ വ്യക്തിയാണ് സെലീന പ്രാക്കാനം. 2007 ൽ സാധുജന വിമോചന സംയുക്തവേദിയുടെ സെക്രിട്ടറിയായി ളാഹ ഗോപാലനോടൊപ്പം ചേർന്ന് ചെങ്ങറ സമരത്തിന് നേതൃത്വം നൽകി. എന്നാൽ ളാഹ ഗോപാലന്റേത് ഏകാധിപത്യമാണെന്ന് ആരോപിച്ചുകൊണ്ട്

സാധുജന വിമോചന സംയുക്തവേദിയിൽ നിന്ന് സെലീന പ്രാക്കാനം രാജിവെച്ചു.

സാധുജന വിമോചന സംയുക്തവേദിയിൽനിന്നും പിന്മാറിയതിൽ സെലീന പ്രാക്കാനത്തിന് വ്യക്തമായ രാഷ്ട്രീയ നിലപാട് ഉണ്ടായിരുന്നു. ദളിത് സമൂഹത്തിന്റെ മുന്നേറ്റമെന്ന ആശയവുമായി രൂപംകൊണ്ട സംഘടനയാണ് സാധുജന വിമോചന സംയുക്തവേദി. ദളിതർ എന്നും രണ്ടാംതരം പൗരന്മാരാണന്നുള്ള ബോധ്യമായിരുന്നു ഈ സംഘടനയുടെ രൂപീകരണത്തിന് കാരണം. അതിന്റെ തുടർച്ചയായിരുന്നു ചെങ്ങറ ഭൂസമരവും. സമരത്തിൽ സർക്കാർ ഒത്തുതീർപ്പിൽ മുന്നോട്ടുവെച്ചത് വിവിധ സ്ഥലങ്ങളിൽ ഭൂരഹിതർക്ക് ഭൂമി നൽകാമെന്നായിരുന്നു. അതിനോട് പൊരുത്തപ്പെടുന്നതിന് പകരം സമരഭൂമിയൽതന്നെ തുടരാനായിരുന്നു ളാഹ ഗോപാലന്റെ തീരുമാനം. എന്നാൽ ചെങ്ങറയിൽ മാത്രം നിന്നുകൊണ്ട് ലക്ഷ്യം പൂർത്തീകരിക്കാനാവില്ലെന്ന് സെലീന പ്രാക്കാനം തിരിച്ചറിഞ്ഞു. ഇതായിരുന്നു പിന്നീട് സാധുജനവിമോചന സംയുക്ത വേദിയിൽനിന്നും രാജിവെക്കുന്നതിലേക്ക് അവരെ നയിച്ചത്.

സാധുജന വിമോചന സംയുക്തവേദിയിൽനിന്നും പിരിഞ്ഞതിനുശേഷം 2010 ഒക്ടോബർ മുതൽ ദളിത് ഹ്യൂമൻ റൈറ്റ്സ് മൂവ്മെന്റിൽ സെലീന പ്രാക്കാനം പ്രവർത്തിച്ചു തുടങ്ങി. കേരളത്തിലെ ദളിതർക്കിടയിൽ പ്രവർത്തിക്കുന്ന സാമൂഹിക

മനുഷ്യാവകാശ സംഘടനയാണ് ദളിത് ഹ്യൂമൻ റൈറ്റ്സ് മൂവ്മെന്റ് അഥവാ ഡി. എച്ച്.ആർ.എം. മദ്യത്തിനും മയക്ക് മരുന്നിനും അടിമപ്പെട്ട ദളിതരെ അതിൽ നിന്നും വിമോചിപ്പിക്കുക, സാമൂഹിക വിദ്യാഭ്യാസം ദളിത് കുടുംബങ്ങളിൽ നൽകുക, സാമൂഹിക ജനാധിപത്യത്തിന്റെ ഉത്തമ പൗരന്മാരായി അവരെ ഉയർത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഡി. എച്ച്. ആർ. എം പ്രവർത്തിക്കുന്നത്. 2015 ജനുവരിയിൽ ഡി. എച്ച്. ആർ. എം. ജനറൽ സെക്രട്ടറിയായി സെലീന പ്രാക്കാനത്തെ തെരഞ്ഞെടുത്തു. 2014 ലോകസഭ തെരഞ്ഞെടുപ്പിൽ മത്സരിച്ചുവെങ്കിലും സെലീന പരാജയപ്പെട്ടു.

### 3.11.2. ളാഹ ഗോപാലൻ

കേരളം കണ്ട ഏറ്റവും വലിയ ഭൂസമരമായ ചെങ്ങറ സമരത്തിന് തുടക്കം കുറിച്ച സമരനായകനാണ് ളാഹ ഗോപാലൻ. ആലപ്പുഴക്കാരനായ ളാഹ ഗോപാലന്റെ പ്രവർത്തന ഭൂമി പത്തനംതിട്ട ആയിരുന്നു. ളാഹ കേന്ദ്രമാക്കിയുള്ള സമരപരിപാടികളുടെ ഭാഗമായി പിന്നീട് അവിടംതന്നെ പ്രവർത്തന കേന്ദ്രമാക്കി മാറ്റുകയായിരുന്നു അദ്ദേഹം. കെ. എസ്. ഇ. ബി ജീവനക്കാരനായി വിരമിച്ചതിനുശേഷമാണ് ചെങ്ങറ ഭൂസമരത്തിലേക്ക് അദ്ദേഹം ഇറങ്ങുന്നത്.

ആദിവാസി കുടുംബങ്ങളെ ഭൂമി കയ്യേറി പാർപ്പിച്ചുകൊണ്ട് ഭൂസമര പോരാട്ടങ്ങൾക്ക് തുടക്കം കുറിക്കുകയായിരുന്നു ളാഹ ഗോപാലൻ. 1986 മുതലാണ് അദ്ദേഹം ആദിവാസികളുടെ

അവകാശങ്ങൾക്കായി സമരത്തിനിറങ്ങുന്നത്. 1990 ൽ അദ്ദേഹം രാജാമ്പാറ ഭൂസമരത്തിന് നേതൃത്വം നൽകി. 2006 ൽ അദ്ദേഹം സാധുജന വിമോചന സംയുക്തവേദി എന്ന സംഘടനയ്ക്ക് രൂപം നൽകി. 2007 ആഗസ്റ്റ് നാലാം തിയതി പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ സാധുജന വിമോചന സംയുക്തവേദിയുടെ പൊതുയോഗം നടന്നു. ഭൂമി ഇല്ലാത്തവർക്ക് ഭൂമി ആവശ്യപ്പെട്ടുകൊണ്ട് സ്വാതന്ത്ര്യദിനത്തിനുമുമ്പ് കുടിൽകെട്ടി സമരം നടത്തുമെന്ന് യോഗം പ്രഖ്യാപിച്ചു. രാത്രിതന്നെ കോന്നിക്കടുത്ത ചെങ്ങറ ഹാരിസൺ മലയാളം തോട്ടത്തിൽ അയ്യായിരത്തോളം വരുന്ന പ്രവർത്തകർ 143 ഹെക്ടർ ഭൂമി കയ്യേറി കുടിൽ കെട്ടി സമരം തുടങ്ങി. ഹാരിസൺ മലയാളം ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടായിരുന്നു ചെങ്ങറ സമരം. ഇതിന്റെ പേരിൽ പല ഘട്ടത്തിലും സർക്കാരുമായി ചർച്ച നടത്തിയെങ്കിലും പരാജയപ്പെട്ടതോടെ സമരക്കാർ വലിയ തോതിലുള്ള ഭരണകൂട ആക്രമണങ്ങൾക്കും ഉപരോധത്തിനും ഇരയായി. പലതവണ ളാഹ ഗോപാലൻ ആക്രമിക്കപ്പെടുകയും അറസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു. തുടർന്ന് പത്തുവർഷത്തോളം നീണ്ടുനിന്ന കുടിൽകെട്ടി സമരം നയിച്ചുകൊണ്ട് കേരളത്തിലെ ദളിത് സമൂഹത്തെ ഒരു കുടക്കീഴിൽ ഒരുമിച്ച് നിർത്താൻ അദ്ദേഹത്തിനായി. ചെങ്ങറയിൽ നിന്ന് തുടങ്ങിയ സമരവീര്യം ആറളത്തേക്കും അരിപ്പയിലേക്കുമൊക്കെ പടർന്നു.

കേരളത്തിൽ പിന്നീട് ഉയർന്നുവന്ന പട്ടയ ഭൂസമരങ്ങൾക്കെല്ലാം തുടക്കം കുറിച്ച സമരമായിരുന്നു ചെങ്ങറ ഭൂസമരം. എന്നാൽ സമരസമിതിയിലെ വിഭാഗീയതകളെ തുടർന്ന് ഒടുവിൽ ളാഹ ഗോപാലൻ സമരസമിതിയിൽ നിന്നും പിൻവാങ്ങി.

## 3.12. അരിപ്പ ഭൂസമരം

2012 ഡിസംബർ 31 ന് കൊല്ലം ജില്ലയിലെ അരിപ്പയിൽ ആദിവാസി ദളിത് മുന്നേറ്റ സമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഭൂസമരമാണ് അരിപ്പ ഭൂസമരം. ചെങ്ങറ പാക്കേജിൽ ഭൂമി ലഭിക്കാത്തവരും കാർഷിക ആവശ്യത്തിനോ താമസത്തിനോ ഉപയോഗിക്കാൻ കഴിയാത്ത ഭൂമി ലഭിച്ചവരുമാണ് പ്രധാനമായും അരിപ്പയിൽ ഭൂസമരത്തിനിറങ്ങിയത്. ശ്രീരാമൻ കൊയ്യോൻ, ഓമന കാളകെട്ടി എന്നിവരാണ് സമരത്തെ മുന്നോട്ടുനയിച്ചത്.

ചെങ്ങറ പാക്കേജിൽ 21 കുടുംബങ്ങൾക്ക് 21.54 ഏക്കർ ഭൂമിയും അംബേദ്ക്കർ സ്ക്കുളിന് 13 ഏക്കർ ഭൂമിയും കഴിച്ചുള്ള 56 ഏക്കർ ഭൂമി സർക്കാർ സ്വകാര്യ മേഖലയ്ക്ക് കൊടുക്കാൻ ധാരണയായിരിക്കു ബോഴാണ് ആദിവാസി ദളിത് മുന്നേറ്റസമിതിയുടെ നേതൃത്വത്തിൽ ഭൂമി പിടിച്ചെടുക്കുന്നത്. ഒന്ന് മുതൽ അഞ്ചേക്കർ വരെ ഭൂമിയും വീട് നിർമ്മാണത്തിന് സഹായവും ആവശ്യപ്പെട്ടുകൊണ്ടാണ് സമരം നടന്നത്. ഒമ്പത് ജില്ലകളിൽ നിന്നായി രണ്ടായിരത്തോളം ദളിത് കുടുംബങ്ങൾ 1300 കുടിലുകൾ കെട്ടി അരിപ്പയിൽ സമരം ചെയ്തു.

'കോളനി വിട്ട് കൃഷി ഭൂമിയിലേക്ക്' എന്ന മുദ്രാവാക്യവുമായാണ് സമരക്കാർ സമരം ചെയ്തത്.

സമരം ആരംഭിച്ച ആദ്യ മൂന്ന് മാസങ്ങളിൽ ഒരു സംഘർഷവും സമരക്കാരിൽ നിന്നോ അധികാരികളുടെ ഭാഗത്ത് നിന്നോ ഉണ്ടായിരുന്നില്ല. എന്നാൽ 2012 ഏപ്രിൽ 10 ന് വിറക് ശേഖരണത്തിനുപോയ സന്തോഷ്, ചിത്ര എന്നീ ദമ്പതികൾ ആക്രമിക്കപ്പെട്ടു. ചിത്ര മാരകമായി പരിക്കുപറ്റി നാലു ദിവസം ആശുപത്രിയിൽ കിടന്നു. എന്നാൽ പോലീസ് ഈ സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയോ അന്വേഷിക്കുകയോ ചെയ്തില്ല. അരിപ്പ പ്രദേശവാസികളും സമരക്കാർക്ക് എതിരായിരുന്നു. അവർ പ്രക്ഷോഭകാരികളെ ബഹിഷ്ക്കരിച്ചു. സമരക്കാർക്ക് ജോലി നിഷേധിച്ചും സമരത്തിൽ അണിനിരന്ന സ്ത്രീകളെ ലൈംഗികമായി ഉപദ്രവിച്ചും സമരത്തെ നേരിട്ടു. അങ്ങനെ കുറെ കുടുംബങ്ങൾ സമരഭൂമി വിടാൻ നിർബന്ധിതരായി. പോലീസ് സാമൂഹിക വിരുദ്ധർക്ക് സംരക്ഷണം നൽകുന്ന നിലപാടാണ് സ്വീകരിച്ചത്.

2012 ജൂലൈ 13 ന് സമരനേതൃത്വം മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ച പരാജയപ്പെട്ടു. സർക്കാർ പ്രഖ്യാപിച്ച 3 സെന്റ് കോളനി പദ്ധതി സ്വീകരിക്കാൻ സമരക്കാർ തയ്യാറായില്ല. തുടർന്ന് സമരക്കാർ പാർലമെന്റ് മാർച്ച് സംഘടിപ്പിച്ചു. 2017 നവംബർ 6 ന് സമരനേതാക്കളുമായി വനം മന്ത്രി കെ. രാജു നടത്തിയ ചർച്ച പ്രകാരം റവന്യു ഭൂമിയിൽ സർവ്വേ നടത്തി ഭൂവിതരണം

നടത്താമെന്ന ധാരണയിലെത്തി. എന്നാൽ സർവ്വേ നടത്താനുള്ള മന്ത്രിയുടെ നിർദ്ദേശം വന്ന് ദിവസങ്ങൾ പിന്നിടുമ്പോൾ സമരഭൂമിയിൽ സമരക്കാർ കൃഷി ചെയ്തിരുന്ന നെൽ കൃഷി നിരോധിച്ചുകൊണ്ട് കളക്ടർ ഉത്തരവിട്ടു. സമരഭൂമിയിൽ കൃഷി ചെയ്യുന്നത് വിധ്വംസക പ്രവർത്തനമാണെന്നായിരുന്നു കളക്ടറുടെ ഉത്തരവ്.

ആദിവാസി-ദളിത് വിഭാഗങ്ങളുമായി വനം വകുപ്പ് മന്ത്രി നടത്തിയ ചർച്ച ഫലപ്രാപ്തിയിൽ എത്തിയില്ല. മൂന്ന് മാസത്തിനുള്ളിൽ സർവ്വേ നടത്താമെന്നായിരുന്നു മന്ത്രിയുടെ വാഗ്ദാനം. എന്നാൽ കൃത്യസമയത്ത് സർവ്വേ നടത്താനിരുന്ന സർക്കാർ അധികൃതർ ഒരു ഹർത്താൽ ദിവസം യാതൊരു അറിയിപ്പും കൂടാതെ റവന്യൂ ഭൂമിയിലെത്തി സർവ്വേ നടത്തി. സമരം ചെയ്യുന്ന ഭൂരിപക്ഷം വരുന്ന ജനങ്ങളെയും പുറത്താക്കികൊണ്ടുള്ള സർവ്വേയാണ് അന്ന് നടന്നത്. സർവ്വേ പ്രകാരം ആകെ 479 കുടുംബങ്ങൾ മാത്രമാണ് അരിപ്പയിലുള്ളത്.

അരിപ്പ ഭൂസമരം ആരംഭിച്ച് ഏഴ് വർഷം പിന്നിടുമ്പോഴും സമരക്കാർക്ക് അവരുടെ ആവശ്യങ്ങൾ നേടിയെടുക്കാനായില്ല. പട്ടിണിയും രോഗവും മൂലം പലരും അരിപ്പയിലെ സമരഭൂമിയിൽ നിന്നും മാറി താമസിച്ചു.

### 3.13 തൊവരിമല ഭൂസമരം

മുത്തങ്ങ, ചെങ്ങറ, അരിപ്പ ഭൂസമരങ്ങൾക്ക് സമാനമായി ഭൂമിക്കുവേണ്ടിയുള്ള പ്രക്ഷോഭമായിരുന്നു തൊവരിമലസമരം. ആദിവാസികളുൾപ്പെടെ നിരവധി ഭൂരഹിതർ 2019 ഏപ്രിൽ 21 ന് വയനാട്ടിലെ തൊവരിമലയിൽ എത്തി കുടിൽ കെട്ടി സമരം ആരംഭിച്ചു. സി. പി. ഐ (എം. എൽ) റെഡ് സ്റ്റാർ, അഖിലേന്ത്യാ കിസാൻ സഭ, ഭൂസമര സമിതി, ആദിവാസി ഭാരത് മഹാസഭ എന്നീ സംഘടനകളുടെ നേതൃത്വത്തിലാണ് സമരം തുടങ്ങിയത്. എം. പി. കുഞ്ഞിക്കണാരൻ, രാജേഷ് അപ്പാട്ട്, കെ. ജി. മനോഹരൻ എന്നിവരായിരുന്നു സമര നേതാക്കൾ. 1970 വരെ ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതും, 1969 ലെ ഭൂപരിഷ്കരണ ഭേദഗതി നിയമം വഴി അച്യുതമേനോൻ സർക്കാർ മിച്ചഭൂമിയായി പ്രഖ്യാപിച്ചതുമായ നിക്ഷിപ്ത വനമേഖല ഭൂരഹിതർക്ക് വിതരണം ചെയ്യണമെന്നതായിരുന്നു സമരക്കാരുടെ ആവശ്യം.

2019 ഏപ്രിൽ 24 ന് തൊവരിമലയിൽ നിന്നും സമരക്കാരെ പോലീസ് ബലം പ്രയോഗിച്ച് ഒഴിപ്പിക്കുകയും സമര നേതാക്കളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇതേതുടർന്ന് സമരക്കാർ കളക്ടറേറ്റിലേക്ക് സമരം മാറ്റി. ഭൂസമരത്തിന് പിന്തുണ അറിയിച്ചുകൊണ്ട് വിവിധ ആദിവാസി-ദളിത് സംഘടനകൾ കല്പറ്റ കളക്ടറേറ്റിലേക്ക് മാർച്ച് സംഘടിപ്പിച്ചു. ആദിവാസികൾക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുക, ഹാരിസൺ ഭൂമി ഏറ്റെടുത്ത്

ഭൂരഹിതർക്ക് പതിച്ചു നൽകുക, അറസ്റ്റ് ചെയ്ത നേതാക്കളെ വിട്ടയക്കുക എന്നിവയായിരുന്നു സമരക്കാരുടെ പ്രധാന ആവശ്യങ്ങൾ. വയനാട് ജില്ലയിൽ മാത്രം 60,000 ഏക്കർ ഭൂമി ആദിവാസികൾക്ക് പതിച്ചു നൽകാൻ മാധവമേനോൻ റിപ്പോർട്ട് നിർദ്ദേശിക്കുന്നുവെന്നും സമരക്കാർ വെളിപ്പെടുത്തി.

റവന്യൂമന്ത്രിയുടെ നിർദ്ദേശപ്രകാരം ജില്ലാ കളക്ടർ തൊവരിമലയിലെ സമര നേതാക്കളുമായി ചർച്ച നടത്തി. അറുന്നൂറ് കുടുംബങ്ങൾക്ക് 70 ഏക്കർ ഭൂമി നൽകാം എന്ന ഉടമ്പടി കളക്ടർ മുന്നോട്ടുവെച്ചു. എന്നാൽ സമരക്കാർ അത് അംഗീകരിച്ചില്ല. ഭൂമി ഇല്ലാത്തവർ അടിസ്ഥാന കർഷക വിഭാഗങ്ങളാണെന്നും കൃഷി ചെയ്യാനാണ് ഭൂമി വേണ്ടതെന്നും വീണ്ടും മൂന്ന് സെന്റും അഞ്ച് സെന്റും തന്ന് വഞ്ചിക്കാനനുവദിക്കില്ല എന്നും സമരക്കാർ പ്രഖ്യാപിച്ചു.

മറ്റെല്ലാ ഭൂസമരങ്ങളെയും പോലെ തൊവരിമല ഭൂസമരവും അടിച്ചമർത്താനും സമരക്കാരെ കബിളിപ്പിക്കാനുമാണ് സർക്കാരും തോട്ടം ഉടമകളും ശ്രമിച്ചത്. സമരം ആരംഭിച്ചതിന്റെ പിറ്റേ ദിവസം അവിടേക്ക് വന്ന ഹാരിസൺ പ്ലാൻറ്റേഷനിലെ തൊഴിലാളികൾ പറഞ്ഞത് അത് പ്ലാന്റേഷന്റെ സ്ഥലമാണെന്നും അവിടെയുള്ള കെട്ടിടങ്ങളിൽ പ്ലാന്റേഷന്റെ ആളുകൾ താമസിക്കാറുണ്ട് എന്നുമായിരുന്നു. ഭൂമി തിരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹാരിസൺ മലയാളം സർക്കാരിനെതിരെ നൽകിയ കേസിൽ പലതവണ കോടിതയിൽ ഹാജരാകാതെ സർക്കാർ ബോധപൂർവ്വം

തോറ്റുകൊടുത്തു. കൂടാതെ സമരഭൂമിയിലെ കുടിലുകൾ ഒഴിപ്പിക്കാനും സമരനേതാക്കളെ ചർച്ചക്കെന്ന് പറഞ്ഞു വിളിച്ച് വരുത്തി അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇതിൽ പ്രതിഷേധിച്ച് സമരക്കാർ കല്പറ്റ കളക്ടറേറ്റിന് മുന്നിൽ റിലേ നിരാഹാര സമരം ആരംഭിച്ചു.

തൊവരിമല ഭൂസമരം ആരംഭിച്ച് മൂന്ന് വർഷം പിന്നിടുമ്പോൾ സമരക്കാർക്ക് അവരുടെ ആശ്യങ്ങൾ നിറവേറ്റി കൊടുക്കാൻ സർക്കാരിനായിട്ടില്ല. കോവിഡ് വ്യാപനത്തെ തുടർന്ന് 2020 മാർച്ചിൽ കളക്ടറേറ്റിനു മുന്നിലെ സമരം സമരക്കാർ താൽക്കാലികമായി നിർത്തിവെക്കുകയും ചെയ്തു.

### 3.14 ആദിവാസി – ദളിത് പ്രക്ഷോഭങ്ങളുടെ സാംസ്കാരിക – രാഷ്ട്രീയാഘാതങ്ങൾ

ഇന്ത്യയിൽ നിലനിന്നുപോരുന്ന ആഭ്യന്തര കൊളോണിയലിസ (internal colonialization) ത്തിന്റെ നിഷ്ഠൂര രൂപമാണ് ആദിവാസി-ദളിത് ജനവിഭാഗങ്ങൾക്കെതിരെ നൂറ്റാണ്ടുകളായി തുടർന്ന് വരുന്ന കൊടിയ ചൂഷണങ്ങളും മർദ്ദനങ്ങളും അപമാനവീകരണവും അപരവൽക്കരണവും. ഇന്ത്യയ്ക്കകത്ത് അദൃശ്യമായി രണ്ട് ഭൂഖണ്ഡങ്ങൾ നിലനിൽക്കുന്നു. ഒന്ന്, വംശീയവും ജാതീയവുമായി പൊതുയിടങ്ങളിൽനിന്നും മാറ്റിനിർത്തപ്പെട്ടവരുടെ ഇരുണ്ട ഭൂഖണ്ഡം. മറ്റേത് ഭരണവർഗ്ഗങ്ങളും പൊതുസമൂഹവും വസിക്കുന്ന ഭൂഖണ്ഡം.

കേരളത്തിലെ ആദിവാസി-ദളിത് പ്രക്ഷോഭങ്ങൾ ഭൂമിക്കുവേണ്ടിയാണ് പോരാടിയതെങ്കിലും അത് ഭൂഅധികാരത്തിൽ

മാത്രം ഒതുങ്ങി നിൽക്കുന്നില്ല. ചവിട്ടിയരക്കപ്പെട്ടവരും നിരക്ഷരരും തൊഴിൽരഹിതരും ആയ ഒരു ജനത അവരുടെ ആത്മബോധവും സ്വത്വബോധവും മൂലധനമാക്കി നടത്തിയ ഉജ്ജ്വമായ പ്രക്ഷോഭങ്ങൾ കൂടിയാണത്. ഈ പ്രക്ഷോഭങ്ങൾ കേരളീയ സമൂഹത്തിൽ സൃഷ്ടിച്ച അലയൊലികളും സാംസ്കാരിക പ്രതികരണങ്ങളും രാഷ്ട്രീയാഘാതങ്ങളും അവഗണിക്കാവുന്നതല്ല.

ആദിവാസി പ്രക്ഷോഭത്തിന്റെ മുഖ്യസവിശേഷത വേണ്ടവിധം കേരളത്തിൽ പ്രശ്നവൽക്കരിക്കപ്പെട്ടിട്ടില്ല എന്നതാണു യാഥാർത്ഥ്യം. ആദിവാസികൾക്ക് എത്ര ഭൂമി ലഭിച്ചു, എത്ര ഭൂമി കവർന്നെടുക്കപ്പെട്ടു, എത്രപേർ ജയിലിൽ കിടന്നു എന്നതെല്ലാം വളരെ പ്രാധാന്യമർഹിക്കുന്ന സംഗതികളാണ്. പക്ഷേ ഇതിനുമുപരി ചർച്ചചെയ്യപ്പെടേണ്ട ചില കേന്ദ്ര വിഷയങ്ങളുണ്ട്. അതിലൊന്ന്, ആദിവാസി പ്രക്ഷോഭം പരമ്പരാഗതമായ സമരരീതികളിൽനിന്നും എങ്ങനെ വിച്ഛേദിക്കപ്പെട്ടിരിക്കുന്നുവെന്നതാണ്. അതായത് ആദിവാസികളായാലും ദളിതരായാലും അവർ നടത്തിയ പോരാട്ടത്തിന്റെ രീതിശാസ്ത്രം (methodology of struggle) പ്രക്ഷുബ്ധമായ ഒന്നായിരുന്നു. പരമ്പരാഗത രാഷ്ട്രീയപാർട്ടികളുടെ അനുബന്ധമായി, അവരുടെ ആഹ്വാനങ്ങൾക്കനുസരിച്ച് നടത്തുന്ന ഫംഗ്ഷനൽസമരങ്ങളാണ് കേരളം ഇതുവരെ കണ്ടത്. അതിനെ നിരാകരിച്ചുകൊണ്ട് ഒരു ജനത എന്ന നിലയിൽ ഗ്രാംഷി വിശേഷിപ്പിച്ച നൈസർഗ്ഗിക വിപ്ലവത്തിന്റെ (spontaneous revolution)[16]

സ്വഭാവമായിരുന്നു അതിന്. ഗോത്രമഹാസഭയുടെയും മറ്റും നേതൃത്വമുണ്ടായിരുന്നുവെന്നത് യാഥാർത്ഥ്യം. പക്ഷേ ഈ നേതൃത്വം മേൽ/കീഴ് തട്ടിൽ അധിഷ്ഠിതമായ പ്രതിനിധാന രാഷ്ട്രീയ കക്ഷികളുടെ അധികാരകേന്ദ്രിതമായ അച്ചടക്കങ്ങൾക്കും അനുശാസനങ്ങൾക്കും അനുസൃതമായി നടത്തിയ പോരാട്ടമായിരുന്നില്ല. യഥാർത്ഥ ഗോത്രമഹാസഭയെന്നത് ആദിവാസികളുടെ മുകളിൽ വർത്തിക്കുന്ന അധികാര കേന്ദ്രമായിരുന്നില്ല. മറിച്ച് ആദിവാസികൾ ചേർത്തുപിടിച്ചതും ആദിവാസികളെചേർത്തുപിടിച്ചതുമായ ജനാധിപത്യത്തിന്റെ ജനകീയരൂപമായിരുന്നു. അതുകൊണ്ടുതന്നെ മുഖ്യധാരാരാഷ്ട്രീയപാർട്ടികൾ ഒന്നടങ്കം തങ്ങളുടെ പരസ്പര വൈരുധ്യം മറന്ന് ആദിവാസികൾക്കെതിരെ നിന്നു.രണ്ട്, മുത്തങ്ങ സമരത്തിനുശേഷം ഒളിവിൽനിന്ന് പുറത്തിറങ്ങിയ സി. കെ. ജാനുവിനെ വളഞ്ഞുപിടിച്ച് മർദ്ദിച്ചത് വയനാട്ടിലെ ആൾക്കൂട്ടരൂപത്തിൽ പ്രത്യക്ഷപ്പെട്ട മുഖ്യധാരാരാഷ്ട്രീയ പാർട്ടികളുടെ അനുഭാവികളടങ്ങുന്ന പൊതുസമൂഹമായിരുന്നുവെന്നതാണ് ഏറ്റവും ലജ്ജാകരമായ വസ്തുത. ഇത് തങ്ങൾ പ്രതിനിധാനം ചെയ്യുന്ന പ്രതിലോമ പൗരസമൂഹത്തിന്റെയോ രാഷ്ട്രീയ സമൂഹത്തിന്റെയോ പ്രചോദനം ഒന്നുകൊണ്ടുമാത്രം ചെയ്യുതല്ല. മറിച്ച്, വിഖ്യാത അമേരിക്കൻ മാർക്സിസ്റ്റ് ചിന്തകനായ ഫെഡറിക് ജെയിംസൺ പറയുന്ന പൊളിറ്റിക്കൽ അൺകോൺഷ്യസ് (രാഷ്ട്രീയ അബോധം) [17] ആണ്. അബോധത്തിൽ അല്ലെങ്കിൽ വൈകാരികതലത്തിൽ

തങ്ങളറിഞ്ഞോ അറിയാതെയോ അടിഞ്ഞുകൂടി ജീർണ്ണമായ വംശീയ വിദ്വേഷത്തിന്റെയും അപരസങ്കല്പത്തിന്റെയും നീറ്റലാണത്. ന്യൂനപക്ഷ മനുഷ്യസ്നേഹികളും ജനാധിപത്യവാദികളുമൊഴിച്ചാൽ കേരളീയ പൊതുസമൂഹത്തിലെ സിംഹഭാഗവും വൈകാരികമായും മാനസികമായും ജനാധിപത്യവൽക്കരിക്കപ്പെട്ടില്ല എന്നതിന്റെ ഏറ്റവും പ്രകടിതമായ ഉദാഹരണങ്ങളാണ് ഇതുമായി ബന്ധപ്പെട്ട അനന്തര സംഭവവികാസങ്ങളിലും തെളിഞ്ഞു കണ്ടത്.

മൂന്ന്, ഇന്ത്യൻ ഭരണഘടനയുടെ 244 ആം ആർട്ടിക്കിളിലെ 5 ഉം 6 ഉം ഷെഡ്യൂൾ പ്രകാരം ആദിവാസികൾക്കും മറ്റ് ഗോത്രവിഭാഗങ്ങൾക്കും ഭൂരിപക്ഷ പ്രദേശങ്ങളിൽ സ്വയംഭരണാവകാശമുണ്ട്. എന്നാൽ ഭരണഘടനാപരമായി ഈ സ്വയംഭരണം പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും പരിമിതമായിട്ടെങ്കിലും നടപ്പിലാക്കിക്കഴിഞ്ഞു. പ്രബുദ്ധകേരളത്തിന്റെ ജനാധിപത്യ പാരമ്പര്യത്തിൽ ഊറ്റം കൊള്ളുന്നവരും ഭരണഘടന സംരക്ഷിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് വാതോരാതെ സംരക്ഷിക്കുന്നതിൽ വലിയ ഉത്സാഹം കാണിക്കുന്നവരുമായ കേരളത്തിലെ മുഖ്യധാരാരാഷ്ട്രീയ കക്ഷികൾ ആദിവാസികളുടെ ഭരണഘടനാ ദത്തമായ അവകാശത്തോട് മുഖം തിരിഞ്ഞു നിൽക്കുന്നത് വൈരുദ്ധ്യം തന്നെയാണ്. ഇത്തരത്തിൽ മുഖം തിരിഞ്ഞു നിൽക്കാൻ രണ്ടു കാരണങ്ങൾ കണ്ടെത്താൻ കഴിയും.

ഒന്ന്, ആദിവാസികളുടെ ഭൂമി കയ്യേറുന്നതിൽ സർക്കാരിനൊപ്പം (വനഭൂമിയായും മറ്റും) തോട്ടം മുതലാളിമാരും മുഖ്യധാരാരാഷ്ട്രീയ പാർട്ടികളുമായി അടുപ്പമുള്ള ഭൂമി കയ്യേറ്റക്കാരുമുണ്ട്. രണ്ടാമത്തെ കാരണം, ആദിവാസികൾക്ക് സ്വയംഭരണാധികാരം നൽകി കഴിഞ്ഞാൽ തങ്ങളുടെ പോഷകശക്തികളായി മുഖ്യധാരാരാഷ്ട്രീയ കക്ഷികൾക്ക് ആദിവാസികളെ സമീപിക്കാനോ ആദിവാസിമേഖലകളിൽ രാഷ്ട്രീയമായി ഇടപെടാനോ കഴിയില്ല.

കേരളത്തിന്റെ ഭൂമേഖലകളിൽ വലിയൊരു ഭാഗവും പ്രതിനിധാന രാഷ്ട്രീയ കക്ഷികൾ അദൃശ്യമായ മതിലുകൾകെട്ടി സംരക്ഷിച്ചുപോരുന്ന ജനവാസകേന്ദ്രങ്ങളാണ്. ഇവിടേക്ക് സ്വതന്ത്രമായി പ്രവേശിക്കാൻ ഇതരരാഷ്ട്രീയ പാർട്ടികൾക്കോ പത്ര-മാധ്യമ പ്രതിനിധികൾക്കോ സാധ്യമല്ല. ക്രിമിനലുകളും കവർച്ചക്കാരുമടങ്ങുന്ന ഈ പ്രദേശങ്ങളിലെ ജനങ്ങൾ കൊള്ളസംഘത്തിന്റെ തടങ്കൽ പാളയങ്ങളിൽ കഴിയുന്നതുപോലെ ഭയചകിതരായി കഴിയുകയാണ്. ഇത്തരത്തിലുള്ള അപ്രിയസത്യം പുറത്തുപറയാൻ മാധ്യമങ്ങൾപോലും ഭയക്കുന്നു. ഇതിന്റെ പശ്ചാത്തലത്തിൽവേണം ആദിവാസി സ്വയംഭരണത്തെ സമീപിക്കാൻ. ജനാധിപത്യവൽക്കരിക്കപ്പെടാത്തതും സമഗ്രാധിപത്യ ആഭിമുഖ്യമുള്ളവരുമായ രാഷ്ട്രീയപാർട്ടികൾക്ക് ആദിവാസികളും

ദളിതരും എന്നുവേണ്ട ഏതു ജനതയും സ്വയം പ്രേരിതമായി പ്രക്ഷോഭം നയിക്കുന്നതിൽ തികഞ്ഞ അസഹിഷ്ണുതയാണുള്ളത്.

എന്നാൽ മുത്തങ്ങ സമരത്തിനുശേഷം കേരളത്തിൽ മുഖ്യധാരാ രാഷ്ട്രീയപാർട്ടികളുടെ അനുശാസനങ്ങളെയോ വാഗ്ദാനങ്ങളെയോ അനുസരിക്കാതെ സ്വയം സംഘടിച്ച് നിരവധി ജനത (ആദിവാസി–ദളിത്–പരിസ്ഥിതി പ്രവർത്തകസംഘങ്ങൾ മുതലായവ) പല ഘട്ടങ്ങളിലായി പ്രക്ഷോഭങ്ങൾ നയിച്ചു. അതു തുടരുന്നു. കേരളത്തിൽ നവസാംസ്കാരിക പ്രസ്ഥാനങ്ങൾ സൃഷ്ടിച്ച നേട്ടങ്ങളിൽ എഴുതപ്പെടേണ്ട അധ്യായങ്ങളാണിവയെല്ലാം. ആദിവാസി–ദളിത് ഭൂസമരങ്ങൾ കേരളത്തിലെ നവസാംസ്കാരികമുന്നേറ്റങ്ങളിൽ നിർണ്ണായക പ്രാധാന്യമുള്ള ഒന്നാണ്. ഇതിന് സമാന്തരമായി നടത്തിയിട്ടുള്ള പഠനങ്ങൾ പല കടുത്ത യാഥാർത്ഥ്യങ്ങളെയും മറനീക്കി പുറത്തുകൊണ്ടുവന്നു. എന്നാൽ ഇതെത്രമാത്രം നമ്മുടെ സമൂഹത്തിൽ പ്രശ്നവൽക്കരിക്കപ്പെട്ടുവെന്നോ സംവദിക്കപ്പെട്ടു വെന്നോ പറയാനാകില്ല. അതിലേറ്റവും പ്രധാനം കേരളത്തിൽ ജന്മിത്വം ഔപചാരികമായി അവസാനിപ്പിക്ക പ്പെട്ടുവെങ്കിലും നവഭൂവുടമസ്ഥത അഥവാ നവജന്മിത്വം കൊളോണിയൽ ഭൂവുടമാബന്ധത്തിന്റെ രൂപത്തിൽ ഇന്നും നിലനിൽക്കുന്നു വെന്നതാണ്. റ്റാറ്റയെപോലുള്ള കുത്തകകൾ ലക്ഷകണക്കിന് ഏക്കർ ഭൂമി നിയമവിരുദ്ധമായി കൈവശം വെക്കുകയും അവരുടെ സ്ഥലങ്ങളിൽ ആയിരക്കണക്കിന് ആളുകൾ കർഷകതൊഴിലാളികൾ

എന്ന പേരിലും തോട്ടം തൊഴിലാളികളെന്ന നിലയിലും അടിമസമാനമായി ജീവിതം നയിക്കുകയും ചെയ്യുന്നു എന്നതാണ്. രണ്ടാമത്, ആദിവാസികളെ കുറ്റവാളി ഗോത്രമായി പ്രഖ്യാപിച്ച കൊളോണിയൽ ഭരണകൂടം ആദിവാസികളെ നേരിടാൻ ട്രൈബൽ ക്രിമിനൽ ആക്ട് കൊണ്ടുവന്നു. വനഭൂമി സംരക്ഷിക്കാനെന്ന പേരിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറ് രൂപീകരിച്ച കൊളോണിയലിസ്റ്റുകൾ ആദിവാസികളെ അവരുടെ ആവാസ ഭൂമിയായ വനങ്ങളിൽ നിന്നും ചേരികളിലേക്കും തെരുവോരങ്ങളിലേക്കും ആട്ടിപായിപ്പിച്ചു. അവരിൽ മിക്കവരും ഭൂരഹിതരും ഭവനരഹിതരുമായി മാറി. നിയമാനുസൃതമായ വനാവകാശനിയമം പോലും ഇവിടെ നടപ്പിലാക്കപ്പെട്ടില്ല. പക്ഷേ, ഇത്തരം കടുത്ത യാഥാർത്ഥ്യങ്ങൾ നിലനിൽക്കുമ്പോൾതന്നെ ഒറ്റപ്പെട്ടതെങ്കിലും ഉജ്ജ്വലമായ സമരങ്ങൾ കേരളത്തിൽ നടന്നിരുന്നു.

ഏതൊരു കാലഘട്ടത്തിലും രൂപപ്പെടുന്ന സാമൂഹിക – സാംസ്കാരിക പ്രസ്ഥാനങ്ങൾ ചരിത്രപരമായി സ്വയം നവീകരിക്കുക മാത്രമല്ല സമൂഹത്തെയും സാമൂഹികബോധ മാതൃകകളെയും നവീകരിക്കുകകൂടി ചെയ്യുന്നുണ്ട്. അവിടെയാണ് അതിന്റെ ചരിത്രപരമായ പ്രസക്തി നിലനിൽക്കുന്നത്. ആദിവാസി കലാപങ്ങളും സമരങ്ങളും പ്രത്യയശാസ്ത്രപരമായി അടിച്ചമർത്തിവെക്കപ്പെട്ട പല വിഷയങ്ങളെയും സാന്ദർഭികമായി

പ്രശ്നവൽക്കരിക്കാൻ തുടങ്ങിയതാണ് ആദിവാസി സമരങ്ങളുടെ ഭൗതിക–ഭൂമി സംബന്ധമായതും മറ്റുമുള്ള നേട്ടങ്ങളേക്കാൾ പ്രാധാന്യം കൈവരിക്കുന്നത്. അതിലേറ്റവും പ്രധാനം ആദിവാസികളുടെ ആവാസ സ്ഥലമായ വനം ആരുടേത് അഥവാ വനത്തിന്റെ യഥാർത്ഥ അവകാശികളും അധികാരികളും ആര് എന്ന കേന്ദ്രവിഷയമാണ്.

ആദിവാസികളെ അവരുടെ ആവാസ സ്ഥലത്തുനിന്നും ആട്ടിപായിപ്പിച്ച കൊളോണിയൽഭരണാധികാരികളുടെ പിന്തുടർച്ചക്കാരായിട്ടാണ് ഈ വിഷയത്തിൽ സ്വതന്ത്രജനാധിപത്യ ഇന്ത്യ സ്ഥാപിതമാവുന്നത്. ഒരു സമൂഹം ജനാധിപത്യവൽക്കരിക്കപ്പെടണമെങ്കിൽ നിശ്ചയമായും ആ രാജ്യത്തിലെ നിയമങ്ങൾ അതിന്റെ മുൻഗാമികളുടെ പ്രതിലോമപരവും അപമാനവീകൃതവുമായ നിയമങ്ങൾ ഉപേക്ഷിക്കുകയും ജനകീയ നിയമങ്ങൾ പുനർനിർമ്മിക്കുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ വനത്തിന്റെ ഉടമകൾ ആര് എന്ന വിഷയത്തിൽ ഭരണകൂടമാണ് ഉടമ എന്ന ജനവിരുദ്ധതത്ത്വമാണ് ഇന്ത്യൻ ഭരണകൂടം സ്വീകരിച്ചിരിക്കുന്നത്. ഭരണകൂടം നിയമാധിഷ്ഠിതമായി സ്ഥാപിക്കപ്പെട്ട ഭൂവുടമസ്ഥതയ്ക്ക് ആശയപരമായി അനുബന്ധമായി സമൂഹധാരകളിൽ പ്രസരിക്കപ്പെട്ട പൊതുബോധം അനുക്രമം ഈ സ്ഥാപനവൽക്കരണത്തിന്റെ അടിത്തറയായി നിലകൊള്ളുകയും ചെയ്യുന്നു. ഇവിടെ ക്ലാസിക്കൽ മാർക്സിസം ദൃഢീകരിച്ച അടിത്തറ–

മേൽക്കൂര സിദ്ധാന്തം കാലഹരണപ്പെടുന്നു. സാംസ്കാരിക മണ്ഡലത്തിന്റെ അനിവാര്യതയായ പൊതുബോധം അടിത്തറയെന്ന് പരമ്പരാഗതമായി വിവക്ഷിക്കപ്പെടുന്ന സാമ്പത്തിക മേഖലയെ ഉറപ്പിച്ചു നിർത്തുന്ന ദൃഢശിലകളായി പരിണമിക്കുന്നു.

ബ്രിട്ടീഷ് കൊളോണിയലിസ്റ്റുകൾ സ്ഥാപിച്ച ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് വഴി വനാവകാശം വനത്തിന്റെ യഥാർത്ഥ ഉടമകളായ ആദിവാസികളിൽനിന്നും കവർന്നെടുത്തതിന് പൊതുബോധസമ്മതി നേടിയെടുത്തു എന്നതാണ് കൊളോണിയൽ പ്രത്യയശാസ്ത്രം നേടിയ വിജയം. വനം സംരക്ഷിക്കാൻ ഭരണകൂടത്തിനുമാത്രമേ കഴിയൂ എന്ന കൊളോണിയൽ നിർമ്മിതമായ ആശയവും അതിന്റെ ഉപോൽപ്പന്നമായ പൊതുബോധവും സഹസ്രാബ്ദങ്ങളുടെ ചരിത്രമുള്ള ഇന്ത്യൻ വനഭൂമി വ്യവഹാരത്തെ നഗ്നമായി നിഷേധിക്കുകയാണ്. ഇതിന്റെ ഫലമാവട്ടെ ആദിവാസികൾ ഭൂരഹിതരായി എന്നതു മാത്രമല്ല, വനം ഭരണകൂടത്തിനും സ്വകാര്യവ്യക്തികൾക്കും കൊള്ളയടിക്കാനും അങ്ങനെ പാരിസ്ഥിതികമായ പല ഗുരുതര പ്രശ്നങ്ങൾക്കും വഴി തെളിക്കുകയും ചെയ്തു. ആദിവാസി വനാവകാശനിയമം കേന്ദ്രസർക്കാർ കൊണ്ടുവന്നെങ്കിലും അത് നടപ്പാക്കുന്നതിൽ കാണിക്കുന്ന വൻ വീഴ്ച നവഭൂഅധികാരത്തെ പ്രബലമാക്കുകയാണ് ചെയ്യുന്നത്. ആദിവാസി ഭൂസമരങ്ങൾ വളരെ പരിമിതമായിട്ടാണെങ്കിലും വന ഭൂമിയിലുള്ള സ്റ്റേറ്റിന്റെ

അധിനിവേശത്തെ പ്രശ്നവൽക്കരിക്കുന്ന രീതിയിലുള്ള ചർച്ചകൾക്ക് തുടക്കമിട്ടു.

### 3.15. ആദിവാസി സംസ്കാരം : സാഹിത്യത്തിലും കലയിലും

ആദിവാസികളുടെ സംസ്കാരവും ജീവിതരീതിയും മതാത്മകമായ ഇന്ത്യയുടെ പൊതുസാംസ്കാരിക ധാരയിൽനിന്നും തീർത്തും വേറിട്ടതും സവിശേഷ തനിമയും തന്മയത്വമുള്ളതുമാണ്. ആദിവാസികൾക്കിടയിൽതന്നെ വിഭിന്ന ഗോത്രങ്ങളും അതിന്റെ ആചാരരീതികളും നിലനിൽക്കുന്നത് അവരുടെ വ്യതിരിക്തമായ തന്മയെ അടയാളപ്പെടുത്തുന്നതാണ്. സ്വകാര്യസ്വത്ത്, വിവാഹരീതികൾ, മരണാനന്തര ചടങ്ങുകൾ, സ്ത്രീ–പുരുഷ ബന്ധം, ഭവനനിർമ്മാണം, കൃഷി, ജീവനോപാധികൾ തേടൽ, ഭാഷ, സാഹിത്യം, നാട്ടുഗീതങ്ങൾ, കലാരൂപങ്ങൾ തുടങ്ങി എല്ലാത്തിലും മുഖ്യധാരാ സംസ്കൃതിയിൽനിന്നും വേറിട്ടതും പ്രാക്തനമെങ്കിലും അന്തഃസത്തയിൽ കാലാതിവർത്തിയായതും പുരോഗമനപരവുമാണ് എന്ന് തിരിച്ചറിയപ്പെടേണ്ടത് അനിവാര്യമാണ്. കുടുംബത്തിൽ ആദിവാസി സ്ത്രീകൾ അനുഭവിക്കുന്ന സ്വാതന്ത്ര്യം മുഖ്യധാരാസമൂഹവുമായി സമരസപ്പെടുത്താവുന്നതല്ല എന്നുമാത്രമല്ല, അതിനേക്കാൾ സവിശേഷ പ്രാധാന്യമുള്ളതാണ്. ഏതൊരു സമൂഹത്തിന്റെ സാംസ്കാരികമായ ശേഷിയുടെ ഉരകല്ല് ആ സമൂഹത്തിലെ സ്ത്രീകളുടെ സ്വാതന്ത്ര്യമാണ് എന്നത് സാർവജനീയമായി അംഗീകരിക്കപ്പെട്ട ഒരു വസ്തുതയാണ്.

### 3.16 ദ്വിമുഖയാഥാർത്ഥ്യം

ആദിവാസി സമൂഹം പൊതുവിൽ ഇതര സമൂഹങ്ങളേക്കാൾ സമ്പത്ത്, വിദ്യാഭ്യാസം, ആരോഗ്യം, നീതി - നിയമസംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്നുവെന്ന യാഥാർത്ഥ്യം നിലനിൽക്കെതന്നെ അവരുടെ സാംസ്കാരികത ഇതര സമുഹങ്ങളേക്കാൾ അകൃത്രിമവും ലിംഗസമത്വത്തിൽ (താരതമ്യേന) അധിഷ്ഠിതവുമാണ് എന്ന് തിരിച്ചറിയപ്പെട്ടിട്ടില്ല. കുടുംബത്തിന്റെ പൊതുവായ നിയന്ത്രണം സ്ത്രീകളിലാണ് എന്നത് എടുത്തുപറയേണ്ട ഒന്നാണ്. ആദിവാസി കുടുംബത്തിലെ ഈ ലിംഗപരമായ സവിശേഷത ഏറിയും കുറഞ്ഞും ദളിത്-ദ്രാവിഡ കുടുംബങ്ങളിലും ദൃശ്യമാണ്. ആദിവാസി സമരങ്ങളിൽനിന്നും പ്രചോദനം കൊണ്ട് വളരെക്കാലം കഴിഞ്ഞെങ്കിലും മൂന്നാറിൽ നടന്ന 'പെമ്പിളെ ഒരുമൈ' സമരം തീർത്തും തമിഴ്-ദ്രാവിഡ സ്ത്രീകളുടെ നേതൃത്വത്തിലാണ് നടന്നത്.

ആദിവാസികളുടെ പ്രകൃതിയുമായുള്ള ബന്ധം ആധുനിക മാനവികതാവാദവുമായി ബന്ധപ്പെട്ട മുഖ്യധാരസമൂഹത്തിന്റെ 'പ്രകൃതിയെ കീഴടക്കൽ' ബോധത്തെ അട്ടിമറിക്കുന്നതാണ്. ആദിവാസി പ്രക്ഷോഭങ്ങൾ (മുത്തങ്ങാസമരം മുതൽ) ആദിവാസി സംസ്കാരത്തെക്കുറിച്ചുള്ള കൂടുതൽ അന്വേഷണങ്ങൾക്കും പഠനങ്ങൾക്കും തുടക്കമിട്ടു. അതിലേറ്റവും പ്രധാനമാണ് ഡോ. അസീസ് തരുവണയുടെ 'വയനാടൻ രാമായണം' എന്ന കൃതി.

മഹാഭാരതം, രാമായണം തുടങ്ങിയ ഇതിഹാസ്യ കാവ്യങ്ങളിലെ പ്രതിലോമ പാഠങ്ങളെ നിരാകരിക്കുന്നതാണ് ആദിവാസികളുടെ രാമായണ കാവ്യങ്ങളും ഭാരതവ്യാഖ്യാനങ്ങളും. വാമൊഴികളാൽ സമ്പന്നമായ ആദിവാസി സാഹിത്യവും നാട്ടുഗീതങ്ങളും നാടോടികലാരൂപങ്ങളും മറ്റു സർഗ്ഗ സൃഷ്ടികളും ഇന്ന് കൂടുതൽ പഠനങ്ങൾക്ക് വിധേയമാവുകയാണ്. ഡിജിറ്റൽ മാധ്യമങ്ങളുടെ രംഗപ്രവേശത്തോടെ തമസ്കരിക്കപ്പെട്ടുകിടന്ന ആദിവാസി സംസ്കാരം പ്രകാശിതമാവുന്നതിന്റെ സാക്ഷ്യങ്ങൾ നിരവധിയാണ്. സിനിമയിലെ ആദിവാസി പ്രമേയ സാന്നിധ്യം എടുത്തു പറയേണ്ടതാണ്. ഇത് ദളിത് സംസ്കാരത്തിനും ഒരുപോലെ ബാധകമാണ്. നിരവധി സിനിമകളിൽ ആദിവാസി പാട്ടുകൾ പരമ്പരാഗത കാൽപ്പനിക ഗീതങ്ങളെ പ്രമേയത്തിലും ശൈലിയിലും വെല്ലുവിളിക്കാൻ സർഗ്ഗശേഷിയുള്ളതാണ്. ആദിവാസി സംസ്കൃതിയുടെ സർഗാത്മകത തിരിച്ചറിയപ്പെടുന്നതിന് തടസ്സമായി നിൽക്കുന്നത് സമൂഹത്തിൽ പ്രബലമായി നിൽക്കുന്ന കൊളോണിയൽ നിർമ്മിത പൊതുബോധവും അധീശത്വ പ്രത്യയശാസ്ത്രവുമാണ്.

**കുറിപ്പുകൾ**


1. James Massey, *Towards Dalit Hermenutics Re reading the text, The History and the Literatur*e, I.S.P. CK. Delhi, 1994, p.4.
2. Eleaner Zellot, *From Untouchable to Dalit, Essays on the Ambedkar movement*, Manohar Publications, Newdelhi, 1998, p.27.
3. Barbara R Joshi, *Untouchable voice of the Dalit Liberation movement*, cited by Padmanabha, Dalits at cross-Roads; Their struggle-Past and Present, Madras 1996, p.33-34.
4. ഉഷാദേവി മാരായിൽ, *അയ്യങ്കാളി പോരാട്ടങ്ങളുടെ നായകൻ*, നാഷണൽ ബുക്ക്സ്റ്റാൾ കോട്ടയം, പുറം 123.
5. ടി. പു., പുറം 126.
6. കെ. എം. ലെനിൻ, *പൊയ്കയിൽ അപ്പച്ചൻ കീഴാളരുടെ വിമോചകൻ*, നാഷണൽ ബുക്ക്സ്റ്റാൾ കോട്ടയം, പുറം 17.
7. ഡോ. കെ. എസ്. മാധവൻ - അവതാരിക, *ഹിന്ദു അനന്തര ഇന്ത്യ*, കാഞ്ച ഇലയ്യ, പ്രോഗ്രസ്സ് ബുക്ക്സ് കോഴിക്കോട്, 2019, പുരം 4 (പരിഭാഷ: പി. പി. സത്യൻ)
8. B.D. Khane, *Chatrapati Shahu's crusade against untouchability,* critical Quest, New Delhi, 2006, p.11.
9. ശരൺകുമാർ ലിംബാലെയുമായി പി. കെ. ശിവദാസ് നടത്തിയ അഭിമുഖം, മാതൃഭൂമി ആഴ്ചപ്പതിപ്പ് 2004 മെയ് 9-15, പുറം 16.
10. സത്യനാരായണയും തരുവും, സ്വാതന്ത്ര്യത്തിന്റെ വ്യായാമം :ദളിത് എഴുത്തിന് ഒരു ആമുഖം, ന്യൂഡൽഹി, നവയാന, പി. 2013, പുറം 56.
11. ഡോ. അംബേദ്ക്കർ സമ്പൂർണ്ണ കൃതികൾ, വാല്യം 40, പരിഭാഷ : കെ. ടി. രവിവർമ്മ, പുറം 398, ഡോ. അബേദ്ക്കർ ഫൗണ്ടേഷൻ ന്യൂഡൽഹി, 2011.
12. കെ.സി.പുരുഷോത്തമൻ, ദളിത് സാഹിത്യ പ്രസ്ഥാനം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2008, പുറം 101.
13. Dr. B.R. Ambedkar, Annihilation of Caste, Maple Press, Noida 2021, p.25.
14. ഡോ.അസീസ് തരുവണ, ഗോത്രപഠനങ്ങൾ, ചിന്ത പബ്ലിക്കേഷൻസ്, കോഴിക്കോട് 2022, പുറം 111.
15. ടി. പു. പുറം 129
16. ടി. പു. പുറം 134.
17. Antonia Gramsci, Prison Notebooks Vol.3, Colombia University Press, Jan 2011, p.276.
18. Fedric Jameson, The Political Unconscious, Cornell Univ Pr, 1982, July, p. 201.

# അധ്യായം നാല്

## ഭാഷാ-കലാ-സാഹിത്യ കൂട്ടായ്മകൾ

നിരവധി പ്രസ്ഥാനങ്ങളിലൂടെയും പരിവർത്തനങ്ങളിലൂടെയും കാലഘട്ടങ്ങളിലൂടെയും മാറിവന്നതാണ് മലയാളഭാഷയും സാഹിത്യവും. അതിൽ പ്രധാനപ്പെതാണ് രണ്ടായിരമാണ്ട്. സാംസ്കാരികമായും രാഷ്ട്രീയമായും സാമ്പത്തികമായും കേരളം പുതിയൊരു നവോത്ഥാനത്തിലേക്ക് എത്തുന്നത് ഈ നൂറ്റാണ്ടിലാണ്. മനുഷ്യന്റെ ജിവിതാഭിരുചിക്കും സാംസ്കാരിക ബോധത്തിനും പുതിയ മാനങ്ങൾ ഈ ഘട്ടത്തിലുണ്ടായി. അതിന് പ്രധാന കാരണം ആഗോളവൽക്കരണത്തിന്റെ തുടർച്ചയും വിവരസാങ്കേതികവിദ്യയുടെ കടന്നുകയറ്റവുമാണ്. ഇത് ലോകത്തിലെ മനുഷ്യരെ തമ്മിൽ ബന്ധിപ്പിക്കുകയും സാംസ്കാരിക കൈമാറ്റത്തിന് വഴിയൊരുക്കുകയും ചെയ്തു. ഇവിടെ ഭാഷയും സാഹിത്യവും പ്രധാനമായി വന്നു. അന്യഭാഷകളിലെ നിരവധി സാഹിത്യ കൃതികൾ മലയാളത്തിലേക്കും, മലയാളത്തിൽ നിന്ന് ഇതര ഭാഷകളിലേക്കും മൊഴിമാറ്റം ചെയ്യപ്പെട്ടു. ഇതിന്റെ ഫലമായി ഭാഷയും സാഹിത്യവും സംസ്കാരവുമെല്ലാം വിവിധ ജനവിഭാഗങ്ങളിലേക്ക് വിനിമയം ചെയ്യപ്പെട്ടു. കൂടാതെ ഭാഷാവബോധവും നവസാഹിത്യ കൂട്ടായ്മകളും വളരാൻ തുടങ്ങി. ഭാഷ കേവല ആശയ വിനിമയോപാധി എന്നതിനപ്പുറത്തേക്ക് ഒരു സാംസ്കാരിക രൂപമായി പരിവർത്തിക്കപ്പെടുകയും മാതൃഭാഷ നിലനിർത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ഒരു മൂവ്മെന്റ് എന്ന

നിലക്ക് പ്രാബല്യത്തിൽ വരികയും ചെയ്തു. ഭരണഭാഷ മലയാളമാകുന്നതും മാതൃഭാഷയ്ക്കുവേണ്ടി സമരം ആരംഭിക്കുന്നതും ഇതേ നൂറ്റാണ്ടിലാണ്. ഭരണഭാഷ, മലയാളമാകുന്നതോടെ സർക്കാർ നടപടികൾ കുറേക്കൂടി എളുപ്പത്തിൽ ജനങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കുകയും ഭാഷയുടെ പേരിൽ നിലനിന്ന കൃത്രിമമായി സൃഷ്ടിക്കപ്പെട്ട അപകർഷതാബോധം ഇല്ലാതാവുകയും ചെയ്യും.

അന്യഭാഷകളുടെ കടന്നുകയറ്റംമൂലം മാതൃഭാഷയ്ക്ക് സംഭവിക്കുന്ന അപചയത്തെ ഇല്ലായ്മ ചെയ്യുകയാണ് മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരങ്ങളുടെ ലക്ഷ്യം. മാതൃഭാഷ ഭരണഭാഷയാക്കുകയും പി.എസ്.സി. പോലുള്ള മത്സരപരീക്ഷകൾക്ക് മലയാളം മാധ്യമമാക്കിതീർക്കുക എന്നതും മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരസമിതിയുടെ ലക്ഷ്യങ്ങളാണ്. ഇത്തരത്തിൽ മാതൃഭാഷയെ ക്കുറിച്ചുള്ള ഒരു അവബോധം മലയാളികൾക്കിടയിൽ സൃഷ്ടിച്ചെടുക്കാൻ ഒരു കൂട്ടായ്മയുടെ ആവശ്യമുണ്ടായിരുന്നു. അത് തിരിച്ചറിയുന്നതും സജീവമാകുന്നതും രണ്ടായിരമാണ്ടിലാണ്.

ഭാഷയെപോലെതന്നെ പ്രധാനമാണ് സാഹിത്യവും. സാഹിത്യകൃതികൾ എഴുത്തുകാരനിൽനിന്ന് വായനക്കാരനിലേക്ക് എത്തുകയും അതൊരു കൂട്ടായ്മയുടെ ചർച്ചയാകുന്നതും രണ്ടായിരമാണ്ടിന്റെ കൗതുകമാണ്. അതിന് മുമ്പ്തന്നെ തൊണ്ണൂറുകളിലും എൺപതുകളിലും സാഹിത്യ ആസ്വാദക

കൂട്ടായ്മകൾ ഉണ്ടായിരുന്നു. അക്ഷരശ്ലോക സദസ്സ്, കവി സമാജം എന്നിവയൊക്കെ ഇതിന്റെ പൂർവ്വരൂപമാണ്. എന്നാൽ സാഹിത്യാസ്വാദനം ഒരു വലിയ കൂട്ടായ്മയുടെ വിഷയമായി വരികയും മലയാളസാഹിത്യത്തിനൊപ്പം ലോകസാഹിത്യവും സജീവ ചർച്ചയാകുന്നതും കൂട്ടായ്മകൾ രൂപപ്പെടുന്നതും രണ്ടായിരമാണ്ടിലാണ്. റൊളാങ്ങ് ബാർത്തിന്റെ 'ഗ്രന്ഥകാരന്റെ മരണം'[1] എന്ന ആശയത്തിന്റെ വിപുലീകരണം ഇത്തരം സാഹിത്യ ചർച്ചകളിൽ സജീവമാകുന്നു. രണ്ടായിരമാണ്ടിൽ രൂപീകരിക്കപ്പെട്ട ഭാഷാ-സാഹിത്യ കൂട്ടായ്മകളെ പരിചയപ്പെടുത്തുകയും അവയുടെ പ്രവർത്തനങ്ങളെ വിശദീകരിക്കുകയുമാണ് ഈ അധ്യായത്തിൽ.

### 4.1 ഭാഷ (Language)

ജീവികൾക്ക് പരസ്പരം ആശയവിനിമയം നടത്താനുള്ള മാധ്യമത്തെയാണ് ഭാഷ **(Language)** എന്ന് പറയുന്നത്. അഥവാ ആശയവിനിമയത്തിനുള്ള സൂചകങ്ങളുടെ ഒരു കൂട്ടത്തെ ഭാഷ എന്ന് പറയുന്നു. വൈദ്യുത തരംഗങ്ങളും ആംഗ്യങ്ങളും ശബ്ദങ്ങളുമെല്ലാം ജീവികൾ അവരുടെ ഭാഷയായി ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ പൂർണ്ണാർത്ഥത്തിൽ ഭാഷയെ ആശയവിനിമയത്തിനുള്ള ശബ്ദാത്മകമായ ഉപാധിയെന്ന് വിളിക്കാം. ഭാഷയാണ് മറ്റു ജീവജാലങ്ങളിൽനിന്ന് മനുഷ്യനെ വ്യത്യസ്തമാക്കുന്ന ഘടകം.

മനുഷ്യനെ സംബന്ധിച്ചിടത്തോളം ഭാഷയെന്നത് കേവലം ശബ്ദങ്ങളോ ദൃശ്യങ്ങളോ അല്ല. സാമൂഹിക വ്യവസ്ഥകൾക്കും പ്രാദേശികഭേദങ്ങൾക്കും സാമൂഹിക പദവികൾക്കും അനുസൃതമായി കാലാനുസൃതമായി ഭാഷാവിഷ്ക്കാരത്തിന്റെ ഭാവ–അർത്ഥ തലങ്ങൾ മാറ്റങ്ങൾക്ക് വിധേയമാവുന്നുവെന്നതാണ് മനുഷ്യ ഭാഷക്കുള്ള പ്രാധാന്യം. വ്യഖ്യാത അമേരിക്കൻ ചിന്തകനായ നോം ചോസ്കിയുടെ അഭിപ്രായത്തിൽ മാതൃഭാഷ ഉപയോഗിക്കുന്ന ഒരാൾക്ക് അയാളുടെ ഭാഷയിലെ വ്യാകരണം മനസ്സിലാക്കാൻ ജന്മസിദ്ധമായ കഴിവുണ്ട്.[2] പ്രാചീന ഇന്ത്യൻ ചിന്തകനായ ആനന്ദവർധനന്റെ അഭിപ്രായത്തിൽ വാചികമായ അർത്ഥത്തേക്കാൾ ഭാഷയുടെ സൗന്ദര്യവും ശക്തിയും കുടികൊള്ളുന്നത് 'ധ്വനി'യിലാണ്.[3]

ഭാഷ കേവലം ആശയവിനിമയോപാധി മാത്രമല്ല. അത് മനുഷ്യന്റെ ചിന്തയെ രൂപപ്പെടുത്തുന്നതിൽ നിസ്തുലമായ പങ്കുവഹിക്കുന്നു. അത് സംസ്കാരത്തിന്റെ പ്രവാഹിനി എന്ന നിലയിലും വർത്തിക്കുന്നു. സ്വന്തം വികാര–വിചാരങ്ങൾ പ്രകടിപ്പിക്കുക മാത്രമല്ല മനുഷ്യരുടെ സർഗ്ഗാവിഷ്ക്കാരങ്ങൾ നടത്തുന്നതും ഭാഷയിലൂടെ യാണ്. ഈ അർത്ഥത്തിൽ പറഞ്ഞാൽ ഭാഷ ഒരു മാധ്യമമല്ല. പ്രത്യുത ആവിഷ്കക്കാരം തന്നെയാണ്.

ആന്റോണിയോ ഗ്രാംഷിയുടെ നിഗമനങ്ങളെ ആസ്പദമാക്കി ഡോ.പി.പി.പ്രകാശൻ എഴുതുന്നു; "പൊതുസമൂഹത്തിൽ നില

നിൽക്കുന്ന ഭാഷയുടെ നായക സ്ഥാനത്തെക്കുറിച്ച് ഗ്രാംഷി പറയുന്നുണ്ട്. തുടർച്ചയായ പ്രയോഗങ്ങളിലൂടെ നിലനിൽക്കുന്ന അധികാര വ്യവസ്ഥക്കകത്ത് ഒരു സാമൂഹിക വിഭാഗം എതിർവിഭാഗങ്ങളെ തങ്ങളുടെ സാംസ്കാരികധാരയിലേക്ക് ലയിപ്പിക്കുന്നതും അതുവഴി എതിർ സംസ്കാരങ്ങളെ കീഴടക്കാനും നിരന്തരമായി പരിശ്രമിക്കുന്നു. ഈ മേൽക്കോയ്മ സാധ്യമാവുന്നത് ബൗദ്ധികവും ധാർമികവുമായ നേതൃത്വങ്ങളിലൂടെയാണെന്ന് ഗ്രാംഷി വിശദീകരിക്കുന്നു. ചെറുസംസ്കൃതിക്കുമേൽ മുഖ്യധാരാസംസ്കാരം നേടിയെടുക്കുന്ന ഈ ആധിപത്യത്തിന്റെ പ്രധാന മാധ്യമമായി പ്രവർത്തിക്കുന്നത് അധികാര വർഗ്ഗത്തിന്റെ ഭാഷയാണ്. അതുകൊണ്ടുതന്നെ 'ഹെജിമണി' എന്ന സങ്കല്പനം സാംസ്കാരികാധിപത്യത്തെകുറിക്കുന്ന പൊതുസംജ്ഞയാണെങ്കിലും ഭാഷാപരമായ കീഴ്പ്പെടുത്തലുകളെ അതു ലക്ഷ്യം വെക്കുന്നുണ്ട്."[4] ഡോ. പി. പി. പ്രകാശൻ വിശദമാക്കിയ ഭാഷയെക്കുറിച്ചുള്ള ഗ്രാംഷിയൻ സങ്കല്പനം രണ്ട് വിഷയങ്ങളിൽ പ്രധാനമായി ഊന്നുന്നു. ഒന്നാമത്, ഭാഷയുടെ സാമൂഹിക പരത. രണ്ട്, അധികാരവുമായി ഭാഷ എങ്ങനെ ഉൽഗ്രഥിക്കപ്പെട്ടിരിക്കുന്നുവെന്ന വിഷയം.

## 4.2. മാതൃഭാഷ

തന്റെ ചുറ്റുമുള്ള പൊതുസമൂഹം സംസാരിക്കുന്ന ഭാഷയെയാണ് മാതൃഭാഷ എന്ന് പറയുന്നത്. മാതൃഭാഷ എന്നത് ഒരു വ്യക്തിയുടെ,

അവനുൾപ്പെടുന്ന പാരമ്പര്യ സമൂഹത്തിന്റെ സാധാരണ സംസാരശൈലിയും, ലിപി ഉണ്ടെങ്കിൽ അതും ഉൾപ്പെടുന്ന അച്ചടി ശൈലിയും അടങ്ങുന്ന ഭാഷയാണ്. കേരളത്തിലെ മാതൃഭാഷ മലയാളമാണ്. കേരളത്തിൽ **96.4%** ആളുകൾ മലയാളമാണ് മാതൃഭാഷയായി ഉപയോഗിക്കുന്നത്. കൂടാതെ കേരളത്തിലെ ഭരണഭാഷയും മലയാളമാണ്. സർക്കാർ ജോലി ലഭിക്കുന്നതിനും മലയാളഭാഷ പഠിച്ചിരിക്കണമെന്ന് നിയമവുമുണ്ട്. **72** സർക്കാർ വകുപ്പുകളിലും **31** സ്വയംഭരണ സ്ഥാപനങ്ങളിലും **44** പൊതുമേഖലാ സഹകരണ സ്ഥാപനങ്ങളിലും മലയാളം ഭരണഭാഷയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഭരണകാര്യങ്ങൾക്കും മറ്റുമായി സർക്കാർ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന ഭാഷയെയാണ് ഭരണഭാഷ എന്ന് പറയുന്നത്.

മാതൃഭാഷ എന്നത് ഒരു ജനിതകമായ സങ്കൽപ്പമല്ല. സാമൂഹ്യമായ സങ്കൽപ്പമാണ്. മാതൃഭാഷ ജനിതകമാണ് എന്ന ധാരണയാണ് അതിനെ മണ്ണിന്റെ മക്കൾ വാദത്തിലേക്കും മറ്റ് ജനതകൾക്കെതിരെയുള്ള അക്രമാസക്തമായ യുക്തിയിലേക്കും നയിക്കുന്നത്. സാമൂഹ്യ പരിസരമാണ് ഒരു ഭാഷയെ മാതൃഭാഷയാക്കുന്നത്. ഉദാഹരണത്തിന്, തമിഴ് നാട്ടിലെയോ ബീഹാറിലെയോ തൊഴിലാളികളുടെ മക്കൾ കേരളത്തിലെ വ്യക്തികൾ എന്ന നിലയിൽ ജീവിക്കുമ്പോൾ അവരുടെ മക്കളുടെ

മാതൃഭാഷ മലയാളമായിരിക്കും. ഭൂരിപക്ഷങ്ങൾ സംസാരിക്കുന്ന ഭാഷയിൽനിന്ന് വ്യത്യസ്തമായി ഒരു ന്യൂനപക്ഷം സാമൂഹ്യസ്വഭാവത്തോടെ മാതൃഭാഷ കൈകാര്യം ചെയ്യുമ്പോൾ അത് ന്യൂനപക്ഷ ഭാഷയെന്ന നിലയിൽ മാതൃഭാഷാപദവി നേടുകയും ചെയ്യുന്നു. ഇങ്ങനെ സാമൂഹ്യ പദവി നേടിയെടുക്കുന്ന ഇടങ്ങളിലാണ് തമിഴും കന്നഡയും കേരളത്തിൽ ന്യൂനപക്ഷ ഭാഷയാകുന്നത്. ആദിവാസി ഭാഷകളെല്ലാംതന്നെ മാതൃഭാഷ പദവി അർഹിക്കുന്നുവെന്ന് മാത്രമല്ല, അടിച്ചമർത്തപ്പെടുന്ന ഭാഷകളെന്ന നിലയിൽ കൂടുതൽ പരിഗണന നേടുകയും ചെയ്യുന്നു.

4.3. **ഭാഷയും നവോത്ഥാനവും**

മാതൃഭാഷയും നവോത്ഥാനവും ജനാധിപത്യവും തമ്മിൽ ഏറ്റവും കൂടുതൽ ബന്ധം സൂക്ഷിക്കപ്പെടുന്നത് കേരളത്തിലാണ്. കേരളത്തിൽ മലയാളം **96.4** ശതമാനത്തിന്റെയും മാതൃഭാഷയാണ്. അതുകൊണ്ടു തന്നെ മാതൃഭാഷയ്ക്കുവേണ്ടിയുള്ള എല്ലാ ശ്രമങ്ങളെയും സ്മരണയെയും പ്രതിനിധീകരിക്കുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനം കേരളമാണെന്ന് പറയാം.

മാതൃഭാഷ ഒരു നവോത്ഥാന സങ്കല്പമാണ്. നവോത്ഥാനത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ തലങ്ങളെ അത് പ്രതിനിധീകരിക്കുന്നു. പടിഞ്ഞാറൻ നവോത്ഥാനവുമായും മതനവീകരണവുമായും അതിന് ബന്ധമുണ്ട്. ഭാഷയുടെ

സൗന്ദര്യവൽക്കരണവുമായും ജനികീയവൽക്കരണവുമായും മാതൃഭാഷ ബന്ധപ്പെട്ടിരിക്കുന്നു. പാശ്ചാത്യ അധിനിവേശത്തിൽ നിന്നുള്ള മോചനത്തിന്റെയും ഭാഗമാണ് നമ്മുടെ മാതൃഭാഷാവബോധം. ഭാഷാസാഹിത്യത്തിന്റെ വളർച്ചയിൽ മാതൃഭാഷയുടെ പങ്ക് നിസ്സാരമല്ല.

### 4.4 **മാതൃഭാഷയും കേരളത്തിന്റെ ആധുനികതയും**

ഇന്ത്യയുടെ ആധുനീകരണത്തിൽ രണ്ടുതരം പ്രവണതകൾ ഉണ്ടായിരുന്നതായി കാണാം. കൊളോണിയൽ ഭരണകൂടം രൂപീകരിച്ച കൊളോണിയൽ ആധുനികതയാണ് അതിലൊന്ന്. ദേശീയവാദവും ജനകീയസമരങ്ങളും സൃഷ്ടിച്ച ദേശീയവാദ ആധുനികതയും ജനകീയ ആധുനികതയുമാണ് മറ്റൊന്ന്. ഓറിയന്റലിസ്റ്റുകളുടെ പഠനത്തെയും മുൻവിധികളെയും മുൻനിർത്തി രൂപപ്പെട്ട കൊളോണിയൽ ആധുനികത സംസ്കൃതത്തെയാണ് പ്രമാണമാക്കിയത്. കേരളീയ നവോത്ഥാനത്തിന്റെയും ആധുനികതയുടെയും ഘട്ടത്തിൽ മാതൃഭാഷയുടെ പ്രാധാന്യം ഉറപ്പിക്കപ്പെട്ടു. മാതൃഭാഷ പഠിക്കേണ്ടതിന്റെ ആവശ്യകത ഉയർന്നുവന്നു. ഇതിനായി ഭാഷാചിന്തകരും വൈയാകരണന്മാരും പ്രവർത്തിച്ചു. ഇക്കൂട്ടത്തിൽ എടുത്ത് പറയേണ്ടവരാണ് ജോർജ്ജ് മാത്തൻ, മക്തി തങ്ങൾ, കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള, എ.ആർ.രാജരാജവർമ്മ, എൻ.വി. കൃഷ്ണവാര്യർ എന്നിവർ.

മാതൃഭാഷയുടെ പ്രാധാന്യത്തെയും നവീകരണത്തെയുംകുറിച്ച് അവർ നിരന്തരമായി സംവദിച്ചു കൊണ്ടിരുന്നു. ഈ ഘട്ടത്തിൽ മലയാളഭാഷ കേവല ആശയവിനിമയത്തിന് മാത്രമല്ല വൈജ്ഞാനിക ഗ്രന്ഥങ്ങളുടെ പരിഭാഷകൾക്കും രചനകൾക്കും ഉതകുന്നതാണെന്ന് തെളിയിക്കപ്പെട്ടു. ആലത്തൂർ മണിപ്രവാളം, യോഗാമൃതം, ഭാഷാകൗടലീയം തുടങ്ങിയ ഗ്രന്ഥങ്ങളെല്ലാം അതിന് തെളിവാണ്.

കൊളോണിയൽ കാലഘട്ടത്തിലെ ഭാഷാനയത്തിൽനിന്നും കൂടുതൽ ജനാധിപത്യവൽക്കരണത്തിലേക്ക് ഭാഷയെ എത്തിക്കുന്നത് ഏ.ആർ. രാജരാജവർമ്മയാണ്. "തിരുവിതാംകൂർ പാഠപുസ്തക കമ്മിറ്റിയിലൂടെയുള്ള കേരളവർമ്മയുടെ പ്രവർത്തനത്തെ സർവ്വകലാശാല തലത്തിലേക്ക് ഉയർത്തുന്നതും ആധുനിക ഭാഷയെന്ന നിലയിൽ മലയാളഭാഷയുടെ ആസൂത്രണത്തിന്റെ അടിസ്ഥാനയുക്തികൾ രൂപപ്പെടുത്തുന്നതും ഏ.ആർ ആണ്. നാട്ടുഭാഷാ വിദ്യാഭ്യാസം ആരംഭിച്ചതിന്റെ കനകജൂബിലി യോടനുബന്ധിച്ച് 1917 ൽ അദ്ദേഹം നടത്തിയ 'നാട്ടുഭാഷാ വിദ്യാഭ്യാസം' എന്ന പ്രസംഗത്തിൽ ഭാഷാഭിവൃദ്ധിയുമായി ബന്ധപ്പെട്ട അനേക കാര്യങ്ങൾ മുന്നോട്ടു വെക്കുന്നുണ്ട്."[5] ദേശീയ പ്രസ്ഥാനത്തിന്റെ ആശയങ്ങൾ ശക്തിപ്പെടുത്തുന്ന കാലത്താണ് 1927 ൽ സമസ്ത കേരളസാഹിത്യ പരിഷത്ത് ഭാഷാപോഷണംകൂടി

ഒരു അജണ്ടയായി സ്വീകരിക്കുന്നത്. മതനവീകരണത്തിന്റെ ഘട്ടം കഴിഞ്ഞ് കേരളം നവോത്ഥാനത്തിലേക്ക് കടന്നപ്പോഴും മാതൃഭാഷാവിദ്യാഭ്യാസത്തിനുവേണ്ടിയുള്ള വാദം ശക്തമായിരുന്നു. 1934 ൽ സഹോദരൻ അയ്യപ്പൻ എഴുതിയ 'മലയാളഭാഷയുടെ അഭിവൃദ്ധിമാർഗം' എന്ന ലേഖനത്തിൽ മാതൃഭാഷയ്ക്കു വേണ്ടിയുള്ള വാദമുഖങ്ങളുണ്ട്.[6] പണ്ഡിത് കെ.പി.കറുപ്പനും കൊച്ചിയിൽ മതവിദ്യാഭ്യാസത്തിനും ഭരണഭാഷയ്ക്കുംവേണ്ടി ശക്തമായി വാദിച്ചിരുന്നു. 1937 ൽ സ്ഥാപിതമായ കേരളത്തിലെ ആദ്യ സർവ്വകലാശാലയായ കേരളസർവ്വകലാശാലയുടെ സ്ഥാപന ലക്ഷ്യവും മാതൃഭാഷയെ മുൻനിർത്തിയുള്ള വിജ്ഞാനത്തെ വികസിപ്പിക്കുക എന്നതായിരുന്നു. ഒരു ജനാധിപത്യ സമൂഹമായി കേരളത്തെ മാറ്റുന്നതിൽ മാതൃഭാഷാവാദങ്ങൾ നിർണ്ണായകമായ സ്വാധീനമാണ് വഹിക്കുന്നതെന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

## 4.5 **മാതൃഭാഷാസമരത്തിന്റെ അന്തർദ്ദേശീയ മുഖങ്ങൾ**

മാതൃഭാഷയ്ക്ക് വേണ്ടിയുള്ള സമരങ്ങൾ കേരളത്തിൽ മാത്രമല്ല ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെന്നപോലെ ലോകത്തിന്റെ ഇതര ഭാഗങ്ങളിലുമുണ്ട്. കോളനീകരണത്തിന് വിധേയമായ ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിൽ സാംസ്കാരിക രംഗത്തെ കൊളോണിയൽ അവശിഷ്ടങ്ങൾ നീക്കുന്നതിന്റെയും ആത്മബോധം നേടുന്നതിന്റെയും ഭാഗമായാണ് വിദ്യാഭ്യാസവും മറ്റും

മാതൃഭാഷയിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നത്. കോളനീകരണവുമായി നേരിട്ട് ബന്ധമില്ലാത്ത ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശം എന്ന നിലയിൽ യൂറോപ്പിലും മാതൃഭാഷാസമരങ്ങൾ ഉണ്ടായിട്ടുണ്ട്. ഭൂരിപക്ഷം ജനങ്ങളും സംസാരിക്കുന്ന ഭാഷയിൽനിന്ന് വ്യത്യസ്തമായി മാതൃഭാഷയുള്ള സമൂഹങ്ങൾക്ക് വിദ്യാഭ്യാസത്തിന്റെ മാധ്യമമായി അവരുടെ ഭാഷ ഉപയോഗിക്കാനുള്ള ശ്രമമായിരുന്നു അത്.

കോളനിയാനന്തര പഠനങ്ങളുടെ തുടർച്ചയിൽ ഭാഷാപ്രശ്നം കൈകാര്യം ചെയ്യപ്പെട്ടത് കഴിഞ്ഞ നൂറ്റാണ്ടിലായിരുന്നു. ഇതിൽ പ്രധാനപ്പെട്ടത് റോബർട്ട് ഫില്ലിപ്സണിന്റെ ഭാഷാപരമായ സാമ്രാജ്യത്വം എന്ന സങ്കല്പമാണ്. 1992 ൽ 'ഭാഷാപരമായ സാമ്രാജ്യത്വം' (Linguistic Imperialism) എന്ന പുസ്തകത്തിലൂടെഭാഷാപ്രശ്നത്തെ പുതിയൊരു കാഴ്ചപ്പാടിൽ അദ്ദേഹം അവതരിപ്പിക്കുന്നു. നിലവിലുണ്ടായിരുന്ന ഭാഷാമരണം എന്ന സങ്കല്പത്തെ ചോദ്യം ചെയ്യുന്നതായിരുന്നു അത്. ഇങ്ങനെ 1990 കളോടെ ഭാഷാമരണം എന്ന സങ്കല്പം ആഗോളമായ ശ്രദ്ധ നേടി. എന്താണ് ഭാഷാമരണം എന്ന അതേപേരിൽ (ഭാഷാമരണം – Language Death) പുസ്തകമെഴുതിയ ഡേവിഡ് ക്രിസ്റ്റൽ വിശദീകരിക്കുന്നുണ്ട്.[7] ഭാഷാമരണത്തിന് ഉദാഹരണമായി അദ്ദേഹം ഇംഗ്ലണ്ടിലെ അപകടത്തിലായ ഭാഷകൾക്കുവേണ്ടിയുള്ള

ഫൗണ്ടേഷന്റെ (UK Foundation for Endangered Languages) വാർത്താപത്രികയിൽ വന്ന ഒരു വാർത്ത എടുത്ത് കാട്ടുന്നു. 'ചരമക്കുറിപ്പുകൾ' എന്ന പേരിൽ ബ്രൂസ് കോണൽ എഴുതിയ റിപ്പോർട്ടായിരുന്നു അത്. "1994-95 ൽ കാമറൂണിലെ അഡമാവാ പ്രദേശത്ത് ഫീൽഡ് വർക്ക് നടത്തികൊണ്ടിരിക്കെ ആസന്നമരണമായ നിരവധി ഭാഷകളെ ഞാൻ കണ്ടുമുട്ടി. അവയിൽപ്പെട്ട കസബെ എന്ന ഭാഷ സംസാരിക്കുന്നതിനായി ബോഗോൺ എന്ന ഒരാളെ അവശേഷിച്ചിട്ടുള്ളൂ. 1995 നവംബർ 5 ന് ബോഗോൺ മരിച്ചു. അദ്ദേഹത്തിന്റെ ഒരു സഹോദരി ജീവിച്ചിരിപ്പുണ്ട്. അവർക്ക് കസബെ ഭാഷ കേട്ടാലറിയാം. പക്ഷെ സംസാരിക്കാനറിയില്ല. ശേഷിച്ച മക്കൾക്കോ ചെറുമക്കൾക്കോ ആർക്കുംതന്നെ ഈ ഭാഷ തീരെ അറിയില്ല."[8] ചുരുക്കി പറഞ്ഞാൽ 1995 നവംബർ 4 വരെ കസബെ ഭാഷ ജീവിച്ചിരുന്നു. നവംബർ 5 ആം തിയതി ആയപ്പോഴേക്കും അത് മരിച്ചു കഴിഞ്ഞു. മാരി റിഡ്വെൻ ഭാഷാമരണത്തെക്കുറിച്ച് പറഞ്ഞകാര്യം കൂടി ഡേവിഡ് ക്രിസ്റ്റൽ രേഖപ്പെടുത്തുന്നു;"ഭാഷയുടെ നഷ്ടം എന്നത് ഒരു സങ്കല്പത്തിന്റെയോ ഒരു അമൂർത്തതയുടെയോ നഷ്ടമല്ല. അത് ജനങ്ങൾ അവരുടെ പെരുമാറ്റരീതി മാറ്റുമ്പോൾ അടുത്ത തലമുറയിലേക്ക് ഭാഷ വിനിമയം ചെയ്യുന്നത് നിർത്തുമ്പോൾ സംഭവിക്കുന്നതാണ്. അത് ജനങ്ങളുമായി ബന്ധപ്പെട്ടതാണ്. അതിനെ ബൗദ്ധികമായ ഒരു

പദപ്രശ്നം മാത്രമായി പരിഗണിച്ചുകൂടാ."[9] ഭാഷയുടെ മരണത്തെ എങ്ങനെ നേരിടാമെന്ന ദീർഘമായ ചർച്ച ക്രിസ്റ്റൽ നടത്തുന്നുണ്ട്. അതിൽ അദ്ദേഹം പറയുന്ന ഒരു കാര്യം ഭാഷാശാസ്ത്രജ്ഞരുടെ പങ്കാണ്. ഡോണഗർഡ്ത്തിനെ അദ്ദേഹം ഉദ്ദരിക്കുന്നു;"ഭാഷയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഭാഷാശാസ്ത്രപരമായ പരിചയം മാത്രം മതിയാവുകയില്ല. ഭാഷാസംരക്ഷണ പ്രവർത്തനം ശരിയായി നടക്കണമെങ്കിൽ ഭാഷാശാസ്ത്രജ്ഞൻ രാഷ്ട്രീയവും സാമൂഹ്യവുമായ ശേഷി ആർജ്ജിക്കണം."[10] ഇങ്ങനെ ഭാഷാസംരക്ഷണം എന്നത് ഒരു രാഷ്ട്രീയ പ്രവർത്തനമായി മാറണമെന്നും ഡോണഗാർഡ്ത്ത് പറയുന്നുണ്ട്. 1948 ൽ ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ വംശഹത്യാ കുറ്റങ്ങൾ തടയുന്നതിനും ശിക്ഷിക്കുന്നതിനുമുള്ള സമ്മേളനത്തിൽ ഒരു അനുഛേദം കൊണ്ടു വന്നിരുന്നു. 1947 മെയ് മാസത്തിൽ തയ്യാറാക്കിയ സെക്രട്ടറിയേറ്റിന്റെ കരട് രേഖയിലുള്ളതായിരുന്നു അത്. ദൈനംദിന ജീവിതത്തിലോ സ്കൂളിലോ ഒരു ഭാഷ ഉപയോഗിക്കുന്നത് നിരോധിക്കുക, അല്ലെങ്കിൽ ആ വിഭാഗത്തിന്റെ ഭാഷയിൽ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതോ പ്രചരിപ്പിക്കുന്നതോ നിരോധിക്കുക എന്നത് ഭാഷാപരമായ വംശഹത്യയാണ് എന്നതായിരുന്നു അത്. എന്നാൽ പൊതുസഭയിൽ എത്തിയപ്പോൾ വോട്ടെടുപ്പിൽ അത് പിന്തള്ളപ്പെടുകയാണുണ്ടായത്. പക്ഷേ ഭാഷാപരമായ വംശഹത്യ

നിർവചിക്കപ്പെടേണ്ടത് ഇങ്ങനെയാണ് എന്ന കാര്യത്തിൽ അംഗരാജ്യങ്ങളെല്ലാം യോജിച്ചു.

ഭാഷാപരമായ വിവേചനം, ഭാഷാപരമായ മനുഷ്യാവകാശം, ഭാഷാപരമായ വിദ്യാഭ്യാസ അവകാശം എന്നീ നവസങ്കല്പങ്ങൾ ഭാഷാശാസ്ത്രത്തെ രാഷ്ട്രീയവുമായി ബന്ധിപ്പിക്കുന്നു. അങ്ങനെ മാതൃഭാഷാസമരം എന്നത് ഒരു രാഷ്ട്രീയ ചലനമായി മാറുന്നു. ഭാഷാസമരത്തിലെ ആഗോളമായ സങ്കല്പനങ്ങൾ നമ്മെ ചില കാര്യങ്ങൾ പഠിപ്പിക്കുന്നുണ്ട്. ഭാഷ മരിക്കുകയല്ല, കൊല്ലപ്പെടുകയാണ് എന്ന തിരിച്ചറിവ് അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ശക്തികളെ മനസ്സിലാക്കാൻ സഹായിക്കുന്നു. മലയാളത്തോടൊപ്പം കേരളത്തിലെ ന്യൂനപക്ഷ ഭാഷകളെയും ആദിവാസി ഭാഷകളെയും അംഗീകരിക്കാനും അവയ്ക്കുവേണ്ടി വാദിക്കാനും നമ്മെ ഈ വിചാരങ്ങൾ പ്രേരിപ്പിക്കേണ്ടതുണ്ട്. ഇതര ഭാഷകൾ സംസാരിക്കുന്നവരിലേക്കുള്ള തിരശ്ചീനമായ കടന്നുകയറ്റമല്ല, ഭരണകൂടത്തെ ജനാധിപത്യവൽക്കരിക്കുന്ന ലംബമാന തലമാണു ഭാഷാസമരങ്ങൾക്കുണ്ടായിരിക്കേണ്ടത്.

### 4.6 **ദേശീയഭാഷാനയവും ഭാഷാസമരങ്ങളും**

ഇന്ത്യയുടെ ഔദ്യോഗിക ഭാഷ എന്തായിരിക്കണം എന്നതാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട പ്രധാന പ്രശ്നങ്ങളിൽ ഒന്ന്. ഇതിൽ ഹിന്ദിക്കുവേണ്ടി വാദിച്ചവരിൽ രണ്ട് വിഭാഗങ്ങളുണ്ടായിരുന്നു.

ഹിന്ദിക്കുവേണ്ടിതന്നെ വാദിച്ച കെ. എം. മുൻഷിയെപോലുള്ളവർ ഒരു ഭാഗത്ത്, ഹിന്ദുസ്ഥാനിക്കുവേണ്ടി വാദിച്ച ജവഹർലാൽ നെഹ്റുവിനെയും അബ്ദുൽ കലാം ആസാദിനെയും പോലുള്ളവർ മറുഭാഗത്തും. ഹിന്ദി ദേശീയ ഭാഷയാക്കണം എന്ന വാദം തള്ളപ്പെട്ടു. അത് ഔദ്യോഗിക ഭാഷയാക്കാൻ തീരുമാനിച്ചു. അഹിന്ദി സംസ്ഥാനങ്ങളിൽ നിന്നുള്ളവരുടെ താല്പര്യം കണക്കിലെടുത്ത് ഇംഗ്ലീഷും പതിനഞ്ച് വർഷത്തേക്ക് ഔദ്യോഗിക ഭാഷയാക്കി. 1963 ലെ ഔദ്യോഗിക ഭാഷാനിയമ ഭേദഗതി പ്രകാരം 1965 ന് ശേഷവും ഇംഗ്ലീഷ് ഉപയോഗിക്കാമെന്ന് വന്നു.

ഇന്ത്യൻ ഭാഷാനയത്തെ രൂപപ്പെടുത്തുന്നതിനായി സർക്കാർ ഭരണഘടനയുടെ 343–ആം അനുഛേദ പ്രകാരം ഒരു ഔദ്യോഗിക ഭാഷ കമ്മീഷനെ നിയമിച്ചു. ബി. ജി. ഖെർ ആയിരുന്നു കമ്മീഷന്റെ അധ്യക്ഷൻ. 1956 ജൂലൈ 31 ന കമ്മീഷൻ റിപ്പോർട്ട് നൽകി. ഔദ്യോഗികഭാഷ പൂർണ്ണമായും ഹിന്ദിയാക്കുന്നതിനെ കമ്മീഷൻ അംഗങ്ങളായ പി. സുബ്ബരായനും ഭാഷാശാസ്ത്രജ്ഞനായ സുനീതി കുമാർ ചാറ്റർജിയും എതിർത്തു. ഹിന്ദി പ്രാഥമിക ഔദ്യോഗിക ഭാഷയാക്കണമെന്നും ഇംഗ്ലീഷ് ഉപ ഔദ്യോഗിക ഭാഷയാക്കണമെന്നും 1959–ലെ കമ്മിറ്റി റിപ്പോർട്ടിൽ നിർദ്ദേശിച്ചു. 1950 ആഗസ്റ്റ് 7 ന് നെഹ്റു പാർലമെന്റിൽ നടത്തിയ പ്രസ്താവനയിൽ അഹിന്ദി സംസ്ഥാനങ്ങളിലുള്ളവർക്ക് കേന്ദ്ര

സർക്കാരുമായി ബന്ധപ്പെടാൻ കഴിയുംവിധം അവർ താല്പര്യപ്പെടുന്നിടത്തോളം ഇംഗ്ലീഷ് ഉപയോഗിക്കാമെന്ന് ഉറപ്പ് കൊടുത്തു. ഈ ഉറപ്പ് ഉൾകൊള്ളുന്ന ബിൽ **1963–ൽ** ഔദ്യോഗിക ഭാഷാനിയമമായി പാസ്സായി.

ഭരണഘടന രൂപീകരിച്ചതിനുശേഷം ഭാഷയുമായി ബന്ധപ്പെട്ട നിരവധി പ്രക്ഷോഭങ്ങൾ ഇന്ത്യയിലുണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനത്തിനുവേണ്ടി **1952** ഒക്ടോബർ **19** ന് ആന്ധ്രയിൽ പോറ്റി ശ്രീലാമലു ആരംഭിച്ച നിരാഹാര സത്യാഗ്രഹം. സത്യാഗ്രഹത്തിന്റെ അമ്പത്തെട്ടാം ദിവസം അദ്ദേഹം മരണപ്പെട്ടു. ഇത് വലിയ പ്രക്ഷോഭത്തിലേക്ക് നയിച്ചു. തൽഫലമായി ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണത്തിലേക്ക് ഇന്ത്യ എത്തി. അങ്ങനെ **1953–ൽ** ഭാഷാടിസ്ഥാനത്തിൽ എട്ടു സംസ്ഥാനങ്ങൾ നിലവിൽ വന്നു. ആസാം, ആന്ധ്ര, പശ്ചിമ ബംഗാൾ, കർണ്ണാടക, കാശ്മീർ, കേരളം, ഒറീസ, തമിഴ് നാട് എന്നിവയാണവ. **1960–ൽ** ഗുജറാത്ത്, മഹാരാഷ്ട്ര എന്നിവ കൂടി നിലവിൽ വന്നു. **1966–ൽ** പഞ്ചാബും.

ഭാഷാസംസ്ഥാന രൂപീകരണത്തിനായി ഇന്ത്യയിൽ മറ്റ് പലയിടത്തും പ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാരിന്റെ ഭാഷാനയത്തെ തിരുത്തുന്ന രീതിയിലുള്ള ഒരു പ്രക്ഷോഭം വരുന്നത് തമിഴ് നാട്ടിലാണ്. **1937** ൽ മദിരാശിയിൽ അധികാരത്തിൽ വന്ന

രാജഗോപാലാചാരിയുടെ സർക്കാർ **1938** മുതൽ സെക്കന്ററി സ്ക്കൂളുകളിൽ ഹിന്ദി നിർബന്ധമാക്കണമെന്ന് പ്രഖ്യാപിച്ചതിനെ തിരെയാണ് ആദ്യത്തെ ഹിന്ദി വിരുദ്ധ സമരം തമിഴ് നാട്ടിൽ നടന്നത്. ഇ.വി.രാമസ്വാമിയുടെ ആത്മാഭിമാന പ്രസ്ഥാനം, പനീർ ശെൽവം നേതൃത്വം കൊടുത്ത ജസ്റ്റിസ് പാർട്ടി എന്നിവയാണ് ഇതിന് നേതൃത്വം കൊടുത്തത്. സമരത്തിൽ പോലീസ് കസ്റ്റഡിയിലായിരുന്ന രണ്ടുപേർ മരണപ്പെടുകയും സ്ത്രീകളടക്കം ആയിരത്തിലേറെപേർ അറസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു. ഇ. വി. രാമസ്വാമിക്ക് ഒരു വർഷത്തെ തടവും ആയിരം രൂപ പിഴയും വിധിച്ചു. സമരക്കാരുടെ ആവശ്യം കണക്കിലെടുത്ത് ഗവർണർ **1940** ൽ ഉത്തരവ് പിൻ വലിച്ചു. ഹിന്ദി ഐച്ഛിക വിഷയമാക്കി.

തമിഴ് നാട്ടിലെ കല്ലക്കുടി എന്ന പേരു ദാൽമിയപുരം എന്നാക്കണമെന്നതിനെതിരെയുള്ള സമരമാണ് ഭാഷാസമരങ്ങളിലെ മറ്റൊന്ന്. **1953** ജൂലായിൽ ആണ് സമരം നടന്നത്. ദാൽമിയ എന്ന പേരിലൂടെ ഉത്തരേന്ത്യൻ ആധിപത്യം കൊണ്ട് വരികയാണെന്ന് ആരോപിച്ചായിരുന്നു സമരം. കരുണാനിധിയടക്കം നിരവധിപേർ സമരത്തിൽ അറസ്റ്റ് ചെയ്യപ്പെടുകയും രണ്ട് ഡി. എം. കെ. പ്രവർത്തകർ കൊല്ലപ്പെടുകയും ചെയ്തു.

ഭരണഘടനയിൽ യൂണിയന്റെ ഭരണഭാഷ പതിനഞ്ചു വർഷത്തിനുശേഷം ഹിന്ദിയിലേക്കുമാറണം എന്ന നിർദ്ദേശം 1965 ജനുവരി 26 മുതൽ നടപ്പാക്കാനുള്ള ചില നടപടികൾ ആരംഭിച്ചു. ഇതിനെതിരെ തമിഴ് നാട്ടിൽ നടന്ന ഭാഷാപ്രക്ഷോഭമാണ് ഭാഷാസമരങ്ങളിലെ മറ്റൊന്ന്. ഇതോടനുബന്ധിച്ച് 1956 ജനുവരി 26 ന് അരലക്ഷം വിദ്യാർത്ഥികൾ സെക്രട്ടറിയേറ്റിലേക്ക് മാർച്ച് നടത്തി മുഖ്യമന്ത്രിക്ക് നിവേദനം നൽകാൻ ശ്രമിച്ചു.

1986 ലെ പുതിയ വിദ്യാഭ്യാസ നയത്തോടനുബന്ധിച്ച് ഹിന്ദി പഠനപദ്ധതിയുടെ ഭാഗമാക്കികൊണ്ട് നവോദയ വിദ്യാലയങ്ങൾ തുടങ്ങുന്നതിനെതിരെ തമിഴ് നാട്ടിൽ വീണ്ടും സമരം നടന്നു. ഡി. എം. കെയാണ് സമരത്തിനു നേതൃത്വം നൽകിയത്. സമരത്തിന്റെ ഭാഗമായി കരുണാനിധിയെ അറസ്റ്റ് ചെയ്തു. നവോദയ വിദ്യാലയങ്ങൾ തമിഴ് നാട്ടിൽ ആരംഭിക്കുകയില്ലെന്ന് പ്രധാനമന്ത്രി രാജീവ്ഗാന്ധി ഉറപ്പ് നൽകിയതോടെ സമരം അവസാനിച്ചു.

തമിഴ് നാട്ടിൽ നടന്ന ഭാഷാസമരത്തിന്റെ പ്രയോജനം ആ ഭാഷയ്ക്ക് മാത്രമല്ല, ഹിന്ദി ഒഴികെയുള്ള ഇന്ത്യൻ ഭാഷകൾക്കും ലഭിച്ചിട്ടുണ്ട്. യു.പി.എസ്.സി.യിൽ മാതൃഭാഷ ഉപയോഗിക്കാമെന്ന ഉത്തരവ് ഇതിനുദാഹരണമാണ്.

### 4.7 **കേരളവും മാതൃഭാഷാപ്രസ്ഥാനങ്ങളും**

കേരളത്തിൽ ഭാഷാപ്രസ്ഥാനം എന്ന ആശയം മുന്നോട്ട് വച്ചതിൽ പ്രമുഖൻ ഇ.എം.എസ്. നമ്പൂതിരിപ്പാടാണ്. "ഒരു ബഹുവചന പ്രസ്ഥാനമില്ലാതെ കേരളത്തിൽ ഭരണവും വിദ്യാഭ്യാസവും മാതൃഭാഷയിലേക്ക് മാറ്റുക സാധ്യമല്ല എന്ന് ഇ. എം. എസ്. പറയുന്നുണ്ട്."[11] ഇ.എം.എസ് മുന്നോട്ട് വച്ച ഭാഷാപ്രസ്ഥാനം എല്ലാത്തരം രാഷ്ട്രീയ കക്ഷികളിലുള്ളവരുടെയും പൊതുവായ പ്രസ്ഥാനമായിരുന്നു. ഇതിനുമുമ്പ്തന്നെ കേരളത്തിൽ മാതൃഭാഷാപ്രാധാന്യത്തെക്കുറിച്ചുള്ള ചിന്തകൾ ഉണ്ടായിരുന്നു. സംസ്കൃതത്തിന്റെ ആധിപത്യത്തെ ചോദ്യം ചെയ്യുന്ന സമീപനം ചട്ടമ്പി സ്വാമികളിലും ശ്രീനാരായണഗുരുവിലും ഉണ്ടായിരുന്നതായി കാണാം. ചട്ടമ്പിസ്വാമികളിൽ ദ്രാവിഡ് കേന്ദ്രിതമായ ഒരു ഭാഷാവബോധമാണ് പ്രവർത്തിച്ചതെങ്കിൽ, ശ്രീനാരായണഗുരുവിൽ സംസ്കൃതത്തിൽനിന്ന് മലയാളത്തിലേക്ക് അദ്ധ്യാത്മികതയെ ഇറക്കികൊണ്ട് വരികയായിരുന്നു. റവ. ജോർജ്ജ് മാത്തൻ 1867 ൽ എഴുതിയ 'ബാലാഭ്യാസനം' എന്ന കൃതിയിൽ മാതൃഭാഷയുടെ പ്രാധാന്യത്തെ എടുത്ത് പറയുന്നു. നവോത്ഥാന നായകനായ മക്തി തങ്ങൾ അറബിമാത്രം ശീലിച്ച മുസ്ലീം സമുദായക്കാരോട് മാതൃഭാഷ പഠിക്കാൻ ആഹ്വാനം ചെയ്തു.

ഐക്യകേരളപ്രസ്ഥാനത്തിന്റെ കാലത്ത് ശക്തമായ ഭാഷാഭിമാനബോധം കേരളത്തിൽ നിലനിന്നിരുന്നു. സമസ്ത കേള

സാഹിത്യ പരിഷത്തിന്റെയും പുരോഗമന സാഹിത്യപ്രസ്ഥാന ത്തിന്റെയും ആദ്യഘട്ടങ്ങളിൽ മാതൃഭാഷയിലുള്ള ഊന്നൽ ഉണ്ടായിരുന്നു. വിജ്ഞാന ഭാഷാരംഗത്ത് മലയാളത്തെ വികസിപ്പിക്കാനുള്ള സംഘടിത ശ്രമം ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ മേൽനോട്ടത്തിൽ നടന്നു. വിദ്യാഭ്യാസത്തിൽ മാതൃഭാഷ മാതൃകയാക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും പരിഷത്ത് ഊന്നി പറയുന്നുണ്ട്. എന്നാൽ ആദ്യ കാലത്ത് ഉണ്ടായിരുന്ന ജാഗ്രത പിൽക്കാലത്ത് പരിഷത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടായില്ല.

1980 കളിൽ മലയാള ഭാഷയ്ക്കുവേണ്ടി ജോർജ്ജ് ഇരുമ്പയം നേതൃത്വം കൊടുത്ത 'മലയാള സംരക്ഷണ സമിതി' നിലവിൽ വന്നു. ഒന്നാം ഭാഷയായി മലയാളത്തെ വിദ്യഭ്യാസ മേഖലയിൽ ഉയർത്തുക എന്നതായിരുന്നു മലയാള സംരക്ഷണ സമിതിയുടെ പ്രധാന ലക്ഷ്യം. ആഗോളവൽക്കരണം നിലവിൽ വന്നതോടെ ഇംഗ്ലീഷിന് പ്രാധാന്യം കൂടി വന്നു. ഈ സാഹചര്യമാണ് പിന്നീടങ്ങോട്ട് മാതൃഭാഷയെ സംരക്ഷിക്കേണ്ടതിന്റെയും മുഖ്യ ഭാഷയാക്കേണ്ടതിന്റെയും പ്രാധാന്യത്തിലേക്കെത്തിച്ചത്. തൽഫലമായി മാതൃഭാഷാ പ്രസ്ഥാനങ്ങൾ നിലവിൽ വരാൻ തുടങ്ങി.

മാതൃഭാഷയ്ക്കുവേണ്ടിയുള്ള ആദ്യ ജനകീയപ്രസ്ഥാനം ആരംഭിക്കുന്നത് 1982 ൽ എസ്.കെ.പൊറ്റക്കാട് കേരളസർക്കാരിന് അയച്ച ഒരു കത്തോട് കൂടിയാണ്. കേരളത്തിലെ എല്ലാ സ്കൂളുകളിലും

കോളേജുകളിലും മലയാളം നിർബന്ധിത വിഷയമാക്കണമെന്നാണ് കത്തിലൂടെ ആവശ്യപ്പെട്ടത്. എസ്.കെ.പൊറ്റക്കാടിനെ കൂടാതെ വൈക്കം മുഹമ്മദ് ബഷീർ, സുകുമാർ അഴീക്കോട് എന്നിവരും കത്തിൽ ഒപ്പിട്ടിരുന്നു.

സ്വയം മാതൃഭാഷാസംഘടനകളല്ലെങ്കിലും മാതൃഭാഷയ്ക്കുവേണ്ടി പ്രവർത്തിച്ച ആദ്യകാല സംഘടനകളാണ് സമസ്ത കേരള സാഹിത്യ പരിഷത്ത്, പുരോഗമന സാഹിത്യ പ്രസ്ഥാനം, ഗ്രന്ഥശാലാസംഘം, ശാസ്ത്ര സാഹിത്യപരിഷത്ത് എന്നീ സംഘടനകൾ. സാഹിത്യത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചും ഭാഷയുടെ ജനകീയവൽക്കരണത്തെ സംബന്ധിച്ചുമുള്ള കാഴ്ചപ്പാട് മുന്നോട്ടുവെച്ച സംഘടനകളാണ് പുരോഗമന സാഹിത്യപ്രസ്ഥാനവും പുരോഗമന കലാസാഹിത്യ സംഘവും മലയാള ഭാഷയുടെ പുരഗോതിയെയും സാഹിതീയവും സാംസ്കാരികവുമായ ഉള്ളടക്കത്തെയും ആഴത്തിൽ സ്വാധീനിച്ച സംഘടനകളാണ് ഇവ രണ്ടും 1970–90 കാലഘട്ടങ്ങളിൽ പഠനം മാതൃഭാഷയിലാക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടികാട്ടി നിരവധി പ്രചരണ പരിപാടികൾ ഈ സംഘടനകൾ നടത്തിയിട്ടുണ്ട്. വിജ്ഞാനത്തിന്റെയും വിജ്ഞാനഭാഷയുടെയും ജനകീയവൽക്കരണം ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രധാന കാഴ്ചപ്പാടായിരുന്നു.

മാതൃഭാഷാ സംരക്ഷണത്തിനായി 1989 ഒക്ടോബർ 3 ന് ഡോ. ജോർജ് ഇരുമ്പയത്തിന്റെ നേതൃത്വത്തിൽ രൂപീകൃതമായ

സംഘടനയാണ് 'മലയാള സംരക്ഷണ വേദി'. ഇതിന് മുന്നോടിയായി **1988** ൽ ഏറണാകുളത്ത് ഒരു മാതൃഭാഷാ സമ്മേളനവും നടന്നു. കെ. എസ്. രാധാകൃഷ്ണൻ, എം. വി. ബെന്നി എന്നിവരാണ് ഇതിന് നേതൃത്വം കൊടുത്തത്. മലയാളത്തെ വിദ്യാഭ്യാസ മേഖലയിൽ ഒന്നാം ഭാഷയാക്കുക, കേന്ദ്രിയ വിദ്യാലയങ്ങളിൽ മാതൃഭാഷയ്ക്ക് പ്രാധാന്യം നൽകുക, മലയാള സർവകലാശാല സ്ഥാപിക്കുക എന്നിവയായിരുന്നു മലയാള സംരക്ഷണവേദി ഉയർത്തിയ പ്രധാന ആവശ്യങ്ങൾ. കാലിക്കറ്റ് സർവകലാശാലയിൽ ബി.കോമിന് മലയാളം ഒരു വിഷയമായി സ്വീകരിക്കണമെന്ന ആവശ്യം സംഘടന ഉന്നയിച്ചു. മലയാള സംരക്ഷണ വേദിയുടെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു ഇത്. ദൽഹിയിലും മലയാള സംരക്ഷണ വേദിയുടെ ഒരു ശാഖ പ്രവർത്തിച്ചിരുന്നു. എറണാകുളം കേന്ദ്രീകരിച്ച് ഈ സംഘടന ഇപ്പോഴും പ്രവർത്തിച്ച് വരുന്നു.

മലയാളം ഭരണ ഭാഷയാക്കുക, മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുക എന്നീ ആവശ്യങ്ങൾ മുൻനിർത്തി **1990** മുതൽ പ്രവർത്തിച്ചുവരുന്ന സംഘടനയാണ് മലയാള സമിതി. എം. കെ. ചാന്ദ് രാജ്, ഹരിദാസൻ, ടി. ടി. ശ്രീകുമാർ, സി. എസ്. ജയചന്ദ്രൻ എന്നിവരായിരുന്നു സംഘടനയുടെ ആദ്യകാല പ്രവർത്തകർ. സ്കൂൾ, കോളേജ് തലത്തിൽ മലയാളം ഒന്നാം ഭാഷയാക്കുക,

സർവകലാശാലകളിലുൾപ്പെടെ ഭരണഭാഷ മലയാളമാക്കുക, വിവിധ അപേക്ഷാ ഫോറങ്ങൾ മലയാളത്തിലാക്കുക എന്നീ ആവശ്യങ്ങൾ 'മലയാളസമിതി' ഉന്നയിച്ചു. മലയാള ഭാഷാപഠനത്തിന്റെ കാഠിന്യം വിദ്യാർത്ഥികൾക്ക് തടസ്സമാകുന്നുവെന്ന വാദവും സമിതി ഉന്നയിച്ചു. മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കണമെന്നാവശ്യപ്പെട്ട് 2010 നവംബർ 5 ന് അന്നത്തെ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന് മലയാളസമിതി നൂറിലേറെ സാംസ്കാരിക പ്രവർത്തകർ ഒപ്പിട്ട നിവേദനം നൽകി. ഇതാണ് പിന്നീട് ഐക്യമലയാള പ്രസ്ഥാനം ഏറ്റെടുത്ത് നടത്തിയ ഒന്നാംഭാഷാ പ്രക്ഷോഭത്തിലേക്ക് നയിച്ചത്.

### 4.8 മാതൃഭാഷാപ്രസ്ഥാനങ്ങൾ തൊണ്ണൂറുകൾക്ക്ശേഷം

തൊണ്ണൂറുകൾക്കുശേഷമാണ് മാതൃഭാഷാ പ്രവർത്തനങ്ങൾ രാഷ്ട്രീയാടിസ്ഥാനത്തിൽ കൂടുതൽ ശ്രദ്ധിക്കപ്പെടാൻ തുടങ്ങുന്നത്. വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെയുള്ള നിരന്തര ഇടപെടലുകൾ തൊണ്ണൂറുകൾക്കുശേഷം രൂപംകൊണ്ട ഭാഷാസംഘടനകളുടെ പ്രത്യേകതയാണ്. ഭരണഭാഷ മലയാളമാക്കുക, സ്കൂൾ തലത്തിൽ മാതൃഭാഷ നിർബന്ധിത വിഷയമാക്കുക എന്നീ ലക്ഷ്യങ്ങളോടെ തൊണ്ണൂറുകൾക്കുശേഷം മാതൃഭാഷാസംഘടനകൾ സജീവമായി പ്രവർത്തിക്കാൻ തുടങ്ങി.

4.8.1 **മലയാള ഐക്യവേദി**

'ഭരണവും വിദ്യാഭ്യാസവും മലയാളത്തിൽ' എന്ന മുദ്രാവാക്യമുയർത്തികൊണ്ട് 2009 നവംബർ 14, 15 തിയതികളിൽ വടകര നടന്ന ഭാഷാസമ്മേളനത്തിൽ രൂപീകൃതമായ ഭാഷാസംരക്ഷണ സംഘടനയാണ് മലയാള ഐക്യവേദി. 2009 ലെ ബിരുദ പുനഃസംഘടനയിൽ മലയാള ഭാഷയും സാഹിത്യവും പിന്തള്ളപ്പെട്ടു. ഇതിനെതിരെയുള്ള പ്രതിഷേധമായി 2009 മാർച്ച് മാസത്തിൽ ആരംഭിച്ച പ്രതിഷേധ കൂട്ടായ്മയിൽ നിന്നാണ് മലയാള ഐക്യവേദി എന്ന ആശയം ഉയരുന്നത്. ഡോ. പുതുശ്ശേരി രാമചന്ദ്രൻ, ഡോ. കെ. എം. ഭരതൻ, പി. പവിത്രൻ എന്നിവരായിരുന്നു സംഘടനയുടെ ആദ്യ ഭാരവാഹികൾ.

വിജ്ഞാന ഭാഷാവികസനം, കോടതി ഭാഷാപ്രശ്നം എന്നീ ആശയങ്ങൾ മലയാള ഐക്യവേദി മുന്നോട്ടുവെച്ചു. എസ്. എസ്. എൽ. സി ബുക്കിൽ നിന്ന് മലയാളത്തിൽ പേര് എഴുതുന്നത് എടുത്ത് കളഞ്ഞതിനെതിരെയും, ഒമ്പതാം ക്ലാസിലെ ഹിന്ദി പാഠപുസ്തക ത്തിൽനിന്ന് അതുവരെ മലയാളത്തിൽ കൊടുത്തിരുന്ന അർത്ഥം ഇംഗ്ലീഷിലേക്ക് മാറ്റിയതിനെതിരെയും മലയാള ഐക്യവേദി സമരം സംഘടിപ്പിച്ചു. കടകളുടെ ബോർഡുകൾ മലയാളത്തിലാക്കുക എന്നാവശ്യം ഉന്നയിച്ച് തൃശ്ശൂരിലെയും കോഴിക്കോട്ടെയും ആയിരക്കണക്കിന് കടകളിൽ കയറി മലയാള ഐക്യവേദി

പ്രവർത്തകർ പ്രചരണം നടത്തി. 2010 നവംബറിൽ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുന്നതിനുവേണ്ടി സർക്കാരിന് ഭീമഹർജി നൽകി. ഹയർസെക്കന്ററി പ്രവേശനത്തിൽ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് അവസരം നഷ്ടപ്പെടുത്തി സി.ബി.എസ്.ഇ.സ്കൂളിലെ സ്കൂൾ പരീക്ഷയെഴുതിയ വിദ്യാർത്ഥികൾക്ക് മുൻഗണന ലഭിക്കുന്നതിനെതിരെ മലയാള ഐക്യവേദി 2012 ൽ സമരരംഗത്തിറങ്ങി.

മലയാള ഐക്യവേദിക്ക് ഭരണഭാഷാവേദി, ശാസ്ത്രമലയാളവേദി, സാമൂഹ്യശാസ്ത്ര മലയാളവേദി, മലയാള മാധ്യമവേദി, മലയാള വിവരസാങ്കേതികവേദി, മലയാള വിവർത്തകവേദി, പ്രൈമറിതല മലയാളവേദി, ഹൈസ്കൂൾതല മലയാളവേദി, ഹയർസെക്കന്ററിതല മലയാളവേദി, ബിരുദതല മലയാളവേദി, ബിരുദാനന്തരതല മലയാളവേദി എന്നിങ്ങനെ വിവിധ വിഷയങ്ങളെ കേന്ദ്രീകരിച്ച് ഉപസമിതികളുണ്ട്. പതിനാലു ജില്ലകളിലും പ്രാദേശിക ഘടകങ്ങളോടുകൂടി സംസ്ഥാനത്താകമാനം മലയാള ഐക്യവേദി പ്രവർത്തിക്കുന്നുണ്ട്. ഇരുപത്തഞ്ച് അംഗങ്ങളുള്ള സെക്രട്ടറിതല സമിതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. പി. ഹരികുമാർ (സെക്രട്ടറി), സി. അരവിന്ദൻ (പ്രസിഡന്റ്) എന്നിവരാണ് ഇപ്പോഴത്തെ ഭാരവാഹികൾ.

4.8.2 **വിദ്യാർത്ഥി മലയാളവേദി**

മലയാള ഐക്യവേദിയുടെ വിദ്യാർത്ഥി കൂട്ടായ്മയാണ് വിദ്യാർത്ഥി മലയാളവേദി. 2010 ലാണ് ഇത് നിലവിൽ വന്നത്. മലബാറിൽ 178 സ്കൂളുകളിൽ പുതുതായി പ്ലസ്ടു കോഴ്സുകൾ ആരംഭിച്ചപ്പോൾ ഒമ്പത് സ്കൂളുകളിൽ മലയാളപഠനത്തിന് അവസരം ഇല്ലാത്ത സാഹചര്യം വന്നു. ഇതിനോടുള്ള പ്രതികരണമായി കോഴിക്കോട് ജില്ലയിലെ പുറമേരിയിലെ കടത്തനാട് രാജാസ് ഹൈസ്കൂൾ വിദ്യാർത്ഥി മലയാളവേദിയുടെ ആദ്യ ഘടകം രൂപീകൃതമായി. ഈ സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥികളായ അനൂസ്, ഷിബിൻ എന്നിവർ തങ്ങൾക്ക് മലയാളം പഠിക്കണമെന്നാവശ്യപ്പെട്ട് തിരുവനന്തപുരത്ത മലയാള ഐക്യവേദിയുടെ പ്രവർത്തകരോടൊപ്പം പത്രസമ്മേളനം നടത്തി. അന്നത്തെ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനെയും വിദ്യാഭ്യാസ മന്ത്രി എം.എം.ബേബിയെയും കണ്ട് നിവേദനം നൽകുകയും ചർച്ച നടത്തുകയും ചെയ്തു. ക്യാമ്പസിലെ ഭരണഭാഷ മലയാളമാക്കുക, ഉന്നത വിദ്യാഭ്യാസത്തിന് മാതൃഭാഷ മാധ്യമമായി ഉപയോഗിക്കാൻ അനുവദിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് വിദ്യാർത്ഥി മലയാളവേദിയുടെ പ്രവർത്തനങ്ങൾ. 2013 ഫെബ്രുവരി 15 ന് നൂറോളം വിദ്യാർത്ഥികളെ അണിനിരത്തി സെക്രട്ടറിയേറ്റിന് മുന്നിൽ വിദ്യാർത്ഥി മലയാളവേദി നിരാഹാരസമരം നടത്തി.

രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാ വിദ്യാർത്ഥികളെയും ഉൾകൊള്ളുന്ന വിദ്യാർത്ഥി മലയാളവേദി വിവിധ കോളേജുകളിലും സർവകലാശാലകളിലും പ്രവർത്തിക്കുന്നു. അൻവർ അലി (കൺവീനർ), അഭിരാമി (ചെയർപേഴ്സൺ) എന്നിവരാണ് ഇപ്പോഴത്തെ ഭാരവാഹികൾ.

### 4.8.3 **ഐക്യമലയാളപ്രസ്ഥാനം**

**2010** നവംബറിൽ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുന്നതിന് സർക്കാരിന് ഭീമഹർജി നൽകാനും സെക്രട്ടറിയേറ്റിനുമുന്നിൽ സമരം സംഘടിപ്പിക്കാനും മലയാള ഐക്യവേദി തീരുമാനിച്ചു. ഈ ഘട്ടത്തിൽ ഇതേ ആശയം ഉന്നയിച്ചുകൊണ്ട് മലയാള സമിതിയും മുന്നോട്ട് വരാൻ തുടങ്ങി. ഇതോടെ സമാന ആശയങ്ങൾ ഉന്നയിക്കുന്ന പ്രസ്ഥാനം എന്ന നിലയിൽ ഐക്യമലയാള പ്രസ്ഥാനം എന്ന ഒരു പൊതുവായ കൂട്ടായ്മ രൂപീകരിക്കാൻ തീരുമാനമായി. അങ്ങനെ മലയാള ഐക്യവേദി, മലയാള സമിതി, മലയാള സംരക്ഷണവേദി എന്നീ സംഘടനകൾ ചേർന്ന് **2010** നവംബർ **28** ന് ഐക്യമലയാള പ്രസ്ഥാനം രൂപീകരിച്ചു. നവംബർ **28** ന് ഈ കൂട്ടായ്മയുടെ വിളംബരജാഥ കാനായി കുഞ്ഞിരാമന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിന് മുന്നിൽ നടന്നു.

മലയാളത്തിനുവേണ്ടി തെരുവിലിറങ്ങിയുള്ള തുടർ സമരങ്ങൾ കേരളത്തിൽ ആരംഭിക്കുന്നത് ഐക്യമലയാളപ്രസ്ഥാനത്തിന്റെ രൂപീകരണത്തോടെയാണ്. രാഷ്ട്രീയ ഭേദമില്ലാതെ കേരളത്തിലെ രാഷ്ട്രീയ നേതാക്കളും സാഹിത്യ–സാംസ്കാരിക പ്രവർത്തകരും ഐക്യ മലയാളപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമാകുന്നുവെന്നത് മറ്റൊരു പ്രത്യേകതയാണ്. നിവലിൽ ഹരി (സെക്രട്ടറി), അരവിന്ദൻ സി. (പ്രസിഡന്റ്) എന്നിവരാണ് ഇപ്പോഴത്തെ സംഘടനാ ഭാരവാഹികൾ.

രണ്ടു ദശകങ്ങൾ നീണ്ട ഇടവേളയ്ക്കുശേഷം മലയാളത്തിനുവേണ്ടി പ്രത്യക്ഷ സമരം ആരംഭിക്കുന്നത് 2010 നവംബർ 29ന് ആണ്. മലയളം നിർബന്ധിത ഒന്നാം ഭാഷയാക്കുക എന്ന മുദ്രാവാക്യവുമായി തിരുവനന്തപുരം സെക്രട്ടറിയേറ്റിന് മുമ്പിൽ നടന്ന സമരം ഒന്നാം ഭാഷാസമരം എന്ന പേരിൽ അറിയപ്പെടുന്നു. മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയെ തുടർന്ന് ആർ. വി.ജി. മേനോന്റെ നേതൃത്വത്തിൽ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുന്നതിനെക്കുറിച്ച് പഠിക്കാൻ ഒരു സമിതിയെ സർക്കാർ നിയോഗിച്ചു. സംസ്ഥാനത്തെ എല്ലാതരം സ്കൂളുകളിലും പത്താംക്ലാസുവരെ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുന്നതിനുള്ള ശുപാർശ കമ്മിറ്റി മുന്നോട്ടു വെച്ചു. 2011 ജനുവരി 25 ന് മന്ത്രിസഭ പ്രസ്തുത ശുപാർശ അംഗീകരിച്ചു. ആർ.വി.ജി. മേനോൻ കമ്മിറ്റിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി

പ്രായോഗിക നിർദ്ദേശങ്ങൾ നൽകാൻ എസ്.സി.ഇ.ആർ.ടി ഒ.എൻ.വിയുടെ നേതൃത്വത്തിലുള്ള ഒരു സമിതിയെ നിയോഗിച്ചു. ഈ സമിതിയുടെ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കികൊണ്ടുള്ള ഉത്തരവ് 2011 മെയ് 6 ന്പ്രാബല്യത്തിൽ വന്നു.

ഐക്യമലയാള പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതാണ് കെ. പി. രാമനുണ്ണിയുടെ നിരാഹാരസമരം. ഒന്നാം ഭാഷാ ഉത്തരവ് നടപ്പിലാക്കുക, കോടതിഭാഷ മലയാളമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചും ഇവയുൾപ്പെടുന്ന സമഗ്ര മലയാള നിയമം നിയമസഭ പാസ്സാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് കെ.പി.രാമനുണ്ണി ഐക്യമലയാള പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നിരാഹാര സമരം ആരംഭിച്ചത്. 2013 മാർച്ച് 18 നാണ് അനിശ്ചിതകാല നിരാഹാരസമരം ആരംഭിച്ചത്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ വെച്ച് ഒ.എൻ.വി. സമരം ഉദ്ഘാടനം ചെയ്തു. അടുത്ത നിയമസഭാ സമ്മേളനത്തിൽ സമഗ്രഭാഷാനിയമം കൊണ്ടുവരുമെന്ന് സാംസ്കാരികവകുപ്പ് മന്ത്രി നൽകിയ ഉറപ്പിനെ തുടർന്ന് സമരം പിൻവലിച്ചു.

ഐക്യമലയാളപ്രസ്ഥാനത്തിന്റെ അജണ്ടകളിൽ പ്രധാനപ്പെട്ടതായിരുന്നു മലയാള സർവകലാശാല സ്ഥാപിക്കുക

എന്നത്. 1980 കളിൽ തന്നെ വിവിധ സാംസ്കാരിക നേതാക്കളും രാഷ്ട്രീയ നേതാക്കളും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ പ്രായോഗിക തലത്തിൽ നിരന്തരമായി അതിനുവേണ്ടി പ്രവർത്തിച്ചതിൽ പ്രധാനി ഐക്യ മലയാളപ്രസ്ഥാനമാണ്. മലയാളത്തിനായി ഒരു സർവകലാശാല സ്ഥാപിക്കുക എന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം മലയാള ഐക്യവേദി 2009 മെയ് 12 ന് മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ മന്ത്രിക്കും നൽകുകയും ചർച്ച നടത്തുകയും ചെയ്തു. 2010 മെയ് 29 ന് ഡോ. പുതുശ്ശേരി രാമചന്ദ്രൻ, പി.പവിത്രൻ എന്നിവർ മുഖ്യമന്ത്രിയുടെയും വിദ്യാഭ്യാസ മന്ത്രിയുടെയും മുന്നിൽ ഈ ആവശ്യം വീണ്ടും ഉന്നയിച്ചു. കേരളത്തിന്റെ വികസനത്തെയും മലയാള സർവകലാശാലയെയും സംബന്ധിച്ചുള്ള ഒരു സമഗ്ര രൂപരേഖ ഐക്യമലയാളപ്രസ്ഥാനം തയ്യാറാക്കുകയും ഒ.എൻ.വി. കുറുപ്പ് സൂക്ഷ്മ പരിശോധന നടത്തി 2011 ആഗസ്റ്റ് 14 ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് കൈമാറുകയും ചെയ്തു. വിവിധ വിഷയങ്ങൾ മാതൃഭാഷയിൽ പഠിപ്പിക്കുക, ഇന്ത്യയിലെയും ലോകത്തെയും വിവിധ ഭാഷകളുമായി മലയാളത്തിന് വിജ്ഞാനവിനിമയം സാധിക്കുന്ന രൂപത്തിൽ ഇന്ത്യൻ ഭാഷകളുടെയും ലോകഭാഷകളുടെയും പഠന വകുപ്പുകൾ സർവകലാശാലയിൽ ഉണ്ടായിരിക്കുക എന്നിങ്ങനെയുള്ള വിവിധ നിർദ്ദേശങ്ങൾ ഉൾകൊള്ളുന്നതായിരുന്നു ഈ രേഖ. പക്ഷെ അധികാരികൾ ഇത്

തള്ളി കളയുകയാണുണ്ടായത്. എന്നാൽ 2012 നവംബർ 1 ന് മലയാള സർവകലാശാല നിലവിൽ വരികയും ചെയ്തു.

മലയാളഐക്യവേദിയുടെ ഒന്നാം സമ്മേളനത്തിനുശേഷം സംഭവബഹുലമായ പത്ത് വർഷങ്ങൾ കഴിഞ്ഞു. ഇതിനിടയിൽ നിരവധി സമരങ്ങൾ മാതൃഭാഷയ്ക്ക് വേണ്ടി ഐക്യവേദി നടത്തി. പലതും വിജയകരമായി നേടിയെടുക്കുകയും ചെയ്തു. പക്ഷെ പലതും നടപ്പിലാക്കാൻ സാധിച്ചിട്ടുമില്ല. നീറ്റ് പരീക്ഷ മലയാളത്തിൽ കൂടി നടത്താൻ കേന്ദ്രം അനുമതി നൽകിയിട്ടും അതിന് സാങ്കേതിക തടസ്സം പറഞ്ഞ് ഒഴിയുകയാണ് ഇവിടത്തെ സാങ്കേതിക വിദ്യാവിദഗ്ദ്ധർ. മാതൃഭാഷയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സർക്കാരും പൊതുസമൂഹവും പുറകോട്ട് പോകുന്നു എന്ന് വേണം ഇതിൽനിന്നും മനസ്സിലാക്കാൻ. അതേസമയം നിരവധി സമരങ്ങൾക്കൊടുവിൽ ബിരുദം അടിസ്ഥാന യോഗ്യതയുള്ള പി. എസ്. സി. പരീക്ഷകൾ മലയാളത്തിൽ നടത്താമെന്ന് സർക്കാർ അംഗീകരിച്ചു. മലയാള ഐക്യവേദിയുടെ വിജയത്തിൽ പ്രധാനപ്പെട്ടതാണിത്.

ഓരോ ജനതയുടെയും ഉപജീവനത്തിന്റെയും അതിജീവന ത്തിന്റെയും ഭാഷ അവരുടെ മാതൃഭാഷയാണെന്ന ബോധ്യമാണ് മലയാള ഐക്യവേദി മുന്നോട്ട് വെക്കുന്നത്. ഉന്നത വിദ്യാഭ്യാസത്തെപ്പറ്റി തീരുമാനമെടുക്കുന്ന ഭരണ സംവിധാനത്തി

നെതിരെ മാത്രമല്ല, ഭാഷാപഠനവും സാഹിത്യപഠനവുമെല്ലാം അനാവശ്യവും പ്രയോജനരഹിതവുമായ ആർഭാടങ്ങൾ കൂടിയാണെന്ന പൊതുബോധത്തിനെതിരെയുമാണ് മലയാള ഐക്യവേദിയുടെ സമരങ്ങൾ. സൗന്ദര്യാത്മക വിദ്യാഭ്യാസമെന്ന നിലയിൽ മാതൃഭാഷയ്ക്കും മാതൃഭാഷാ സാഹിത്യത്തിനുമുള്ള പ്രാധാന്യത്തെ പൊതുസമൂഹത്തിൽ ഉറപ്പിച്ചെടുക്കുന്നതിന് ചുരുങ്ങിയ കാലത്തെ പ്രവർത്തനങ്ങൾ കൊണ്ട് മലയാള ഐക്യവേദിക്ക് സാധിച്ചെടുക്കാൻ കഴിഞ്ഞു.

### 4.9 **കലാ–സാഹിത്യകൂട്ടായ്മകൾ**

വാമൊഴിയിലൂടെ കൈമാറിവന്നിരുന്ന സാഹിത്യം പന്ത്രണ്ടാം ശതകമാകുമ്പോഴേക്കും ഗദ്യത്തിന്റെ പാതയിലേക്ക് കടന്നു. പിന്നീട് അങ്ങോട്ട് മലയാള സാഹിത്യത്തിൽ നിരവധി സാഹിത്യ പ്രസ്ഥാനങ്ങൾ രൂപംകൊണ്ടു. അച്ചടിയുടെ വരവോടുകൂടി ഗദ്യഭാഷ വൈദേശിക സാഹിത്യ രൂപങ്ങളെയും അനുകരിക്കാൻ തുടങ്ങി. സാഹിത്യം പോലെതന്നെ സാഹിത്യാസ്വാദനവും പ്രാധാന്യം അർഹിക്കുന്നു. ആസ്വാദനത്തിലൂടെയാണ് സാഹിത്യം വളരുന്നത്. എന്നാൽ ആസ്വാദനം എപ്രകാരമാകുന്നു എന്നതിലും കാര്യമുണ്ട്. ഒരാൾ ഒറ്റയ്ക്ക് ഒരു കൃതി വായിക്കുന്നതും കൂട്ടമായി വായിക്കുന്നതും രണ്ടും രണ്ടാണ്. മലയാളസാഹിത്യത്തിൽ ആദ്യകാലം മുതലേ

രൂപംകൊണ്ട സാഹിത്യ കൂട്ടായ്മകൾ അതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്.

സാഹിത്യംപോലെ പ്രാധാന്യം അർഹിക്കുന്നതാണ് കലാരംഗവും. ഓരോ കലാവിഷ്കാരവും മനുഷ്യന്റെ ഇന്ദ്രിയങ്ങളെ വ്യത്യസ്ത തലത്തിൽ സ്വാധീനിക്കുന്നു. സാഹിത്യം പോലെയല്ല കല. അത് കൂടുതൽ വ്യക്തിഗതമായ ഒരു ഇടത്തെയും ആസ്വാദന തലത്തെയും കണ്ടെത്തുന്നു. സാഹിത്യംപോലെ പ്രചുരപ്രചാരമായ കൂട്ടായ്മകൾ കലാസ്വാദനത്തിൽ വിരളമാണ്. പക്ഷെ രണ്ടായിരമാണ്ട് കലാസ്വാദനത്തിന്റെയും സാഹിത്യാസ്വാദന ത്തിന്റെയും പുതിയൊരു ലോകത്തെയാണ് ആസ്വാദകരുടെ മുന്നിലേക്ക് തുറന്നിട്ടത്. കലയുടെയും സാഹിത്യത്തിന്റെയും ആസ്വാദനത്തിനായി കൂട്ടായ്മകൾ വിപുലമായ തലത്തിൽ രൂപംകൊള്ളുന്നത് ഈ നൂറ്റാണ്ടിലാണ്. ഇവിടെ കേരളീയസാഹിത്യവും കലയും മാത്രമല്ല, ആഗോളതലത്തിൽ സാഹിത്യവും കലയും വായിക്കപ്പെടുന്നു. കേട്ടുകേൾവി മാത്രമുണ്ടായിരുന്ന സാഹിത്യകാരന്മാരും കലാകാരന്മാരും ഒരു പൊതുയിടത്തിൽ ഒത്തുച്ചേർന്ന് സാഹിത്യ–കലാ സംവാദങ്ങൾ നടത്തുന്നു. കലയുടെയും സാഹിത്യത്തിന്റെയും മാത്രമല്ല, ആസ്വാദകന്റെയും ജനകീയവൽക്കരണമാണിത്.

വായന മരിക്കാൻ തുടങ്ങുന്ന ഒരിടത്ത്നിന്നാണ് അത് ഒരു കൂട്ടായ്മയുടെ പൊതുയിടത്തിലേക്ക് ചെന്നെത്തുന്നത്. അത് രണ്ടായിരമാണ്ടിന്റെ പ്രത്യകതയാണ്. രണ്ടായിരമാണ്ടോട്ടുകൂടി പല സാഹിത്യ കൂട്ടായ്മകളും കേരളത്തിൽ രൂപപ്പെടാൻ തുടങ്ങി. ഈ കൂട്ടായ്മകളെല്ലാം കലാകാരന്മാരുടെയോ സാഹിത്യകാരന്മാരുടെയോ മാത്രമാകാതെ ആസ്വാദകന്റേത് കൂടിയാകുന്നു എന്നുള്ളത് ഈ കൂട്ടായ്മകളുടെ പ്രത്യേകതയാണ്. ഇതിന് മുമ്പ് രൂപംകൊണ്ട കൂട്ടായ്മകളിൽ ആസ്വാദകർ പ്രത്യക്ഷത്തിലില്ല എന്ന് തന്നെ പറയാം. പക്ഷെ രണ്ടായിരമാണ്ടിൽ രൂപംകൊണ്ട കൂട്ടായ്മകളിൽ ആസ്വാദകർക്ക് പരമ പ്രധാന്യം ലഭിച്ചു. അവരിലൂടെയാണ് കലയും സാഹിത്യവും പരിപൂർണ്ണതയിലേക്ക് എത്തുന്നതെന്ന് തിരിച്ചറിഞ്ഞു. അതുകൊണ്ടുതന്നെ നിശ്ചയിക്കപ്പെട്ട കെട്ടിടങ്ങളോ മുൻ അജണ്ടകളോ ഇല്ലാതെ പൊതുയിടങ്ങൾ സാഹിത്യത്തിന്റെയും കലയുടെയും സർഗ്ഗവേദിയായി രൂപാന്തരപ്പെട്ടു. ഇത്തരത്തിൽ രണ്ടായിരമാണ്ടിൽ രൂപംകൊണ്ട പ്രധാനപ്പെട്ട സാഹിത്യ–കലാ കൂട്ടായ്മകളെയാണ് ഈ ഭാഗത്ത് പരിചയപ്പെടുത്തുന്നത്.

### 4.9.1 **കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ**

സാഹിത്യം, സിനിമ, നൃത്തം, സംഗീതം, പാചകം എന്നിങ്ങനെ വിവിധയിനം കലാവിഷ്കാരങ്ങളുടെ തുറന്ന വേദിയാണ് കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ. വിവിധ കലാസാഹിത്യ രൂപങ്ങളെ

പരിചയപ്പെടുത്തുകയും ചർച്ച ചെയ്യുകയും ചെയ്യുന്ന വാർഷിക സാഹിത്യ വേദിയാണ് കേരളലിറ്ററേച്ചർ ഫെസ്റ്റിവൽ (കെ. എൽ. എഫ്). ഡി.സി.കിഴക്കേമുറി ഫൗണ്ടേഷൻ, കേരള സാംസ്കാരിക വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ 2016 ഫെബ്രുവരി 4 ന് കോഴിക്കോട് ബീച്ചിൽ വെച്ചാണ് കെ.എൽ.എഫിന്റെ തുടക്കം. സച്ചിദാനന്ദനാണ് കെ.എൽ.എഫിന്റെ ഫെസ്റ്റിവൽ ഡയറക്ടർ. കേരളത്തിനകത്തും പുറത്തുമുള്ള ഇരുന്നൂറോളം കലാകാരന്മാരും സാഹിത്യകാരന്മാരും കെ. എൽ. ഫിൽ പങ്കെടുക്കുന്നു.

കെ.എൽ.എഫിന്റെ രണ്ടാം പതിപ്പ് 2017 ഫെബ്രുവരി 2 ന് നടന്നു. വിദ്യാർത്ഥികൾക്കായി ഒരുക്കിയ സ്റ്റുഡന്റ് കെ.എൽ.എഫ് കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ രണ്ടാം പതിപ്പിന്റെ പ്രത്യേകതയാണ്. വിദ്യാർത്ഥികൾക്ക് തങ്ങളുടെ ചിന്തകളും ആശയങ്ങളും എഴുത്തുകാരുമായി നേരിട്ട് പങ്കുവെക്കാനുള്ള തുറന്ന വേദിയാണ് സ്റ്റുഡന്റ് കെ. എൽ. എഫ്.

കെ.എൽ.എഫിന്റെ മൂന്നാം പതിപ്പ് 2018 ഫെബ്രുവരി 8 മുതൽ 11 വരെ കോഴിക്കോട് ബീച്ചിൽ നടന്നു. എം. ടി വാസുദേവൻ നായരായിരുന്നു ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തത്. സ്പെയിൻ, ഓസ്ട്രേലിയ, ഫ്രാൻസ്, റഷ്യ തുടങ്ങി ഇന്ത്യക്കകത്തും പുറത്തുനിന്നുമായി 500 ൽ പരം എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരും കെ. എൽ. എഫ് മൂന്നാം പതിപ്പിന്റെ ഭാഗമായി.

പൗലോ കൊയ് ലോയുടെ 'ആൽക്കമിസ്റ്റ്' എന്ന നോവലിനെ ആസ്പദമാക്കി നടത്തിയ ചിത്രപ്രദർശനം കെ.എൽ.എഫ് 2018 ന്റെ പ്രത്യേകതയായിരുന്നു. 2019 ജനുവരി 10 ന് കെ.എൽ.എഫിന്റെ നാലാം പതിപ്പും 2020 ജനുവരി 16 ന് കെ.എൽ.എഫ് അഞ്ചാം പതിപ്പും കോഴിക്കോട് ബീച്ചിൽ വെച്ച് നടന്നു.

എഴുത്തുകാരനും വായനകാരനും തമ്മിലുള്ള പരസ്പര വിനിമയമാണ് കേരളലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ സ്ഥാപക ലക്ഷ്യം. ഇവിടെ സാഹിത്യം മാത്രമല്ല ഗോത്രകലകൾ ഉൾപ്പെടെയുള്ള വിവിധ കലാരൂപങ്ങളുടെ പ്രദർശനവും ചർച്ചയും നടക്കുന്നു. ഒരു തരത്തിൽ പറഞ്ഞാൽ സാഹിത്യത്തിന്റെയും കലയുടെയും കാർണിവൽ സ്വഭാവമാണ് കെ.എൽ. എഫ് പ്രദാനം ചെയ്യുന്നത്. ഫെസ്റ്റിവലിലെ ഓരോ ഇവന്റുകളും ചരിത്രവും വാസ്തുവിദ്യയും മുതൽ ശാസ്ത്രവും സിനിമയും വരെയുള്ള താൽപര്യങ്ങളുടെ ഒരു വലിയ നിരയെ അത് ഉൾക്കൊള്ളുന്നു. രാജ്യത്തെ ഏറ്റവും വലിയ സാംസ്കാരിക സമ്മേളനത്തിൽ ഒന്നാമതായും ഇന്ത്യയിലെ രണ്ടാമത്തെ വലിയ സാഹിത്യോത്സവുമായും കെ.എൽ.എഫ് മാറുന്നു.

### 4.9.2 **കവിതയുടെ കാർണിവൽ**

കവികളുടെയും കാവ്യാസ്വാദകരുടെയും സംഗമമാണ് കവിതയുടെ കാർണിവൽ. 2016 ഏപ്രിൽ 2 ന് പട്ടാമ്പി ഗവൺമെന്റ് സംസ്കൃത കോളേജിൽ വെച്ചാണ് കവിതയുടെ കാർണിവലിന്

തുടക്കം. കോളേജ് വിദ്യാഭ്യാസ വകുപ്പ്, മലയാളനാട് വെബ് കമ്മ്യൂണിറ്റി, കേരള സാഹിത്യ അക്കാദമി, പട്ടാമ്പി സംസ്കൃത ഗവൺമെന്റ് കോളേജ് എന്നിവയുടെ നേതൃത്വത്തിലാണ് എല്ലാ വർഷവും കവിതയുടെ കാർണിവൽ സംഘടിപ്പിക്കുന്നത്. രാജ്യത്തെ ഏറ്റവും വലിയ കവി സംഗമമാണ് ഇത്. കവിതാവിഷ്കാരത്തിലും ആസ്വാദനത്തിലും നിലനിൽക്കുന്ന ഭിന്നരുചികളുടെ സംഗമവും സംവാദവുമാണ് കാർണിവലിന്റെ ലക്ഷ്യം.

മലയാളത്തിലെ 'പുതുകവിതയുടെ 25 വർഷങ്ങൾ' എന്ന പ്രമേയത്തെ ആസ്പദമാക്കിയായിരുന്നു 2016 ലെ കവിതയുടെ കാർണിവലിന്റെ ഒന്നാം പതിപ്പ് സംഘടിപ്പിച്ചത്. 'കവിതയുടെ അതീത സഞ്ചാരങ്ങൾ' എന്ന പ്രമേയത്തെ മുൻനിർത്തി കാർണിവലിന്റെ രണ്ടാം പതിപ്പ് 2017 ജനുവരിയിൽ നടന്നു. ദക്ഷിണേന്ത്യൻ കവികളെ ഉൾപ്പെടുത്തി നടത്തിയ ദേശീയ കവിതാവിവർത്തന ശില്പശാല കാർണിവലിന്റെ രണ്ടാം പതിപ്പിന്റെ പ്രധാന പ്രത്യേകതയായിരുന്നു. 'കവിത:പ്രതിരോധം പ്രതിസംസ്കൃതി' എന്ന വിഷയത്തിലൂന്നി കാർണിവലിന്റെ മൂന്നാം പതിപ്പ് 2018 മാർച്ച് 9 ന് നടന്നു. വിവിധതരം അധിനിവേശങ്ങൾക്കും അധികാരരൂപങ്ങൾക്കുമെതിരായ വ്യക്തിനിഷ്ഠവും സാമൂഹികവുമായ പ്രതിരോധത്തിന്റെ ഭാഷയായി മലയാളകവിത അതിന്റെ ചരിത്ര വഴികളിൽ എങ്ങനെ പ്രവർത്തിച്ചു എന്ന അന്വേഷണമാണ് ഈ കാർണിവൽ ലക്ഷ്യമിട്ടത്.

കേരളകവിത ഭാവിയിലേക്കുള്ള വീണ്ടെടുപ്പുകൾ എന്നതാണ് കാർണിവലിലെ നാലാം പതിപ്പിന്റെ വിഷയം. 2019 ജനുവരി 23 നാണ് നാലാം പതിപ്പ് നടന്നത്. കാർണിവലിന്റെ അഞ്ചാം പതിപ്പ് 2020 ജനുവരി 23 ന് നടന്നു. 1977 ൽ ആറ്റൂർ രവിവർമ്മയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദക്ഷിണേന്ത്യൻ കാവ്യോത്സവത്തിന്റെ മാതൃകയിൽ ദക്ഷിണേന്ത്യൻ കവിത 20/20 എന്ന പേരിലാണ് കാർണിവലിന്റെ അഞ്ചാം പതിപ്പ് അരങ്ങേറിയത്. തമിഴ്, കന്നട, തെലുങ്ക്, തുളു, ബ്യാരി ഭാഷകളിൽ നിന്നുള്ള പുതിയ നൂറ്റാണ്ടിലെ കവികളുടെ സംഗമം, കവിതാവിവർത്തന ക്യാമ്പ്, പോയട്രി ഇൻസ്റ്റലേഷൻ എന്നിവയായിരുന്നു അഞ്ചാം പതിപ്പിന്റെ മുഖ്യ ആകർഷണം. കൂടാതെ നവമാധ്യമ കവിതകളുടെ അവതരണം, പ്രഭാഷണങ്ങൾ, ദേശീയ സെമിനാറുകൾ എന്നിവയും നടന്നു.

'ജൈവരാഷ്ട്രീയവും മലയാളി ഭാവനയും' എന്ന വിഷയ മായിരുന്നു കവിതയുടെ കാർണിവൽ ആറാം പതിപ്പിലെ പ്രധാന ഹൈലൈറ്റ്. ഡിസംബർ 1 മുതൽ 4 വരെ നടന്ന സദസ്സിൽ ഇന്ത്യക്കകത്ത് നിന്നും പുറത്ത്നിന്നുമുള്ള സാംസ്കാരിക പ്രവർത്തകർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവർ പങ്കെടുത്തു.

കവിതയുടെ വെറും അവതരണവും ആസ്വാദനവും മാത്രമല്ല കവിതയുടെ കാർണിവൽ. മറിച്ച് കവിതക്ക് വേണ്ടി മാത്രമായി രാജ്യത്തിലെതന്നെ ആദ്യത്തെ വലിയ സാഹിത്യ കൂട്ടായ്മയായി

മാറാൻ കവിതയുടെ കാർണിവലിന് സാധിക്കുന്നു. കവികളും ആസ്വാദകരും ഇവിടെ ഒരേവേദി പങ്കിടുന്നു. തുറന്ന ചർച്ചകൾക്ക് വേദിയൊരുക്കുന്നു. അങ്ങനെ കവിത കവിയിൽനിന്നും ബഹുദൂരം മുന്നിലേക്ക് സഞ്ചരിക്കുന്നു. മലയാളത്തിലെ കവികളും വിമർശകരും ആസ്വാദകരും വിദ്യാർത്ഥികളും ഗവേഷകരുമടക്കം ആയിരകണക്കിന് കാവ്യാസ്വാദകരാണ് ഈ കാർണിവലിൽ പങ്കാളികളാകുന്നത്. സെമിനാറുകൾ, കവിതാവതരണങ്ങൾ, സംവാദങ്ങൾ, കവിപരിചയം, കവിയരങ്ങ്, ഇൻസ്റ്റലേഷനുകൾ, പുസ്തകമേളകൾ, പുസ്തകപ്രകാശനം, നൃത്തം, സംഗീതം, നാടകം തുടങ്ങി നിരവധി പരിപാടികൾ ഈ കാർണിവലിന്റെ ഭാഗമായി അരങ്ങേറുന്നു.

### 4.9.3 **കൊച്ചി – മുസിരിസ് ബിനാലെ**

ആഗോളവൽക്കരണവും സാമ്പത്തികഘടനയിൽ സംഭവിച്ച മാറ്റങ്ങളും ജീവിത ബന്ധങ്ങളിൽ ലോകവ്യാപകമായി മാറ്റങ്ങൾ സൃഷ്ടിച്ചു. ഈ സാഹചര്യത്തിലാണ് കലാനിർമ്മിതികൾ ഗ്യാലറിയുടെ ചുമരുകൾക്കുള്ളിൽനിന്ന് പുറത്ത് കടക്കാൻ ശ്രമിക്കുന്നത്. ഇൻസ്റ്റലേഷൻ ആർട്ട്, ഗ്രാഫ്റ്റി ആർട്ട്, എൻവയോൺമെന്റ് ആർട്ട്, നെറ്റ് ആർട്ട് എന്നിങ്ങനെ പലരൂപത്തിലും കലാനിർമ്മിതികൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയതോടെ ശില്പം, ചിത്രം എന്നീ പരമ്പരാഗത സങ്കേതങ്ങളിൽ അവയെ മനസ്സിലാക്കാൻ സാധിക്കാതെ വന്നു.

ഇതോടെ എല്ലാ ഇന്ദ്രിയങ്ങളും ഉപയോഗിച്ച് അനുഭവിക്കേണ്ടതും പ്രത്യേക സന്ദർഭത്തിൽമാത്രം അർത്ഥം കൈവരുന്നതുമായ ഒന്നായി കലാനിർമ്മിതികൾ മാറി. കേരളത്തിൽ ഈ മാറ്റം സംഭവിക്കുന്നത് 2012 ലെ കൊച്ചി–മുസിരിസ് ബിനാലെയിലൂടെയാണ്. ഇന്ത്യയിൽ നടന്ന ആദ്യ ബിനാലെയാണ് കൊച്ചി–മുസിരിസ് ബിനാലെ. 2012 ഡിസംബർ 12 ന് കൊച്ചിയിലാണ് ഇതിന്റെ തുടക്കം.

കേരളത്തെ സാംസ്കാരികമായ ഭൂപടത്തിൽ അടയാളപ്പെടുത്താനാവശ്യമായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ആലോചനയിൽ സാംസ്കാരിക വകുപ്പ് മന്ത്രിയായിരുന്ന എം.എ.ബേബി ഒരു കലാമേളയെക്കുറിച്ച് നിർദ്ദേശിക്കാൻ കലാപ്രവർത്തകരായ റിയാസ് കോമുവിനോടും ബോസ് കൃഷ്ണമാചാരിയോടും ആവശ്യപ്പെട്ടു. ഈ ആലോചനയിൽ നിന്നാണ് കൊച്ചി–മുസിരിസ് ബിനാലെയുടെ തുടക്കം. കൊച്ചി ബിനാലെ ഫൗണ്ടേഷൻ ട്രസ്റ്റാണ് കൊച്ചി – മുസിരിസ് ബിനാലെയുടെ സംഘാടകർ. 1882 ലെ ട്രസ്റ്റ് ആക്ട് പ്രകാരം ബോസ് കൃഷ്ണമാചാരി പ്രസിഡന്റും റിയാസ് കോമു സെക്രട്ടറിയുമായി 2010 ആഗസ്റ്റ് 10 ന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ (The Kochi Biennale Foundation – KBF) സ്ഥാപിതമായി.

Biennial എന്ന ഇറ്റാലിയൻ മൂലപദത്തിൽ നിന്നാണു ബിനാലെ എന്ന പദത്തിന്റെ ഉത്ഭവം. ഓരോ രണ്ട് വർഷം കൂടുന്തോറും

സംഭവിക്കുന്നത് എന്നാണ് ഇതിന്റെ അർത്ഥം. 1895 ലെ വെനീസ് ബിനാലെയിലൂടെയാണ് ഈ അർത്ഥസൂചന രൂപപ്പെടുന്നത്. കലാരംഗത്ത് പ്രകടമാകുന്ന നവീനമായ എല്ലാ പ്രവണതകളെയും പ്രദർശിപ്പിക്കുന്ന രാജ്യത്തെ വേദി എന്ന നിലയിൽ പിന്നീട് ലോകത്തിന്റെ പല ഭാഗങ്ങളിലും ബിനാലെകൾ സംഘടിപ്പിക്കപ്പെട്ടു.

2012 ഡിസംബർ 12 നാണ് ആദ്യ കൊച്ചി–മുസിരിസ് ബിനാലെ നടന്നത്. ആസ്പിൻവാൾ, പെപ്പർ ഹൗസ്, കാശി ആർട്ട് കഫേ, കബ്രാൾ യാഡ്, ഡേവിഡ് ഹാൾ എന്നീ വേദികളിലായി 30 വിദേശ രാജ്യങ്ങളിൽ നിന്നായി 88 ചിത്രകാരന്മാർ അവരുടെ കലാസൃഷ്ടികൾ പ്രദർശിപ്പിച്ചു. കൊച്ചിയിലെ ദർബാർ ഹാളും സമീപപ്രദേശങ്ങളുമാണ് ബിനാലെയുടെ വേദികൾ. കേരള സർക്കാർ ടൂറിസം ഡിപ്പാർട്ട്മെന്റ്, ബി. എം. ഡബ്ല്യൂ, ഡി. എൻ.എം എന്നിവർ ആദ്യ ബിനാലെയുടെ പങ്കാളികളായി. തുടർന്നുള്ള ബിനാലെകളിൽ നിരവധി കോർപ്പറേറ്റ് കമ്പനികളും പങ്കാളികളായി. 2014 ഡിസംബർ 12 ന് ബിനാലെയുടെ രണ്ടാം പതിപ്പ് നടന്നു. പി. ടി. ഉഷയായിരുന്നു രണ്ടാം പതിപ്പിന്റെ ഗുഡ് വിൽ അംബാസഡർ. 'ലോകാന്തരങ്ങൾ' (whorled exploration) എന്നതായിരുന്നു രണ്ടാം പതിപ്പിന്റെ ക്യൂറേറ്റ് പ്രമേയം. 2016 ഡിസംബർ 12 ന് ബിനാലെയുടെ മൂന്നാം പതിപ്പ് നടന്നു. 'ഫോമിംഗ് ഇൻ ദ പ്യൂപ്പിൾ ഓഫ് ആൻ ഐ'എന്നതായിരുന്നു ക്യറേറ്റ്പ്രമേയം. ബിനാലെയുടെ

നാലാം പതിപ്പ് 2018 ഡിസംബർ 12ന് നടന്നു. 'അന്യതയിൽ നിന്നും അന്യോന്യതയിലേക്ക്' എന്നതായിരുന്നു ക്യൂറേറ്റർ പ്രമേയം. 108 ദിവസം നീണ്ടു നിൽക്കുന്ന കലാ–സാംസ്കാരിക പരിപാടികളാണ് മുസിരിസ് ബിനാലെ. ചിത്ര ശിൽപങ്ങളിൽ ഊന്നിയുള്ള പ്രദർശനങ്ങളോടൊപ്പം ഛായാഗ്രഹണം, കവിത, സംഗീതം എന്നീ മേഖലകളിലെ കലാകാരന്മാരും ബിനാലെകളിൽ പങ്കാളികളാകുന്നു.

നിർജീവമായി നിന്നിരുന്ന കേരളത്തിലെ ലളിതകലാരംഗം ബിനാലെയിലൂടെ പുതിയൊരു കലാസംസ്കാരത്തിലേക്ക് പ്രവേശിച്ചു. മുൻപെങ്ങുമില്ലാത്തവിധം കലാപ്രദർശനം കാണാൻ കൊച്ചിയിലേക്ക് ആസ്വാദകർ എത്തിതുടങ്ങി. ആ നിലയിൽ കേരളത്തിന്റെ കലാചരിത്രത്തിൽ വലിയൊരു വിഛേദമാണ് ബിനാലെ കൊണ്ടുവന്നതെന്ന് പറയാം. കേവലമായൊരു കലാപ്രദർശനം എന്നതിനപ്പുറം കലയെക്കുറിച്ച് ഗൗരവമായ ആലോചനകളും ചർച്ചകളും സംഘടിപ്പിക്കുകയും ആഗോളകലയിൽ സംഭവിക്കുന്ന നൂതന പ്രവണതകളോട് ഇന്ത്യൻ ജനതയ്ക്ക് സംവദിക്കാൻ അവസരമൊരുക്കുകയും അതുവഴി സമകാലിക കലയുടെ വ്യാകരണ നിയമങ്ങളെ ഇന്ത്യൻ സാഹചര്യത്തിനനുസരിച്ച് പുതുക്കി നിർമ്മിക്കുകയെന്ന ദൗത്യവും ബിനാലെക്കുണ്ട്. അങ്ങനെ കേരളത്തിൽ ഏറെയൊന്നും പരിചയമില്ലാതിരുന്ന പുതിയൊരു ഭൗതിക സാഹചര്യത്തെ നിർമ്മിച്ചെടുക്കാൻ കൊച്ചി–മുസിരിസ്

ബിനാലെക്ക് സാധിച്ചു. മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലും സംഭവിച്ചിട്ടുള്ള പുരോഗതികളെയും സാങ്കേതിക വളർച്ചയെയും കലാപരമായി കൂട്ടിയിണക്കികൊണ്ട് അവതരിപ്പിക്കപ്പെടുന്ന കൊച്ചി–മുസിരിസ് ബിനാലെ ആസ്വാദക കൂട്ടങ്ങളെ സൃഷ്ടിച്ചുകൊണ്ട് ജനകീയ ഇടമായി മാറി.

### 4.9.4 **ലോകമേ തറവാട്**

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള മലയാളികളായ കലാകാരന്മാർ അണിനിരക്കുന്ന ഇന്ത്യയിലെതന്നെ ഏറ്റവും വലിയ കലാപ്രദർശനങ്ങളിൽ ഒന്നാണ് ലോകമേ തറവാട്. കേരളസർക്കാർ ടൂറിസം–സാംസ്കാരിക വകുപ്പുകളുടെയും മുസിരിസ് പൈതൃക പദ്ധതിയുടെ കീഴിലുള്ള ആലപ്പുഴ പൈതൃക പദ്ധതിയുടെയും പിന്തുണയോടെ കൊച്ചി ബിനാലെ ഫൗണ്ടേഷനാണ് ലോകമേ തറവാട് സംഘടിപ്പിക്കുന്നത്. 2021 ഏപ്രിൽ 20 മുതൽ രണ്ടരമാസകാലമാണ് പ്രദർശനം. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ന്യൂ മോഡൽ സൊസൈറ്റി ബിൽഡിംഗ്, പോർട്ട് മ്യൂസിയം, ഈസ്റ്റേൺ പ്രൊഡ്യൂസ് കമ്പനി ലിമിറ്റഡ്, വില്യം ഗുഡേക്കർ കമ്പനി, എറണാകുളം ദർബാർ ഹാൾ എന്നിവിടങ്ങളാണ് പ്രദർശന വേദികൾ. പ്രദർശനത്തിന്റെ പേരായ ലോകമേ തറവാട് എന്ന ആശയം വള്ളത്തോൾ നാരായണ മേനോന്റെ 'എന്റെ ഗുരുനാഥൻ' എന്ന കവിതയിൽ നിന്നാണ് സ്വീകരിച്ചിരിക്കുന്നത്.

പ്രതികൂല സാഹചര്യങ്ങളിലും മാനവികതയാണ് നമ്മുടെ മുതൽ കൂട്ട്. അതിനാൽതന്നെ കലോത്സവത്തിനും കലാകാരന്മാർക്കുമുള്ള പ്രോത്സാഹനം ലോകമേ തറവാട് അടയാളപ്പെടുത്തുന്നു.

ആലപ്പുഴയുടെ നഷ്ടപ്പെട്ട പ്രൗഢിയെ വീണ്ടെടുക്കാനുള്ള ശ്രമംകൂടിയാണ് ലോകമേ തറവാട്. പഴയ കെട്ടിടങ്ങൾ ഒരു നാടിന്റെ ബാധ്യതയല്ല. മറിച്ച് ഭാവിയിലേക്കുള്ള ഒരു മുതൽ കൂട്ടായിരിക്കും എന്ന സന്ദേശമാണ് സർക്കാർ മുന്നോട്ട് വെക്കുന്നത്. ഇത്തരം സ്ഥലങ്ങൾ മ്യൂസിയങ്ങളായിതീരും മുമ്പേതന്നെ പ്രദർശനങ്ങൾക്ക് ഉപയോഗിക്കുന്നതിനാൽ പ്രാദേശികാടിസ്ഥാനത്തിൽ വിനോദ സഞ്ചാരത്തിനും സാമ്പത്തിക വളർച്ചയ്ക്കും ഇതുവഴി ലാഭമുണ്ടാകും. കേരളത്തിലെ സാംസ്കാരിക ഇടങ്ങളെ ഉത്തേജിപ്പിക്കാനുള്ള ഒരു അവസരം കൂടിയാണിത്.

## കുറിപ്പുകൾ


1. Ronald Barthe, *The Death of the Author*, Macat International Limited, p.9
2. Noam Chimsky, *Syntactic Structures*, Martino fine books, March 2015, p.12.
3. **ആനന്ദവർധനൻ, *ധ്വന്യാലോകം*, പരിഭാഷ : സി. വി. വാസുദേവ ഭട്ടതിരി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം** 2008, **പുറം** 19.
4. **ഡോ.പി.പി. പ്രകാശൻ, *ഭാഷാസാഹിത്യപഠനം*** സൗ***ന്ദര്യവും രാഷ്ട്രീയവും*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,** 2019, **പുറം** 83.
5. **പി.പവിത്രൻ, *മാതൃഭാഷയ്ക്ക് വേണ്ടിയുള്ള സമരം,* മലയാള ഐക്യവേദി, നവംബർ,** 2014, **പുറം** 29.
6. **ടി. പു. പുറം** 32.
7. David Crystal, *Language Death,* Cambridge Univesity Press, April 2002, p.116.
8. **പി. പവിത്രൻ, *മാതൃഭാഷയ്ക്ക് വേണ്ടിയുള്ള സമരം*, മലയാള ഐക്യവേദി, നവംബർ** 2014, **പുറം** 83.
9. **ടി. പു, പുറം** 83
10. **ടി. പു, പുറം** 83
11. **ടി. പു, പുറം** 147.

# അധ്യായം അഞ്ച്

## നിഗമനങ്ങളും കണ്ടെത്തലുകളും

- പത്തൊമ്പതാം നൂറ്റാണ്ട് മുതൽ കേരളത്തിന്റെ സാംസ്കാരിക വൈജ്ഞാനിക മേഖലയിൽ പുത്തൻ ഉണർവുണ്ടായി. ഇത് മനുഷ്യനെ കൂടുതൽ ചിന്തിക്കാനും തന്റെ സ്വാതന്ത്ര്യത്തെ കുറിച്ചും സ്വത്വത്തെകുറിച്ചും ബോധവാനാക്കാനും ഇടയാക്കി.
- ആഗോളവൽക്കരണവും അതുമൂലമുണ്ടായ വിവരസാങ്കേതിക വിദ്യയുടെ വികാസവും ലോകത്തെ പരസ്പരം ബന്ധിപ്പിച്ചു. വൈജ്ഞാനിക മേഖലയിലും ഇതിന്റെ മാറ്റങ്ങൾ കാണാൻ ഇടയായി.
- വൈജ്ഞാനിക മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ പുതിയ ആശയങ്ങളും ചിന്തകളും കേരളത്തിലും പ്രതിഫലിക്കാൻ ഇടയാക്കി. ഇതിൽ പ്രധാനപ്പെട്ടതാണ് സ്വത്വ രാഷ്ട്രീയത്തെകുറിച്ചുള്ള നവധാരണകൾ.
- സ്വത്വം എന്നത് വ്യക്തി കേന്ദ്രീകൃതം മാത്രമല്ല വ്യക്തിയിലെന്നപോലെ സമൂഹത്തിനും സ്വത്വമുണ്ട്. സാമൂഹിക സ്വത്വം എന്ന പദപ്രയോഗം സൂചിപ്പിക്കുന്നതും അതാണ്.
- കേരളീയജനത ജാതി, ലിംഗം, ലൈംഗികത, പ്രദേശം എന്നിങ്ങനെ വിവിധ തരത്തിൽ വിഭജിക്കപ്പെട്ടിരിക്കുന്നു. ഇവർക്കെല്ലാവർക്കും സമൂഹം ഒരൊറ്റ നീതിയെ ജീവിതാന്തരീക്ഷമോ അല്ല പ്രദാനം ചെയ്യുന്നത്.

- സമൂഹത്തിലെ ഒരൊറ്റ വിഭാഗത്തിൽ തന്നെ പലവിധ വ്യത്യാസങ്ങൾ അടയാളപ്പെടുത്താൻ തുടങ്ങി. സ്ത്രീ സംഘടനകൾക്കുള്ളിൽ തന്നെ ലൈംഗിക തൊഴിലാളികൾക്കും ലൈംഗിക ന്യൂനപക്ഷങ്ങൾക്കും സുരക്ഷിത സ്ഥാനങ്ങൾ ലഭിക്കാതെ വന്നു. ഇത് പുതിയ ആശയങ്ങളിലേക്കും രൂപപ്പെടലിലേക്കും കേരളീയ ജനതയെയും എത്തിച്ചു.
- തന്റെ സ്വത്വത്തെകുറിച്ചുള്ള അഭിമന ബോധവും വ്യാപ്തിയുമാണ് ഒരുവനെ/ഒരുവളെ പുതിയ സാമൂഹികാന്തരീക്ഷത്തിലേക്ക് , പ്രസ്ഥാനത്തിലേക്ക് നയിക്കുന്നത്.
- ജാതി, പ്രദേശം, ലിംഗം, ലൈംഗികത എന്നിങ്ങനെയുള്ള കാരണങ്ങളാൽ സമൂഹത്തിൽ നിന്നും മാറ്റി നിർത്തപ്പെട്ടിട്ടുള്ളവരാണ് നവസാംസ്കാരിക മുന്നേറ്റങ്ങൾക്കായി മുന്നിട്ടിറങ്ങിയത്.
- സമൂഹത്തിന്റെ പൊതുധാരയിൽ തങ്ങൾക്കനുയോജ്യമായ ഒരിടം (space) ലഭിക്കാത്തവരാണ് നവസാംസ്കാരിക മുന്നേറ്റങ്ങൾക്കായി രംഗത്തിറങ്ങിയത്. അതിനാൽ തങ്ങൾക്കനുയോജ്യമായ മറ്റൊരിടത്തിന് വേണ്ടി ഇക്കൂട്ടർ നടത്തിയ പോരാട്ടങ്ങളെ നവസാംസ്കാരിക മുന്നേറ്റങ്ങൾ എന്ന് വിളിക്കാം.
- സമൂഹത്തിൽ തന്റെ ഐഡന്റിറ്റി എന്ത് തന്നെയായാലും അതിനെ മുറുകെ പിടിച്ചുകൊണ്ട് ഏതൊരു

മനുഷ്യനെയുംപോലെ തനിക്കും ഒരു സാമൂഹികപദവി നേടി എടുക്കുക എന്ന പ്രാഥമിക ലക്ഷ്യമാണ് ഇക്കൂട്ടർക്കുള്ളത്.

- ജാതി, ലിംഗം, ലൈംഗികത, പ്രദേശം എന്നിവയാൽ പൊതു സമൂഹത്തിൽ നിന്നും മാറ്റി നിർത്തപ്പെട്ടവരാണ് ആദിവാസികൾ, ദളിതർ, സ്ത്രീകൾ, LGBTIQ എന്നിവർ.ഇവരുടെ പ്രവർത്തനങ്ങളും സംഘടനകളുമാണ് കഴിഞ്ഞ രണ്ട് പതിറ്റാണ്ടിൽ കേരളത്തെ ശ്രദ്ധേയമാക്കിയ സാമൂഹിക മുന്നേറ്റങ്ങൾ. ഇവർക്കൊപ്പം ചേർത്ത് വെക്കാവുന്നതാണ് ഈ കാലഘട്ടത്തിലെ തന്നെ ഭാഷ–കലാ–സാഹിത്യരംഗത്തെ പ്രവർത്തനങ്ങൾ.
- നിലനിൽക്കുന്ന ലിംഗ–ലൈംഗിക പ്രസ്ഥാനങ്ങൾ അപ്രധാനമാവുകയും അവ വൈവിധ്യങ്ങളെ ഉൾക്കൊള്ളാൻ കെൽപ്പില്ലാതാവുകയും ചെയ്യുന്ന സാഹചര്യമാണ് ലിംഗ–ലൈംഗിക പ്രസ്ഥാനങ്ങളുടെ പുത്തൻ ഉണർവിന് കാരണം.
- ലോകത്തൊരിടത്തും നടന്നിട്ടില്ലാത്തവിധം സ്ത്രീ മുന്നേറ്റ പ്രസ്ഥാനങ്ങൾ തൊണ്ണൂറുകൾക്ക് ശേഷം കേരളത്തിലുണ്ടായി.
- നിലനിൽക്കുന്ന പ്രത്യയശാസ്ത്രങ്ങളും രാഷ്ട്രീയ നേതൃത്വങ്ങളും പരാജപ്പെടുന്നിടത്താണ് നവസ്ത്രീ മുന്നേറ്റ സ്ഥാനങ്ങൾ ഉദയം കൊള്ളുന്നത്.

- നിശബ്ദമാകുന്ന പരമ്പരാഗത സ്ത്രീ പിന്നണി നേതൃത്വത്തെക്കാൾ കർതൃത്ത്വത്തെ തിരിച്ചറിയുന്ന സ്ത്രീകളുടെ മുന്നണി നേതൃത്വമാണ് നവസ്ത്രീ മുന്നേറ്റപ്രസ്ഥാനങ്ങളുടെ പ്രത്യേകത.
- സാമ്പ്രദായിക സമര രീതികളിൽ നിന്നും സംഘടിത പ്രസ്ഥാനങ്ങളുടെ ആശയങ്ങളിൽ നിന്നും ഭിന്നമാണ് നവസാംസ്കാരിക സ്ത്രീ മുന്നേറ്റ പ്രസ്ഥാനങ്ങൾ. ഇക്കൂട്ടത്തിൽ വിജയം നേടാതെ പോകുന്ന നിരവധി പ്രസ്ഥാനങ്ങളുമുണ്ട്.
- എങ്കിലും കേരളത്തിലെ ജനാധിപത്യ സമൂഹത്തെ മുന്നോട്ട് ചലിപ്പിക്കാനും നവ സ്ത്രീവാദ ആശയങ്ങളെ കേരളത്തിൽ അവതരിപ്പിക്കാനും നവസാംസ്കാരിക സ്ത്രീ മുന്നേറ്റ പ്രസ്ഥാനങ്ങൾക്ക് സാധിച്ചിട്ടുണ്ട്.
- കേരളത്തിലെ പാർശ്വവൽകൃതരും മർദ്ദിതരും ചൂഷിതരുമായ ആദിവാസികളുടെയും ദളിതരുടെയും പ്രസ്ഥാനങ്ങൾ കേരളീയ സാംസ്കാരിക ബോധത്തിൽ നവവിച്ഛേദങ്ങൾ ഉളവാക്കി. ഇത് കേവലമായ ഭൂപ്രശ്നത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന തായിരുന്നില്ല. ദളിത് സ്വത്വനിർമ്മിതിയുടെ രൂപീകരണവും കണ്ടെത്തലുമായിരുന്നു അവ.
- സാമൂഹിക പരിവർത്തന സിദ്ധാന്തത്തെ മുൻനിർത്തി പരിശോധിക്കുമ്പോൾ ദളിതജ്ഞാനോദയം ദളിതരുടെ മാത്രം കാര്യമല്ലാതാകുന്നത് കാണാം.

- ദളിത് ജ്ഞാനോദയം സമൂഹത്തിൽ നിലനിൽക്കുന്ന മനുഷ്യബന്ധങ്ങളെ മാറ്റി തീർക്കാനുള്ള നിലപാടുകളുടെ സമരം കൂടിയാണ്.
- മുമ്പെങ്ങുമില്ലാത്തവിധം കലാ–സാംസ്കാരിക പ്രസ്ഥാനങ്ങളുടെ തീർത്തും വ്യത്യസ്തമായ പ്രവർത്തനങ്ങളുടെ കാലഘട്ടമായിരുന്നു രണ്ടായിരമാണ്ട്. വായനക്കാരനും എഴുത്തുക്കാരനും ഒരേ ബിന്ദുവിൽ കണ്ടുമുട്ടുകയും ചർച്ചചെയ്യുകയും ചെയ്യുന്നത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്.
- ലോകത്തിന്റെ വിവിധ കോണുകളിലെ കലാപ്രവണതകൾ കേരളത്തിന്റെയും കലാ പാരമ്പര്യത്തിലേക്ക് രണ്ടായിരമാണ്ടോടെ എത്തി. തന്മൂലം കലാസൃഷ്ടി ചുമരിൽ നിന്നും റൂമിൽ നിന്നും ജനങ്ങളുടെ കലാസ്വാദനത്തിലേക്ക് നേരിട്ടെത്തി.
- രണ്ടായിരമാണ്ടോടെ കലയിലും സാഹിത്യത്തിലുമുണ്ടായ നവ മാറ്റങ്ങൾ കലയുടെയും സാഹിത്യത്തിന്റെയും ജനകീയവൽക്കരണത്തിനും കാർണിവലിസത്തിനും കാരണമായി.
- ഭാഷ, സാഹിത്യം, കല എന്നിവ കേവല വിനോദോപാധി എന്നതിൽ കവിഞ്ഞ് കലാകാരനും ആസ്വാദകനും തമ്മിലുള്ള കൈമാറ്റമാകേണ്ടതുണ്ട്. അതിന് അവർ ഒത്തുചേരുന്ന ഇടങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

- ആഗോളീകരണം മലയാളഭാഷയെ ആക്രമിക്കുന്നിടത്ത് അവയെ സംരക്ഷിക്കാൻ പുതിയ പ്രസ്ഥാനങ്ങൾ രൂപം കൊള്ളേണ്ടതായുണ്ട്.
- നവസാങ്കേതിക വിദ്യയുടെ കാലഘട്ടത്തിലും ഭാഷാസമരങ്ങളുമായി ഒരുപറ്റം ആളുകൾ തെരുവിലിറങ്ങുന്നതും അവ വിജയിക്കുന്നതും രണ്ടായിരമാണ്ടിന്റെ പ്രത്യേകതയാണ്.
- ഒരു സ്വത്വ രാഷ്ട്രീയ പ്രസ്ഥാനവും അതിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. അത് സമൂഹത്തെ പുതിയൊരു സാമൂഹിക ഭാവനയിലേക്കും കാഴ്ചപ്പാടിലേക്കും നയിക്കുന്നു.
- നിലനിൽക്കുന്ന സാമൂഹിക – സാംസ്കാരിക പ്രസ്ഥാനങ്ങൾ ജനാധിപത്യ വിരുദ്ധവും അധാർമികവുമാകുന്നിടത്താണ് നവസാംസ്കാരിക പ്രസ്ഥാനങ്ങൾക്ക് പ്രധാന്യമേറുന്നത്.
- ഇത്തരത്തിൽ അധാർമികമായ സാമൂഹികാന്തരീക്ഷത്തെ ചോദ്യം ചെയ്യുക എന്നത് സാമൂഹിക നവീകരണ പ്രക്രിയയിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. നവസാംസ്കാരിക പ്രസ്ഥാനങ്ങൾ കേരളീയ സമൂഹത്തിൽ വഹിക്കുന്ന പങ്ക് ഇതാണ്.

## ഗ്രന്ഥസൂചി


1. അന്റോണിയോ ഗ്രാംഷി, ജയിൽ കുറിപ്പുകൾ, മൈത്രി ബുക്സ്, തിരുവനന്തപുരം, 2010.
2. അസീസ് തരുവണ, ഗോത്ര പഠനങ്ങൾ, ചിന്ത പബ്ലിക്കേഷൻസ് , തിരുവനന്തപുരം, 2022.

3. ആനന്ദവർധനൻ, ധ്വന്യാലോകം, സി. വി. വാസുദേവ ഭട്ടതിരി (പരിഭാഷ), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, 2008.

4. ഉഷാദേവി മാരായിൽ, അയങ്കാളി പോരാട്ടങ്ങളുടെ നായകൻ, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 2018.

5. ഒരു സാമൂഹിക കാഴ്ചപ്പാടിൽ നിന്ന്, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൻ ആന്റ് ഇക്കോളജിക്കൽ സ്റ്റഡീസ്, കോഴിക്കോട്, 2012.

6. കാഞ്ച ഇലയ്യ, ഹിന്ദു അനന്തര ഇന്ത്യ, പ്രോഗ്രസ്സ് ബുക്സ്, കോഴിക്കോട്, 2019.

7. കിഷോർ കുമാർ, രണ്ട് പുരുഷന്മാർ ചുംബിക്കുമ്പോൾ, ഡി. സി. ബുക്സ്, കോട്ടയം, 2017.

8. ഗംഗാധരൻ, സ്ത്രീയവസ്ഥ കേരളത്തിൽ, സൈൻ ബുക്സ്, തിരുവനന്തപുരം, 2016.

9. ഗീത പി, പ്രണയം ലൈംഗികത അധികാരം, കറന്റ് ബുക്സ്, തൃശ്ശൂർ, 2023.

10. ഗോപിനാഥ്. ഐ, ജനകീയ സമരങ്ങൾ കേരളത്തിൽ, ഡി. സി. ബുക്സ്, കോട്ടയം, 2022.

11. ചന്ദ്രിക സി. എസ്, കേരളത്തിന്റെ സ്ത്രീ ചരിത്രങ്ങൾ സ്ത്രീ മുന്നേറ്റങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം, 2022.

12. ജാൻസി ജെയിംസ്, ഫെമിനിസം സിദ്ധാന്തവും പ്രയോഗവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

13. നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം 1901–2001, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2000.

14. നളിനി ജമീല, ഒരു ലൈംഗിക തൊഴിലാളിയുടെ പ്രണയ പുസ്തകം, ഡി. സി. ബുക്സ്, കോട്ടയം, 2020.

15. നളിനി ജമീല, എന്റെ ആണുങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം, 2018.

16. നളിനി ജമീല, ഞാൻ ലൈംഗിക തൊഴിലാളി, ഡി. സി. ബുക്സ്, കോട്ടയം, 2017.

17. പവിത്രൻ. പി, മാതൃഭാഷയ്ക്ക് വേണ്ടിയുള്ള സമരം, മലയാള ഐക്യവേദി, 2014.

18. പ്രകാശൻ. പി. പി, ഭാഷാസാഹിത്യപഠനം, സൗന്ദര്യവും രാഷ്ട്രീയവും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019.

19. പുരുഷോത്തമൻ. കെ. സി, ദളിത് സാഹിത്യ പ്രസ്ഥാനം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2008.

20. പോക്കർ. പി. കെ, ബഹുസംസ്കാരവും ജ്ഞാനോദയവും, വിദ്യാർത്ഥി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2023.

21. രജനി. ടി. ജി, ലൈംഗികാതിക്രമങ്ങൾ ഒരു മനഃശാസ്ത്ര വിശകലനം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2008.

22. രാജലക്ഷ്മി ആർ. ബി, പ്രിയാനായർ (എഡി.), പെണ്ണരങ്ങ് കാലാന്തര യാത്രകൾ, സമത എ കലക്ടീവ് ഫോർ ജെൻഡർ ജസ്റ്റീസ്, തൃശ്ശൂർ, 2013.

23. രശ്മി. ജി, അനിൽകുമാർ. കെ. എസ്, വിമത ലൈംഗികത ചരിത്രം സിദ്ധാന്തം രാഷ്ട്രീയം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2016.

24. രേഖാരാജ്, ദളിത് സ്ത്രീ ഇടപെടലുകൾ, ഡി. സി. ബുക്സ്, കോട്ടയം, 2017.

25. രേഷ്മ ഭരദ്വാജ് (എഡി), മിഥ്യകൾക്കപ്പുറം സ്വവർഗ്ഗ ലൈംഗികത കേരളത്തിൽ, ഡി. സി. ബുക്സ്, കോട്ടയം, 2015.

26. ലെനിൻ. കെ. എം, പൊയ്കയിൽ അപ്പച്ചൻ കീഴാളരുടെ വിമോചകൻ, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 2018.

27. വാത്സ്യായനൻ, കാമസൂത്രം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2018.

28. രവിവർമ്മ. കെ. ടി, (പരിഭാഷ), ഡോ. അംബേദ്ക്കർ സമ്പൂർണ്ണ കൃതികൾ, ഡോ. അംബേദ്ക്കർ ഫൗണ്ടേഷൻ ന്യൂഡൽഹി, 2011.

29. ശ്രീകുമാർ. ടി. ടി, വായനയും പ്രതിരോധവും, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2017.

30. ഷാജി ജോസഫ് (എഡി), മൂന്നാംലിംഗം ലിംഗനീതിക്കായുള്ള നിലവിളികൾ, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2019.

31. സംസ്കാരപഠനം : ചരിത്രം സിദ്ധാന്തം പ്രയോഗം, മലയാള പഠന സംഘം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2017.

32. സജിത മഠത്തിൽ, മലയാള നാടക സ്ത്രീ ചരിത്രം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2012.

33. സത്യനാരായണയും തരുവും, സ്വാതന്ത്ര്യത്തിന്റെ വ്യായാമം : ദളിത് എഴുത്തിന് ഒരു ആമുഖം, നവയാന, പി, ന്യൂഡൽഹി, 2013.

34. സുനിൽ പി. ഇളയിടം, നാനാർത്ഥങ്ങൾ, കൈരളി ബുക്സ്, കണ്ണൂർ, 2019.

35. സെബാസ്റ്റ്യൻ. കെ. സി. പരസ്പരം പ്രണയിക്കുന്ന സ്ത്രീകൾ, പ്രണത ബുക്സ്, കൊച്ചി, 2016.

36. റോസി നമ്പി, സഹജീവനം, ഡി. സി. ബുക്സ്, കോട്ടയം, 2012.

**ആനുകാലികങ്ങൾ**

1. ഉഷാ കുമാരി. ജി, ലിംഗത്തെ മറികടക്കുന്ന കുപ്പായങ്ങൾ, മാതൃഭൂമി ആഴ്ച്ചപതിപ്പ്, 2017, ജനുവരി, 22.

2. ജിജോ കുര്യാക്കോസ്, മഴവിൽ പ്രതിരോധങ്ങളും ഐക്യപ്പെടലും, മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, 2018, ഏപ്രിൽ 8.

3. മലയാളനിരൂപണ പുനർവായനകൾ, മലയാളപച്ച റിസർച്ച് ജേർണൽ, മലയാള വിഭാഗം, കെ. കെ. ടി. എം. ഗവൺമെന്റ് കോളേജ്, 2017 ലക്കം 6.
4. ലിംഗപദവി വ്യത്യസ്തതയുടെ സൂചകങ്ങൾ, മലയാളം റിസർച്ച് ജേർണൽ, മലയാള വിഭാഗം, കെ. കെ. ടി. എം. ഗവൺമെന്റ് കോളേജ് 2017 ലക്കം 5.
5. ശരൺകുമാർ ലിംബാലെയുമായി പി. കെ. ശിവദാസ് നടത്തിയ അഭിമുഖം, മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, 004, മെയ് 9.
6. ശാരദക്കുട്ടി. എസ്, തലകൾക്ക് ചേരാമെങ്കിൽ മുലകൾക്കും ചേരാം, സംഘടിത, 2014 മാർച്ച് 9.
7. ഷിബു മുഹമ്മദ്, ഇച്ഛയുടെ മഴവില്ലുകൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2017 ഫെബ്രുവരി, 5.

**ENGLISH**

1. Ambedkar B.R., Annihilation of Cast, Maple Press, Noida, 2021.
2. Antonia Gramsci, Prison Notebooks, Vol.3, Colombia University Press, 2011.
3. David Crystal, Language Death, Cambridge University Press, 2002.
4. Eleaner Zellot, From Untouchabl to Dalit, Essyas on the Ambedkar Movement, Manohar Publications New Delhi, 1998.
5. Fedric Jameson, The Political Unconscious, Cornell University Press, 1982.
6. James Massey, The History and the Literature, I.S.P.C.K, Delhi, 1994.
7. Judith Butler, Gender Trouble : Feminism and the Subversion of Identity, Routledge Publication, 2006.
8. Khane. B.D, Chatrapai Shaha's Crusate against Untouchability, Critical Quest, New Delhi, 2006.
9. Michel Foucautt, Discipline and Punish : The Birth of the Prison, Vintage, 1995.
10. Noam Chomsky, Syntactic Structures, Martino fine books, 2015.
11. Oxford Dictionary of English, Oxford, 2010.
12. Ronald Barthe, The Dealth of the Author, Macaf International Limited, 1967.
13. Sigmund Freud, Three Essays on the theory of sexuality, Martino Fine Books, 2011.
14. Shraddha Chatterjee, Queer Politics in India, 2018.
15. Simone De Beauvoir, The Second Sex, Vintage, 2011.
16. Spinoza, The Tractatus Politico, Vintage, 2002.

**ആവേദകർ**

1. അർച്ചന പത്മിനി, സിനിമാതാരം, WCC, പ്രവർത്തക.
2. ഉനൈസ്  മുഹമ്മദ്, ക്വിയർ ആക്ടിവിസ്റ്റ്.
3. ഗാർഹി ഹരിതകം, പെൺകൂട്ട് സംഘാടക.
4. നളിനി ജമീല, സെക്സ് വർക്കർ
5. ശീതൾ ശ്യാം, ക്വിയർ ആക്ടിവിസ്റ്റ്
6. സജിത മഠത്തിൽ, സിനിമാതാരം, നാടക പ്രവർത്തക
7. കെ. സന്തോഷ് കുമാർ, ആക്ടിവിസ്റ്റ്.
8. വിജി. പി, പെൺകൂട്ട് സംഘാടക.